ISSN 2321-9106

# സംഘശബ്ദം

എ കെ ജി സി ടി മുഖപത്രം

ആഗസ്റ്റ് - സെപ്റ്റംബർ 2023




## വിവേകാനന്ദസാഹിത്യത്തിന്റെ കാലികപ്രസക്തി
ഡോ. ജെ. പ്രസാദ്

## മാധ്യമ ഭാഷാ വിചാരം
വി. വി. വേണുഗോപാൽ

## ഓർമയിൽ തെളിഞ്ഞു തെളിഞ്ഞുവരുന്ന വരകൾ
ഡോ. മധു വാസുദേവൻ

## സൂര്യനെ അടുത്തറിയാൻ ആദിത്യ
ഡോ. എൻ. ഷാജി



## ഓം പ്രകാശ്
## വാൽമീകിയുടെ കഥ

കവിത

അജിത വി.എസ്

പി എസ് ഉണ്ണികൃഷ്ണൻ

Association of Kerala Govt. College Teachers

# സംഘശബ്ദം

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
.ഡോ. മുഹമ്മദ് റഫീഖ് ടി

**എഡിറ്റർ**
ഡോ. എം.എ.അസ്കർ

**മാനേജിംഗ് എഡിറ്റർ**
.ഡോ. അജി പി.എൽ

**അംഗങ്ങൾ**
ഡോ. എൻ. മനോജ്
ഡോ. ബി. അശോക്
.ഡോ. പ്രിൻസ് പി.ആർ
ഡോ. കെ. റഹിം
.സൗമ്യ എസ്
ഡോ. എസ്. എസ്. വിവേകാനന്ദൻ
.ഡോ. ഗായത്രി ദേവി ജി
.അലിക്കുട്ടി സി
.ഡാലിയ എസ്
ഡോ. വിനീത് വി .എസ്
മനോജ് കെ. എസ്
.രാജി ടി. എസ്
.ഡോ. ഗംഗാദേവി എം
.ഡോ. കവിത ബി. കെ



**സംഘശബ്ദം**
**ISSN 23219106**



**എ.കെ.ജി.സി.ടി ഭവൻ**
**പനവിള ജംഗ്ഷൻ**
**തൈക്കാട്**
**തിരുവനന്തപുരം**
**ഫോൺ/ഫാക്സ്: 0471 2329900**
www.akgct.org
sanghasabdam@gmail.com




**കവർ ഡിസൈൻ & ലേഔട്ട്**
**ജ്യോത്സ്ന എസ് ജയൻ**
**വര: മനു മോഹൻ**




പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ സമ്പൂർണ്ണ ഉത്തരവാദിത്തം അതാത് ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്. അവയിലെ അഭിപ്രായങ്ങൾ സംഘടനയുടെയോ പത്രാധിപസമിതിയുടെയോ അല്ല



# ഉള്ളടക്കം




05 **വിവേകാനന്ദസാഹിത്യത്തിന്റെ കാലികപ്രസക്തി**
ഡോ. ജെ. പ്രസാദ്


09 **ഭാഷാ വിചാരം**
വി. വി. വേണുഗോപാൽ


12 **ഓർമയിൽ തെളിഞ്ഞു തെളിഞ്ഞുവരുന്ന വരകൾ**
ഡോ. മധു വാസുദേവൻ


15 **സൂര്യനെ അടുത്തറിയാൻ ആദിത്യ**
ഡോ. എൻ. ഷാജി


23 **ഏകീകൃത സിവിൽകോഡും പൗരസമൂഹവും**
ഡോ. പി. എസ്. ശ്രീകല


27 കഥ: **നുഴഞ്ഞുകയറ്റക്കാർ**
ഓം പ്രകാശ് വാൽമീകി


32 **ഏണസ്റ്റോ ചെഗുവേരയും ക്യൂബയിലെ ചെസ്സ് വിപ്ലവവും**
ഡോ: വിനു ഭാസ്കർ

| | |
|---|---|
| ജനറൽ സെക്രട്ടറിയുടെ പേജ് | 02 |
| **ചിത്രംവര**<br>പി. എസ്. ഉണ്ണികൃഷ്ണൻ | 18 |
| **വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയവും സംസ്കാരവും**<br>പ്രൊഫ. വി. കാർത്തികേയൻ നായർ | 19 |
| **മണിപ്പൂർ: തലകുനിക്കുന്ന ഇന്ത്യ**<br>ഡോ. ഷീബാദിവാകരൻ | 36 |
| **കലാപാരമ്പര്യത്തിലെ ജാതി - ലിംഗ വിവേചനങ്ങൾ**<br>രാജി ടി.എസ്. | 40 |
| **എം ഡി രാമനാഥൻ: ഭാവസംഗീതത്തിന്റെ നൂറാണ്ട്**<br>ഡോ. സുനിൽ വി. ടി. | 44 |
| **Time Shelter: Living in 'Protected Past'**<br>Dr. Kavitha B. K. | 48 |
| **മനുഷ്യനിർമ്മിത ബുദ്ധി**<br>ഡോ. ശ്രീല എസ്.ആർ. | 51 |
| **ഇരുളിൽ വന്നവർ**<br>അജിത വി.എസ്. | 55 |
| **ഓണവും ഓണക്കളികളും**<br>ഡോ.ഗംഗാദേവി എം. | 56 |
| **തേവർതോട്ടം സുകുമാരൻ ഓർമ്മക്കുറിപ്പ്** | 59 |
| **പൂക്കറ്റ് ദ്വീപിന്റെ മാസ്മരികതയിലൂടെ**<br>ഡോ. മായ മാധവൻ | 61 |
| **കല്യാണിയും ദാക്ഷായണിയും ആധിപത്യത്തിനെതിരായ സംവാദങ്ങൾ**<br>ഡോ. എം.സി. അബ്ദുൾ നാസർ | 66 |
| **സുധീഷിന്റെ കവിതയിലെ മനുഷ്യൻ**<br>എം. ആർ. വിഷ്ണുപ്രസാദ് | 68 |
| **ഷീലാകുമാരിയുടെ ലോകം**<br>പ്രൊഫ.(ഡോ.) എസ്. തങ്കമണി അമ്മ | 70 |


സർക്കാർ കോളേജ് അധ്യാപകരുടെ പ്രിൻസിപ്പൽ പ്രൊമോഷനുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങൾ ഏതാനും ദിവസങ്ങളായി നിരന്തരമായ വ്യാജ പ്രചരണങ്ങൾ നടത്തുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയുടെ യശസ്സ് ഇകഴ്ത്തി കാണിക്കാനുള്ള ബോധപൂർവ്വമായ ഈ ശ്രമത്തിനു മറുപടിയാണ് ഈ ലക്കം 'ജനറൽ സെക്രട്ടറി യുടെ പേജ്'. ഭാരതീയസംസ്കാരം തൊഴിലാളിവർഗ സംസ്കാരമാണെന്ന് പറഞ്ഞ സ്വാമി വിവേകാനന്ദന്റെ കൃതികൾ സമകാലീന ഇന്ത്യൻ അവസ്ഥയിൽ പുനർവായനക്ക് വിധേയമാക്കേണ്ടതുണ്ടെന്നു ഓർമ്മിപ്പിക്കുന്ന ഡോ. ജെ. പ്രസാദിന്റെ ലേഖനം ഏറെ പ്രസക്തമാണ്. മുതിർന്ന മാധ്യമപ്രവർത്തകനും ദീർഘകാലം മീഡിയ സ്കൂൾ അധ്യാപകനുമായ വി.വി. വേണുഗോപാലിന്റെ മാധ്യമഭാഷാവിചാരം എന്ന പംക്തി ഈ ലക്കം മുതൽ ആരംഭിക്കുന്നു. ഇന്ത്യൻ ബഹിരാകാശ ഗവേഷണരംഗത്തു പുതുചരിത്രമെഴുതുന്ന 'മിഷൻ ആദിത്യ' യെ കുറിച്ച് ഡോ. എൻ.ഷാജിയുടെ ലേഖനം, ആർട്ടിസ്റ്റ് നമ്പൂതിരിയെ കുറിച്ച് ഡോ. മധു വാസുദേവൻ എഴുതിയ അനുസ്മരണക്കുറിപ്പ്, പ്രൊഫ. വി. കാർത്തികേയൻ നായരുടെ വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം, ഡോ. പി.എസ്. ശ്രീകലയുടെ ഏക സിവിൽ കോഡ് ആവശ്യമോ എന്ന ലേഖനം, ഓം പ്രകാശ് വാൽമീകിയുടെ കഥ എന്നിവ ഈ ലക്കത്തെ സമ്പന്നമാക്കുന്നു.

**ഡോ. എം. എ. അസ്കർ**
**എഡിറ്റർ**

ജനറൽ സെക്രട്ടറിയുടെ പേജ്



# സർക്കാർ കോളേജ് പ്രിൻസിപ്പൽ പ്രമോഷനും വസ്തുതകളും

കോളേജുകളെ സംബന്ധിച്ചു ഏറെ പ്രാധാന്യമുള്ളതാണ് പ്രിൻസിപ്പാൾ തസ്തിക. സ്പെഷ്യൽ റൂളുകൾക്കു അനുസൃതമായി സീനിയോറിറ്റി അടിസ്ഥാനത്തിൽ ആയിരുന്നു നാളിതുവരെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ നിയമനം നടന്നുവന്നിരുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകവും സർക്കാർ കോളേജ് പ്രിൻസിപ്പാൾ നിയമനത്തിന് സീനിയോറിറ്റി തന്നെയാണ് പ്രധാന മാനദണ്ഡമായി സ്വീകരിക്കുന്നത്. റ്റെനുവർ ട്രാക്ക് വ്യവസ്ഥയിൽ കോളേജ് പ്രിൻസിപ്പാൾ നിയമനം നടത്തണമെന്നത് യു.ജി.സി. റെഗുലേഷൻ 2010 നിഷ്കര്ഷിച്ചിരുന്നു [ഖണ്ഡിക 5.1.6(d)]. സെലക്ഷൻ കമ്മിറ്റി കൂടി ഒരു പ്രാവശ്യം 5 വർഷത്തേക്ക് കൂടി കാലാവധി നീട്ടാമെന്നും നിഷ്കർഷിക്കുന്നു. റിട്ടയർ ചെയ്യുന്നത് വരെ/ പ്രമോഷൻ ലഭിക്കുന്നത് വരെ പ്രിൻസിപ്പാൾ ആയി തുടരുന്ന മുൻകാല രീതി മാറ്റാനാണ് യു.ജി.സി. ശ്രമിച്ചത്. എന്നാൽ ഇത് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ആർട്ടിക്കിൾ 14നു എതിരാണെന്ന് മുംബൈ ഹൈക്കോടതിയുടെ നാഗ്പുർ ബെഞ്ച് 2020ൽ വിധിച്ചിരുന്നു. പി.എസ്.സി. വഴി നിയമനവും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോഷനുകളും നേടുന്ന സർക്കാർ കോളേജ് അധ്യാപകരുടെ കാര്യത്തിൽ നിരവധി പ്രയോഗികമായ തടസ്സങ്ങൾ സെലക്ഷൻ കമ്മിറ്റി വഴിയുള്ള നിയമനവും, റ്റെനുവർ ട്രാക്ക് വ്യവസ്ഥയും സൃഷ്ടിക്കുമെന്നത് സംശയമില്ലാത്ത കാര്യമാണ്.

സർക്കാർ കോളേജ് അധ്യാപകരുടെ പ്രിൻസിപ്പൽ പ്രൊമോഷനുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളും പ്രതിപക്ഷവും കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിരന്തരമായ വ്യാജ പ്രചരണങ്ങൾ നടത്തുകയാണ്. എന്നാൽ വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾ ആധികാരികമെന്ന മട്ടിൽ അവതരിപ്പിച്ച് അത് പ്രതിപക്ഷത്തെക്കൊണ്ട് ഏറ്റെടുപ്പിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയുടെ യശസ്സ് ഇകഴ്ത്തി കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുതകൾ നാം തിരിച്ചറിയേണ്ടതുണ്ട്.
നമ്മുടെ മേഖലയിൽ പ്രിൻസിപ്പൽ പ്രമോഷൻ നാളിതുവരെ നടന്നു വന്നിരുന്നത് സീനിയോറിറ്റിയെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ്. നിലവിലുള്ള 2018ലെ യു.ജി.സി. റഗുലേഷനിലാണ് പ്രിൻസിപ്പൽ നിയമനത്തിന് അക്കാദമിക മികവ് കൂടി യോഗ്യതയായി മാറിയത്.

സർക്കാർ കോളേജുകളിൽ 15 വർഷം സർവീസ് പൂർത്തീകരിക്കുന്നതോടൊപ്പം, പത്ത് റിസർച്ച് പബ്ലിക്കേഷനുകളും 110 റിസർച് സ്കോറും കൂടി വേണം എന്ന നിബന്ധന വന്നതങ്ങനെയാണ്. ഇതിനായി പരിഗണിക്കാൻ സാധിക്കുന്ന ജേർണലുകളെ സംബന്ധിച്ച് യു.ജി.സി. കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യോഗ്യത നേടിയവരെ സെലക്ഷൻ കമ്മറ്റി ചേർന്ന് തിരഞ്ഞെടുക്കണമെന്നാണ് ഏഴാം യു.ജി.സി. റെഗുലേഷൻ പറയുന്നത്. എന്നാൽ യു.ജി.സി.യുടെ ഈ നിർദ്ദേശങ്ങളിലെ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നിരവധിയാണ്. ഒട്ടോണമസ് കോളേജുകൾക്കും, മാനേജ്മെൻറ് കോളേജുകളിലും മാത്രമേ ഇത് പൂർണമായി പ്രാവർത്തികമാക്കാൻ സാധിക്കൂ എന്നതാണ് പ്രധാന പ്രശ്നം. പി.എസ്.

**സർക്കാർ കോളേജ് അധ്യാപകരുടെ പ്രിൻസിപ്പൽ പ്രൊമോഷനുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളും പ്രതിപക്ഷവും കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിരന്തരമായ വ്യാജ പ്രചരണങ്ങൾ നടത്തുകയാണ്. എന്നാൽ വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾ ആധികാരികമെന്ന മട്ടിൽ അവതരിപ്പിച്ച് അത് പ്രതിപക്ഷത്തെക്കൊണ്ട് ഏറ്റെടുപ്പിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയുടെ യശസ്സ് ഇകഴ്ത്തി കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്**

സി. വഴി നിയമനം നേടുന്ന സർക്കാർ കോളേജ് അധ്യാപകരുടെ കാര്യത്തിൽ നിരവധി പ്രയോഗികമായ തടസ്സങ്ങൾ ഇത് സൃഷ്ടിക്കുന്നുണ്ട്. സർക്കാർ കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ നിന്നുമാണ് സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ, ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തുടങ്ങിയ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നത്. ഇവിടെയെല്ലാം സീനിയോരിറ്റി മാത്രമാണ് മാനദണ്ഡം. മറ്റൊരു മാനദണ്ഡവും ഇക്കാര്യത്തിൽ സ്വീകരിക്കാനുമാകില്ല. അങ്ങനെ വരുമ്പോൾ, ഈ യു.ജി.സി. ഏഴാം റഗുലേഷന്റെ നിർദ്ദേശങ്ങളിൽ നിരവധി പോരായ്മകൾ ഉണ്ടെന്നും ഇതിൽ മാറ്റം വരുത്തിയില്ലെങ്കിൽ പ്രിൻസിപ്പൽ നിയമനത്തിന് സാങ്കേതികതമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും എ.കെ.ജി.സി.ടി. ഉൾപ്പടെയുള്ള സംഘടനകൾ അന്നേ ചൂണ്ടി കാണിച്ചിരുന്നു. ചുരുക്കത്തിൽ, വിഭിന്നങ്ങളായ സ്വഭാവരീതിയുള്ള സ്ഥാപനങ്ങൾക്ക് ഒരേ മാനദണ്ഡം പറയുന്ന യു.ജി.സി.യുടെ നിർദ്ദേശത്തിലാണ് ശരിക്കും മാറ്റം വരുത്തേണ്ടത് എന്നർത്ഥം. ഏഴാം യു.ജി.സി റഗുലേഷനിൽ പ്രിൻസിപ്പൽ പ്രൊമോഷൻ സംബന്ധിച്ചുള്ള ഈ അപ്രായോഗികത മൂലം വർഷങ്ങളായി മറ്റു സംസ്ഥാനങ്ങളിലെ സർക്കാർ കോളേജുകളിലും പ്രിൻസിപ്പൽ തസ്ഥിക ഒഴിഞ്ഞ് കിടക്കുന്നു. എന്നാൽ, അപ്രായോഗികമായ ഈ മാനദണ്ഡപ്രകാരമാണ് ഏകദേശം ഒന്നര വർഷം മുമ്പ് കോളേജീയറ്റ് വിദ്യാഭ്യാസ ഡയറക്ടർ പ്രിൻസിപ്പൽ നിയമനത്തിനുള്ള നോട്ടിഫിക്കേഷൻ പുറത്തിറക്കിയത്. ഇതിന്റെ നാൾവഴികൾ പരിശോധിക്കാം.

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരം സ്ക്രീനിങ് കമ്മിറ്റി രൂപീകരിച്ചു പ്രിൻസിപ്പൽ നിയമനം നടത്തുന്നതിലേക്കു കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം 28.01.2022നു പ്രൊപ്പോസലുകൾ ക്ഷണിച്ചു. 111 പേരുടെ അപേക്ഷകളാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചത്. തുടർന്ന് പ്രൊപ്പോസലുകൾ നൽകിയ അധ്യാപകർ സെലക്ഷൻ കമ്മിറ്റി മുൻപാകെ ഇന്റർവ്യൂവിനു ഹാജരാകാൻ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. 2022 മാർച്ച് മാസം 9 മുതൽ 16 വരെ തിരുവനന്തപുരത്തെ കെ.ടി.ഡി.സി ഗ്രാന്റ് ചൈത്രം ഹോട്ടലിൽ വച്ച് ഇന്റർവ്യൂ നടത്തി. അന്നത്തെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും, അഡീഷണൽ ഡയറക്ടറും, ഡെപ്യൂട്ടി ഡയറക്ടറും, വിഷയ വിദഗ്ദ്ധരും ചേർന്ന സമിതി ദിവസങ്ങളോളമെടുത്ത വിശദമായ അഭിമുഖത്തിന് ശേഷം 111 പേരിൽ നിന്നും 67 പേരുടെ സെലക്ട് ലിസ്റ്റ് തയാറാക്കിയിരുന്നു (അന്ന് 55 പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നു).

ഭരണപരമായ പരിചയമാണ് ഒരു പ്രിൻസിപ്പലിന് അവശ്യം വേണ്ടതെന്നിരിക്കെ, എന്തിനാണ് വിഷയ വിദഗ്ധരെക്കൊണ്ട് ചോദ്യങ്ങൾ ചോദിപ്പിക്കുന്നതെന്ന വിമർശനം അന്നുതന്നെ പല കോണുകളിൽ നിന്നും ഉയർന്നിരുന്നു. എങ്കിലും, യു.ജി.സി. മാനദണ്ഡത്തിൽ കർശനമായി ഉറച്ചു നിന്നുകൊണ്ട് നടത്തിയ ഈ അഭിമുഖത്തിൽ നിന്ന് 67 പേരെയാണ് സെലക്ഷൻ കമ്മറ്റി യോഗ്യരായി കണ്ടെത്തിയത്. സെലക്ഷൻ കമ്മിറ്റി എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് നടത്തിയ ഈ സെലക്ഷൻ പ്രക്രിയയിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രിൻസിപ്പലായി സ്ഥാനക്കയറ്റം നൽകുക എന്നതാണ് പിന്നീട് ചെയ്യേണ്ട നീതിയുക്തമായ നടപടിക്രമം. എന്നാൽ ഇത് ചെയ്യുന്നതിനു പകരം, ഈ ലിസ്റ്റിൽ അയോഗ്യരായവർ ഉൾപ്പെട്ടിട്ടുണ്ടെന്ന ചില 'ഉപദേശക'രുടെ വാക്ക് മുഖവിലയ്ക്കെടുത്ത് യാതൊരു കൂടിയാലോചനകളുമില്ലാതെ, യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മറ്റൊരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയാണ് (17032022ൽ ഓർഡർ നം. B3/3488/2022/DCE പ്രകാരം) അന്നത്തെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ചെയ്തത്. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ ഒരു നിയമന പ്രക്രിയയെ ചില ഊഹാപോഹങ്ങളുടെയും തെറ്റായ ഉപദേശങ്ങളുടെയും പേരിൽ അട്ടിമറിക്കുന്നത് നീതിയുക്തമല്ലെന്ന് അന്നു തന്നെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകൾ രാഷ്ട്രീയ ഭേദമന്യേ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ, അതൊന്നും ചെവിക്കൊള്ളാതെ ടെക്നിക്കൽ കമ്മിറ്റിയുമായി മുന്നോട്ടുപോകുകയാണ് അന്നത്തെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ചെയ്തത്.

ജേർണലുകൾ സംബന്ധിച്ച 2010ലെയും, 2018ലെയും യു.ജി.സി. റെഗുലേഷനുകളും അവയുടെ അമെൻഡ്മെന്റുകളും ശരിയായ രീതിയിൽ വ്യാഖ്യാനിക്കാതെയായിരുന്നു മേൽ നടപടിക്രമങ്ങൾ. അധ്യാപകർക്കു മേൽലിസ്റ്റ് പരിശോധിക്കുവാനോ പരാതികൾ ഉണ്ടെങ്കിൽ അവ നല്കുവാനോ അവസരം നൽകാതെയാണ് കോളേജ് വിദ്യാഭ്യാസ വകുപ്പ് 43 അധ്യാപകരുടെ ലിസ്റ്റ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (DPC) ചേരുവാനും അംഗീകാരത്തിനുമായി അയച്ചത്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23.06.2022ന് കൂടുകയും കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തു നൽകിയ മേൽ ലിസ്റ്റ് ഡി.പി.സി അംഗീകരിക്കുകയുമുണ്ടായി. അങ്ങനെയാണ് നിയമാനുസൃതം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റി അഭിമുഖത്തിലൂടെ തെരഞ്ഞെടുത്ത 67 പേരുടെ ലിസ്റ്റ് 43 ആയി ചുരുങ്ങുന്നത്. ഈ 43 പേരുടെ പട്ടികയാണ് ഡി.പി.സി. അംഗീകാരത്തിനായി നൽകിയത്. യഥാർത്ഥത്തിൽ, നിയമാനുസൃതം നടത്തിയ ഒരു സെലക്ഷൻ പ്രക്രിയയെ നിയമവിരുദ്ധമായ മാർഗ്ഗത്തിലൂടെ അട്ടിമറിച്ച് പി.എസ്.സി. പോലൊരു ഭരണഘടനാ സ്ഥാപനത്തെ തെറ്റിദ്ധരിപ്പിക്കുകയാണ് അന്നത്തെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ചെയ്തത്.

ഈ ഘട്ടത്തിൽ പ്രമോഷൻ ലിസ്റ്റിൽ നിന്ന് പുറത്തായവർ സ്വാഭാവികമായും നീതി ലഭിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസവകുപ്പിന് പരാതി നൽകേണ്ട അവസ്ഥ സംജാതമായി. മേൽ ലിസ്റ്റിൽ ഉൾപെടാതെപോയ 62 അധ്യാപകർ സർക്കാരിന് പരാതി നല്കുകയുണ്ടായി. അപ്പോൾ മാത്രമാണ് ഈ വിഷയം ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുന്നത്. ഈ വിഷയങ്ങളെല്ലാം വിശദമായ

പരിശോധനയ്ക്ക് വിധേയമാക്കി പരാതികൾ പരിശോധിക്കാൻ 26.05.2023ലെ G.O.(Rt) No.743/2023/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്ത്വത്തിൽ ഒരു സമിതിയെ നിയമിക്കുകയാണ് മന്ത്രി ചെയ്യത്.ഈ സമിതി ഓരോ അപേക്ഷയും വിശദമായി പരിശോധിച്ചു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 33 പേരെക്കൂടി ഉൾപ്പെടുത്തി രണ്ടു സെലക്ഷൻ കമ്മിറ്റി ലിസ്റ്റുകളും കൂട്ടിചേർത്ത് പ്രിൻസിപ്പൽ പ്രൊമോഷനുള്ള 76 പേരുടെ നിലവിലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. നീതിപൂർവം തയ്യാറാക്കിയ മേൽ ലിസ്റ്റ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 18.06.2023ന് പരിഗണിക്കാനായി നൽകിയിരുന്നു. എന്നാൽ ബഹു. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തെ തുടർന്ന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുന്നത് 25.06.2023ലേക്ക് മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ ഇതിനിടയിൽ ആദ്യം പ്രിൻസിപ്പൽ പ്രൊമോഷന് അപേക്ഷ ക്ഷണിച്ചപ്പോൾ യോഗ്യത ഇല്ലാതിരുന്നവരും ഈ ലിസ്റ്റിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള പലരെക്കാളും സർവീസ് സീനിയോറിറ്റി കൂടുതലുള്ളവരുമായ അധ്യാപകരിൽ ഏതാനും പേർ ഇപ്പോൾ 10 റിസർച്ച് പേപ്പറുകൾ എന്ന യോഗ്യത നേടിയതിനാൽ പ്രൊമോഷന് അവർക്കും അർഹതയുണ്ടെന്ന് ചൂണ്ടിക്കാട്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് നൽകുകയുണ്ടായി. ഈ കേസ് പരിഗണിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇവരെക്കൂടി ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാരിനോട് ഉത്തരവിട്ടു. കൂടാതെ നിലവിൽ ഡി.പി.സി.കഴിഞ്ഞ ലിസ്റ്റിൽ നിന്നും താത്കാലികമായി 43 പേരെ നിയമിക്കുവാനും ഇത്തരത്തിൽ നിയമിക്കപ്പെടുന്ന മുഴുവൻ പ്രിൻസിപ്പൽമാരും വീണ്ടും സെലക്ഷൻ പ്രക്രിയക്ക് വിധേയമാകണമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി . ഈ കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ വിരമിച്ച അധ്യാപകരെ ഒഴിവാക്കി ബാക്കി ഉള്ളവർക്ക് താൽക്കാലികമായി പ്രിൻസിപ്പൽ നിയമനം നൽകി സർക്കാർ ഉത്തരവിറക്കി. മാത്രമല്ല കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടി ക്രമങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുകയും ചെയ്തു. ഇത്രയുമാണ് സർക്കാർ കോളേജ് അധ്യാപകരുടെ പ്രിൻസിപ്പൽ പ്രമോഷനുമായി ബന്ധപ്പെട്ട നിലവിലെ വസ്തുതകൾ.

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട മറ്റു ചില വസ്തുതകൾ കൂടി അറിയുന്നത് ഈ ഘട്ടത്തിൽ നന്നായിരിക്കും. 2020 ഫെബ്രുവരി മാസത്തിൽ സീനിയോറിറ്റി അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ഡി.പി.സി ചേർന്ന് പ്രൊമോഷൻ നടത്താനിരുന്നതു അന്നത്തെ ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഏകപക്ഷീയമായി ഉത്തരവിറക്കി അട്ടിമറിച്ചു. സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം ഡി.പി.സി.ക്കു പകരം സെലക്ഷൻ കമ്മിറ്റിചേർന്ന് നടത്താനാണ് ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രമിച്ചിരുന്നത്. ഇതിനെതിരെ സംഘടന സർക്കാരിനെ സമീപിച്ചിരുന്നു. ഇത് സീനിയോറിറ്റി മറികടന്നുള്ള നിയമനത്തിലേക്കു പോകുമെന്നും സംഘടന ചൂണ്ടിക്കാണിച്ചിരുന്നു. അഡിഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്കുള്ള ഫീഡർ കാറ്റഗറി ആയിട്ടുള്ള പ്രിൻസിപ്പൽ തസ്തികയിലേക്ക് സീനിയോറിറ്റി മറികടന്നു നേരിട്ടുള്ള നിയമനം നടത്തുന്നത് കേരള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും സർക്കാർ കോളേജുകളിൽ ഈ നിയമനരീതി നടപ്പാക്കിയിട്ടില്ല എന്നകാര്യം ശ്രദ്ധേയമാണ്.

11.01.2021നു ഇറങ്ങിയ തമിഴ്നാട് സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിൽ നിലവിലുള്ളത് പോലെ തന്നെ അസ്സോസിയേറ്റ് പ്രൊഫസർമാരിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ ആണ് പ്രിൻസിപ്പൽമാരെ നിയമിക്കുക എന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. യു.ജി.സി. നിർദ്ദേശിക്കുന്ന സെലക്ഷൻ കമ്മറ്റിവെച്ചുള്ള നേരിട്ടുള്ള പ്രിൻസിപ്പൽനിയമനം സ്വകാര്യ/ ഒട്ടോണമസ് കോളേജുകളെ ഉദ്ദേശിച്ചുള്ളതാണ്. ഇത് സർക്കാർ കോളേജുകൾക്ക് ബാധകമാക്കേണ്ട കാര്യമല്ല. ഡയറക്ട് റിക്രൂട്മെന്റ് എന്ന ശീർഷകത്തിനു താഴെയാണ് പ്രിൻസിപ്പാൾ നിയമനം സംബന്ധിച്ച വിശദശാംശങ്ങൾ നൽകിയിരിക്കുന്നത്. മാത്രമല്ല സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടത് സംബന്ധിച്ചുപറയുന്നിടത്തു ഗവേണിങ് ബോഡി ചെയർമാൻ ആയിരിക്കണം സെലക്ഷൻ കമ്മിറ്റിയുടെ ചെയർമാനെന്നു നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓട്ടോണോമാസ് കോളേജുകളിൽ അല്ലാതെ സർക്കാർ കോളേജുകളിൽ ഗവേണിങ് ബോഡിയെന്ന സംവിധാനം നിലവിലില്ല. കേരളത്തിലെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താറില്ല പകരം പ്രമോഷൻ വഴിയാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള പ്രിൻസിപ്പാൾ നിയമനം സംവരണ തത്വങ്ങൾക്ക് എതിരാണ് എന്ന മുംബൈ കോടതിയുടെ നാഗ്പുർ ബഞ്ചിന്റെ വിധിയുണ്ട്.


നിലവിലത്തെ വിഷയത്തിൽ ആദ്യ ലിസ്റ്റിൽ നിന്നും 43 പേർക്ക് നിയമനം നൽകിയാൽ പിന്നീട് വരുന്നവർക്ക് സീനിയോറിറ്റി മറികടന്നു മാത്രമേ നിയമനം നൽകാനാവൂ. ഇത് നിയമപ്രശ്നങ്ങളിലേക്ക് നയിക്കും. ക്രമവിരുദ്ധമായി നടന്ന സെലക്ഷൻ കമ്മിറ്റിയും തുടർന്നു നടന്ന സ്ക്രീനിങ്ങും വലിയ നിയമകുരുക്കിലേക്കു നയിക്കുംവിധം കോടതിയിൽ ചോദ്യം ചെയ്യപ്പെടും. മേൽ വിവരങ്ങളെല്ലാം സംഘടനയെന്ന രീതിയിൽ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകമാത്രമായിരുന്നു ചെയ്തിരുന്നത്.

ജനാധിപത്യപരമായി കാര്യങ്ങൾ നടപ്പിലാക്കാൻ ബാധ്യതപ്പെട്ട ഭരണാധികാരി എന്ന നിലയിൽ, പ്രമോഷൻ ലിസ്റ്റിൽ നിന്ന് പുറത്തായവരുടെ പരാതികൾ നിയമപരമായി പരിശോധിക്കാൻ ആവശ്യപ്പെട്ടു എന്നതാണ് ഇപ്പോൾ മാധ്യമങ്ങളും പ്രതിപക്ഷവും മന്ത്രിയുടെ മേൽ ആരോപിക്കുന്ന 'ഗുരുതരമായ തെറ്റ്'. ഒരു അഭിമുഖം നടന്നാൽ അതിൽ പങ്കെടുത്തവർക്ക് തങ്ങൾ ഏത് കാരണങ്ങൾ കൊണ്ടാണ് ലിസ്റ്റിൽ നിന്ന് പുറത്താക്കപ്പെട്ടതെന്ന് അറിയാനുള്ള അവസരം പോലും നൽകാതെ ഏകപക്ഷീയമായി, മാനദണ്ഡത്തിന് വിരുദ്ധമായി പട്ടിക വെട്ടിച്ചുരുക്കിയ അന്നത്തെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിലപാടാണോ തെറ്റ്, അധ്യാപകരുടെ ന്യായമായ പരാതികൾ നിയമാനുസൃതം പരിശോധിക്കാൻ നിർദ്ദേശം നൽകിയ മന്ത്രിയുടെ നടപടിയിലാണോ തെറ്റ് എന്നതാണ് ഇവിടുത്തെ കാതലായ ചോദ്യം.

ഏതാനും ചില മാധ്യമങ്ങളും ഉന്നത വിദ്യാഭ്യാസമേഖലയെ തകർക്കാൻ ശ്രമിക്കുന്നചില കുബുദ്ധികളും ചേർന്ന് കഴിഞ്ഞ കുറേക്കാലമായി പ്രചരിപ്പിച്ചത്, പ്രമോഷൻ പട്ടികയിൽ ഇടതുപക്ഷ അധ്യാപക സംഘടനാ നേതാക്കളെ തിരുകിക്കയറ്റാൻ സർക്കാർ ബോധപൂർവ്വം ശ്രമിക്കുന്നു എന്നാണ്. എന്നാൽ അതിൽ കഴമ്പില്ലെന്ന് ബോധ്യപ്പെട്ടപ്പോഴാണ് ഇപ്പോൾ മന്ത്രിക്കെതിരെ വ്യക്തിപരമായ ആരോപണവുമായി ഇറങ്ങിയിരിക്കുന്നത്. സർക്കാരിനെതിരെ നിരന്തരമായി ഉയർത്തിക്കൊണ്ടിരിക്കുന്ന വ്യാജവാർത്തകളുടെ ഗതി തന്നെയായിരിക്കും ഈ ആരോപണത്തിനും എന്ന കാര്യത്തിൽ സംശയമില്ല. ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു സർക്കാരിന് കോടതി വിധി അനുസരിച്ച് മാത്രമേ മുന്നോട്ടുപോകാനാകൂ. എന്നാൽ അർഹരായ മുഴുവൻ അധ്യാപകർക്കും സീനിയോറിറ്റി അനുസരിച്ച് നിയമനം ലഭിക്കണം എന്നതാണ് എക്കാലവും സംഘടന മുന്നോട്ടു വെക്കുന്ന നിലപാട്.



# വിവേകാനന്ദ സാഹിത്യത്തിന്റെ കാലികപ്രസക്തി



ഡോ. ജെ. പ്രസാദ്

ജനഹൃദയങ്ങളിൽ നിറഞ്ഞുനില്ക്കുന്ന ജനനേതാക്കളെ, അവർ ജീവിച്ചിരിക്കുന്നവരെന്നോ മരിച്ചുപോയവരെന്നോ സവർണനെന്നോ അവർണനെന്നോ മിത്രമെന്നോ ശത്രുവെ ന്നോ വ്യത്യാസമില്ലാതെ അവരുടെ 'രക്ഷാകർത്തൃത്വം' ഏറ്റെടുത്ത് ആത്മവൽക്കരിക്കുക എന്നത് എക്കാലവും സംഘപരിവാർ പുലർത്തിപ്പോന്ന ഒരു ഹീന തന്ത്രമായിരുന്നു. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമായിരുന്നു സ്വാമി വിവേകാനന്ദൻ മുതൽ സർദാർ വല്ലഭായ് പട്ടേൽ വരെയുള്ള മഹാരഥന്മാരുടെ ആത്മവൽക്കരണം. 2014ലെ തെരഞ്ഞെടുപ്പിൽ ഈ മഹാരഥൻമാരുടെ ചിത്രങ്ങളും ശിൽപ്പങ്ങളുമെല്ലാം സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി തങ്ങളുടെ വിജയത്തിനായി ഇക്കൂട്ടർ ദുർവിനിയോഗം ചെയ്തു; അവരെ വിലയ്ക്കെടുത്തു എന്ന് പറയുന്നതാകും കൂടുതൽ ശരി. ഗാന്ധിവധത്തെ തുടർന്ന് സംഘപരിവാറിനെ നിരോധിച്ച അന്നത്തെ ആഭ്യന്തരമന്ത്രി ആയിരുന്ന സർദാർ വല്ലഭായ് പട്ടേലിന്, ലോകം വിസ്മയിക്കുമാറുള്ള വമ്പൻ പ്രതിമകൾ സ്ഥാപിച്ചുകൊണ്ട് പട്ടേൽ സമുദായത്തെയാകെ കൈപ്പിടിയിലാക്കി. സ്വാമിവിവേകാനന്ദൻ തന്റെ സംഭാഷണവേളയിൽ ഇടയ്ക്കിടെ പ്രയോഗിക്കാറുള്ള കഠോപനിഷത്ത്സൂക്തമായ 'ഉത്തിഷ്ഠത! ജാഗ്രത!..'എന്ന സൂക്തശകലം,2014ലെ തെരഞ്ഞെടുപ്പ് വേളയിൽ നരേന്ദ്രമോദിയെ അധികാരത്തിലെത്തിക്കുന്നതിന്, 'എഴുന്നേൽക്കുക! ജാഗ്രത്താവുക, മോദിയെ അധികാരത്തിലെത്തിക്കുക' എന്ന തരത്തിൽ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് രാജ്യത്തിന്റെ മുക്കിലും മൂലയിലും സ്വാമിയുടെ ചിത്രസമേതം പ്രദർശിപ്പിക്കുകയുണ്ടായി. ഇന്നിപ്പോൾ ഈ രണ്ട് മഹാത്മാക്കളെയും സംഘപരിവാർ സ്വന്തമാക്കിക്കഴിഞ്ഞു.




ശ്രീനാരായണ ഗുരു

വിവേകാനന്ദനും 'ഹിന്ദു'മതവും.

ശങ്കരാചാര്യർക്ക് ശേഷം രാജ്യമാകെ ചുറ്റിനടന്ന് ഭാരതത്തിനെ അഖണ്ഡവൽക്കരിക്കുന്നതിൽ തന്റേതായ ഇടപെടൽ നടത്തുകയും അത് ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്ത വിശ്വപൗരനായിരുന്നു നരേന്ദ്രദത്തൻ എന്ന സ്വാമി വിവേകാനന്ദൻ. ആ യാത്രയുടെ അവസാനം അദ്ദേഹം ഇന്ത്യയുടെയും ഇന്ത്യക്കാരുടെയും ദു:സ്ഥിതിയോർത്ത് ഏറെ വ്യാകുലനായിരുന്നു. യാത്രാമദ്ധ്യേ

കേരളത്തെ മാത്രം ഭ്രാന്താലയം എന്ന് വിശേഷിപ്പിക്കണമെങ്കിൽ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരാചാരങ്ങളും അസ്പൃശ്യതകളും കൊടികുത്തിവാണ അന്നത്തെ കേരളം എത്രമാത്രം മനുഷ്യത്വഹീനമായിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. മൂന്ന് കോടിയിൽ പ്പരം വരുന്ന ബ്രിട്ടീഷുകാർ, മുപ്പത് കോടിയിൽപ്പരം വരുന്ന ഭാരതീയരെ അടക്കിവാഴുന്നതിന്റെ കാരണങ്ങളിൽ മുഖ്യം നമ്മുടെ യുവാക്കളുടെ ആലസ്യവും ആത്മാഭിമാനമില്ലായ്മയും ആണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അവരെ അടിമത്തത്തിന്റെ അപകടം ബോധ്യപ്പെടുത്താനും സ്വാതന്ത്ര്യത്തിന്റെ മഹത്വം വെളിപ്പെടുത്താനുമാണ് അദ്ദേഹം തന്റെ പ്രഭാഷണങ്ങളിൽ വേദാന്തസൂക്തങ്ങൾ ഇടയ്ക്കിടെ പ്രയോഗിച്ചുകൊണ്ടിരുന്നത്. ഇന്നത്തെപ്പോലെ അക്കാലത്തും സ്വാമിമാരുടെ ഇടയിൽ കള്ളനാണയങ്ങൾ ധാരാളം ഉണ്ടായിരുന്നിരിക്കാം. അതുകൊണ്ടാണ് ആലസ്യത്തിലമർന്നുപോയ യുവാക്കളോട് അദ്ദേഹം 'ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യ വരാൻ നിബോധത!'എന്ന കഠോപനിഷത്ത് സൂക്തം ഇടയ്ക്കിടെ ഓർമിപ്പിച്ചുകൊണ്ടിരുന്നത്. എഴുന്നേൽക്കൂ! ജാഗ്രത്താവൂ! ശ്രേഷ്ഠന്മാരായ ഗുരുക്കൻമാരെ(വരാൻ) സമീപിച്ച് ഉൽബുദ്ധരാവൂ! എന്ന ആഹ്വാനമാണ് അദ്ദേഹം നടത്തിയത്. കൊടിയ ദാരിദ്ര്യത്തിൽ നിന്ന് ജനങ്ങളെയും പാരതന്ത്ര്യത്തിൽ നിന്ന് രാഷ്ട്രത്തെയും മോചിപ്പിക്കുക എന്ന ദ്വിമാനതന്ത്രമാണ് വിവേകാനന്ദൻ ആവിഷ്കരിച്ചത്. അതിനെയാണ് സംഘപരിവാർ ദുർവ്യാഖ്യാനം ചെയ്ത് സംഘിവൽക്കരിച്ചത്.



സർദാർ വല്ലഭായി പട്ടേൽ

അതിനെ യുക്തിസഹമായി പ്രതിരോധിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പോലും മുന്നോട്ടുവന്നില്ല എന്നത് ഒരു വസ്തുതയാണ്(അക്കാലത്ത് സോഷ്യലിസ്റ്റ്/കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സംഘടിതരൂപം പ്രാപിച്ചിരുന്നില്ല.) അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും പ്രാസംഗികമായി പറഞ്ഞുപോകുന്ന ചില കാര്യങ്ങൾ അദ്ദേഹത്തെ പ്രത്യയശാസ്ത്രസ്ഥിരതയില്ലാത്ത വ്യക്തിത്വത്തിന്നുടമയായി ചിത്രീകരിക്കാനിടയാക്കിയിട്ടുണ്ട് എന്നത് പുരോഗമനചിന്താഗതിക്കാരിൽ പലപ്പോഴും ആശങ്ക ജനിപ്പിച്ചിട്ടുണ്ട്. ഈശ്വരതത്വത്തെ സൂക്ഷ്മമായി അപഗ്രഥിച്ച ബാദരായണനെയും ഈശ്വരതത്വത്തെ നിഷേധിച്ച ചാർവാകനെയും ഒരേപോലെ മഹർഷിയായി അഭിസംബോധന ചെയ്യാൻ സമന്വയവാദികൂടിയായ അദ്ദേഹത്തിന് യാതൊരുവൈഷമ്യവും ഉണ്ടായിരുന്നില്ല. ഒരുകാര്യം ഉറപ്പിച്ചു പറയാൻ സാധിക്കും; അദ്ദേഹം ഒരു ദരിദ്രനാരായണപക്ഷപാതി ആയിരുന്നു. ആ പക്ഷപാതവീക്ഷണത്തിന് പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ടിരുന്ന പുരോഹിതവർഗത്തെയും അധികാരിവർഗത്തെയും നിശിതമായ ഭാഷയിൽ അവസരോചിതം ഭർസിക്കുമായിരുന്നു.



സുകുമാർ അഴീക്കോട്

**ദീർഘദർശിയായ വേദാന്തി**

വിവേകാനന്ദൻ ഒരിക്കലും സംഘപരിവാർ പ്രചരിപ്പിക്കുന്നതരത്തിലുള്ള 'ഹിന്ദു'മതവിശ്വാസി ആയിരുന്നില്ല. ഒരിക്കൽ ജാഫ്നാ നിവാസികളായ ഹിന്ദുക്കളുടെ കത്തിനയച്ച മറുപടിയിലൂടെ അത് കൂടുതൽ വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു.. 'സിന്ധു നദിയുടെ മറുകരയിൽ പാർക്കുന്നവർ എന്നേ ഇതിനർഥമുണ്ടായിരുന്നുള്ളൂ. പ്രാചീന പേർഷ്യർ 'സിന്ധു' എന്ന വാക്ക് 'ഹിന്ദു' എന്ന് വികലപ്പെടുത്തി സിന്ധുവിന്റെ മറുകര പാർത്തിരുന്നവരെയൊക്കെ അവർ ഹിന്ദു എന്ന് വിളിച്ചുവന്നു.(സംസ്കൃതത്തിലെ 'സ'കാരം പേർഷ്യൻ ഭാഷയിൽ 'ഹ'കാരമാണ്,ലേഖകൻ) അങ്ങനെയാണ് ഈ വാക്ക് നമുക്ക് കിട്ടിയിട്ടുള്ളത്.'(വി. സാ. സർവസ്വം ഭാഗം 3,പേജ് 10) ഞാൻ കുറേക്കൂടി കടന്നു പറയുന്നു. ഹിന്ദു എന്ന വാക്കിന്റെ അർഥം തന്നെ വേദാന്തി എന്നാണ്. വേദാന്തം എന്ന പേര് ഉപനിഷത്തുക്കളിൽ നിന്നുണ്ടായ ഏതെങ്കിലും ഒരു വിഭാഗത്തിന് നല്കുന്നത് ശരിയല്ല. (പേജ് 285)

ഓരോ മതവും അതിന്റെ സിദ്ധാന്തങ്ങളെ പ്രഖ്യാപിച്ച് അവ മാത്രം സത്യമെന്ന് ശഠിക്കുന്നു, എന്നുമാത്രമല്ല, അവയിൽ വിശ്വസിക്കാത്തവർ ഒരു ഭയങ്കരമായ സ്ഥാനത്ത് ചെല്ലുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. അവർ വിശ്വസിക്കുന്നതുപോലെ മറ്റ് ജനങ്ങളെക്കൊണ്ട് വിശ്വസിപ്പിക്കാൻ അവർ വാളെടുക്കുകപോലും ചെയ്യുന്നു. ഇത് ദുഷ്ടത നിമിത്തമല്ല. 'മതഭ്രാന്ത്' എന്ന് പറയുന്ന ഒരുവിധം മസ്തിഷ്കവ്യാധി നിമിത്തമാകുന്നു. ഈ മതഭ്രാന്തൻമാർ ഉറച്ച വിശ്വാസമുള്ളവരാണ്. അത്യന്തം ആത്മാർഥതയുള്ളവരാണ്.എന്നാൽ അവർ മറ്റ് ഭ്രാന്തൻമാരെ പോലെ യുക്തിവിഹീനന്മാരുമാണ്. 'മതഭ്രാന്ത്' എന്ന ഈ രോഗം എല്ലാ രോഗങ്ങളിലും വച്ച് അധികം ആപത്കരമാകുന്നു. അത് മനുഷ്യ പ്രകൃതിയിലുള്ള ദുഷ്ടത മുഴുവൻ ഇളക്കി പൊന്തിക്കും, കോപത്തെ തട്ടിയുണർത്തും, സിരാബന്ധത്തിന് മുറുക്കം കൂട്ടും, മനുഷ്യരെ വ്യാഘ്രസമാനരാക്കും.(വി. സാ. സ. ഭാഗം 2,പേജ് 415).ഇന്ന് സംഘപരിവാർ ചെയ്യുന്നതും അത് തന്നെ.

എന്റെ മതം വേദാന്തമാണെന്ന് സ്വയം പ്രഖ്യാപിച്ച വിവേകാനന്ദൻ, വേദാന്തത്തെ ഒരു മഹാസമുദ്രത്തോടാണ് ഉപമിച്ചത്. കാരണം എല്ലാവിധ സാമുദ്രിക ജീവികളേയും ഉൾക്കൊള്ളാൻ കഴിയുന്ന ആവാസവ്യവസ്ഥയാണല്ലോ മഹാസമുദ്രത്തിനുള്ളത്.

'ഏകം സത് വിപ്രാ: ബഹുധാ വദന്തി അഗ്നിം യമം മാതരിശ്വാനമാഹു' എന്ന ഉപനിഷത് വാക്യം അവതരിപ്പിച്ചുകൊണ്ട് ഒരേ വസ്തുവിനെ ബഹുജനങ്ങൾ അഗ്നി,യമൻ,വായു എന്നിങ്ങനെ പല പേരുകൊണ്ട് വ്യവഹരിക്കുന്നതായി അദ്ദേഹം സമർഥിക്കുന്നു. എപ്രകാരമാണോ ഒരു ശിൽപ്പി അഥവാ കുലാലൻ, കുഴച്ചമണ്ണുകൊണ്ട് കുടം, കലം, ചട്ടി,പാത്രം തുടങ്ങിയ

വ്യത്യസ്ത പദാർഥങ്ങൾക്ക് രൂപം നല്കുന്നത് അതേപോലെ മനുഷ്യന്റെ ജാതിയും കുലവും മതങ്ങളും,ആചാരങ്ങളുമെല്ലാം വ്യത്യസ്തമാണെങ്കിലും അവയുടെയെല്ലാം അന്ത:സത്ത ഒന്നുതന്നെയാണ്; ആ അർഥത്തിൽ ഈശ്വരനും അല്ലാഹുവും യേശുക്രിസ്തുവും എല്ലാം ഒരേ ദൈവത്തിന്റെ വ്യത്യസ്ത നാമങ്ങളാണ്. 'സർവം ഖലു ഇദം ബ്രഹ്മ'. അതുതന്നെയാണ് ശ്രീനാരായണഗുരുവും സമർഥിക്കാൻ ശ്രമിച്ചത്, രക്തത്തിന്റെ നിറം ഒന്നുതന്നെയാണ്. ജാതിമത വർണ വ്യത്യാസമില്ലാതെ സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം എന്ന് നാരായണഗുരു വിശേഷിപ്പിച്ചതും അമേരിക്കയിലെ എന്റെ സഹോദരീ സഹോദരന്മാരേ എന്ന് ചിക്കാഗോവിൽ സ്വാമി വിവേകാനന്ദൻ അഭിസംബോധന ചെയ്തതും അർഥത്തിൽ ഒന്നുതന്നെയാണ്. അതുതന്നെയാണ് 'തത്ത്വമസി'യിലൂടെ ശങ്കരാചാര്യരും 'സമത്വസമാജ'ത്തിലൂടെ വൈകുണ്ഠസ്വാമിയും പറഞ്ഞുവച്ചത്. ദൈവാന്വേഷണത്തിൽ മാത്രം തത്പരനായി മനുഷ്യരാശി നേരിടുന്ന പ്രശ്നങ്ങളെ വിസ്മരിക്കുന്ന കേവലം ഒരു സന്യാസി ആയിരുന്നില്ല അദ്ദേഹം. നിന്ദിതരെയും പീഡിതരെയും ഉദ്ധരിക്കാൻ ബഹുജനങ്ങളെ ഉദ്ബോധിപ്പിച്ച ആദ്യ സന്യാസിവര്യൻ. ഭാരതീയസംസ്കാരം തൊഴിലാളിവർഗ സംസ്കാരമാണെന്ന് പറഞ്ഞ ആദ്യ സന്യാസി. ആ അർഥത്തിൽ അധ്വാനിക്കുന്ന വർഗത്തിന്റെ (ശൂദ്രന്റെ) ഭരണകൂടത്തെ വിഭാവനം ചെയ്ത ആദ്യ മഹർഷിയാണ് സ്വാമി വിവേകാനന്ദൻ. അക്കാലത്ത് രാജ്യത്ത് അവിടവിടെയായി ഉയർന്നുവന്ന തൊഴിലാളിവർഗ സമരങ്ങളെ പരാമർശിച്ചുകൊണ്ട്, വിദേശത്തുള്ള തന്റെ ശിഷ്യനെഴുതിയ കത്തിൽ പറയുന്നത് നോക്കൂ.. "ഉണർവിന്റെ ലക്ഷണങ്ങൾ ഇന്ത്യയിലും കണ്ടുതുടങ്ങിയെന്ന് അടുത്ത കാലത്തായി താഴ്ന്ന വിഭാഗങ്ങളിൽ കാണുന്ന സമരങ്ങളിൽ നിന്നും സ്പഷ്ടമായി. ഭാവിയിൽ മേലാളവർഗം കീഴാളവർഗത്തെ ഒരിക്കലും അടിച്ചമർത്താൻ പറ്റാത്ത അവസ്ഥ ഇന്ത്യയിലും സംജാതമാകും. ശൂദ്രർ ആയിരിക്കും ഇന്ത്യയുടെ ഭാവി ഭരണകർത്താക്കൾ . നവഭാരതം കൃഷീവലന്റെ കുടിലിൽ നിന്നാണ് വിടരുക" നാമെല്ലാം സ്വപ്നം കാണുന്ന ഒരിന്ത്യയെ കുറിച്ച് വിവേകാനന്ദൻ, ഒന്നര നൂറ്റാണ്ട് മുൻപ് വിഭാവനം ചെയ്തിരുന്നു. ഏത് മാർക്സിസ്റ്റും ഞെട്ടിപ്പോകുന്ന ഗംഭീര സ്വരത്തിൽ വിവേകാനന്ദസ്വാമി സോഷ്യലിസത്തെ കുറിച്ച് പ്രസംഗിച്ചു എന്ന് പ്രൊഫ. സുകുമാർ അഴീക്കോട് ഒരിക്കൽ പ്രസംഗിക്കുകയുണ്ടായി.

### സാർവജനീന വിദ്യാഭ്യാസത്തിന്റെ ഉപജ്ഞാതാവ്

വിമോചനത്തിന്റെ മാർഗം വിദ്യാഭ്യാസമാണെന്ന് നമ്മുടെ പൂർവികരായ മഹർഷിവര്യന്മാർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ ആ വിദ്യാഭ്യാസം ശൂദ്രന്മാർക്ക് നിഷേധിക്കപ്പെട്ടിരുന്നു. 'ശൂദ്രമക്ഷരസംയുക്തം ദൂരത:പരിവർജയേത് ' എന്ന 'പ്രമാണ'വാക്യം പ്രസിദ്ധമാണല്ലോ. ശ്രീ അയ്യങ്കാളിയും ശ്രീനാരായണഗുരുവുമെല്ലാം സ്ത്രീപുരുഷ ഭേദമന്യേ അവർണരുടെ വിദ്യാഭ്യാസാവകാശത്തിനും അവരുടെ മോചനത്തിനും വേണ്ടി ജീവൻമരണ പോരാട്ടം നടത്തിയവരാണ്. എന്നാൽ അവരെക്കാളും വളരെ മുമ്പ്, അവർണന്റെ വിദ്യാഭ്യാസത്തിന് വേണ്ടി പോരാടുകയും അത് പ്രായോഗികതലത്തിൽ എത്തിക്കുന്നതിന് അഹോരാത്രം പ്രവർത്തിക്കുകയും ചെയ്ത പ്രായോഗിക വേദാന്തിയാണ് വിശ്വഗുരു സ്വാമി വിവേകാനന്ദൻ. അദ്ദേഹത്തിന്റെ മഠത്തിൽ ചണ്ഡാലൻ മുതൽ ബ്രാഹ്മണർ വരെ ജാതി മത സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവർക്കും പ്രവേശനം നല്കിയിരുന്നു. അതിന് എതിർപ്പുള്ളവരെ ആരെയും മഠത്തിൽ പ്രവേശിപ്പിക്കുമായിരുന്നില്ല. ആ അർഥത്തിൽ സങ്കലിത വിദ്യാഭ്യാസത്തിന്റെ(Inclusive Education) ഉപജ്ഞാതാവ് സ്വാമി വിവേകാനന്ദൻ ആണെന്ന് പറയാം. അതേസമയം ഓരോ വിഭാഗക്കാരുടെയും ജാതിമതാശ്രമാചാരങ്ങൾക്കു പ്രത്യേക സംവിധാനം മഠങ്ങളിൽ ഒരുക്കിയിരുന്നു. വിശക്കുന്നവന്റെ മുന്നില് വേദാന്തം വിലപ്പോവില്ല എന്ന് ആദ്യം തിരിച്ചറിഞ്ഞത് വിവേകാനന്ദനാണ്. ആദ്യം അന്നം, പിന്നെ വിദ്യ, അതിന് ശേഷം ജ്ഞാനം എന്നീ മൂന്ന് ആദർശങ്ങളുടെയും മഹാസമന്വയക്ഷേത്രമായിരുന്നു അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങൾ. തന്റെ ഗുരു അനുശാസിച്ചതുപോലെ , ഒരു മനുഷ്യൻ എന്നതിനേക്കാൾ ഉത്കൃഷ്ടമായ ഈശ്വരസങ്കല്പം സാധ്യമല്ലെന്നും അതുകൊണ്ട് നമ്മുടെ ഈശ്വരൻ മനുഷ്യനാണെന്നും, മനുഷ്യൻ ഈശ്വരനാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു.(പേജ്.346). മാനവസേവയാണ് മാധവസേവ എന്ന് അദ്ദേഹം നിരന്തരം പറഞ്ഞുകൊണ്ടേ ഇരുന്നു. ഒരു സംഘടന കൂടാതെ മഹത്തായ കാര്യങ്ങളൊന്നും ചെയ്യാൻ സാധ്യമല്ലെന്ന് വിശ്വസഞ്ചാരികൂടിയായ അദ്ദേഹത്തിന് അറിയാമായിരുന്നു. വിദ്യാഭ്യാസപ്രചാരം വഴി സാധാരണജനങ്ങൾ എപ്പോഴാണോ അനുഭാവവും ഹൃദയവിശാലതയുള്ളവരും ആകുന്നുവോ, മതത്തിനും ജാതിക്കും അതീതമായി ചിന്തിക്കുവാൻ എപ്പോൾ പഠിക്കുന്നുവോ, അപ്പോഴേ സാമാന്യജനസമ്മതിയോടുകൂടി സംഘടനവഴി കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയൂ എന്നദ്ദേഹം തിരിച്ചറിഞ്ഞു. (വി. സാ. സ. ഭാഗം 6, പേജ്



സ്വാമി വിവേകാനന്ദൻ

33). അതിന്റെ സാക്ഷാത്കാരത്തിനായി ഓരോ ഗ്രാമത്തിലും ഓരോ നഗരത്തിലും മഠങ്ങൾ/വിദ്യാലയങ്ങൾ രൂപീകരിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു.ക്രമേണ ആ ദൌത്യം ജനങ്ങൾ സ്വയം ഏറ്റെടുക്കുകയായിരുന്നു.

സാർവത്രികവും സൌജന്യവുമായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഭാരതീയരെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാൻ കഴിയൂ എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. സൗജന്യ വിദ്യാഭ്യാസം നല്കിയത് കൊണ്ടുമാത്രം അത് സാധിച്ചുകൊള്ളണമെന്നില്ല.ആദ്യം വിശപ്പിന് പരിഹാരം കാണുക. പട്ടിണിയും ദാരിദ്ര്യവും കൂടപ്പിറപ്പായ പാവപ്പെട്ട ശൂദ്രജനകോടികൾ എങ്ങനെ സ്കൂളിൽ പോകും. അതുകൊണ്ട് സ്കൂളുകളെ ദരിദ്രനാരായണരുടെ അടുത്തേക്ക് എത്തിക്കുക എന്ന സങ്കൽപ്പം സ്വാമി മുന്നോട്ടുവച്ചു. ആ അർഥത്തിൽ 'സഞ്ചരിക്കുന്ന സ്കൂൾ' എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ച വിശ്വഗുരു സ്വാമി വിവേകാനന്ദൻ ആണ്. സ്ത്രീകൾക്ക് സംവരണത്തിലൂടെ പങ്കാളിത്തം കണ്ടെത്തുന്ന നമ്മുടെ രാജ്യത്ത്, ദശാബ്ദങ്ങൾക്ക് മുമ്പ് ഓരോ സ്ത്രീയെയും ഓരോ ഝാൻസിറാണിയാക്കി ഉയർത്തണമെന്ന് ഉത്ഘോഷിച്ച മഹാമുനിയാണ് വിവേകാനന്ദൻ. സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാഭ്യാസവും മോചനവും ഭാരതത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് അത്യന്താപേക്ഷിതമാണെന്നും അങ്ങനെവന്നാൽ മഹാഭൂരിപക്ഷം വരുന്ന കീഴാളവർഗത്തെ അടിച്ചമർത്താൻ ചെറുന്യൂനപക്ഷം വരുന്ന മേലാളവർഗത്തിന് സാധിക്കില്ല എന്നും അദ്ദേഹം നിരീക്ഷിച്ചു. ആത്മാഭിമാനത്തിന്റെയും ദേശസ്നേഹത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും സർവോപരി പരിവ്രാജകത്വത്തിന്റെയും ഉണർത്തുപാട്ടുകൾ ആയിരുന്നു അദ്ദേഹത്തിന്റെ ഓരോ പ്രഭാഷണവും. സമഷ്ടിയുടെ സുഖത്തിലാണ് വ്യഷ്ടിയുടെ സുഖം കൂടികൊള്ളുന്നതെന്ന മഹത് തത്ത്വം മാലോകർക്ക് സമ്മാനിച്ച പരിവ്രാജക (പരിത്യജ്യ വ്രജതി) സന്യാസിവാര്യൻ ആയിരുന്നു സ്വാമി വിവേകാനന്ദൻ. ദേശീയമായ ഉയർത്തെഴുന്നേൽപ്പിന് വിവേകാനന്ദൻ രൂപം കൊടുത്ത സംഘടിത പ്രവർത്തന പദ്ധതിയായിരുന്നല്ലോ ശ്രീരാമകൃഷ്ണ മിഷൻ. ആ മിഷന് അതിർവരമ്പുകൾ ഉണ്ടായിരുന്നില്ല. ലോകാ: സമസ്താ: സുഖിനോ ഭവന്തു!,സർവേ സന്തു നിരാമയാ: മാലോകരെല്ലാം സുഖമായിരിക്കട്ടെ,എല്ലാവരും നിരാമയരായിരിക്കട്ടെ എന്നിങ്ങനെയുള്ള മാനവീയസൂക്തങ്ങൾ ഭാരതീയർക്കാകെയും ലോകത്തിന് മുന്നിലും നിരന്തരം അവതരിപ്പിച്ച മഹർഷിവര്യനായിരുന്നു സാർവലൌകികമതത്തിന്റെ ഉപജ്ഞാതാവ് കൂടിയായ സ്വാമി വിവേകാനന്ദൻ. അതുകൊണ്ടുകൂടിയാണ് ഇന്ത്യയെ അറിയാൻ വിവേകാനന്ദനെ അറിയുക എന്ന് മഹാകവി രവീന്ദ്രനാഥ ടാഗോർ പ്രഖ്യാപിച്ചത്. ആർത്തരും ആലംബഹീനരുമായ ചണ്ഡാലശൂദ്രസമൂഹത്തിന് (തൊഴിലാളിവർഗം) വേണ്ടി സ്വയം സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.അദ്ദേഹം ഒരിക്കലും ഒരു അധികാരമോഹിയോ സുഖലോലുപനോ സ്വാർഥമതിയോ ആയിരുന്നില്ല.



വൈകുണ്ഠ സ്വാമികൾ

'ന ത്വഹം കാമയേ രാജ്യം ന സ്വർഗം
ന പുനർഭവം
കാമയേ ദു:ഖതപ്താനാം പ്രാണിനാം
ആർത്തിനാശനം'

എന്ന രന്തിദേവസംബന്ധിയായ സുഭാഷിതം സ്വാമി വിവേകാനന്ദന് സർവഥാ സംഗതമാണ്; രാജാ രന്തിദേവനെപ്പോലെ, നിന്ദിതരും ദു:ഖിതരും പീഡിതരും ആലംബഹീനരുമായ അടിച്ചമർത്തപ്പെട്ടവരുടെ വിമോചനമായിരുന്നു സ്വാമി വിവേകാനന്ദന്റെ ജീവിതലക്ഷ്യം. ഏത് വീക്ഷണകോണിലൂടെ ആപഗ്രഥിച്ചാലും സ്വാമി വിവേകാനന്ദൻ, സംഘപരിവാറിന്റെ കളത്തിൽ കെട്ടാൻ കഴിയുന്ന ഒരു വ്യക്തിത്വത്തിനോ ദർശനത്തിനോ ഉടമയല്ല എന്നത് പകല് പോലെ വ്യക്തമാണ്.




സ്വാമി വിവേകാനന്ദൻ

എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്.

**_ എം ടി വാസുദേവൻ നായർ**

# ഭാഷാ വിചാരം വേണം, നടപടി

**മുതിർന്ന മാധ്യമപ്രവർത്തകനും ദീർഘകാലം മീഡിയ സ്കൂൾ അധ്യാപകനുമായിരുന്ന വി വി വേണുഗോപാലിന്റെ മാധ്യമഭാഷാവിചാരം ആരംഭിക്കുന്നു**



വി. വി. വേണുഗോപാൽ

അമ്മമലയാളത്തെക്കുറിച്ച് ഇതിലും ലളിതസുന്ദരമായി ഇനിയൊന്ന് എഴുതാനില്ല. മാതൃഭാഷയുടെ മുലപ്പാൽ കിനിയുന്ന വാചകങ്ങൾ... ഭാഷാപിതാവിനായി തിരൂർ തുഞ്ചൻ പറമ്പിൽ നിത്യസ്മാരകമൊരുക്കുന്നതിന് മുൻകൈ എടുത്ത ജ്ഞാനപീഠം ജേതാവിന്റെ ഈ വാചകങ്ങൾ അതേ വൈകാരികതയോടെ നമ്മുടെ പുതുതലമുറ ഉൾക്കൊള്ളുന്നുണ്ടോ എന്നത് നെറ്റിചുളിപ്പിക്കുന്ന, അസ്വാസ്ഥ്യമുളവാക്കുന്ന ഒരു ചോദ്യമാണ്. " ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ് " എന്ന് നെഞ്ചത്ത് കൈ വച്ച് പറയുവാൻ നമ്മുടെ പുതു തലമുറയ്ക്കാവുമോ? അതിനവരെ പ്രാപ്തരാക്കുന്നതിൽ പിഴവു പറ്റിയത് നമ്മൾ മുതിർന്ന തലമുറയ്ക്കല്ലേ? നിസ്സംശയം കുറ്റമേൽക്കാം, അതേ എന്ന്. എന്തെന്നാൽ നമ്മുടെ ഇളമുറക്കാർ മാതൃഭാഷയിൽ പിച്ചവച്ച് വേണം വളരേണ്ടത് എന്ന് നിഷ്കർഷിക്കാൻ നമ്മൾ മനസ്സു വച്ചില്ലെന്നു മാത്രമല്ല, അവർ മലയാളം അക്ഷരമാല പഠിക്കേണ്ട കാര്യമില്ലെന്നും ഇടക്കാലത്ത് നമ്മളങ്ങ് നിശ്ചയിച്ചു , നടപ്പാക്കി. അങ്ങനെ പാഠ്യപദ്ധതി അതിശാസ്ത്രീയമായി പരിഷ്ക്കരിച്ചതിന്റെ രക്തസാക്ഷികളായിട്ടാണ് ഒരു തലമുറയെ നമ്മൾ വാർത്തെടുത്തത്. എം എൻ കാരശ്ശേരി ഉൾപ്പെടെയുള്ള ഭാഷാസ്നേഹികൾ ഇടപെട്ടതിന്റെയും കലഹിച്ചതിന്റെയും ഫലമായിട്ട് , ഇപ്പോൾ , ഒരു പതിറ്റാണ്ടിലേറെക്കാലം നമ്മൾ ഭ്രഷ്ട് കല്പിച്ച് പുറത്തു നിറുത്തിയ അക്ഷരമാലയ്ക്ക് സ്കൂൾ തലത്തിൽ പാഠപുസ്തകങ്ങളിൽ അവസാന പുറങ്ങളിലെങ്കിലും വീണ്ടും ഇടം കിട്ടിയെന്നത് വലിയ ആശ്വാ



സമുളവാക്കുന്ന കാര്യം.


ഓരോ ഭാഷയ്ക്കുമുണ്ട് അതിന്റേതായ താളവും ലയവും സംഗീതവും. പി കുഞ്ഞിരാമൻ നായരുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയുമെല്ലാം കവിത തുളുമ്പുന്ന ഗദ്യത്തിലുണ്ട് ആ ലയവും സംഗീതവുമെന്ന് (കവിയുടെ കാല്പാടുകൾ, ചിദംബര സ്മരണകൾ ... ) പുതു തലമുറയോട് നമ്മൾ പറയുന്നുണ്ടോ ? പറയുന്നതു പോലെ / ഉച്ചരിക്കുന്നതു പോലെ എഴുതാം എന്ന എളുപ്പം / സൗകര്യം നമ്മുടെ മാതൃഭാഷയ്ക്കുണ്ട്. എടുത്തു പറയേണ്ട ഒരു സവിശേഷതയും അതു തന്നെ. ഇരട്ടിപ്പു വേണ്ടിടത്ത് അങ്ങനെ, വേണ്ടാത്തിടത്ത് അങ്ങനെ . ഈ ലളിതമായ കാര്യം പോലും പുതുതലമുറയ്ക്ക് അന്യമാണെന്നത് നമ്മെ ഏറെ അസ്വസ്ഥതപ്പെടുത്തേണ്ട വിഷയമാണ്. സാമൂഹ്യ മാധ്യമങ്ങളിലെ സങ്കര ഭാഷയാണ് അവർക്ക് ഇന്ന് ഏറെ പഥ്യം, പരിചിതം . പ്രസ് ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസെടുത്തിരുന്നപ്പോൾ എന്നെ ഏറെ സങ്കടപ്പെടുത്തിയ വിഷയമാണിത്. ഒരു വാചകത്തിൽ വാക്കുകളുടെ സ്ഥാനം മാറിയാൽ അർത്ഥവ്യത്യാസമെന്നല്ല, അസംബന്ധം പോലുമാകും ഫലം എന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. " വയനാട്ടിൽ കാട്ടാന നശിപ്പിച്ച ജാനകിയുടെ വീട് " എന്ന് ഫോട്ടോയ്ക്ക് അടിക്കുറിപ്പ് അച്ചടിച്ചു വരുന്നതായിരിക്കുന്നു കാലം. കാട്ടാന നശിപ്പിച്ചത് ജാനകിയെയാണോ , അതോ



പി കുഞ്ഞിരാമൻ



കുട്ടിക്കൃഷ്ണ മാരാർ



പ്രേംജി

ജാനകിയുടെ വീടാണ് നശിപ്പിക്കപ്പെട്ടതെങ്കിൽ "വയനാട്ടിൽ ജാനകിയുടെ വീട് കാട്ടാന നശിപ്പിച്ച നിലയിൽ " എന്നല്ലേ വേണ്ടതെന്ന ഔചിത്യബോധത്തിന്റെ അഭാവമല്ലേ അച്ചടിച്ചു വച്ച ഈ വികലവാക്യത്തിലൂടെ വെളിവാകുന്നത് ! " ഭർത്താവിന്റെ ഭാഗത്തു നിന്ന് നിരന്തരമായ പീഢനം അനുഭവിച്ചിരുന്ന ഭാര്യ" യുടെ കദനകഥയാണ് പല ചാനൽ റിപ്പോർട്ടർമാർക്കും ഇന്ന് നമ്മോടു പറയാനുള്ളത്. അല്ലാതെ ഭർത്താവ് നിരന്തരം പീഡിപ്പിച്ച ഭാര്യയുടെ കാര്യമല്ല.

കുട്ടിക്ക്യഷ്ണ മാരാരെയും പ്രേംജിയെയും പോലുള്ളവരുടെ സജീവ സാന്നിധ്യം വലിയ അനുഗ്രഹമായിരുന്ന പ്രൂഫ് വായനാ വിഭാഗം നമ്മുടെ മാധ്യമ സ്ഥാപനങ്ങൾക്ക് ഇന്നൊരു പഴങ്കഥയാണ്, കേട്ടുകേൾവിയാണ്. ജേണലിസ്റ്റ് ട്രെയിനികളെ പ്രൂഫ് വായിച്ച് വിളഞ്ഞ ശേഷം മതി ന്യൂസ് ഡെസ്കിലും ഫീൽഡിലും സബ് എഡിറ്റർ/റിപ്പോർട്ടർമാരായി വിന്യസിക്കാൻ എന്ന പത്രസ്ഥാപനങ്ങളുടെ ആ പഴയ നിഷ്ഠയും കാലഹരണപ്പെട്ടു.

അതിന്റെയെല്ലാം കുറവ് വളരെ പ്രകടവുമാണ് ഇന്ന്. നമ്മുടെ ഭാഷാ പത്രങ്ങളിലും ടി വി ചാനലുകളിലുമെല്ലാം നിരന്തരം ആവർത്തിക്കപ്പെടുന്ന ചില തെറ്റുകൾ / വികല പ്രയോഗങ്ങൾ/ വികല വാക്യങ്ങളിലൂടെ ഒന്നു കണ്ണോടിച്ചാൽ ഇത് എളുപ്പത്തിൽ ബോധ്യമാവും. ചില സാമ്പിളുകൾ ഇങ്ങനെ (ശരിരൂപം ബ്രാക്കറ്റിൽ) :

1. വാക്കുകൾ :

ആദരാജ്ഞലി (ആദരാഞ്ജലി )

നിമഞ്ജനം (നിമജ്ജനം ) കാൽപാദം ( പാദം. ഉദാ: പാദരക്ഷ , പാദപൂജ . കാൽ പാദരക്ഷ എന്നാരും പറഞ്ഞു കേട്ടിട്ടില്ല; കൈപ്പാദമുണ്ടെന്നതിനൊട്ട് തെളിവുമില്ല !) സൃഷ്ടാവ് ( സ്രഷ്ടാവ് ), പടിപുര (പടിപ്പുര ), ചലചിത്രം (ചലച്ചിത്രം ), ജലച്ഛായം (ജലച്ചായം ; ഛായാചിത്രം ), യാദൃശ്ചികം ( യാദൃച്ഛികം ), ടൈലർ ,ടൈലറിംഗ് ഷോപ് ( ടെയ്ലർ , ടെയ്ലറിംഗ് ഷോപ് ), ഗൗരവകരം (ഗൗരവതരം ), വനിതാ അഭിഭാഷക / വനിതാ ജീവനക്കാരി (അഭിഭാഷക / ജീവനക്കാരി )



പ്രൊഫ. വി മധുസൂദനൻ നായർ

വിദ്ധ്യാബ്യാസ വിദഗ്ദൻ (വിദ്യാഭ്യാസ വിദഗ്ദ്ധൻ ), കൈയ്യേറ്റം (കയ്യേറ്റം / കൈയേറ്റം ), ഘടകവിരുദ്ധം ( കടകവിരുദ്ധം ), പ്രാധാന്യത, ജാള്യത (പ്രാധാന്യം, ജാള്യം ), സൈക്ക്യാർട്ടിസ്റ്റ് (സൈക്യാട്രിസ്റ്റ് ), ജനശതാപ്തി (ജനശതാബ്ദി ), ആനപക (ആനപ്പക ), ചായകട (ചായക്കട )


പരാക്രമവും ആക്രമണവും ചേർന്ന് പരാക്രമണം എന്ന പുതിയൊരു പ്രയോഗം പിറവികൊണ്ടതും ഈയടുത്ത് ഒരു ചാനലിൽ നിന്ന് കേട്ടു !!

2. വികല വാക്യങ്ങൾ:

മന്ത്രിമാരുടെ നേതൃത്വത്തിൽ മരിച്ച കുഞ്ഞുങ്ങളുടെ വീടുകളിൽ സന്ദർശനം നടത്തി (കുഞ്ഞുങ്ങൾ മരിച്ചത് മന്ത്രിമാരുടെ നേതൃത്വത്തിൽ !? മന്ത്രിമാരടങ്ങിയ സംഘം മരിച്ച കുഞ്ഞുങ്ങളുടെ വീടുകൾ സന്ദർശിച്ചു/ മരിച്ച കുഞ്ഞുങ്ങളുടെ വീടുകൾ മന്ത്രിമാരടങ്ങുന്ന സംഘം സന്ദർശിച്ചു )

ബസിനു നേരെ കല്ലേറ് നടത്തിയ ... (ബസ്സിനു കല്ലെറിഞ്ഞ ... )

ആനയുടെ ജഡം കണ്ടെത്തുക എന്ന നടപടിയിലേക്കു പോയത് ( ആനയുടെ ജഡം കണ്ടെത്തിയത് വല്ലാത്ത നടപടിയായിപ്പോയി! ആനയുടെ ജഡം കണ്ടെത്തിയത് എന്ന് പറഞ്ഞാൽ തീരുന്ന പ്രശ്നമല്ലേയുള്ളൂ ! )



ബാലചന്ദ്രൻ ചുള്ളിക്കാട്

ചന്ദ്രയാൻ3 സ്വന്തം ഭ്രമണപദത്തിലെത്തി (... ഭ്രമണപഥത്തിലെത്തി )

സൈനിക പരേഡ് കണ്ട് അന്ധം വിട്ട് ജനങ്ങൾ (... അന്തംവിട്ട് ...)

അഭ്യൂഹങ്ങൾക്ക് വിരാമമിട്ട് ഒരിക്കലും രാഷ്ട്രീയത്തിലേക്ക് ഇല്ലെന്ന് രജനീകാന്ത് (അഭ്യൂഹങ്ങൾക്ക് വിരാമമിടാതെ വരുമായിരിക്കും ! ഒരിക്കലും രാഷ്ട്രീയത്തിലേക്കില്ലെന്ന് ഇതു സംബന്ധിച്ച അഭ്യൂഹങ്ങൾക്ക് വിരാമമിട്ട് രജനീകാന്ത് )

നിരവധി കോൺഗ്രസിന്റെ നേതാക്കൾ (കോൺഗ്രസ് പലതുണ്ടെങ്കിലും നേതാക്കന്മാരല്ലേ നിരവധി ?! അനവധി കോൺഗ്രസ് നേതാക്കൾ എന്നായാലോ ? )

ചെറിയൊരു ഇടവേളയ്ക്കു ശേഷം അന്തരിച്ച ... കുറിച്ചുള്ള പ്രത്യേക പരിപാടി കാണാം (അന്തരിക്കാനും ഇടവേളയോ ?! അന്തരിച്ച... കുറിച്ചുള്ള പ്രത്യേക പരിപാടി ചെറിയൊരു ഇടവേളയ്ക്കു ശേഷം കാണാം )

രാഹുൽഗാന്ധി പ്രിയങ്കയ്ക്കൊപ്പം മരിച്ച കർഷകരുടെ വീട് സന്ദർശിച്ചു ( !!?? മരിച്ച കർഷകരുടെ വീടുകൾ രാഹുൽ ഗാന്ധിയും പ്രിയങ്കയും സന്ദർശിച്ചു / ... പ്രിയങ്കയ്ക്കൊപ്പം രാഹുൽ ഗാന്ധി സന്ദർശിച്ചു )

അറബി കടലിൽ സ്ഥിതിചെയ്യുന്ന ... ( അറബിക്കടലിൽ സ്ഥിതിചെയ്യുന്ന )

മദാമ്മ ആനപുറത്തു കയറി... ( മദാമ്മ ആന പുതിയൊരിനമാണോ ? ആ ആന ആരുടെ പുറത്താവും കയറിയത് ?! )

പക്ഷിപനി പിടിപെട്ട് അവശനിലയിൽ ( പാവം പക്ഷി എന്നല്ലാതെ എന്തു പറയാൻ! )

കൈത്തണ്ടയിൽ മുറിവേല്പിക്കുക എന്ന നടപടിയുണ്ടായത് ( വല്ലാത്ത നടപടിയായിപ്പോയി !! കൈത്തണ്ടയിൽ മുറിവേല്പിച്ചത് എന്നു പോരേ? )

പതിവായി മദ്യപിക്കുന്ന കുട്ടിയുടെ അച്ഛൻ ( പാവം അച്ഛന്റെ സങ്കടം ആരറിയാൻ !! )

പട്ടിണി ഇല്ലാത്ത രാജ്യത്തെ ഏക ജില്ലയാണ് കോട്ടയം (അതേതാണപ്പാ പട്ടിണിയില്ലാത്ത ആ രാജ്യം ?! രാജ്യത്തെ പട്ടിണിയില്ലാത്ത ഏക ജില്ല ...)

വിസ്താര ഭയത്താൽ തല്ക്കാലം നിറുത്തുന്നു...

വാൽക്കഷ്ണം :

ആലുവയിൽ ഗുഡ്സ് ട്രെയിൻ താളം തെറ്റി എന്ന് ചാനൽ സ്ക്രോൾ .

ട്രെയിൻ രൂപകതാളത്തിൽ വരികയായിരുന്നു എന്ന് ട്രോൾ .

താളം തെറ്റുമ്പോഴല്ലേ ട്രെയിനിന്റെ പാളം തെറ്റുന്നതെന്നത് സിംപിൾ ലോജിക്.

> കണ്ടു പരിചയമുള്ളതിനെ വരച്ചെടുക്കാൻ പലർക്കും എളുപ്പമാകും. എനിക്കങ്ങനെയല്ല, നേരിൽ കാണുന്ന മനുഷ്യരെയും മൃഗങ്ങളെയുമൊക്കെ വരച്ച വരയിൽ കൊണ്ടുവരാൻ താൽപര്യമില്ല. ഇതുവരെ കണ്ടിട്ടില്ലാത്ത, ഭാവനകളിൽമാത്രം സഞ്ചരിക്കുന്ന ഗന്ധർവൻമാരെയോ ദേവിമാരെയോ പുരാണകഥാപാത്രങ്ങളെയോ വരയ്ക്കുമ്പോൾ കൂടുതൽ സ്വാതന്ത്ര്യം കിട്ടും. അവിടെ താരതമ്യങ്ങൾ ഇല്ല. നമ്മൾ സമർപ്പണ മനസോടെ സൃഷ്ടിക്കുന്നതിനെ കലാസ്വാദകർ സ്വീകരിക്കും. പക്ഷേ കല എപ്പോഴും വിശ്വസനീയമായിരിക്കണം എന്നു വാശി പിടിച്ചാൽ നല്ല രചനകൾ ഉണ്ടാകില്ല. സ്വാതന്ത്ര്യത്തിൽനിന്നാണല്ലോ സൗന്ദര്യം ഉണ്ടാകുന്നത്. സൗന്ദര്യത്തിൽ ഉച്ച നീചത്വങ്ങളില്ല. വലുതും ചെറുതുമില്ല. ജാതിയും സമുദായവും ഇല്ല.



# ഓർമയിൽ തെളിഞ്ഞു തെളിഞ്ഞുവരുന്ന വരകൾ



ഡോ. മധു വാസുദേവൻ

കലയുടെ സാങ്കേതികത്വത്തെപ്പറ്റി യാതൊന്നും സംസാരിക്കാൻ പൊതുവെ താൽപര്യപ്പെടാത്ത കരുവാട്ട് വാസുദേവൻ നമ്പൂതിരിയെക്കൊണ്ട് ഇത്രയും പറയിപ്പിച്ചെടുക്കാൻ മദുരൈ മണി അയ്യരുടെ ഒരു മുഴുനീള കച്ചേരി കേൾപ്പിച്ചു കൊടുക്കേണ്ടി വന്നു. 'ഇതൊക്കെ ഞാൻ എഴുതിക്കൊള്ളട്ടെ' എന്ന അഭ്യർഥനയും അദ്ദേഹം അംഗീകരിച്ചു, ഒരു വ്യവസ്ഥയിൽ 'എഴുത്ത് നിങ്ങളുടെ ഭാഷയിൽ മതി. എനിക്ക് വരയും ശിൽപവേലയുമേ വഴങ്ങൂ. വാക്കുകൾ കയ്യിൽ ഒതുങ്ങി വരണമെങ്കിൽ എം.ടി.യും വി.കെ.യെന്നും പൊറ്റക്കാടുമൊക്കെയായി ജനിക്കണം.' കെ.സി.എസ്. പണിക്കർ, ധനപാൽ, റോയ് ചൗധരി എന്നിവരുടെ പ്രിയ ശിഷ്യൻ നയം സുതാര്യമാക്കി.

ക്ലാസിക്കൽ കലകളിലെ മനോധർമ സമ്പ്രദായത്തെ ചിത്രരചനയിൽ പരീക്ഷിച്ചു വിജയിച്ച നമ്പൂതിരി സാർ മുന്നോട്ടുവച്ച സകലമാന നിബന്ധനകളും സമ്മതിച്ചുകൊണ്ടു തുടങ്ങിയ വർത്തമാനം പല സന്ദർഭങ്ങളിലായി തുടർന്നുകൊണ്ടിരുന്നു. വലിയ ഇടവേളകൾ അതിനിടയിൽ വന്നുപോയി. അതിനാൽ ആഗ്രഹിച്ചതുപോലെ ഒരു പുസ്തകമോ പഠനമോ ഉണ്ടായി വന്നില്ല. ഇനി ഇങ്ങനെയുള്ള ചില കുറിപ്പുകളിലൂടെയും ഉദ്ധരണികളിലൂടെയും മാത്രമേ നമ്പൂതിരിയുടെ കലാവീക്ഷണങ്ങൾക്കു



വൈക്കം മുഹമ്മദ് ബഷീർ

നിലനിൽക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യൻ ആഗ്രഹിക്കുന്ന തരത്തിൽ ലോകത്തെയും കാലത്തെയും കാണാനും ആവിഷ്കരിക്കാനും അനിവാര്യമായ സ്വാതന്ത്ര്യ ബോധവും കലാദർശനവും മൗലിക ചിന്തയും അവയിൽ ഉടനീളം തുളുമ്പി നിൽക്കുന്നു.

ആരെന്നും എന്തെന്നും അറിയുന്നതിനു മുമ്പുതന്നെ ആർട്ടിസ്റ്റ് നമ്പൂതിരിയെ ഞാൻ കണ്ടിട്ടുണ്ട്. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ആലപ്പുഴയിലെ കലാകാരന്മാർ സംഘടിപ്പിച്ച ഒരു പ്രതിഷേധയോഗത്തിൽ അദ്ദേഹം പങ്കെടുത്തു. നാട്ടിലെ ഒരു പ്രമുഖ ക്ഷേത്രത്തിനു മുന്നിൽ പുതിയതായി നിർമിച്ച രാജഗോപുരത്തിലെ അശ്ലീലതയെച്ചൊല്ലി ഉണ്ടായ തർക്കത്തിൽ കലാകാരന്മാരോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ വന്നതായിരുന്നു. ഒരു വലിയ ചിത്രവും വരച്ചു. എല്ലാവരെയുംപോലെ ഞാനും പോയി. കണ്ടു മടങ്ങി. ദൃശ്യകലയുടെ പ്രത്യക്ഷ സ്വാധീനതയുള്ളതും ഘടനാപരമായി ശിൽപകലയുടെ നേരെ ആഭിമുഖ്യം പുലർത്തുന്നതും ത്രിമാന സ്വഭാവം പ്രദർശിപ്പിക്കുന്നതുമായ വിശിഷ്ട കലയെ മനസിലാക്കാൻ പിന്നെയും എത്രയോ വർഷങ്ങൾ വേണ്ടിവന്നു. അതിനുള്ളിൽ അദ്ദേഹവുമായി ഒരു ഹൃദയബന്ധം സ്ഥാപിക്കാനും ഭാഗ്യമുണ്ടായി. കോഴിക്കോട്ടെ വിദ്യാഭ്യാസകാലം അതിനെ വളർത്താൻ വളരെ പ്രയോജനപ്പെട്ടു. എന്റെ സംഗീത ശേഖരത്തിൽനിന്നും കുറച്ചധികം കച്ചേരികൾ അദ്ദേഹത്തിൽ എത്തി. സംഭാഷണങ്ങളിൽ മദുരൈ മണി അയ്യർ, അരിയക്കുടി രാമാനുജ അയ്യങ്കാർ, ജി.എൻ. ബാലസുബ്രഹ്മണ്യം, ടി.ആർ. മഹാലിംഗം, രാജാരത്തിനം പിള്ളൈ, ശെമ്മങ്കുടി ശ്രീനിവാസ അയ്യർ, എം.ഡി. രാമനാഥൻ എന്നിങ്ങനെ ധാരാളം സംഗീത പ്രതിഭകൾ പാടിക്കടന്നുപോയി. അദ്ദഹം സാക്ഷിയായ ഒരു മഹാകാലത്തെ ഞാനും മുഖാമുഖം കണ്ടു.

വിലപിടിച്ച ഇമ്പാല കാർ എത്രയോ പണ്ടേ സ്വന്തമായി ഉണ്ടായിരുന്ന ഒരു പുരാതന മനയിൽ ജനിച്ച നമ്പൂതിരി സാർ ഒരുകാലത്തും കലയെ കച്ചവടമായി കണ്ടിട്ടില്ല. മാതൃഭൂമി, ഭാഷാപോഷിണി, കലാകൗമുദി, സമകാലിക മലയാളം തുടങ്ങിയ മാഗസിനുകളിൽ രേഖാചിത്രങ്ങൾ നിരന്തരം വരച്ചുകൊണ്ടിരുന്നപ്പോഴും തടിയിലും ലോഹത്തിലും കളിമണ്ണിലും ഫൈബറലും വലിയ വലിയ ശിൽപങ്ങൾ അദ്ദേഹം നിർമിച്ചിട്ടുണ്ട്. മഹാഭാരതം, തിരുവത്താഴം, കലാമണ്ഡലത്തിലെ സ്ഥാപിച്ചിട്ടുള്ള പൂർണകായ കഥകളിവേഷങ്ങൾ എന്നിവയെ ഉദാഹരമായി ഉദ്ധരിക്കാം. ഇത്തരം സംരംഭങ്ങൾക്കു പിന്നിൽ എപ്പോഴും ഉറ്റ മിത്രങ്ങളുടെയും കലാസ്നേഹികളുടെ നിർബന്ധവും സമ്മർദവും സജീവമായി പ്രവർത്തിച്ചിരുന്നു. എനിക്കും കുറെ രേഖചിത്രങ്ങൾ അദ്ദേഹം വരച്ചുതന്നിട്ടുണ്ട്, തീർത്തും സൗജന്യമായിത്തന്നെ. ഡി.സി. ബുക്സിനുവേണ്ടി 'കോഫി ടേബിൾ ബുക്' മാതൃകയിൽ ഞാൻ തയ്യാറാക്കിയ 'എം.ഡി.ആർ' എന്ന കൃതിക്കുവേണ്ടി നമ്പൂതിരി സാർ വരച്ചുതന്ന ചിത്രങ്ങൾ മഹാഗായകനായ എം.ഡി. രാമനാഥനെ മുഴുവൻ മാനറിസങ്ങളോടുംകൂടി പുനർജീവിപ്പിച്ചു. നിർഭാഗ്യവശാൽ ആ ചിത്രങ്ങളെല്ലാം കൈമോശം വന്നുപോയി.

പ്രസിദ്ധ വാസ്തുശിൽപിയായ ടി.എം. സിറിയക് ഞങ്ങളുടെ പൊതു സുഹൃത്തായിരുന്നു. ഞാൻ കോട്ടയത്തെ





നിർമിതിയിൽ, സാർ അങ്ങനെത ന്നെ ഉപയോഗിച്ചപ്പോൾ, കരിങ്കൽ ത്തൂണുകൾ ഉൾപ്പെടെയുള്ള സാ മഗ്രികളെ ഞാൻ സ്വന്തം സൗന്ദര്യ ബോധത്തിനു യോജിച്ച തരത്തിൽ ആൾട്ടറേഷൻ നടത്തിയെടുത്തു. ഈ മണ്ടത്തരം കേട്ടതേ നമ്പൂതി രിസാർ പൊട്ടിച്ചിരിച്ചു. അതിനു തു ടർച്ചയായി കുഞ്ഞുണ്ണി മാഷിന്റെ ശൈലിയിൽ അദ്ദേഹം ഒരു ചെറിയ വാക്യം പറഞ്ഞു

'വാസുദേവാ, ഇല്ലാത്തതിനെ നമുക്ക് എങ്ങനെയും നിർമിക്കാം. പക്ഷേ നിർമിച്ചതിനെ പിന്നെയും നിർമിക്കാൻ നോക്കിയാൽ നിർമി ച്ചതും ഇല്ലാതാവും.'

ലളിതമെങ്കിലും ഗഹനമായ ഈ തത്ത്വചിന്തയുടെ രഹസ്യം കണ്ടെ ത്താൻ വാരങ്ങൾ വേണ്ടിവന്നു. അപ്പോഴേക്കും അക്കഥ അദ്ദേഹ വും മറന്നു കഴിഞ്ഞു.

മോഹൻലാലുമായി സൗഹൃദ പ്പെട്ടതിനുശേഷം ആർട്ടിസ്റ്റ് നമ്പൂ തിരിയുടെ അറിയപ്പെടാത്ത കഥ കൾ ഓരോന്നായി പുറത്തുവന്നു. തേവരയിലുള്ള വീട്ടിൽ ഒരുക്കിയ മ്യൂസിയത്തിൽ നമ്പൂതിരി സാർ വര ച്ച ഒരു വലിയ വർണചിത്രം ഞാൻ കണ്ടു. ലാൽ ആഗ്രഹിച്ച പ്രകാരം, ശങ്കരാചാര്യരുടെ 'സൗന്ദര്യലഹ രി'യിൽനിന്നുള്ള ഒരു ശ്ലോകത്തിന് നമ്പൂതിരി സാർ ഒരുക്കിയ ദൃശ്യവ്യാ ഖ്യാനം ഒരു വിശ്വവിസ്മയമായി അനുഭവപ്പെട്ടു. നൂറു കണക്കിനു രേഖാചിത്രങ്ങൾക്കു പുറമെ ഒരു ഗന്ധർവനെയും നമ്പൂതിരി സാർ മോഹൻലാലിനു വരച്ചുകൊടുത്തി രുന്നു.

ഒരിക്കൽ അവയെപ്പറ്റി സംസാരി ക്കുന്നതിനിടെ ലാൽ പറഞ്ഞു

'നമ്മുടെ കാലഘട്ടത്തിൽ എത്ര യോ അത്ഭുതങ്ങളുണ്ട്. പലതും നമ്മൾ തിരിച്ചറിയുന്നില്ല. ചരിത്രപു സ്തകങ്ങളിൽ രേഖപ്പെടുത്തുമ്പോഴും വിദേശികൾ അതിനെ ചൂണ്ടിക്കാണി ക്കുമ്പോഴും മാത്രമേ നമ്മൾ അതി നെപ്പറ്റി ബോധവാന്മാരാകുന്നുള്ളൂ. ഈ മാനസികാവസ്ഥ തീർച്ചയായും മാറണം. ഇങ്ങനെ മാറ്റി ചിന്തിക്കാൻ എന്നെ പ്രചോദിപ്പിക്കുന്ന കുറെയേ റെ കലാകാരന്മാർ കേരളത്തിലുണ്ട്. നമ്പൂതിരിസാർ അവരിൽ ഒരാളാ ണ്. അദ്ദേഹം ഒരു വിസ്മയമാണ്, നമ്മുടെ കാലഘട്ടത്തിന്റെ സ്വന്തം വിസ്മയം!'

മണർകാട് ഭാഗത്തായി പണികഴിപ്പിച്ച നാലു കെട്ടി ന്റെ രൂപകൽപന നിർവഹിച്ചത് സിറിയക്കാണ്. കൂടാതെ അതി നുവേണ്ട നിർമാണ സാമഗ്രിക ളും തമിഴ് നാട്ടിലെ കാരൈക്കുടി യിൽനിന്നും അദ്ദേഹം വാങ്ങിത്ത ന്നു. ഇതേ കാലയളവിൽ ടി.എം. സിറിയക് നമ്പൂതിരി സാറിനുവേ ണ്ടിയും എടപ്പാളിൽ ഒരു എത്തിക് ഭവനം രൂപകൽപന ചെയ്തു. അതി നാവശ്യമായ സാമഗ്രികളും കാ രൈക്കുടിയിൽനിന്നുതന്നെ സം ഘടിപ്പിച്ചു. നമ്പൂതിരി സാറിനു ലാഭകരമായത് എനിക്ക് വൻ നഷ്ടമായി തീർന്നു. ഇതെങ്ങ നെ സംഭവിച്ചു എന്നറിയാനുള്ള ആകാംക്ഷയോടെ ഞാൻ എട പ്പാളിലെ വീട്ടിൽ പോയി നമ്പൂതിരി സാറിനെ കണ്ടു. കാരൈക്കുടിയിൽനിന്നു സംഘടിപ്പിച്ച മരത്തൂണു കളും ജനലുകളും വാതിലുകളും പുതിയ വീടിന്റെ



കെ സി എസ് പണിക്കർ

മലയാളികളുടെ സൗഭാഗ്യമായി മോഹൻലാൽ വിശേഷിപ്പിച്ച കലാകാരൻ കടന്നു പോയിരിക്കുന്നു. പക്ഷേ അദ്ദേഹം സൃഷ്ടിച്ച അത്ഭു തങ്ങൾ കുറച്ചൊക്കെ ബാക്കിയുണ്ട്.




# സൂര്യനെ അടുത്തറിയാൻ ആദിത്യ



ഡോ. എൻ. ഷാജി

ചന്ദ്രയാൻ 3 നു പിന്നാലെ മറ്റൊരു മഹത്തായ ദൗത്യത്തിലാണ് ഇന്ത്യൻ ശാസ്ത്രജ്ഞർ. സൂര്യനെ നിരീക്ഷിക്കാനായി 'ആദിത്യ' എന്ന പേരിൽ ഒരു ബഹിരാകാശ പേടകത്തെ ഇന്ത്യ ബഹിരാകാശത്തേക്ക് അയച്ചിരിക്കുകയാണ്. ഐ. എസ്. ആർ.ഒ., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോ ഫിസിക്സ് (IIA, Bengaluru), ഇൻററർ യൂണിവേഴ്സിറ്റി സെൻററർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോ ഫിസിക്സ് (IUCAA, Pune), ഉദയ്പൂർ സോളാർ ഒബ്സർവേറ്ററി (USO, Udaipur), ആര്യഭട്ട റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്സെർവേഷണൽ സയൻസ് (ARIES, Nainital) തുടങ്ങി വിവിധ സ്ഥാപനങ്ങൾ ഈ പ്രോജക്റ്റിൽ ഒരുമിച്ചു പ്രവർത്തിക്കുന്നു.

2023 സെപ്റ്റംബർ 2ന് 11.50ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ ആദിത്യയേയും വഹിച്ചുകൊണ്ട് പി.എസ്.എൽ.വി. (PSLVXL) കുതിച്ചുയർന്നു. 1500 കിലോഗ്രാം മാസ്സുള്ള ഈ പേടകം നാലു മാസം നീണ്ടുനില്ക്കുന്ന യാത്രയ്ക്കൊടുവിൽ 2024 ജനുവരിയിൽ നിർദ്ദിഷ്ട ലക്ഷ്യത്തിലെത്തും. ഭൂമിയിൽ നിന്നും സൂര്യന്റെ നേരെ 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ഒന്നാം ലഗ്രാഞ്ചിയൻ പോയിന്റിന്റെ (L1) ചുറ്റുമായുള്ള ഒരു ഭ്രമണപഥത്തിലേക്കാണ് ഇതിനെ എത്തിക്കേണ്ടത്. ഭൂമിയിൽ നിന്നും സൂര്യനിലേക്കുള്ള ആകെ ദൂരത്തിന്റെ ഒരു ശതമാനം മാത്രമാണിത്. എന്നാൽ ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരത്തിന്റെ ഏതാണ്ട് നാലിരട്ടി വരും. അവിടെ അത് ഒരു പ്രത്യേക ഭ്രമണപഥത്തിൽ (halo orbit) സൂര്യനെ ഒരു കൃത്രിമഗ്രഹം എന്ന പോലെ ചുറ്റിക്കൊണ്ടിരിക്കും. ഭൂമിയെപ്പോലെ തന്നെ നമ്മുടെ ആദിത്യയും 365 ദിവസം കൊണ്ടാകും സൂര്യനെ കറങ്ങി വരിക. ഇതാണ് L1 പ്രദേശത്ത് അതിനെ എത്തിച്ചതു കൊണ്ടുണ്ടാവുന്ന ഒരു ഗുണം. അതിനാൽ അത് ഒരിക്കലും ഭൂമിയിൽ നിന്നും അധിക ദൂരത്തിലേക്കു നീങ്ങില്ല. ഇത് വാർത്താ




വിനിമയം എളുപ്പമാക്കും. ആദിത്യ ഒരിക്കലും ഭൂമിയുടെയോ ചന്ദ്രന്റെയോ നിഴലിലേക്ക് പോവില്ല എന്നതിനാൽ വർഷത്തിൽ 365 ദിവസവും രാപകലില്ലാതെ സൂര്യനെ നിരീക്ഷിച്ചു കൊണ്ടിരിക്കാം എന്ന ഗുണവുമുണ്ട്. കൂടാതെ ആദിത്യയുടെ ഭ്രമണപഥം ഭൂമിയുടെ കാന്തികമണ്ഡലത്തിനു പുറത്തായതിനാൽ സൂര്യന്റെ കാന്തിക മണ്ഡലത്തെക്കുറിച്ചു പഠിക്കാൻ അതിന് കഴിയും. ഇതിനു വേണ്ട മാഗ്നെറ്റോമീറ്ററുകൾ ആദിത്യയിലുണ്ട്. ഇതിനെ ഭ്രമണപഥത്തിൽ നിലനിർത്താൻ ഇടയ്ക്കൊക്കെ കുറച്ച് ഇന്ധനം ഉപയോഗിക്കേണ്ടി വരും. അതിന്റെ അളവനുസരിച്ച് ആദിത്യക്ക് ഏതാനും വർഷം പ്രവർത്തനക്ഷമമായിരിക്കാൻ കഴിയേണ്ടതാണ്. അതിന്റെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനും ഭൂമിയുമായി വാർത്താവിനിമയം നടത്താനുമായുള്ള വൈദ്യുതി അതിലുള്ള സോളാർ പാനലുകൾ നൽകും.

നമ്മുടെ സ്വന്തം നക്ഷത്രമായ സൂര്യനെ നന്നായി അറിയുക എന്നത് നമുക്ക് വലിയ താത്പര്യമുള്ള കാര്യമാണ്. സൂര്യനെ പഠിക്കുന്ന കാര്യത്തിൽ ഇന്ത്യക്ക് ഒരു പാരമ്പര്യവും അവകാശപ്പെടാനുണ്ട്. 1899ൽ സ്ഥാപിക്കപ്പെട്ട കൊഡൈക്കനാൽ സോളാർ ഒബ്സർവേറ്ററിയിൽ തുടർച്ചയായി 124 വർഷമായി സൂര്യനെ നിരീക്ഷിച്ചു വരുന്നു. ഇവിടെ നടത്തിയ പഠനങ്ങളിലൂടെയാണ് സൂര്യകളങ്കങ്ങളിലെ വാതക പ്രവാഹങ്ങളുമായി ബന്ധപ്പെട്ട എവർഷെഡ് പ്രഭാവം കണ്ടെത്തിയത്. അതിന്റെ തലപ്പത്ത് ഏറെ വർഷം ഉണ്ടായിരുന്ന ജോൺ എവെർഷെഡിന്റെ പേരിലാണ് ഇതറിയപ്പെടുന്നത്. ഗുരുത്വത്തിന്റെ ഫലമായി സൂര്യനിൽ നിന്നു വരുന്ന പ്രകാശത്തിന്റെ തരംഗദൈർഘ്യത്തിൽ ഉണ്ടാകാവുന്ന മാറ്റത്തെ സംബന്ധിച്ച് 1915ൽ തെളിവുകൾ കിട്ടിയതും ഇതേ എവർഷെഡ് കാഷ്മീരിലെത്തി നടത്തിയ പഠനങ്ങളിലൂടെയായിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ഗവേഷണ കേന്ദ്രങ്ങളിൽ ഇത്തരം പഠനങ്ങൾ തുടർന്നു. രാജസ്ഥാനിലെ ഉദയ്പൂരിലും ഉത്തരാഖണ്ഡിലെ നൈനിറ്റാലിലുമായി സൂര്യനെ നിരീക്ഷിക്കാനുള്ള വലിയ സംവിധാനങ്ങളുണ്ട്.

### എന്തിന് ആദിത്യ?

സൂര്യനെ ഭൂമിയിൽ നിന്നു വ്യക്തമായി കാണാമല്ലോ? പിന്നെ എന്തിനാണ് വലിയ പണം മുടക്കി ബഹിരാകാശ പേടകമൊക്കെ അയക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. സൂര്യൻ പുറത്തുവിടുന്ന ദൃശ്യപ്രകാശവും താപവികിരണങ്ങളുമാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് എന്നു നമുക്കറിയാം. എന്നാൽ ഇവയ്ക്കു പുറമേ ദൃശ്യപ്രകാശത്തേക്കാൾ തരംഗദൈർഘ്യം (wave length) കുറഞ്ഞ അൾട്രാവയലറ്റ്, എക്സ് റേ തുടങ്ങിയ തരംഗങ്ങളേയും സൂര്യൻ പുറത്തുവിടുന്നുണ്ട്. ഇവയെ ഭൂമിയുടെ അന്തരീക്ഷം തടഞ്ഞു നിർത്തുന്നു. ഒരു തരത്തിൽ പറഞ്ഞാൽ അതു വളരെ നല്ല കാര്യമാണ്. കാരണം ഇവ നമ്മുടെ ആരോഗ്യത്തിനു നല്ലതല്ല. അതേ സമയം ജ്യോതിശ്ശാസ്ത്രജ്ഞർക്ക് ഇവയെ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ടെലിസ്കോപ്പുകൾ ഉപയോഗിച്ച് നിരീക്ഷിക്കാനുള്ള സാദ്ധ്യത നഷ്ടപ്പെടുകയാണ്. ഇതിനുള്ള ഏക പരിഹാരം ഭൂമിയുടെ അന്തരീക്ഷത്തിനു മുകളിൽ ഉപകരണങ്ങളെത്തിച്ച് പഠനങ്ങൾ നടത്തുകയെന്നതാണ്. ഇന്ത്യ 2015ൽ വിക്ഷേപിച്ച ഇപ്പോ





ഴും പ്രവർത്തനക്ഷമമായ അസ്ട്രോസാറ്റ് ഇത്തരം ഉപകരണങ്ങളും ടെലിസ്കോപ്പുകളും അടങ്ങിയ നിരീക്ഷണ നിലയമാണ്. അതു സൂര്യനെ നിരീക്ഷിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നില്ല. ചൂടൻ നക്ഷത്രങ്ങൾ, ന്യൂട്രോൺ സ്റ്റാറുകൾ, തമോദ്വാരങ്ങൾ (black holes) തുടങ്ങിയവയെ പഠിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. എന്നാൽ ആദിത്യ എന്നത് സൂര്യനെ നിരീക്ഷിക്കാൻ ഉദ്ദേശിച്ച് രൂപകല്പന ചെയ്തിട്ടുള്ളതാണ്. സൂര്യനിൽ നിന്ന് വിദ്യുത്കാന്തിക തരംഗങ്ങളെ കൂടാതെ പ്രോട്ടോൺ, ആൽഫാ കണങ്ങൾ തുടങ്ങി വിവിധ തരം ചാർജിത കണങ്ങളും പുറത്തു വരുന്നുണ്ട്. ഇതു കൂടാതെ സൂര്യന്റെ കാന്തിക രേഖകളും പഠിക്കാൻ ശാസ്ത്രജ്ഞർക്ക് താത്പര്യമുണ്ട്. എന്നാൽ ഇവയെ ഭൂമിയുടെ കാന്തിക മണ്ഡലം കുറച്ചൊക്കെ വഴിതിരിച്ചു വിടും. ആദിത്യ ഭൂമിയിൽ നിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയായിരിക്കും. അവിടെ ഭൂമിയുടെ കാന്തിക മണ്ഡലം പ്രശ്നങ്ങൾ ഉണ്ടാക്കില്ല. ഇതു പ്രയോജനപ്പെടുത്തി അവിടെ നിലവിലുള്ള സൂര്യന്റെ കാന്തിക മണ്ഡലത്തെ അളക്കുക എന്നതും ആദിത്യയുടെ ഒരു ലക്ഷ്യമാണ്.

**ആദിത്യയിൽ എന്തുണ്ട്?**

ആദിത്യയിൽ പ്രധാനമായും ഏഴു വ്യത്യസ്ത നിരീക്ഷണ ഉപകരണങ്ങളാണുള്ളത്. ഇതിൽ ആദ്യത്തെ നാലെണ്ണം സൂര്യനെ അകലെ നിന്ന് നിരീക്ഷിക്കാനുള്ള വിദൂര സംവേദന (Remote Sensing) ഉപകരണങ്ങളാണ്. അതിലൊന്ന് സൂര്യന്റെ പുറം ഭാഗത്തെ കൊറോണയിൽ നിന്നു വരുന്ന ദൃശ്യപ്രകാശം രേഖപെടുത്താനുള്ള കൊറോണഗ്രാഫ് (Visible Emission Line Coronagraph VELC) ആണ്. ഭൂമിയിൽ നിന്നു സൂര്യനെ നോക്കുമ്പോൾ നാം കാണുന്ന ഭാഗം ഫോട്ടോസ്ഫിയർ. അതിന്റെ ചുറ്റുമുള്ള ഭാഗമാണ് കൊറോണ. ഭൂമിയിൽ നിന്നു നോക്കുമ്പോൾ സൂര്യന്റെ ഉജ്വലപ്രഭയാൽ കൊറോണ നമുക്കു സാധാരണ സന്ദർഭങ്ങളിൽ കാണാൻ കഴിയില്ല. പൂർണ സൂര്യഗ്രഹണം നടക്കുന്ന അപൂർവം സന്ദർഭങ്ങളിൽ മാത്രമാണ് ഇതു വ്യക്തമായി കാണാൻ കഴിയുക. എന്നാൽ ബഹിരാകാശത്ത് സൂര്യബിംബത്തെ കൊറോണഗ്രാഫിനകത്തെ പ്രത്യേക മറ കൊണ്ട് അദൃശ്യമാക്കിയാൽ കൊറോണ ദൃശ്യമാകും ഇതാണ് കൊറോണഗ്രാഫിലെ സൂത്രം. സൂര്യന്റെ നമുക്കു കാണാവുന്ന ഉപരിതലത്തിൽ നിന്ന് ഏതാണ്ട് 15 ലക്ഷം കിലോമീറ്റർ അകലെ വരെയുള്ള കൊറോണയെ ആദിത്യ നിരീക്ഷിക്കും. ഭൂമിയിൽ നിന്ന് നിരീക്ഷിക്കുകയാണെങ്കിൽ പൂർണ സൂര്യഗ്രഹണ കാലത്ത് കുറച്ചു സെക്കൻഡു മാത്രം സാദ്ധ്യമാകുന്ന കാര്യമാണ് ആദിത്യയ്ക്ക് വർഷത്തിൽ 365 ദിവസവും 24 മണിക്കൂറും സാദ്ധ്യമാകുക. ഇതിൽ ഓരോ മിനിട്ടിലും ഓരോ ചിത്രമെന്ന രീതിയിൽ 24 × 60 = 1440 ചിത്രങ്ങൾ ഓരോ ദിവസവും ഭൂമിയിലേക്ക് അയക്കും.

സൂര്യന്റെ ചിത്രം അൾട്രാവയലറ്റ് പ്രകാശം ഉപയോഗിച്ച് പകർത്താനുദ്ദേശിച്ച് രൂപകല്പന ചെയ്തിട്ടുള്ള ടെലിസ്കോപ്പ് (Solar Ultraviolet Imaging Telescope SUIT) ആണ് ഇതിലെ മറ്റൊരു ഉപകരണം. പൂനെയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോ ഫിസിക്സിലെ ശാസ്ത്രജ്ഞനും മലയാളിയുമായ ഡോ. എ. എൻ. രാമപ്രകാശിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇതിന്റെ ശില്പികൾ. സൂര്യനിൽ നിന്നു വരുന്ന ഊർജം കുറഞ്ഞതും കൂടിയതുമായ എക്സ്റേകളെക്കുറിച്ച് പഠിക്കാനുള്ള രണ്ടു സ്പെക്ട്രോമീറ്ററുകളും (Solar Low Energy Xray Spectrometer SoLEXS, High Energy L1 Orbiting Xray Spectrometer HEL1OS) ആദിത്യയിലുണ്ട്. അൾട്രാ വയലറ്റ്, എക്സ് റേ എന്നിവയെ ഒന്നും ഭൂമിയുടെ അന്തരീക്ഷം കടത്തിവിടില്ല എന്നതിനാൽ ഇത്തരം ഉപകരണങ്ങൾ ബഹിരാകാശത്തു മാത്രമാണ് പ്രയോജനപ്പെടുക.

ഈ നാല് ഉപകരണങ്ങൾക്കു പുറമേ സൂര്യനിൽ നിന്നു വരുന്ന കണങ്ങളെ നിരീക്ഷിക്കാനുള്ള രണ്ട് ഉപകരണങ്ങളും (Aditya Solar wind Particle Experiment ASPEX, Plasma Analyser Package for Aditya PAPA) കാന്തികക്ഷേത്രം അളക്കാനുള്ള ഒരു മാഗ്നെറ്റോ മീറ്ററും (Advanced Triaxial High Resolution Digital Magnetometer) ഇതിലുണ്ട്. ഇവയിൽ പലതും സൂര്യനെ നിരീക്ഷിച്ചിട്ടുള്ളവരൊന്നും ഇതുവരെയും പരീക്ഷിക്കാത്ത സംവിധാനങ്ങളാണ്. ശാസ്ത്രലോകത്തിനു മുഴുവൻ ആദിത്യയിലെ ഉപകരണങ്ങളുടെ നിരീക്ഷണങ്ങൾ മുതൽക്കൂട്ടാകുമെന്നു കരുതുന്നു. ഈ ഉപകരണങ്ങളെല്ലാം ഇന്ത്യയിൽ രൂപകല്പന ചെയ്ത് നിർമ്മിച്ചവയാണെന്നത് അഭിമാനകരമായ ഒരു കാര്യമാണ്. ഈ സംരംഭം ഗംഭീരവിജയമാകട്ടെ എന്നു നമുക്ക് ആശംസിക്കാം.





Fig 2 : Illustration of Lagrange points of the Sun-Earth system



പി.എസ്. ഉണ്ണികൃഷ്ണൻ



കവിത

വര: മനു മോഹൻ

# ചിത്രംവര

ഉപ്പിലുറഞ്ഞൊരു
സമുദ്രം,
ഉറവ വറ്റിയൊരു
പുഴ ,
വരണ്ടൊരു
നെൽപ്പാടം ,
അടിക്കാട്
കത്തിയെരിഞ്ഞൊരു
വനം .
ഒറ്റ ചിത്രത്തിൽ
ഇവയെല്ലാം
ധ്വനിപ്പിക്കണമെന്ന്
വന്നാൽ
നിങ്ങളെന്ത് ചെയ്യും.
മറ്റെന്തു ചെയ്യാൻ
ഒരു ടീച്ചറിന്റെ
ചിത്രം വരയ്ക്കുക തന്നെ ,

പള്ളിക്കൂടമടച്ചതിനാൽ
കുട്ടികളെ കാണാതെ
വിങ്ങിവിങ്ങിയിരിക്കുന്ന
ഒരു ടീച്ചറിന്റെ ചിത്രം .

അവളുടെ കണ്ണുകൾ,
ഉപ്പിലുറഞ്ഞൊരു സമുദ്രം .

ഹൃദയം ,
വരണ്ടോരുനെൽപ്പാടം .
ഉത്സാഹങ്ങൾ,
ഉറവ വറ്റിയൊരു
പുഴ .

അവളാകെ ,
അടിക്കാട്
കത്തിയെരിഞ്ഞ
ഒരു മഹാ വിപിനം .

പള്ളിക്കൂടം
പൂട്ടിയിടുമ്പോൾ
താഴുരഞ്ഞു
വ്രണമാകാറുണ്ട്
ഓരോ
ടീച്ചറിന്റെയും നെഞ്ച് .

കുട്ടികളിരിക്കാനില്ലാത്ത
തടി ബെഞ്ചുകൾ
മരത്തിലേക്ക്
തിരികെ
പോകാനാഗ്രഹിക്കും
പോലെ,
പ്രാക്തനങ്ങളിലേക്ക്
തിരിച്ചുപോയി
മഞ്ഞുറഞ്ഞൊരു
മരുഭൂമിയാകാൻ
അവൾ ആഗ്രഹിക്കും .

വീട്ടിലെ സന്തോഷങ്ങളിൽ ,
തൊട്ടു തൊട്ടു
ഒന്നിലും തൊടാതെ
അവൾ വീർപ്പുമുട്ടും .

'ഈ അമ്മ എന്തിങ്ങനെ'
സ്കൂള് വിഴുങ്ങിയോ,
മക്കൾ പരിഭവിക്കും

അറിയാതെ
പെയ്ത് പോയാൽ
തീർന്നു പോയേക്കുമൊ
എന്ന ഭയമുള്ള
ഒരു ചാറ്റൽ മഴയായി
അവൾ
വീടൊരകലത്തിൽ
സൂക്ഷിക്കും.

സ്കൂളിലെത്തുമ്പോൾ
കുട്ടികളോടൊത്ത്
പെയ്തു നനയാനായി .



# വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയവും സംസ്കാരവും




പ്രൊഫ. വി. കാർത്തികേയൻ നായർ

സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് അധികാരത്തിലെത്തിയ നെഹ്റു സർക്കാരും പിന്നീട് ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും വിദ്യാഭ്യാസരംഗത്ത് ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. രാധാകൃഷ്ണൻ കമ്മീഷൻ, മുതലിയാർ കമ്മീഷൻ, കോത്താരി കമ്മീഷൻ എന്നിവകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളും അവ നടപ്പാക്കിക്കൊണ്ടുള്ള ഭരണ നടപടികളും വിമർശനങ്ങൾക്കു വിധേയമായെങ്കിലും പ്രക്ഷോഭങ്ങളിലേക്കൊന്നും പോയില്ല. എന്നാൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന Trade Union and Other Instiuttions Bill ഉം രാജീവ്ഗാന്ധി കൊണ്ടുവന്ന Challangse of Education എന്ന പരിപ്രേക്ഷ്യവും രാജ്യവ്യാപകമായ പ്രക്ഷോഭങ്ങൾക്ക് തിരികൊളുത്തി. അന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിലായിരുന്നു ആ പ്രക്ഷോഭങ്ങളൊക്കെ ഉയർന്നുവന്നത്. എന്നാൽ അവയൊന്നും തന്നെ വിദ്യാഭ്യാസമെന്ന ഭരണകൂട ഉപകരണത്തിന്റെ സാധ്യതകളെ വെല്ലുവിളിക്കാൻ പര്യാപ്തമായിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയത്തേയും സംസ്കാരത്തേയും പൂർണമായി മനസ്സിലാക്കാതെയായിരുന്നു ആ പ്രക്ഷോഭങ്ങളൊക്കെ സംഘടിപ്പിച്ചത്.

വർഗ സമൂഹം രൂപംകൊണ്ട അന്നുമുതൽ സമ്പത്തും അധികാരവും കൈവശപ്പെടുത്തിയവരായിരുന്നു ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നത്. അവർ സമൂഹത്തിലെ ന്യൂനപക്ഷമായിരുന്നു. സമ്പത്തുല്പാദിപ്പിച്ച ഭൂരിപക്ഷത്തിന്റെ പക്കൽ നിന്നും അത് അപഹരിച്ചെടുത്ത ന്യൂനപക്ഷമായിരുന്നു ഭരണവർഗം. അവരുടെ താത്പര്യം ഭൂരിപക്ഷത്തെക്കൊണ്ടംഗീകരിപ്പിക്കുന്നതിനുള്ള ബുദ്ധിജീവികളെ നിർമ്മിക്കാനുള്ള ഉപകരണമായിരുന്നു വിദ്യാഭ്യാസം. അതായത് സമ്മതിയുടെ നിർമ്മിതി സാധ്യമാക്കുന്നതിനുള്ള ആശയപരമായ മർദ്ദനോപകരണമായിരുന്നു വിദ്യാഭ്യാസം.

പ്രാചീന ഭാരതത്തിൽ ജീവിച്ചിരുന്ന ആരുടേയും സംസാരഭാഷയോ മാതൃഭാഷയോ ആയിരുന്നില്ല സംസ്കൃതം. ജനങ്ങൾ സംസാരിച്ചിരുന്നത് പാലിയും പ്രാകൃതവും അർദ്ധമാഗധിയും ദ്രാവിഡഭാഷകളുമായിരുന്നു. സംസ്കൃതം ഭരണഭാഷപോലുമാ

യിരുന്നില്ല. അത് ജ്ഞാനനിർമ്മിതിയുടെ ഭാഷയായിരുന്നു. വേദോപനിഷത്തുകൾ, സൂത്രങ്ങൾ ,സ്മൃതികൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവകളെല്ലാം സംസ്കൃതഭാഷയിലാണ് രചിക്കപ്പെട്ടത്. ആ ഭാഷ, സമൂഹത്തിലെ ബുദ്ധിജീവികൾ മാത്രമാണ് കൈകാര്യം ചെയ്തിരുന്നത്. മറ്റുള്ളവർ അത് പഠിക്കാനും കേൾക്കാനും ചൊല്ലാനും പാടില്ലെന്നായിരുന്നു വ്യവസ്ഥ. വേദങ്ങളുടെ ഭാഗമായി രചിക്കപ്പെട്ട ഗായത്രീമന്ത്രം ചാതുർവർണ്യത്തിന്റെ ഭാഗമായ സ്ത്രീകളും ശൂദ്രന്മാരും ചൊല്ലാൻ പാടില്ലെന്നായിരുന്നു നിയമം. അപ്പോൾപ്പിന്നെ ചാതുർവർണ്യത്തിനു വെളിയിൽ രൂപപ്പെട്ട ജാതി സമൂഹത്തിലെ ജനങ്ങളുടെ അവസ്ഥയെന്തായിരിക്കും?



ജവഹർലാൽ നെഹ്റു

എന്നാൽ സംസ്കൃതഭാഷയിലെഴുതിയ വേദങ്ങളിലേയും സ്മൃതികളിലേയും സാമൂഹിക നിയന്ത്രണ ചട്ടങ്ങളും സാംസ്കാരിക മൂല്യങ്ങളും ഭൂരിപക്ഷം ജനങ്ങളുടെമേലും അടിച്ചേൽപ്പിക്കാൻ ഭരണവർഗത്തിനു കഴിഞ്ഞു. ഉല്പാദന വ്യവസ്ഥകളും ഭരണ വ്യവസ്ഥകളും മാറിമാറി വന്നു. നാടുവാഴി ഭരണവും സുൽത്താൻ ഭരണവും മുഗൾ ഭരണവും വന്നു. ജാഗീർദാരിയും ജോത്തേദാരിയും സെമീന്ദാരിയും മഹല്വാരിയും വന്നു. ഭരണകർത്താക്കൾ മറ്റുമതസ്ഥരായപ്പോൾപ്പോലും ചാതുർവർണ്യത്തിന്റെ മൂല്യങ്ങളും സംസ്കാരവും മാറ്റമില്ലാതെ തുടർന്നു. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള വേദപഠനശാലകൾക്ക് നാടുവാഴികൾ ഭൂമി ദാനം (സമ്പത്ത്) ചെയ്ത് ചാതുർവർണ്യമൂല്യങ്ങളെ സനാതനമായി സംരക്ഷിച്ചുപോന്നു. വർണബാഹ്യമായ ജാതി സമൂഹങ്ങൾപോലും അംഗീകരിക്കുകയും അതിനു വിധേയമായി ജീവിക്കുകയും ചെയ്തുപോന്നു. ഇരുപതാം നൂറ്റാണ്ടിൽ അവർണജാതികളിൽപ്പെട്ടവർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുവെങ്കിലും അതുപ്രകാരം ക്ഷേത്രത്തിൽ കയറിയവർ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ചാതുർവർണ്യ നിർമ്മിതമായ ക്ഷേത്രാചാരങ്ങൾ അംഗീകരിക്കുകയും അതിനുവിധേയമായി ഇപ്പോഴും ആരാധനാകർമ്മങ്ങൾ നിർവഹിക്കുകയും ചെയ്തുപോരുന്നു. ക്ഷേത്രപ്രവേശനം മതിയെന്നും ശ്രീകോവിലിൽ കയറേണ്ടതില്ലെന്നും അവർണർ ഇപ്പോഴും വിചാരിക്കുന്നു. അവർക്കതിന് അർഹതയില്ലെന്ന് തീരുമാനിച്ച ചാതുർവർണ്യം വിദ്യാഭ്യാസമെന്ന ഉപകരണത്തെ സാംസ്കാരികാധിനിവേശത്തിനുള്ള (Culurtal hegemony) ഉപകരണമായിട്ടുകൂടി ഉപയോഗപ്പെടുത്തി.

നാല് നെടുംതൂണുകളിന്മേലാണ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഇന്ത്യയിൽ കെട്ടിപ്പൊക്കിയത്. ജനപ്രതിനിധി സഭകൾ, ശ്രേണീബദ്ധമായ ഉദ്യോഗസ്ഥവൃന്ദം, ശ്രേണിബദ്ധമായ നിയമഭരണവ്യവസ്ഥ, സർവകലാശാലാ വിദ്യാഭ്യാസം എന്നിവയാണ് ആ നെടുംതൂണുകൾ. അവനാലും മാറ്റമില്ലാതെ ഇപ്പോഴും നിലനിൽക്കുന്നു. ആദ്യത്തെ മൂന്നിനേയും ചിട്ടപ്പെടുത്തിയത് നാലാമത്തെ നെടുംതൂണായ സർവകലാശാലാ വിദ്യാഭ്യാസമാണ്. കൊളോണിയൽ ഭരണകൂടം സ്കൂൾ വിദ്യാഭ്യാസത്തിനല്ല പ്രാധാന്യം നൽകിയത്. പ്രത്യുത ഉന്നത വിദ്യാഭ്യാസത്തിനാണ് കാരണം സർവകലാശാലകൾ ഉല്പാദിപ്പിക്കുന്ന ബുദ്ധിജീവികളാണ് പ്രൈമറി വിദ്യാഭ്യാസം മുതൽ മുകളിലോട്ടുള്ള എല്ലാ തലത്തിലെയും വിദ്യാഭ്യാസത്തിന്റെ ദർശനത്തേയും പാഠ്യപദ്ധതിയേയും പാഠ്യക്രമത്തേയും തീരുമാനിക്കുന്നത്. സർവകലാശാലകൾ ഉല്പാദിപ്പിച്ച ബുദ്ധിജീവികളാണ് ഉദ്യോഗസ്ഥന്മാരായി ദൈനംദിനം ഭരണം നിർവഹിക്കുന്നത്. നിയമനിർമ്മാണസഭയിലവതരിപ്പിക്കുന്ന ബില്ലുകൾ തയാറാക്കുന്നത് അവരാണ്. അവർക്ക് നിർദ്ദേശം നൽകുന്ന നിയമസഭാസാമാജികർ സർവകലാശാലകൾ ഉല്പാദിപ്പിച്ച ബുദ്ധിജീവികളാണ്. അവർ തമ്മിൽ ഐക്യമുന്നണിയായിട്ടാണ് ഭരണകൂട വ്യവസ്ഥക്കുള്ളിൽ പ്രവർത്തിച്ചുവരുന്നത്. പലപ്പോഴും അത് ജനഹിതത്തിനെതിരാവുകയും ചെയ്യും.

മൂന്നാമത്തെ നെടുംതൂണായ നീതിന്യായ ഭരണവ്യവസ്ഥ (Indiciary) യും കൊളോണിയൽ രീതിയിൽ തന്നെ ഇപ്പോഴും തുടരുന്നു. വേഷവിധാനങ്ങളിലും വിധിന്യായങ്ങൾ എഴുതുന്നതിലുമുൾപ്പെടെ ഒന്നാം ലോക കമ്മീഷന്റെ അധ്യക്ഷനായിരുന്ന മെക്കാളെ പ്രഭു എഴുതി തയ്യാറാക്കിയ ശിക്ഷാനിയമവും തെളിവുനിയമവും നടപടി

ച്ചട്ടങ്ങളും അടിസ്ഥാനസമീപനത്തിന്റെ മാറ്റമൊന്നും കൂടാതെ ഇപ്പോഴും തുടരുന്നു. കേരളത്തിൽ ജില്ലാകോടതിയിൽവരെയുള്ള ന്യായാധിപന്മാർ മലയാളികളാണ്. വാദിയും പ്രതിയും സാക്ഷികളും (അന്യസംസ്ഥാന തൊഴിലാളികളൊഴികെ) വക്കീലന്മാരും മലയാളികളാണ്. സാക്ഷി വിസ്താരവും വാദവും മലയാളത്തിലാണ്. എന്നാൽ വിധിന്യായങ്ങളെഴുതുന്നത് കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിലാണ് കാരണം അവർക്ക് വിധിന്യായങ്ങളെഴുതാനുള്ള മലയാളം അറിയില്ല. അവർ നിയമം പഠിച്ച കോളേജുകൾ സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗം തന്നെയാണ്; പഠനം കൊളോണിയൽ ഭാഷയിലാണ്. സർവകലാശാലകൾ കൊളോണിയൽ മൂശയിൽത്തന്നെ ഇപ്പോഴും തുടരുന്നു. ഗ്രാമപഞ്ചായത്തുമുതൽ പാർലമെന്റ് വരെയുള്ള ജനപ്രതിനിധി സഭകൾക്കും മന്ത്രിമാർക്കും കാലാവധി അഞ്ചുകൊല്ലമാണ്. എന്നാൽ സർവകലാശാലാ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ തുടങ്ങിയ സമിതികൾക്കും വൈസ് ചാൻസിലർ മുതലായ ഉദ്യോഗസ്ഥരുടേയും കാലാവധി നാലുകൊല്ലമാണ്. എന്തുകൊണ്ട്? കൊളോണിയൽ ഭരണകാലത്ത് പാസ്സാക്കിയ സർവകലാശാലാ നിയമത്തിൽ അങ്ങിനെയാണ് നിശ്ചയിച്ചിരിക്കുന്നത്.

ഇന്ത്യയിലെ ഒരു പ്രദേശത്തേയും ജനങ്ങളുടെ സംസാരഭാഷയോ മാതൃഭാഷയോ അല്ല ഇംഗ്ലീഷ്. എന്നിട്ടും ആ ഭാഷയിലുല്പാദിപ്പിച്ച സംസ്കാരവും മൂല്യങ്ങളും ബ്രിട്ടീഷ് ഭരണത്തിലുണ്ടായിരുന്ന പ്രവിശ്യകളിൽ മാത്രമല്ല നൂറുകണക്കിന് നാട്ടുരാജ്യങ്ങളിലും അടിച്ചേല്പിക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിയുടെ ഏഴരപ്പതിറ്റാണ്ടുകഴിഞ്ഞിട്ടും ഭാഷാടിസ്ഥാനങ്ങളിൽ സംസ്ഥാനങ്ങളെ പുനസംഘടിപ്പിച്ചിട്ടും ഇംഗ്ലീഷിന്റെ സാംസ്കാരികാധിനിവേശം (Culurtal hegemony) അവസാനിച്ചിട്ടില്ല എന്നു മാത്രമല്ല കൊളോണിയൽ സാംസ്കാരികാധിപത്യം വർദ്ധിച്ചുവരികയുമാണ്.

ചാതുർവർണ്യത്തിന്റെ ഭാഷ സംസ്കൃതവും കൊളോണിയലിസത്തിന്റെ ഭാഷ ഇംഗ്ലീഷുമാണ്. ഈ രണ്ടു ഭാഷകളിലൂടെയും നിർമ്മിക്കപ്പെട്ട ബുദ്ധിജീവികളാണ് സാംസ്കാരികാധിനിവേശത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി തുടരുന്നത്. ഈ രണ്ടുവിഭാഗം ബുദ്ധിജീവികളും സജീവമായി ഇന്ത്യയിൽ തുടരുന്നതുകൊണ്ടാണ് ചാതുർവർണ്യവും ജാതിവ്യവസ്ഥയും കൊളോണിയൽ സംസ്കാരവും അതിശക്തമായി ഇപ്പോഴും തുടരുന്നത്. ആദ്യത്തെ കൂട്ടർ ക്ഷേത്രങ്ങളും സർവകലാശാലകളും കേന്ദ്രീകരിച്ചും രണ്ടാമത്തെ കൂട്ടർ സർവകലാശാലകളിലും പ്രവർത്തിക്കുന്നു. ചാതുർവർണ്യമാണോ കൊളോണിയലിസമാണോ നിലനിൽക്കേണ്ടത്? ഈ രണ്ടുമല്ലെങ്കിൽ പിന്നെ മറ്റെന്താണ്? ഇന്ത്യൻ ഇടതുപക്ഷം നേരിടുന്ന വെല്ലുവിളിയാണത്.

ഭരണകൂടത്തിന്റെ ഭാഷ ഭരണീയരുടെ ഭാഷ തന്നെയാവണമെന്നില്ല. ഭരണീയരുടെ ഭാഷയെ ഭരണകൂടത്തിന്റെ ഭാഷയാക്കുകയെന്നതാണ് സ്വാതന്ത്ര്യത്തിന്റെ മുന്നുപാധി. അത് കൃത്യമായി മനസ്സിലാക്കിയത് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഉല്പന്നം തന്നെയായ മഹാത്മാഗാന്ധിയായിരുന്നു. അതിന്റെ ആദ്യപടിയായിരുന്നു ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ്സിനെ പുനസംഘടിപ്പിച്ചത്. കൊളോണിയൽ ഭരണഭാഷക്കെതിരെ മാതൃഭാഷയെ പ്രതിഷ്ഠിക്കുകയായിരുന്നു അദ്ദേഹം. ബന്ധഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനു പകരം ഹിന്ദിയെ അദ്ദേഹം നിർദ്ദേശിച്ചു. അങ്ങിനെയാണ് ഹിന്ദിപ്രചാരസഭകൾ സ്ഥാപിക്കപ്പെട്ടത്. എന്നാൽ ഔദ്യോഗികഭാഷയാകേണ്ടത് ഹിന്ദുസ്ഥാനി ആണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൊളോണിയലിസത്തെ നേരിടാൻ കൊളോണിയൽ ഭാഷയെയാണ് ആദ്യം എതിർക്കേണ്ടതെന്നായിരുന്നു അദ്ദേഹം സിദ്ധാന്തിച്ചത്. എന്നാൽ ഗാന്ധിജി വധിക്കപ്പെടുകയും കൊളോണിയൽ സാംസ്കാരികാധിനിവേശത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ട ഭരണവർഗം കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിനെ നിരാകരിക്കാൻ തയ്യാറാകാതെയും വന്നതിനാൽ ആ ഭാഷ ഇപ്പോഴും വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനമുറപ്പിച്ച് നിലകൊള്ളുന്നു.

ചാതുർവർണ്യത്തിന്റെ ഭാഷയായ സംസ്കൃതത്തിനു പകരം സംസ്കൃതവൽക്കരിക്കപ്പെട്ട ഹിന്ദിയിലൂടെ ഭരണകൂടത്തെ കൈപ്പിടിയിലൊതുക്കാനാണ് ഇപ്പോഴത്തെ ഭരണവർഗം ശ്രമിക്കുന്നത്. ആ താത്പര്യപൂരണത്തിനുവേണ്ടിയാണ്, പുതിയ വിദ്യാഭ്യാസ പദ്ധതിയാക്കി മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ കരുക്കൾ നീക്കുന്നത്. രണ്ടുവർഷം മുമ്പ് മലയാളമുൾപ്പെടെയുള്ള പന്ത്രണ്ട് പ്രാദേശികഭാഷകളിലൂടെ സാങ്കേതികശാസ്ത്ര വിദ്യാഭ്യാസം നൽകണമെന്ന് എ.ഐ.സി.ടി.ഇ നിർദ്ദേശിച്ചു. കേരളത്തിലെ സാങ്കേതിക ശാസ്ത്ര സർവകലാശാല അപ്രായോഗികമാണ് നിർദ്ദേശം എന്ന് വിലയിരുത്തി മറുപടി നൽകി. കാരണം സാങ്കേതികശാസ്ത്രം മലയാളത്തിലൂടെ പഠിപ്പിക്കാനോ മലയാളത്തിൽ പുസ്തകങ്ങൾ തയ്യാറാക്കാനോ കഴിവുള്ള അധ്യാപകരും പണ്ഡിതന്മാരും അവിടില്ലായെന്നത് വസ്തുതയായതുകൊണ്ടാണ്.

കഴിഞ്ഞവർഷം മലയാളമുൾപ്പെടെയുള്ള എട്ട് പ്രാദേശിക ഭാഷകളിലൂടെ ആരോഗ്യശാസ്ത്രം പഠിപ്പിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചു. കേരളത്തിലെ ആരോഗ്യ സർവകലാശാല മലയാളത്തിലൂടെ പഠിപ്പിക്കുന്നതിനുപകരം ഡോക്ടർമാരെ മലയാളം പഠിപ്പിക്കാൻ ഒരു പ്രൊഫസറുടെ തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചു. കാരണം ക്ലാസ് മുറികളിൽ ഇംഗ്ലീഷിൽ പഠിച്ച കാര്യങ്ങൾ ഹൃദിസ്ഥമാക്കി മലയാളത്തിൽ പഠിപ്പിക്കാൻ ഡോക്ടർമാർക്കു കഴിയുന്നില്ല.

ചാതുർവർണ്യത്തിന്റെ ഒരു കെണിയാണിതെന്ന് തിരിച്ചറിയാൻ നമുക്കു കഴിഞ്ഞിട്ടില്ല. സാങ്കേതികശാസ്ത്രത്തിലും ആരോഗ്യശാസ്ത്രത്തിലും ഹിന്ദി ഭാഷയിൽ പാഠപുസ്തകങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത ഘട്ടത്തിൽ കേന്ദ്രസർക്കാർ പറയും മേല്പറഞ്ഞ വിഷയങ്ങൾ ഹിന്ദിയിൽ പഠിപ്പിച്ചാൽ മതിയെന്ന്. അധ്യാപകർക്ക് ഹിന്ദിയിൽ പരിശീലനം നൽകിയാൽ മതിയല്ലൊ. അധ്യയനഭാഷയും ഭരണഭാഷയും മാറുമ്പോൾതന്നെ കൊളോണിയൽ ഭരണത്തിന്റെ ആന്തരികാവയവങ്ങൾ നിർജീവമായിത്തുടങ്ങും. ഹിന്ദിഭാഷയിലൂടെ ഒരു സാംസ്കാരികമായ ഏകീകരണം കൊ

ണ്ടുവരാൻ സാധിക്കും അതാണ് സാംസ്കാരികദേശീയതയെന്ന് സിദ്ധാന്തവൽക്കരിക്കും. ഘടനാപരമായ കാര്യങ്ങൾ ബാഹ്യമായ ചട്ടക്കൂടാണ് ബിരുദപഠനത്തിന്റെ ദൈർഘ്യം നാലുകൊല്ലമായാലും ഓണേഴ്സ് കോഴ്സ് തുടങ്ങിയാലും ആന്തരിക ഘടനയ്ക്ക് മാറ്റംവരാതെ നോക്കിയാൽ മതിയല്ലൊ.

സ്കൂൾ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കുന്ന എൻ.സി.ഇ.ആർ.ടി പന്ത്രണ്ടാംക്ലാസ്സുവരെയുള്ള എല്ലാ ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങൾ ഹിന്ദിഭാഷയിൽ തയ്യാറാക്കികഴിഞ്ഞു. ചാതുർവർണ്യത്തിന്റെ താത്പര്യത്തിന് വിരുദ്ധമായ ചില പാഠഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ നിന്ന് നീക്കം ചെയ്യാനും പകരം പുതിയവ എഴുതിച്ചേർത്തും പുസ്തകങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അടുത്ത ഘട്ടത്തിൽ ഇതേ വിഷയങ്ങളിൽ പ്രാദേശിക ഭാഷകളിൽ തയ്യാറാക്കി സംസ്ഥാന സർക്കാരുകൾ വഴി നടപ്പിലാക്കാൻ നിർദ്ദേശം നൽകും. പ്രാദേശികഭാഷാ വിഷയ വിദഗ്ധന്മാരെ ഡൽഹിയിലേക്ക് വിളിപ്പിച്ചാൽ മതിയല്ലൊ. ഈ പാഠപുസ്തകങ്ങളെ സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചാൽ സംസ്ഥാന സിലബസ് അനുസരിച്ച് പഠിപ്പിക്കുന്ന വിഷയങ്ങൾക്കും പാഠപുസ്തകങ്ങളാകും. കൺകറന്റ് പട്ടികയിലായ വിദ്യാഭ്യാസകാര്യത്തിൽ കേന്ദ്രസർക്കാർ നിയമത്തിനാണ് പ്രാമുഖ്യം. അങ്ങിനെ ഇന്ത്യയൊട്ടാകെ ഒരു കേന്ദ്രത്തിൽ നിന്ന് തയ്യാറാക്കുന്ന പാഠ്യ പദ്ധതിയും പാഠപുസ്തകങ്ങളും അടിച്ചേല്പിക്കാൻ സാധിക്കും. സംസ്ഥാന സർക്കാരുകൾ നോക്കുകുത്തികളാകും. വിദ്യാഭ്യാസത്തിലൂടെയുള്ള സാംസ്കാരിക ഏകീകരണം വന്നുകഴിഞ്ഞാൽ കൊളോണിയലിസത്തിനുപകരം ചാതുർവർണ്യത്തെ പുന:സ്ഥാപിക്കാൻ കഴിയും. ഫെഡറലിസത്തെ ഇല്ലാതാക്കി യൂണിറ്ററി രാഷ്ട്രം സ്ഥാപിക്കാനാകും. പാർലമെൻററി വ്യവസ്ഥയെ ഒഴിവാക്കി പ്രസിഡൻഷ്യൽ വ്യവസ്ഥ കൊണ്ടുവരാൻ സാധിക്കും. ഏകീകൃത സിവിൽ നിയമം എതിർപ്പില്ലാതെ നടപ്പാക്കാൻ സാധിക്കും. ഗോത്ര ദേവകളെ ഹിന്ദു ദേവകളാക്കാം. കുറവനേയും കുറത്തിയേയും ശിവനും പാർവതിയുമാക്കാം മുത്തപ്പനും ഗാന്ധാരിയമ്മനും ഉജ്ജയിനി അമ്മനും കല്ലമ്മനും ചുടലമാടനും ഹിന്ദുദേവകളാകും. ശാസ്താവും മുരുകനും സുബ്രഹ്മണ്യനും വളരെ മുമ്പേതന്നെ ഹിന്ദുദേവകളായിക്കഴിഞ്ഞല്ലൊ. ഭരണഘടനക്കുപകരം മനുസ്മൃതിയാക്കാം.

എന്തിനാണ് ചാതുർവർണ്യ വിദ്യാഭ്യാസത്തെ പുതിയ രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്? അത് കോർപ്പറേറ്റ് താത്പര്യസംരക്ഷണത്തിനാണ്. ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ചൂഷണം നടത്തുകയും ആ ചൂഷണത്തിന്റെ വേദന ജനങ്ങൾ അറിയാതിരിക്കുന്നതിനുവേണ്ടി ഏറ്റവും പ്രാചീനമായ സാംസ്കാരികമൂല്യങ്ങളെ ഉപയോഗിക്കുകയും ചെയ്യുക. മുതലാളിത്തത്തിന്റെ വികസിത രൂപമാണ് സാമ്രാജ്യത്വം. സാമ്രാജ്യത്വത്തിന്റെ ആക്രമണപരമായ മുഖമാണ് ഫാസിസം. ആക്രമണം സൈനികമല്ല. സാംസ്കാരികമാണ്. സാംസ്കാരികാധിനിവേശത്തിനുള്ള എം.ഡി.എം.എ യാണ് വിദ്യാഭ്യാസം.

ചാതുർവർണ്യ വിദ്യാഭ്യാസം നടപ്പാക്കാനുള്ള പദ്ധതിയെ നേരിടുന്നതിനുള്ള മാർഗ്ഗം കൊളോണിയൽ വിദ്യാഭ്യാസത്തെ സംരക്ഷിക്കലാണോ? അതോ ഇതു രണ്ടിനുമെതിരായുള്ള മറ്റൊരു ബദൽ അന്വേഷിക്കലാണോ? ദൗർഭാഗ്യവശാൽ അത്തരമൊരു ബദലിനെ ചൂണ്ടിക്കാണിക്കാൻ നമ്മുടെ സർവകലാശാലകൾക്കു കഴിയുന്നില്ല. കൊളോണിയൽ ഭാഷയെ ജ്ഞാനഭാഷയാക്കി നിലനിറുത്തിക്കൊണ്ട് നമുക്കെങ്ങിനെയാണ് ഒരു സമൂഹമായി മാറാൻ സാധിക്കുക? ജ്ഞാനസമൂഹനിർമിതിയെന്നത് കേരളം മുന്നോട്ടുവക്കുന്ന ബദലാണ്. എന്നാൽ അത് നടപ്പിലാക്കേണ്ട സർവകലാശാലകൾ കുങ്കുമം ചുമക്കുന്ന മൃഗത്തെപ്പോലെ ആ പദത്തെ സ്ഥാനത്തും അസ്ഥാനത്തും വിളമ്പുകയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. മഹാത്മാഗാന്ധി കാണിച്ചുതന്ന ബദലിനെ സ്വീകരിച്ചുകൊണ്ട് ജ്ഞാനസമൂഹനിർമിതിക്കായി മാതൃഭാഷയിലൂടെയുള്ള പഠനം സർവകലാശാലാതലത്തിൽ ആരംഭിച്ചാൽ ഒരു ദശാബ്ദം കഴിയുമ്പോൾ പ്രൈമറി ക്ലാസ്സുകളിൽ നിന്ന് ഇംഗ്ലീഷ് മീഡിയത്തെ ഒഴിവാക്കാൻ കഴിയും. ഫാസിസത്തേയും വർഗീയതയേയും നേരിടേണ്ടത് അധിനിവേശത്തിന്റെ ഭാഷയായ ഇംഗ്ലീഷിലൂടെയല്ല; പ്രത്യുത, പ്രതിരോധത്തിന്റെ ഭാഷയായ മാതൃഭാഷയിലൂടെയാണ്. കേരളചരിത്രവും കേരള വികസനവും മുന്നണി രാഷ്ട്രീയവും ഗോത്രവർഗ പഠനത്തിന്റെ സാമൂഹികശാസ്ത്രവും മാതൃഭാഷയിലൂടെ പഠിക്കുകയല്ലെ വേണ്ടത്.

വൈവിധ്യത്തെ അംഗീകരിക്കലാണ് ബഹുസ്വരത. അതില്ലാതാക്കലാണ് ഫാസിസം. ഇതു രണ്ടിനേയും സൃഷ്ടിക്കാൻ വിദ്യാഭ്യാസത്തിനു കഴിയും. വൈവിധ്യത്തെ നിർമ്മാർജ്ജനം ചെയ്ത് ഫാസിസത്തെ നിർമിക്കാനാണ് ഭരണകൂടം വിദ്യാഭ്യാസപദ്ധതിയിലൂടെ ശ്രമിക്കുന്നത്. അപ്പോൾ വിദ്യാഭ്യാസത്തെ പരിചയാക്കിത്തന്നെ ഫാസിസത്തെ നേരിടേണ്ടതുണ്ട്. ഇന്ത്യയുടെ ബഹുസ്വരതയുടെ പുണ്യഗ്രന്ഥമാണ് ഭരണഘടന. അതിന്റെ ആമുഖ വാചകമായിരിക്കണം ഓരോ ഭാരതീയന്റേയും പ്രണവ മന്ത്രം. പ്രൈമറി ക്ലാസ്സുകൾ തൊട്ട് അത് ചൊല്ലിപഠിപ്പിക്കണം. 'എല്ലാ ഭാരതീയരും സഹോദരീ സഹോദരന്മാരാണ്' എന്നു തുടങ്ങുന്ന പാഠപുസ്തകത്തിലെ പ്രതിജ്ഞാവാചകത്തെ മാറ്റി 'ഭാരതീയരായ നാം........' എന്നു തുടങ്ങുന്ന ഭരണഘടനയുടെ പ്രിയാമ്പിൾ പകരം ചേർക്കണം. ഒന്നാം ക്ലാസ്സിൽ ചേരുന്ന ആറാംവയസ്സുമുതൽ ഒരു പഠിതാവ് ഉരുവിട്ടുറക്കുന്ന ആ വാചകം മനുസ്മൃതിയെക്കാളും ബൈബിളിനെക്കാളും ഖുറാനെക്കാളും പ്രാമാണികത്വം ഭരണഘടനക്കുണ്ടെന്നും അതിനനുസരിച്ചാണ് രാഷ്ട്രം ഭരിക്കപ്പെടേണ്ടതെന്നും മനസ്സിലാക്കുകയും മത വിശ്വാസികളായി തുടർന്നുകൊണ്ടുതന്നെ പൗരന്മാരായി ജീവിക്കുകയും ചെയ്യും.

രാഷ്ട്രീയവും സാംസ്കാരികവുമായ പ്രതിരോധത്തിന്റെ ആയുധമാണ് വിദ്യാഭ്യാസം. പക്ഷെ അതു കൈകാര്യം ചെയ്യാൻ പരിശീലനവും വൈദഗ്ധ്യവും വേണം. അതാർജ്ജിക്കുന്നതും വിദ്യാഭ്യാസമാണ്.



# ഏകീകൃത സിവിൽകോഡും പൗരസമൂഹവും



ഡോ. പി. എസ്. ശ്രീകല

രാജ്യത്തെ പൗരർക്കെല്ലാം ഒരുപോലെ ബാധകമാകുന്ന പൊതുവായ വ്യക്തിനിയമങ്ങളാണ് ഏകീകൃത പൗരനിയമം അഥവാ യൂണിഫോം സിവിൽ കോഡ്. ഇന്ത്യാരാജ്യത്തിനാകമാനം ബാധകമായ ഒരു ഏകീകൃത സിവിൽ കോഡ് രൂപപ്പെടുത്താൻ ഭരണകൂടം ശ്രമിക്കണമെന്നു ഭരണഘടന പറയുന്നുണ്ട്. ഇത്തരമൊരു പരാമർശം ഭരണഘടനയിൽ വരുന്നത് ഭരണഘടനാ നിർമ്മാണ സഭയിൽ നടന്ന നിരവധി ചർച്ചകൾക്കൊടുവിലാണ്.




ഡോ. ബി ആർ അംബേദ്കർ

ഏകീകൃത സിവിൽ നിയമം മൗലികാവകാശമായി ഭരണഘടനയിൽ ഉൾപ്പെടുത്താനുള്ള ഒരു പൊതു തീരുമാനത്തിൽ ഭരണഘടനാ നിർമ്മാതാക്കൾക്ക് എത്തിച്ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് നിർദ്ദേശകതത്വങ്ങളിൽ ഏകീകൃത സിവിൽ കോഡ് സംബന്ധിക്കുന്ന പരാമർശം ഉൾപ്പെടുത്തിയത്.

ഏകീകൃത സിവിൽ നിയമത്തെ കുറിച്ച് രാജ്യത്ത് പല അവസരങ്ങളിലും ചർച്ചകൾ ഉണ്ടായിട്ടുണ്ട്. വ്യത്യസ്ത അഭിപ്രായങ്ങളാണ് ഇതുസംബന്ധിച്ച് ഇപ്പോഴും നിലനിൽക്കുന്നത്. 2018 ൽ ഇരുപത്തിയൊന്നാം നിയമകമ്മീഷൻ ഒരു നിർദ്ദേശം കേന്ദ്രസർക്കാരിനുമുന്നിൽ വെച്ചതോടെ ഏറ്റവുമൊടുവിൽ രൂപപ്പെട്ട ചർച്ചകൾ താൽക്കാലികമായി അവസാനിച്ചിരുന്നു. സർക്കാരിന്റെ ഉയർന്ന നിയമ ഉപദേശക സമിതിയാണ് നിയമകമ്മീഷൻ. 2018 ൽ നിയമ കമ്മീഷൻ പറഞ്ഞത്, 'ഈ ഘട്ടത്തിൽ ഏകീകൃത സിവിൽ നിയമം അനിവാര്യമോ അഭികാമ്യമോ അല്ല' എന്നാണ്. ആ ഘട്ടത്തിന് ഇപ്പോൾ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. എന്നാൽ, 2023 ജൂൺ 14 ന് ഇരുപത്തിരണ്ടാം നിയമകമ്മീഷൻ യൂണിഫോം സിവിൽ കോഡ് സംബന്ധിക്കുന്ന അഭിപ്രായങ്ങൾ പൊതുജനങ്ങളിൽ നിന്നും മതസംഘടനകളിൽനിന്നും ക്ഷണിച്ചിരിക്കുന്നു. ഇതോടെയാണ് ഇപ്പോൾ ഏകീകൃത സിവിൽ നിയമം സംബന്ധിക്കുന്ന ചർച്ചകൾ സജീവമായത്. മാത്രമല്ല, ഇക്കഴിഞ്ഞ ജൂൺ 27 നു ഭോപ്പാലിൽ ചേർന്ന ബിജെ പി പ്രവർത്തകരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഏകീകൃത സിവിൽ നിയമം ആവശ്യമാണെന്ന പരാമർശം നടത്തുകയും ചെയ്തു. ഇതോടെ ഏകീകൃത സിവിൽ നിയമം വേണമെന്ന ഇപ്പോഴത്തെ വാദം സദുദ്ദേശപരമല്ലെന്നുവന്നു.



കേശവാനന്ദ ഭാരതി



ജവഹർലാൽ നെഹ്റു



ഇഎംഎസ്

ഭരണഘടനയുടെ നാലാം ഭാഗത്ത് (പാർട്ട് 4) അനുച്ഛേദം 36 മുതൽ 51 (ആർട്ടിക്കിൾ 36 51) വരെയാണ് രാജ്യത്തിന്റെ നയരൂപീകരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ എന്ന നിലയിൽ നിർദ്ദേശകതത്വങ്ങൾ(ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസി) ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ അനുച്ഛേദം 44 ലാണ് ഏകീകൃത സിവിൽ നിയമം സംബന്ധിച്ച് പറയുന്നത്. രാജ്യത്തെ എല്ലാ പൗരർക്കുമായി ഒരു പൊതു സിവിൽ നിയമം വേണമെന്നാണ് അവിടെ പരാമർശിക്കുന്നത്. ഇവിടെ മനസിലാക്കേണ്ട ഒരു കാര്യം, നിർബന്ധമായും പാലിക്കണമെന്ന കാര്യങ്ങളല്ല നിർദ്ദേശകതത്വങ്ങളിൽ പറയുന്നത് എന്നതാണ്. അവ അനുയോജ്യമായ തത്വങ്ങൾ മാത്രമാണ്. സാഹചര്യത്തിനും സന്ദർഭത്തിനും അനുസൃതമായി സ്വീകരിക്കേണ്ടവയാണ്. മാത്രമല്ല, നിർദ്ദേശകതത്വങ്ങളിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കാനോ നിർബന്ധിക്കാനോ കോടതിക്ക് അധികാരമില്ല. കൂടാതെ, ചില സന്ദർഭങ്ങളിൽ നിർദ്ദേശകതത്വങ്ങളും ഭരണഘടന പറയുന്ന മൗലികാവകാശങ്ങളും തമ്മിൽ സംഘർഷമുണ്ടാകുന്ന സാഹചര്യവും ഉണ്ട്. അങ്ങനെയുള്ള രണ്ടു സന്ദർഭങ്ങളാണ്, 1967 ലെ ഗോലക്നാഥ് vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് , 1973 ലെ കേശവേന്ദ്ര ഭാരതി vs സ്റ്റേറ്റ് ഓഫ് കേരള എന്നീ വിധികൾ. ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താൻ പാർലമെന്റിനു അധികാരമില്ലെന്ന് ഈ വിധിന്യായങ്ങളിലൂടെ കോടതി വ്യക്തമാക്കുകയായിരുന്നു.

മൗലികാവകാശങ്ങളും നിർദ്ദേശകതത്വങ്ങളും തമ്മിലുള്ള സംഘർഷത്തിന് മറ്റൊരുദാഹരണമാണ് ഏകീകൃത സിവിൽ നിയമം സംബന്ധിക്കുന്ന അഭിപ്രായങ്ങൾ. ഏകീകൃത സിവിൽ നിയമം നടപ്പിലാക്കുമ്പോൾ മൗലികാവകാശങ്ങളിൽ പറയുന്ന മതപരമായ സ്വാതന്ത്ര്യത്തിനു തടസമുണ്ടാവും എന്നൊരു വാദമുണ്ട്. മൗലികാവകാശങ്ങൾ ഉൾപ്പെടുന്ന ഭാഗത്താണ് അനുച്ഛേദം 25 മുതൽ 28 വരെ വരുന്നത്. ഈ അനുച്ഛേദങ്ങളിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ചാണ് പറയുന്നത്. അതായത്, മതസ്വാതന്ത്ര്യം ഇന്ത്യ

യിൽ മൗലികാവകാശമാണ്. രാജ്യത്തെ എല്ലാ പൗരർക്കും അവർ വിശ്വസിക്കുന്ന മതത്തിന്റെ ഭാഗമായ ആചാരങ്ങളും നിർദ്ദേശങ്ങളും അനുസരിക്കാനും മതം പ്രചരിപ്പിക്കാനും ഈ അനുച്ഛേദങ്ങൾ അവകാശം നൽകുന്നു. അപ്പോൾ, മതത്തിന്റെ ഭാഗമായി നിൽക്കുന്ന വ്യക്തിനിയമങ്ങൾക്കു പകരം ഏകീകൃത സിവിൽ നിയമം വരുന്നത്, മൗലികാവകാശത്തിന്റെ ലംഘനമാണെന്ന വ്യാഖ്യാനം അപ്രസക്തമെന്നു തള്ളിക്കളയാനാവില്ല.

മതപരവും സാമുദായികവുമായ മൂല്യങ്ങൾക്കനുസരിച്ചാണ് വ്യക്തിനിയമങ്ങൾ നിലനിൽക്കുന്നത്. ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യയിൽ വ്യക്തിനിയമങ്ങൾ രൂപീകരിക്കപ്പെട്ടത്.

ഹിന്ദു വിവാഹ നിയമം, മുസ്ലിം വ്യക്തിനിയമം (ശരി അത്ത്) ആപ്ലിക്കേഷൻ ആക്ട് 1937 , ക്രിസ്ത്യൻ വിവാഹ നിയമം, പാഴ്സി വിവാഹ നിയമം എന്നിവയാണ് നിലവിലുള്ള വ്യക്തിനിയമങ്ങൾ. ഹിന്ദു വിവാഹ നിയമം, ഹിന്ദു, ബുദ്ധ, ജൈന, സിഖ്, പാഴ്സി മതങ്ങൾക്ക് ബാധകമാണ്. വ്യക്തിനിയമങ്ങൾക്കുള്ളിലെ സ്ത്രീപുരുഷ അസമത്വവും സ്ത്രീകളോടുള്ള വിവേചനവും കാരണം അക്കാലത്തുതന്നെ വ്യക്തിനിയമങ്ങൾ പരിഷ്കരിക്കണമെന്ന ആവശ്യം സ്ത്രീ സംഘടനകൾ മുന്നോട്ടുവച്ചിരുന്നു. സ്ത്രീകളുടെ അവകാശം, സമത്വം, മതനിരപേക്ഷത എന്നിവയ്ക്ക് വേണ്ടി ഏകീകൃത സിവിൽ നിയമം രൂപീകരിക്കണമെന്ന ആവശ്യവുമുയർന്നുവന്നു. എന്നാൽ, മത സംഘടനകളുടെ എതിർപ്പ് ഭയന്ന് ബ്രിട്ടീഷ് അധികാരികൾ പരിഷ്കരണത്തിന് തയാറായില്ല. പിന്നീടാണ്, 1955 -56 ൽ ഹിന്ദുകോഡ് ബിൽ പാസാക്കുന്നത്. അതനുസരിച്ച് ഹിന്ദുവിവാഹനിയമം, ഹിന്ദു പിന്തുടർച്ചാവകാശനിയമം, ഹിന്ദു ദത്തെടുക്കലും സംരക്ഷണവും നിയമം എന്നിവ നടപ്പിലായി.



ഷാബാനു ബീഗം

രാജ്യത്ത് മതനിരപേക്ഷതയും സാമൂഹ്യനീതിയും സ്വാതന്ത്ര്യവും സമത്വവും നിലനിൽക്കണമെന്നത് ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ വ്യക്തമാക്കുന്നുണ്ട്. അതിനുതകുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, മതാനുശാസനങ്ങൾ പാലിക്കാനുള്ള അവകാശം മൗലികാവകാശമായി മാറുന്നതോടെ (ആർട്ടിക്കിൾ 25, 28) ലിംഗസമത്വം ഉൾപ്പെടെയുള്ള സമത്വമെന്ന മൗലികാവകാശം പലപ്പോഴും അനുഭവിക്കാൻ കഴിയാതെ പോകുന്നു. ഇതാണ്, ഏകീകൃത സിവിൽ നിയമം നേരിടുന്ന വൈരുധ്യം. മതപരമായ വ്യക്തിനിയമങ്ങൾ (Personal Laws) സ്ത്രീകളുടെ തുല്യമായ അവകാശത്തിനു തടസമാകുന്നത് ഈ സന്ദർഭത്തിൽ കാണാതിരിക്കാൻ കഴിയില്ല.

പറഞ്ഞുവരുന്നത്, സങ്കീർണ്ണമാണ് സാഹചര്യം എന്നതാണ്. ഇത് തിരിച്ചറിഞ്ഞുകൊണ്ടാണ് ഏകീകൃത സിവിൽ നിയമത്തെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താതെ നിർദ്ദേശകതത്വങ്ങളിൽപെടുത്താൻ ഭരണഘടനാനിർമ്മാതാക്കൾ തയാറായത്. സ്വാതന്ത്ര്യാനന്തരം വലിയ തോതിലുള്ള ചർച്ചകൾ ഇത് സംബന്ധിച്ച് നടക്കുകയുണ്ടായി. ഇന്ത്യ ഹിന്ദുക്കളായ കോൺഗ്രസുകാരുടെ കയ്യിലാണെന്നും മുസ്ലീങ്ങൾക്ക് അവരുടെ മതവിശ്വാസവുമായി ഇന്ത്യയിൽ ജീവിക്കാൻ കഴിയില്ലെന്നുമുള്ള മുഹമ്മദലി ജിന്നയുടെ പ്രസ്താവന നിലനിൽക്കുന്നൊരു സാഹചര്യമായിരുന്നു അത്. അത്തരമൊരു സാഹചര്യത്തിൽ തന്നെ, ബി ആർ അംബേദ്കറും ജവഹർലാൽ നെഹ്റുവും ഉൾപ്പെടെയുള്ളവർ ഏകീകൃത സിവിൽ നിയമത്തെ പിന്തുണയ്ക്കുകയായിരുന്നു. അതേസമയം, മൗലാന ഹസ്രദ് മൊഹാനി, പോക്കർ സാഹിബ്, അഹമ്മദ് ഇബ്രാഹിം തുടങ്ങിയവർ അതിനെതിരായ നിലപാടാണ് സ്വീകരിച്ചത്. രാഷ്ട്രീയവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങളാണ് ഇരുവിഭാഗത്തിന്റെയും ചർച്ചയിൽ പ്രതിഫലിച്ചത്.

സ്വത്ത്, പിന്തുടർച്ച, വിവാഹം, വിവാഹ മോചനം, പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ വ്യക്തിനിയമങ്ങളിൽ നിലനിൽക്കുന്ന സ്ത്രീപുരുഷ വിവേചനം ഇല്ലാതാക്കാൻ ഏകീകൃത സിവിൽ നിയമത്തിനു കഴിയുമെന്നതായിരുന്നു അനുകൂലിച്ചവരുടെ പ്രധാന വാദം. അതേസമയം, മതസ്വാതന്ത്ര്യമെന്ന അവകാശത്തിനു വിരുദ്ധമായിത്തീരും ഏകീകൃത സിവിൽ നിയമമെന്നതായിരുന്നു എതിർത്തവരുടെ വാദം. വൈവിധ്യത്തെയും ബഹുസ്വരതയെയും സംരക്ഷിക്കുക ഇന്ത്യയുടെ സവിശേഷമായ സാമൂഹ്യ സാഹചര്യത്തിൽ പ്രധാനമാണെന്നതിനാൽ ഏകീകൃത സിവിൽ നിയമം അനിവാര്യമായി കാണേണ്ടതില്ലെന്ന നിലപാടിലേക്ക് ഭരണഘടനാനിർമാണ സഭ എത്തുകയായിരുന്നു. ആവശ്യമില്ല എന്നല്ല, അനിവാര്യമല്ല എന്നാണ് സഭ കണ്ടത്. അതുകൊണ്ടുതന്നെ ഏകീകൃത സിവിൽ നിയമത്തിലേക്ക് ക്രമേണ എത്തിച്ചേരാൻ ഭരണകൂടം ശ്രമിക്കണം എന്ന് വ്യക്തമാക്കുകയും ചെയ്തു.

പിന്നീട്, 1985 ലാണ് ഏകീകൃത സിവിൽ നിയമം രാജ്യവ്യാപകമായി ചർച്ചാവിഷയമാകുന്നത്. ഷാ ബാനു കേസിന്റെ സന്ദർഭത്തിലായിരുന്നു അത്.

1932 ലാണ് മധ്യപ്രദേശിലെ ഷാബാനു എന്ന

മുസ്‌ലിം സ്ത്രീ, ഇൻഡോറിലെ പ്രമുഖ അഭിഭാഷകനായിരുന്ന മുഹമ്മദ് അഹ്മദ് ഖാനെ വിവാഹം ചെയ്യുന്നത്. ആ വിവാഹബന്ധത്തിൽ അവർക്ക് അഞ്ചു കുട്ടികളുണ്ടായി. പതിനാലു വർഷത്തിന് ശേഷം മുഹമ്മദ് അഹ്മദ് ഖാൻ മറ്റൊരു സ്ത്രീയെക്കൂടി വിവാഹം ചെയ്തു. 1978 ൽ ഷാബാനുവിന്റെ അറുപത്തിരണ്ടാം വയസിൽ അവരുമായുള്ള വിവാഹബന്ധം മുഹമ്മദ് അഹ്മദ് ഖാൻ ഒഴിവാക്കി. ഇതിനെത്തുടർന്നാണ് ജീവനാംശം ആവശ്യപ്പെട്ട് ഷാബാനു കോടതിയെ സമീപിക്കുന്നത്. അതോടെ ഷാബാനുവിനെ തലാഖ് പ്രകാരം മൊഴിചൊല്ലുന്നതായി അഹമ്മദ് ഖാൻ പ്രഖ്യാപിച്ചു. മുസ്‌ലിം വ്യക്തിനിയമപ്രകാരം, വിവാഹമോചിതയായ സ്ത്രീക്ക് ഭർത്താവായിരുന്നയാൾ തുടർന്ന് മൂന്നു മാസം മാത്രമേ ജീവനാംശം നൽകേണ്ടതുള്ളൂ. ആ കാലയളവിൽ ആ സ്ത്രീ വിവാഹിതയാവുകയുമരുത്. 1980 ൽ പ്രാദേശിക കോടതി ഷാ ബാനുവിന് അനുകൂലമായി വിധി പുറപ്പെടുവിച്ചു. ഖാൻ സുപ്രീം കോടതിയെ സമീപിച്ചു. മുസ്ലിം വ്യക്തിനിയമമനുസരിച്ചുള്ള കടമകൾ താൻ നിറവേറ്റിയിട്ടുണ്ടെന്ന് ഖാൻ കോടതിയിൽ വാദിച്ചു. ക്രിമിനൽ പീനൽ കോഡിലെ സെക്ഷൻ 125 അനുസരിച്ച് ഭാര്യ, കുട്ടികൾ, മാതാപിതാക്കൾ എന്നിവരുടെ പരിപാലനം മതാതീതമായി ഇന്ത്യൻ പൗരരുടെ കടമയാണെന്ന വ്യവസ്ഥ ചൂണ്ടിക്കാട്ടി ഷാബാനുവിന് അനുകൂലമായി സുപ്രീം കോടതി വിധി പ്രസ്താവിച്ചു. മുഹമ്മദ് അഹമ്മദ് ഖാൻ ഷാ ബാനുവിന് ജീവനാംശം നല്കാണമെന്ന് കോടതി ഉത്തരവായി. ഏകീകൃത സിവിൽ നിയമം നടപ്പിലാക്കണമെന്ന് കോടതി നിർദ്ദേശിക്കുകയും ചെയ്തു. ഇതോടെയാണ് ഏകീകൃത സിവിൽ നിയമം സംബന്ധിക്കുന്ന ചർച്ചകൾ അക്കാലത്ത് സജീവമായത്.

2015 ഒക്ടോബറിൽ സുപ്രീം കോടതി വീണ്ടും കൂടുതൽ ശക്തമായി ഏകീകൃത സിവിൽ നിയമത്തെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ഏകീകൃത സിവിൽ നിയമം രൂപീകരിക്കാത്തപക്ഷം രാജ്യത്ത് ഓരോ മതവും അതതിന്റേതായ വ്യക്തി നിയമങ്ങളുടെ പേരിൽ വിവിധ വിഷയങ്ങളിൽ അവകാശവാദമുന്നയിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്. ഈ സാഹചര്യത്തിലാണ് ബി ജെ പിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ വാഗ്ദാനം കൂടി മുൻനിർത്തി കേന്ദ്രസർക്കാർ ഏകീകൃത സിവിൽ കോഡിനുള്ള നീക്കം തുടങ്ങിയത്. അതിനു മുന്നോടിയായി കേന്ദ്ര നിയമ കമ്മീഷന്റെ അഭിപ്രായം തേടി. 2018 ഓഗസ്റ്റ് 31 നു പ്രസിദ്ധീകരിച്ച കുടുംബനിയമ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ടിൽ കേന്ദ്രനിയമക്കമ്മീഷൻ ഇതുസംബന്ധിക്കുന്ന അഭിപ്രായം വ്യക്തമാക്കി. ഓരോ സമുദായത്തിനുള്ളിലും സ്ത്രീപുരുഷ സമത്വം ഉറപ്പാക്കലാണ് സമുദായങ്ങൾ തമ്മിലുള്ള സ്ത്രീ പുരുഷ സമത്വത്തേക്കാൾ കമ്മീഷൻ അന്ന് അനുകൂലിച്ചത്. അതായത് ഏകീകൃത സിവിൽ കോഡിന് പകരം വ്യക്തിനിയമങ്ങൾ സമത്വഅധിഷിതമായി പരിഷ്കരിക്കണമെന്ന് അർഥം. പല രാജ്യങ്ങളും വൈവിധ്യങ്ങളെ അംഗീകരിക്കുന്ന വിധം നിയമനിർമ്മാണങ്ങൾ നടത്തിവരുന്ന സാഹചര്യത്തിൽ ലിംഗ നീതിക്കുതകുന്ന വിധത്തിൽ വ്യക്തി നിയമങ്ങൾ പരിഷ്കരിക്കുകയാണ് വേണ്ടത് എന്നാണ് അന്ന് കമ്മീഷൻ നിർദ്ദേശിച്ചത്. വൈവിധ്യങ്ങൾ വിവേചനത്തെയല്ല ജനാധിപത്യത്തെയാണ് ശക്തിപ്പെടുത്തുക എന്ന സുപ്രധാന നിരീക്ഷണമാണ് കമ്മീഷൻ മുന്നോട്ടു വച്ചത്.

ആ സാഹചര്യത്തിന് ഒരു മാറ്റവും ഇന്ന് സംഭവിച്ചിട്ടില്ല. മാത്രമല്ല, മതന്യൂനപക്ഷങ്ങളുടെ നിലനിൽപ് കൂടുതൽ വെല്ലുവിളി നേരിടുകയുമാണ്. അതുകൊണ്ടുതന്നെ, ഏകീകൃത സിവിൽ നിയമമെന്നതിലേക്ക് പൗരസമൂഹത്തെയാകെ അഭിപ്രായസമന്വയത്തിലെത്തിക്കാൻ കഴിയില്ലെന്ന് വ്യക്തമാണ്.

'നമ്മുടെ ഭരണഘടനയിൽ എഴുതിവച്ചതുപോലെ,'എല്ലാ സമുദായങ്ങൾക്കും ഒരുപോലെ ബാധകമായ സിവിൽ നിയമ'മെന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ അന്തിമലക്ഷ്യമാണ്. പക്ഷെ, കുടുംബസ്വത്തിനുള്ള അവകാശം, വിവാഹവും വിവാഹമോചനവും, വിവാഹ മോചിതരായ സ്ത്രീകൾക്ക് കിട്ടേണ്ട ജീവനാംശം, മുതലായ കാര്യങ്ങളെ സ്പർശിക്കുന്ന ഏകീകൃത സിവിൽ നിയമം പാസാക്കിയെടുക്കാൻ ന്യൂനപക്ഷസമുദായങ്ങളിൽ പൊതുജനാഭിപ്രായം പക്വമായിട്ടില്ല. അതിനു പക്വത വരുമ്പോൾ മാത്രമേ, പൊതു സിവിൽ നിയമ' മെന്ന ഭരണഘടനയിലെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കാൻ പറ്റൂ.' (ഇ.എം.എസ് 1994 ആഗസ്റ്റ് 7 )

വൈവിധ്യത്തെയും ബഹുസ്വരതയെയും ഒരുപോലെ അംഗീകരിക്കുന്ന ഭരണഘടനയാണ് നമ്മുടേത്.

വൈവിധ്യമെന്നത് വ്യത്യസ്തമായ ആചാരങ്ങളും പെരുമാറ്റങ്ങളും മറ്റുമാണെങ്കിൽ, ബഹുസ്വരത എന്നത്, ഇത്തരം വ്യത്യസ്ത ആചാരങ്ങൾ പുലർത്തുന്ന സമൂഹങ്ങളുടെയും വിഭാഗങ്ങളുടെയും നിലനില്പാണ്, അവയെ അംഗീകരിക്കലാണ്. വൈവിധ്യങ്ങളുടെ നിലനില്പും ബഹുസ്വരതയും ഭീഷണി നേരിടുന്ന സാഹചര്യത്തിൽ, ഉയർത്തിക്കൊണ്ടുവരുന്ന ഏകീകൃത സിവിൽ നിയമമെന്ന ആശയം രാജ്യത്ത് കൂടുതൽ വൈരുധ്യങ്ങളും സംഘർഷങ്ങളും അസുരക്ഷിതബോധവും സൃഷ്ടിക്കാൻ മാത്രമേ സഹായകമാവൂ. ഭരണഘടനയുടെ അടിസ്ഥാനലക്ഷ്യത്തിനു വിരുദ്ധമായ നീക്കമായിരിക്കും അത്.

‘ഘുസ്പൈഠിയേ’ എന്ന ഹിന്ദി കഥയുടെ പരിഭാഷ



## ഓം പ്രകാശ് വാൽമീകി

ഇന്ത്യൻ ദളിത് എഴുത്തുകാരനും കവിയുമായ ഓം പ്രകാശ് വാൽമീകി(30 ജൂൺ 1950 17 നവംബർ 2013)ഉത്തർപ്രദേശിലെ മുസാഫർനഗർ ജില്ലയിലെ ബർല ഗ്രാമത്തിലാണ് ജനിച്ചത്.

ദലിത് സാഹിത്യത്തിന്റെ ഒരു നാഴികക്കല്ലായി അദ്ദേഹത്തിന്റെ ആത്മകഥയായ ജൂഠൻ അറിയപ്പെടുന്നു. ജൂഠൻ മുന്നോട്ടുവയ്ക്കുന്ന ബീഭത്സമായ ജീവിത സത്യങ്ങൾ ഹൃദയഭേദകമാണ്. തോട്ടിപ്പണിയും തോൽപ്പണിയും കുലവൃത്തിയാക്കിയ വാല്മീകി വിഭാഗത്തിൽ ജനിച്ച് ,എച്ചിൽ തിന്നു വളർന്ന ദളിത് ബാലന്റെ വേദന ജൂഠൻ പങ്കു വയ്ക്കുന്നു.

അടിമത്തവും നിസ്സഹായതയും, അവഹേളനവും, ദാരിദ്ര്യവും നിറഞ്ഞ സംഘർഷഭരിതമായ ദളിതരുടെ ജീവിതം വാൽമീകി തന്റെ കൃതികളിലൂടെ വായനക്കാരിലെത്തിച്ചു. സദിയോം കാ സംതാപ്, ബസ്! ബഹുത് ഹോ ചുകാ, അബ് ഔർ നഹീം (കവിത) ,സലാം, ഘുസ്പൈഠിയേ (കഥാസമാഹാരം), ദളിത് സാഹിത്യ കാ സൗന്ദര്യശാസ്ത്ര് (നിരൂപണം) തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ.

# നുഴഞ്ഞുകയറ്റക്കാർ



**പരിഭാഷ :**
**ഡോ. ഷീനുജാ മോൾ.എച്ച്.എൻ**

മെഡിക്കൽ കോളേജ് വിദ്യാർത്ഥിയായ സുഭാഷ് സോൻകറിന്റെ മരണവാർത്തയറിഞ്ഞതു കൊണ്ട് നഗരത്തിന്റെ ദിനചര്യകളിൽ പ്രത്യേകിച്ച് മാറ്റങ്ങളൊന്നും വന്നിരുന്നില്ല. പത്രങ്ങൾ ഇതിനെ ആത്മഹത്യ എന്നായിരുന്നു റിപ്പോർട്ട് ചെയ്തത്. മെഡിക്കൽ കോളേജിൽ ഒരു വർഷത്തിനുള്ളിൽ നടക്കുന്ന രണ്ടാമത്തെ മരണമായിരുന്നു അത്. അവസാന വർഷ വിദ്യാർത്ഥിനി സുജാതയുടെ മരണത്തെയും ആത്മഹത്യയെന്ന് നിർവചിച്ചു തള്ളിക്കളയുകയാണുണ്ടായത്. ആത്മഹത്യയുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ടെന്ന് ആർക്കും തോന്നിയുമില്ല. ഈ നഗരത്തിന് സഹാനുഭൂതിയും കാരുണ്യവും ശുഷ്കമായിപ്പോയെന്നു തോന്നുന്നു. രണ്ടു കൊലപാതകങ്ങൾക്ക് ശേഷവും അത് മൗനം വെടിഞ്ഞതേയില്ല.

രാകേഷ് ഓഫീസിൽ എത്തുമ്പോൾ ഫോൺ ബെൽ അടിക്കുന്നുണ്ടായിരുന്നു. രമേശ് ചൗധരിയുടെ കോൾ ആയിരുന്നു അത്. അയാൾ വിറയാർന്ന ശബ്ദത്തോടു കൂടി പറഞ്ഞു, ‘ രാകേഷ് സാബ്, സുഭാഷ് സോൻകർ ബലി കഴിക്കപ്പെട്ടിരിക്കുന്നു.‘

‘എന്ത് ?‘

രാകേഷ് ഉച്ചത്തിൽ അലറിക്കൊണ്ടു ചോദിച്ചു.

രമേശ് തുടർന്നു ‘ഇനിയുമെത്ര കൊലപാതകങ്ങൾ ഇവിടെ നടക്കും രാകേഷ് സാബ്? സോൻകർ എന്തു തെറ്റ് ചെയ്തിട്ടാണ്? അച്ഛനും അമ്മയും അവനെ ഡോക്ടർ ആക്കാൻ ആഗ്രഹിച്ചതോ?‘ രമേശ് ചൗധരിയുടെ ഓരോ വാക്കുകളും അത്യന്തം വേദനയോടെയായിരുന്നു പുറത്തുവന്നു കൊണ്ടിരുന്നത്.

രാകേഷ് ഒരു മരക്കഷണം പോലെ തറഞ്ഞു നിൽക്കുകയായിരുന്നു. രമേഷ് ചൗധരിയുടെ വിറയാർന്ന വാക്കുകൾ ആയിരക്കണക്കിനു മൈലുകൾക്കപ്പുറത്തു നിന്ന് വരുന്നതുപോലെയാണയാൾക്ക് തോന്നിയത്. ശരിക്കും അയാൾക്കത് കേൾക്കാൻ കൂടി കഴിയുന്നുണ്ടായിരുന്നില്ല. സോൻകറിന്റെ മരണവാർത്ത രാകേഷിന് അവിശ്വസനീയമായിരുന്നു. രമേശ് ചൗധരി ആഴ

മുള്ളൊരു കയത്തിൽ നിൽക്കുകയാണെന്നും അവിടെ നിന്ന് അയാളുടെ ശബ്ദം പ്രതിധ്വനിക്കുകയാണെന്നും, അത് ക്രമേണ നേർത്തു വരുന്നതായുമാണ് അയാൾക്ക് തോന്നിയത്. രാകേഷിന് അയാളുടെ വാക്കുകൾ ശ്രവിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടായിരുന്നു.


സുഭാഷ് സോൻകറിന്റെ ഉദാസീനത നിറഞ്ഞ മുഖം രാകേഷിന്റെ കണ്ണുകൾക്ക് മുന്നിൽ വീണ്ടും വീണ്ടും തെളിഞ്ഞു വരുന്നുണ്ടായിരുന്നു.ഫോൺ തന്റെ കയ്യിൽ നിന്ന് വഴുതി പോവുകയാണെന്ന് അയാൾക്കു തോന്നി.

രമേശ് ചൗധരി സുഭാഷ് സോൻകറെയും അവന്റെ സുഹൃത്തുക്കളേയും കൂട്ടി തന്നെ കാണാൻ വന്ന ദിനം അയാളുടെ ഓർമ്മകളെ തട്ടിയുണർത്താൻ തുടങ്ങി. അന്ന് ഓഫീസിൽ നിന്ന് വീട്ടിൽ വന്ന ഉടനെ പത്രവുമായി താൻ ഇരുന്നു കഴിഞ്ഞിരുന്നു. അടുക്കളയിൽ നിന്ന് ഇന്ദുവിന്റെ തട്ടലും മുട്ടലും കേൾക്കാമായിരുന്നു. കുട്ടികൾ മറ്റൊരു മുറിയിൽ തങ്ങളുടെ ഹോം വർക്ക് ചെയ്യുന്നുണ്ടായിരുന്നു. വീട്ടിലെ അന്തരീക്ഷം വളരെ ശാന്തമായിരുന്നു. പക്ഷേ ഓഫീസിൽ നിന്ന് വന്ന പാടേ പത്രത്തിലേക്ക് ഊളിയിടുന്നത് ഇന്ദുവിനെ ശുണ്ഠി പിടിപ്പിക്കാൻ ധാരാളമായിരുന്നു. അവൾ പരിഹസിച്ചു കൊണ്ട് ചോദിച്ചു, ' എവിടെയെങ്കിലും പോകുന്നുണ്ടോ? '

'ഇല്ല .എന്താ?' രാകേഷ് തിടുക്കത്തിൽ പറഞ്ഞു.

' വസ്ത്രം പോലും മാറിയില്ലേ?' ഇന്ദു സംശയം പ്രകടിപ്പിച്ചു.

രാകേഷ് മറുപടിയൊന്നും കൊടുത്തില്ല. വാസ്തവത്തിൽ അയാൾ ആശങ്കാകുലനായിരുന്നു. ഓഫീസിൽ നിന്ന് രമേശ് ചൗധരിയുടെ ഫോൺ വന്നിരുന്നു. ചില അത്യാവശ്യ കാര്യങ്ങൾ പറയാനുണ്ടെന്നും അതിനായി വൈകുന്നേരം വീട്ടിലേയ്ക്കു വരാമെന്നും അയാൾ പറഞ്ഞു . അയാളെ ഒഴിവാക്കാൻ രാകേഷ് ഒരുപാട് ശ്രമിച്ചു പക്ഷേ രമേശ് പിൻവാങ്ങാൻ തയ്യാറായില്ല. 'ഓഫീസിലേക്ക് വന്നോളൂ' എന്നും പറഞ്ഞു നോക്കി. പക്ഷേ 'ഓഫീസിൽ വന്നു കണ്ടു പറയാവുന്ന ഒരു വിഷയമല്ല അത് ' എന്നാണ് രമേശ് ചൗധരി മറുപടി പറഞ്ഞത് .



വര :
മനു മോഹൻ

രമേശ് ചൗധരി സാമൂഹ്യ പ്രവർത്തകനാണ് .എപ്പോഴും എന്തെങ്കിലുമൊക്കെ കാരണങ്ങൾ പറഞ്ഞ് അയാൾ രാകേഷിന്റെ അടുത്ത് വരാറുമുണ്ട്. അയാളുടെ ഓരോ വരവും രാകേഷിന് അസ്വസ്ഥതയുണ്ടാക്കാറാണ് പതിവ്. അയാളിൽ നിന്ന് രക്ഷപ്പെടാൻ എത്ര തന്നെ ശ്രമിച്ചിരുന്നോ, അത്രത്തോളം അയാൾ പിന്നാലെ കൂടിയിരുന്നു .രമേശ് ചൗധരിയുടെ സംസാരരീതി തന്നെ പ്രത്യേക തരത്തിലുള്ളതായിരുന്നു .അതായത് മുന്നിലുള്ള വ്യക്തിക്ക് സ്വാഭാവികമായി കേട്ടിരിക്കാൻ ബുദ്ധിമുട്ടുളവാക്കുന്ന ശൈലിയിലാണ് അയാൾ സംസാരിച്ചിരുന്നത്. .

'......നിങ്ങളൊക്കെ സ്വയം എന്താണ് ധരിച്ചു വച്ചിരിക്കുന്നത്? നിങ്ങൾക്കൊക്കെ വലിയ വലിയ പ്രമോഷനുകൾ മാത്രമാണ് ആവശ്യം ..അതും റിസർവേഷന്റെ സഹായത്തോടെ .നിങ്ങളുടെ കുട്ടികൾക്ക് സ്കൂളിലും കോളേജിലുമൊക്കെ റിസർവേഷൻ കോട്ടയിൽ തന്നെ അഡ്മിഷനും വേണം. പക്ഷേ സംവരണം സംരക്ഷിക്കാനായി എന്തെങ്കിലും ചെയ്യേണ്ട സാഹചര്യം വരുമ്പോൾ നിങ്ങൾക്ക് മറ്റെന്തെങ്കിലും അത്യാവശ്യം വന്നു പെടും. അല്ലെങ്കിൽ ഓഫീസിൽ നിന്ന് അവധി കിട്ടില്ല.അപ്പോൾ പിന്നെ രമേശ് ചൗധരി തന്നെ ബലിയാടാകണം. എല്ലായിടത്തു നിന്നും അയാൾ തന്നെ തെറിയും കേൾക്കേണ്ടിവരും. നോക്കൂ സാർ , സാധാരണക്കാരന്റെ ജീവിതത്തിന്റെ ഭാഗമാകുന്നതിന് നിങ്ങൾക്കൊക്കെ എന്തെങ്കിലും അപകടം തോന്നുന്നുണ്ടെങ്കിൽ നിങ്ങളുടെ സൗകര്യത്തിനും ഇഷ്ടത്തിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാത്രം പ്രവർത്തിക്കൂ.നിങ്ങളൊക്കെ ഇങ്ങനെ ഉദാസീനത കാണിച്ചാൽ റിസർവേഷൻ ഒക്കെ അവസാനിപ്പിക്കുന്ന ദിവസം അതിവിദൂരമല്ല .ഇപ്പൊഴാണേൽ ബാബാ സാഹിബുമില്ല..ബാബാസാഹിബിന്റെ അനുയായികളെന്നു നടിക്കുന്നവരൊക്കെയും കഴുകൻമാരെപ്പോലെ സംവരണ വിരോധികളോട് ഒട്ടിയിരിക്കും, പിന്നെയങ്ങോട്ട് പല തരത്തിലുള്ള നാട്യങ്ങളുടെ പരമ്പരയാണ്. മെഡിക്കലിലും എൻജിനീയറിങ്ങിലും സംവരണം മൂലം പ്രവേശനം കിട്ടില്ല എന്ന് ന്യായാധിപന്മാരെ കൊണ്ട് ഉത്തരവും ഇറക്കിപ്പിക്കും....സംവരണം ഒരുപാട് മിടുക്കൻമാരെ നമുക്ക് നഷ്ടമാക്കും...... അവർ പറയുന്നത് കേട്ടാൽ തോന്നും പ്രതിഭകളൊക്കെ ഇവരുടെ അടിമകളാണെന്നും ഇവരുടെയൊക്കെ വീടുകളിൽ മാത്രമേ അവർ ജനിക്കാറുള്ളൂവെന്നും ....ഇത്രയും പ്രതിഭാധനന്മാരുണ്ടായിരുന്നെങ്കിൽ രാജ്യത്തിന് ഇന്നത്തെ ഈ അവസ്ഥ എങ്ങനെയുണ്ടായി?...'

ഇത്തരം ചർച്ചകൾ നടക്കുമ്പോഴെല്ലാം രാകേഷ് പരിസരം വീക്ഷിക്കാറുണ്ട്. വീട്ടിൽ വച്ചെങ്ങാനുമാണ് ഈ വർത്തമാ

നം നടക്കുന്നതെങ്കിൽ പരിസരവാസികൾ ചെവിയോർത്തു നിൽക്കുന്നുണ്ടാവാമെന്നാണ് ഇന്ദുവിന്റെ ചിന്ത. ഇങ്ങനെയുള്ള സംഭാഷണങ്ങളെത്തുടർന്ന് ഇന്ദുവിന്റെ വക വെടിയുതിർക്കലുകൾ പതിവാണ്. അവൾ വല്ലാതെ ദേഷ്യപ്പെടും. അത്തരമവസരങ്ങളിൽ രാകേഷ് ഏകപക്ഷീയമായി യുദ്ധമവസാനിപ്പിച്ചു കൊണ്ട് ആത്മസമർപ്പണത്തിന്റെ മുദ്രയിൽ കീഴടങ്ങൽ പ്രഖ്യാപിക്കും. ഇന്ദു വളച്ചുചുറ്റി ഇങ്ങനെ പറയും , '.....നിങ്ങൾ എത്ര വലിയ ഓഫീസർ വേണേലും ആയിക്കോ ,പക്ഷേ മര്യാദയ്ക്ക് സോഫയിൽ എങ്ങനെയാണ് ഇരിക്കേണ്ടത് എന്ന ധാരണയെങ്കിലുമുള്ളവരുമായി ഇടപെടൂ... മറ്റുള്ളവരുമായി കൂട്ടുകൂടണം എന്നുണ്ടെങ്കിൽ സൗഹൃദമൊക്കെ വീടിന് പുറത്ത് മാത്രമാക്കിക്കോളൂ..... പരിസരവാസികൾക്കിടയിൽ അൽപ്പമെങ്കിലും അഭിമാനം ബാക്കി നിൽക്കുന്നുണ്ടേൽ അതുകൂടി തുലയ്ക്കുന്നതെന്തിനാണ്?.... ജാതി വിളംബരം ചെയ്തു കൊണ്ട് കഴുത്തിൽ ഇങ്ങനെ ചെണ്ടയും തൂക്കി നടക്കരുത് .... അല്ലെങ്കിൽത്തന്നെ ഈ സർനെയിം തന്നെ ധാരാളമാണല്ലോ... എത്ര തവണ പറഞ്ഞിട്ടുണ്ട് ഇതു മാറ്റി എന്തെങ്കിലും ഒരു നല്ല ജാതിപ്പേര് വയ്ക്കാൻ.... കുട്ടികളൊക്കെ വലുതായിക്കൊണ്ടിരിക്കുകയാണ്... അവർക്ക് എന്തൊക്കെ സഹിക്കേണ്ടി വരുന്നുണ്ട്..... ഇന്നലെ പിങ്കിയുടെ കൂട്ടുകാരി പറയുന്നുണ്ടായിരുന്നു ,രൈദാസ് ചെരുപ്പ് കുത്തിയായിരുന്നു..... നിങ്ങളും ചെരുപ്പുണ്ടാക്കുന്നവരാണോ? ...പിങ്കി കരഞ്ഞു കൊണ്ടാണ് വീട്ടിൽ വന്നത്. കുട്ടികളെയും കൊണ്ട് എങ്ങോട്ടെങ്കിലും പോയി കളയണമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ... 'ഇന്ദുവിന്റെ അറുത്തുമുറിച്ചുള്ള വാക്കുകൾ അയാളെ വല്ലാതെ ചെറുതാക്കിയിരുന്നു. അപരാധബോധം കൊണ്ട് സ്വയം ഇല്ലാതായിപ്പോകുന്നതു പോലെ അയാൾക്കു തോന്നിയിട്ടുണ്ട്.

പിന്നീടയാൾ പത്രവും തുറന്നു വച്ച് ഒറ്റയിരിപ്പിരിക്കും. പത്രത്തിലെ നുറുങ്ങു വാർത്തകളിലെ അക്ഷരങ്ങൾ കുഴഞ്ഞുമറിഞ്ഞ് കറുത്ത അടയാളങ്ങളായിത്തീരുന്നതായി അയാൾക്കു തോന്നും. ആ ഇരിപ്പിൽ താൻ സുരക്ഷിതനാണെന്ന് അയാൾക്കു തോന്നാറുണ്ട് വാതിൽക്കൽ ബെല്ലടിക്കുന്ന ശബ്ദം കേട്ട് അയാൾ ചിന്തകളുടെ ആലസ്യം വിട്ടുണർന്നു. അയാൾ വാതിൽ തുറന്നു .അത് രമേശ് ചൗധരിയായിരുന്നു.അയാൾക്കൊപ്പം നാല് യുവാക്കളും ഉണ്ടായിരുന്നു. അവരെല്ലാവരും അകത്തേക്ക് കയറി അവിടെയുമിവിടെയുമായി സ്ഥാനം പിടിച്ചു. രാകേഷ് അവരെ സൂക്ഷിച്ചു നോക്കുകയായിരുന്നു എല്ലാവരുടെയും മുഖത്ത് ആശങ്കയുണ്ടായിരുന്നു .ഉദാസീനമായ മുഖങ്ങളിൽ ഭയത്തിന്റെ നിഴലുകൾ കാണപ്പെട്ടു .എല്ലാവരും മൗനം പാലിച്ചു .അവർ തങ്ങളുടെ പുറന്തോടുകൾക്കുള്ളിൽ പതുങ്ങിയിരിക്കുന്നതു പോലെ തോന്നി. ആ ആവരണങ്ങൾക്കുള്ളിൽ നിന്നു പുറത്തു വരാനുള്ള വ്യഗ്രത അവരുടെ മുഖങ്ങളെക്കാളധികം കണ്ണുകളിലാണ് പ്രകടമായത്.അവരുടെ അവസ്ഥ കണ്ടിട്ട് രാകേഷിന്റെ മനസ്സിൽ പലതരത്തിലുള്ള ആശങ്കകൾ ഉയരാൻ തുടങ്ങി.

" രമേശ് ചൗധരി നിശബ്ദത വെടിഞ്ഞു കൊണ്ട് പറഞ്ഞു. 'സാർ, ഇതാണ് അമർദീപ്, ഇത് വികാസ് ചൗധരി, ഇത് നിതിൻ മേശ്രാം, അത് സുഭാഷ് സോൻകർ. എല്ലാവരും മെഡിക്കൽ കോളേജിലെ വിദ്യാർഥികളാണ് .അമർ ദീപും നിതിൻ മേശ്രാമും അവസാനവർഷ വിദ്യാർത്ഥികളാണ്. ഇവർ രണ്ടുപേരും ആദ്യ വർഷത്തെയും. താങ്കളെ കാണാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു.'

'പിന്നെന്താ... തീർച്ചയായും ' രാകേഷ് സഹജമായ ഭാവത്തിൽ പറഞ്ഞു .

അമർദീപ് അൽപ്പം മടിയോടെ പറഞ്ഞു ,സർ ..ഞങ്ങൾ വളരെ ആശങ്കയിലാണ് . എന്ത് ചെയ്യണമെന്ന് അറിയില്ല... അമർദീപ് ക്ഷണനേരം നിശബ്ദനായി, പിന്നീട് സ്വയം നിയന്ത്രിച്ചു കൊണ്ട് പറഞ്ഞു ,'മെഡിക്കൽ കോളേജിലെ ഇപ്പോഴത്തെ അവസ്ഥ വെച്ച് ഞങ്ങൾക്ക് പഠിത്തം തുടരുക എന്നത് ഓരോ ദിവസവും കഠിനമായി കൊണ്ടിരിക്കുകയാണ് .ഈ വർഷം ഞങ്ങൾ എന്തൊക്കെ യാതനകളിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് ഞങ്ങൾക്കേ അറിയുള്ളൂ. പഠിത്തം ഉപേക്ഷിച്ചു തിരിച്ചു പോകണം എന്ന് പലകുറി തോന്നിയിട്ടുണ്ട്... പക്ഷേ അച്ഛനമ്മമാരുടെ പ്രതീക്ഷകൾ വഴി തടഞ്ഞു കൊണ്ട് തിരിഞ്ഞു നടക്കാൻ ഞങ്ങളെ നിർബന്ധിക്കും .. ഇത്രയും യാതനകൾക്കിടയിൽ പഠിത്തം തുടരുക എന്നത്.... വളരെ കഷ്ടം തന്നെയാണ്. ഒരിക്കൽ ആത്മഹത്യ ചെയ്തു കളയണം എന്ന് പോലും എനിക്ക് തോന്നിപ്പോയി .' നിരാശയും വേദനയും തുളുമ്പുന്ന അമർദീപിന്റെ വാക്കുകളിൽ സായം സന്ധ്യയുടെ മൂടൽ കനപ്പെടുന്നതായി തോന്നി. അമർദീപിന്റെ അന്തരാത്മാവിലുയരുന്ന വിങ്ങലുകൾ വ്യക്തമായി കേൾക്കാനാവുന്നുണ്ടായിരുന്നു.

സാഹചര്യം കൂടുതൽ ഭാവ സാന്ദ്രമാകാൻ തുടങ്ങി.രാകേഷിന്റെ ഹൃദയത്തിൽ എന്തൊക്കെയോ പ്രകമ്പനം കൊള്ളുന്നുണ്ടായിരുന്നു. തന്റെ അന്തരാത്മാവിലുയരുന്ന നോവിന്റെ തരംഗങ്ങളിൽ നീന്തിക്കൊണ്ട് അമർദീപ് പറഞ്ഞു, 'ഇന്നലെ പകൽ മുഴുവനും ഹോസ്റ്റലിലെ ഒരു മുറിയിൽ വികാസ് ചൗധരിയെയും സുഭാഷ് സോൻകറിനെയും വാതിൽ അടച്ചിട്ട് തല്ലിച്ചതച്ചു.

'എന്തിന്...? എന്താ റാഗിംഗ് ആണോ?'

രാകേഷ് ആശ്ചര്യത്തോടെ ചോദിച്ചു. "റാഗിംഗ് ആയിരുന്നുവെങ്കിൽ ഫസ്റ്റ് ഇയറിലെ എല്ലാ കുട്ടികൾക്കും ഈ ബുദ്ധിമുട്ടുണ്ടാകുമായിരുന്നല്ലോ. പക്ഷേ ഇവിടെ ഇവരെ രണ്ടു പേരെയും മാത്രമാണ് ഉപദ്രവിച്ചത് .'അമർദീപ് ഉച്ചത്തിൽ പറഞ്ഞു. ദളിതരായ വിദ്യാർഥികളെ മാറ്റിനിർത്തി അപമാനിക്കുക എന്നത് ദിവസവും ഉള്ള കഥയാണ്. എൻട്രൻസ് പരീക്ഷയുടെ മാർക്കിന്റെ ശതമാനം ചോദിച്ചു കൊണ്ട് കരണത്തടിക്കുകയോ മുഷ്ടി ചുരുട്ടി അടിക്കുകയോ ചെയ്യും. അല്പമെങ്കിലും അവരെ എതിർക്കുന്നു എന്ന് തോന്നിയാൽ തൊഴിക്കും. ഇത് രണ്ടോ നാലോ ദിവസത്തെ കാര്യമല്ല. ഓരോ വർഷവും നടക്കുന്ന കാര്യമാണ് . ഈ ഉപദ്രവം കോളേജിലോ ഹോസ്റ്റലിലോ മാത്രം ഒതുങ്ങി നിൽക്കുന്നതുമല്ല. പട്ടണത്തിൽ നിന്ന് കോളേജിൽ വരെ വരുന്ന ബസ്സിലും ഈ ഉപദ്രവം ഉണ്ടാകും. ഏതെങ്കിലും ഒരു സീനിയർ ഓടിക്കൊണ്ടിരിക്കുന്ന ബസ്സിൽ നിന്ന് ഉച്ചത്തിൽ വിളിച്ചു പറയും, 'ഈ ബസ്സിൽ ഏതെങ്കിലും ചമാർ ഉണ്ടെങ്കിൽ.... അവൻ എഴുന്നേറ്റു നിൽക്കണം!' എന്നിട്ട് അവനെ തള്ളിക്കൊണ്ട് പിന്നിലെ സീറ്റിലേക്ക് പോകും. അവിടെ ആദ്യം തന്നെ ഇരിപ്പുള്ള സീനിയർ അടിയും തൊഴിയുമായി അവനെ സ്വാഗതം ചെയ്യും.' അമർദീപ് അവസ്ഥ വിവരിച്ചു.

' ഇത് തികച്ചും അന്യായമാണ്' രാകേഷ് ആവേശത്തോടെ പറഞ്ഞു . കുറച്ചു ദിവസങ്ങൾക്ക് മുൻപ് ഇങ്ങനെ ഒരു ബസ്സിൽ ഫൈനലിയറിലെ പ്രണവ് മിശ്ര ഉച്ചത്തിൽ വിളിച്ചു ചോദിച്ചപ്പോൾ ആ ബസ്സിൽ സുഭാഷ് സോൻകറുണ്ടായിരുന്നു. പക്ഷേ അവൻ പ്രണവിന്റെ ശബ്ദത്തോട് പ്രതികരിച്ചില്ല ..അടുത്തിരുന്ന വിദ്യാർത്ഥികൾ സോൻകർ ഇവിടെയിരിപ്പുണ്ടെന്ന് സൂചന കൊടുത്തു. പ്രണവ് മിശ്രയ്ക്ക് തന്നെ അവഹേളിച്ചതായി തോന്നി. അവൻ ദേഷ്യം കൊണ്ട് വിറച്ചു. സോൻകറിന്റെ മുടിയിൽ പിടിച്ചു വലിച്ചു തന്റെ അടുത്തേക്ക് അടുപ്പിച്ചു. എന്താടാ ചമാർ, ഞാൻ വിളിച്ചത് നീ കേട്ടില്ലായിരുന്നോ ?സോൻകർ തന്റെ മുടിയിലെ പിടിത്തം വിടുവിക്കാൻ ശ്രമിച്ചു. ഞാൻ ചമാറല്ല. മുടിയുടെ പിടുത്തം കടുപ്പം ഉള്ളതായിരുന്നു. സോൻകർ വേദനിച്ച് നിലവിളിച്ചു. പ്രണവ് മിശ്രയുടെ ശക്തമായ പ്രഹരം സോൻകറിന്റെ കവിളിൽ പതിച്ചു.... (തെറി ). ചമാറാണെങ്കിലും സോൻകർ ആണെങ്കിലും... നീ

ബ്രാഹ്മണൻ ഒന്നുമല്ലല്ലോ.... റിസർവേഷൻകാരൻ തന്നെയല്ലേ... ഇതുതന്നെ ധാരാളം ... പ്രണവ് മിശ്ര സോൻകറിനെ അടിച്ചും തൊഴിച്ചും പകുതി ചത്ത അവസ്ഥയിലാക്കി. ബസ് മുഴുവനുമുള്ള കുട്ടികൾ അട്ടഹസിച്ചു ചിരിക്കുന്നുണ്ടായിരുന്നു . ബാബാ സാഹിബിനെയും ഇടയ്ക്ക് തെറി പറയുന്നുണ്ടായിരുന്നു. പ്രണവ് മിശ്രയുടെ ശൗര്യം കണ്ട് കൂട്ടുകാർ അവനെ അഭിനന്ദിച്ചു.' രാകേഷ് സോൻകറിനെ നോക്കി. അവൻ ഒരു അപരാധിയെ പോലെ തല കുനിച്ചിരിക്കുകയായിരുന്നു. സോൻകറിന്റെ മുഖത്തെ മുറിപ്പാടുകളുടെ ആഴം കൂടുന്നുണ്ടായിരുന്നു.

രമേശ് ചൗധരി നിശബ്ദനായിരുന്നു. പക്ഷേ അയാളുടെ മുഖത്തെ മാംസപേശികൾ വലിഞ്ഞുമുറുകിയിട്ടുണ്ടായിരുന്നു. മുഖത്തിന്റെ നിറം മാറുന്നുണ്ടായിരുന്നു. അടുക്കളയിൽ ഇന്ദുവിന്റെ തട്ടലും മുട്ടലും വീണ്ടും ഉച്ചത്തിൽ ആയി .ഇന്ദുവിന്റെ ഇടപെടൽ രാകേഷിനുള്ള സൂചനയായിരുന്നു., ,..."അതേയ്, നിങ്ങൾ ഈ പൊല്ലാപ്പിലൊന്നും പോയി പെടണ്ട.'. അടുക്കളയിൽ ജോലിത്തിരക്കിനിടയിലും ഇന്ദുവിന്റെ ചെവി ഇവരുടെ സംഭാഷണത്തിന് കാതോർക്കുന്നുണ്ടായിരുന്നു .

ഇന്ദുവിന്റെ ആ കാഴ്ചപ്പാട് അവൾ അനുഭവിച്ചുവന്ന സാമൂഹികമായ പീഡനങ്ങളുടെ പ്രതിഫലനമായിരുന്നു.അവൾ ഒരു സ്വാഭാവികമായ ജീവിതമാണ് സ്വപ്നം കണ്ടിരുന്നത് . രാകേഷ് ഇത്തരം പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്നായിരുന്നു അവൾ ആഗ്രഹിച്ചിരുന്നത്. അയൽപക്കത്തുള്ള ആൾക്കാരിൽ നിന്ന് തങ്ങൾ ആരാണെന്ന് മറച്ചു ജീവിക്കാനാണ് അവൾ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നത്. തങ്ങളുടെ സുരക്ഷിതത്വം അതിലാണ് എന്നവൾ കരുതിയിരുന്നു.പക്ഷേ രാകേഷ് അവരുടെ സങ്കടങ്ങൾ കേട്ട് വല്ലാതെ അസ്വസ്ഥനായിരുന്നു. അവരെല്ലാവരും ഏതോ കൊടുംകാട്ടിനുള്ളിൽ കുടുങ്ങിക്കിടപ്പാണെന്നാണ് അയാൾക്ക് തോന്നിയത്.. അവിടെ നാലുപാടും ഇരുട്ട് മാത്രമാണെന്നും ചുറ്റും മുൾപടർപ്പുകളാണെന്നുമായിരുന്നു .

ഇന്ദു അടുക്കളയിൽ നിന്നിറങ്ങി ബെഡ്റൂമിലേക്ക് പോയി കഴിഞ്ഞിരുന്നു. അവിടെ കുട്ടികൾ തങ്ങളുടെ ഹോംവർക്കിൽ മുഴുകിയിരിക്കുകയായിരുന്നു. കുറച്ച് നിമിഷങ്ങൾക്ക് ശേഷം രാകേഷിന്റെ എട്ടു വയസ്സുള്ള മകൻ പുറത്തേക്ക് വന്നു .ആജ്ഞാപിക്കുന്നത് പോലെ രാകേഷിനോട് പറഞ്ഞു, 'പപ്പാ !എന്നെ ഹോംവർക്ക് ചെയ്യാൻ സഹായിച്ചേ '.

' ആ മോനെ, ഇപ്പൊ വരാം ഒരു പത്തു മിനിറ്റ് ...രമേശ് അങ്കിളിനോട് കുറച്ചൊന്ന് സംസാരിച്ചോട്ടെ. അപ്പോഴേക്കും നീ നിന്റെ ഡ്രോയിങ് ഒക്കെ ശരിയാക്കി വയ്ക്ക്.' രാകേഷ് അവനെ എങ്ങനെയെങ്കിലും പ്രലോഭിപ്പിച്ചു തിരിച്ചയച്ചു. രാകേഷ് ഇന്ദുവിന്റെ സൂചന മനസ്സിലാക്കുന്നുണ്ടായിരുന്നു.' ഇവരെ പെട്ടെന്ന് ഓടിച്ചു വിട്ടോളൂ... ഇത്തരം പങ്കപ്പാടുകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കൂ. '.

രാകേഷ് വല്ലാതെ അസ്വസ്ഥനായിരുന്നു.രമേഷ് ചൗധരിക്കും കാര്യം മനസ്സിലായി .അയാൾ രാകേഷിനോട് പതുക്കെ പറഞ്ഞു, " സർ ,ഞങ്ങൾ നിങ്ങളുടെ അധികസമയമൊന്നും എടുക്കില്ല .പക്ഷേ ഈ കുട്ടികൾക്ക് ഒരു വഴി പറഞ്ഞു കൊടുക്കണം.... ഇവർക്ക് എന്തായാലും ഡോക്ടർ ആകണമല്ലോ... "

രാകേഷ് ഗഹനമായ ചിന്തയിലാണ്ടിരുന്നു .ഈ അവസ്ഥയിൽ കുട്ടികൾക്ക് വേണ്ടി എന്താണ് ചെയ്യേണ്ടതെന്ന് അയാൾക്ക് ഒരു എത്തും പിടിയും കിട്ടുന്നുണ്ടായിരുന്നില്ല .നിതിൻ മേശ്രാം അപ്പോഴും നിശബ്ദനായിരുന്നു. രാകേഷ് വളരെ അസ്വസ്ഥനായിരിക്കുന്നത് കണ്ടുകൊണ്ട് അവൻ പറഞ്ഞു ,'ഹോസ്റ്റലിൽ റൂം അലോട്ടു ചെയ്യുമ്പോൾ റൂം നമ്പർ ഒന്നിൽ ഒരു ദളിതനായ വിദ്യാർത്ഥിക്ക് പ്രവേശനം ഉണ്ടാകാറില്ല .രണ്ടാം നമ്പർ മുറിയിൽ മാത്രമാണ് ദളിതരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാറ് .ഗേൾസ് ഹോസ്റ്റലിലും ഇതേ അവസ്ഥ തന്നെയാണ്. അവിടെയുള്ള എല്ലാ ദളിതരായ പെൺകുട്ടികളും ഒരു ഹോസ്റ്റലിൽ തന്നെയാണ് കഴിയുന്നത് ..കോളേജ് മാനേജ്മെന്റിനും ഇത് ഒരു വലിയ ഗംഭീരമായ വിഷയമായി തോന്നാറുമില്ല .അവർക്ക് തോന്നാറുള്ളത് ദളിതർ മെഡിക്കൽ ഫീൽഡിലേക്ക് വരുന്നത് അതിക്രമിച്ചു കയറലാണെന്നാണ്.അതുകൊണ്ട് പരാതിപ്പെട്ടാലും അവർ ശ്രദ്ധിക്കാറില്ല .'

നിതിൻ മേശ്രാം പറഞ്ഞുകൊണ്ടേയിരുന്നു .'അതുമാത്രമല്ല, പ്രാക്ടിക്കൽ പരീക്ഷകളിലും വിവേചനം കാട്ടാറുണ്ട് .പ്രണവ് മിശ്ര എന്റെ തന്നെ ബാച്ചിൽ ഉള്ളതാണ്. അവൻ ക്ലാസുകൾ അറ്റൻഡ് ചെയ്യാറില്ല. പ്രാക്ടിക്കലും... എന്നാലും ത്രിവേദി സാർ അവന് കൂടുതൽ മാർക്ക് കൊടുക്കും .അറ്റൻഡൻസ് ഒരു വിഷയമേയല്ല. 'മേശ്രാമിന്റെ വാക്കുകളിൽ കയ്പ്പു നിറയുന്നുണ്ടായിരുന്നു.

രാകേഷിന്റെ ഓർമ്മകളിൽ കഴിഞ്ഞ കാലം മുട്ടി വിളിക്കുന്നുണ്ടായിരുന്നു .ആദ്യമായി അയാൾ ഹോസ്റ്റലിൽ പോയ ദിവസം അലോട്ട് ചെയ്യപ്പെട്ട റൂമിൽ ആദ്യം മുതൽക്ക് തന്നെ ഒരു വിദ്യാർത്ഥി ഉണ്ടായിരുന്നു. അവൻ തന്നെ മുറിയിൽ പ്രവേശിക്കാൻ പോലും സമ്മതിച്ചിരുന്നില്ല . ഒരു അധഃകൃതനായ ചമാറിനൊപ്പം തന്റെ മുറി ഷെയർ ചെയ്യാൻ സാധ്യമല്ല എന്ന് അവൻ തീർത്തു പറഞ്ഞു. താൻ ഹോസ്റ്റൽ വാർഡനോട് പരാതിപ്പെട്ടപ്പോൾ അയാളും അവന്റെ ജാതി ചോദിച്ചു. എന്നിട്ട് തന്നെ ഒരു ദളിതനായ വിദ്യാർത്ഥിക്കൊപ്പം മാറ്റി .ഒപ്പം ഒരു മുന്നറിയിപ്പ് കൂടി തന്നു 'നിന്റെ നില മറക്കരുത്. ഇല്ലെങ്കിൽ ഇവിടുന്നു പുറത്താക്കും.' ഹോസ്റ്റൽ ദിനങ്ങൾ ഒക്കെ വളരെ വേദന നിറഞ്ഞതായിരുന്നു. ഓരോ ദിവസവും യാന്ത്രികമായി ജീവിക്കേണ്ടി വന്നിരുന്നു. മെസിലും മാറിയിരിക്കണമായിരുന്നു.

രമേശ് ചൗധരി രാകേഷിന്റെ ചിന്തകളെ തട്ടിയുണർത്തി. 'സാബ്, താങ്കൾ തന്നെ പറയൂ ഇനി എന്താണ് ചെയ്യേണ്ടത് .'നിങ്ങൾ ഡീനിനെ കണ്ടിരുന്നോ?'രാകേഷ് ചോദിച്ചു.

'സാബ്... കണ്ടിരുന്നു...അദ്ദേഹം പറഞ്ഞത് 'റിസർവേഷനൊക്കെ കിട്ടി വന്നതല്ലേ , അപ്പോൾ കുറച്ച് സഹിക്കേണ്ടിയൊക്കെ വരും. '

സവർണ്ണരായ വിദ്യാർഥികളുടെ അതിക്രമങ്ങളെ അവർ അനുചിതമായി കണ്ടിട്ടേയില്ല .നീതി രാഹിത്യത്തിനെതിരെ അവരുടെ പ്രതികരണവും ഇത്തരത്തിൽ തന്നെയായിരുന്നു .റിസർവേഷനോടുള്ള എതിർപ്പിൽ നിന്നുയർന്ന അവരുടെ ആക്രോശം. നിതിൻ വെറുപ്പ് നിറച്ചു കൊണ്ട് പറഞ്ഞു.

' ഡീൻ മാത്രമല്ല പ്രൊഫസർമാരും ഇത്തരത്തിലൊക്കെ തന്നെയാണ് പ്രതികരിക്കാറുള്ളത്, ഒപ്പം പ്രണവ് മിശ്രയെ പോലെയുള്ള വിദ്യാർത്ഥികൾക്ക് പ്രഥമപരിഗണന നൽകും.' അമർദീപ് നിതിൻ മേശ്രാമിന്റെ വാക്കുകളെ പിന്താങ്ങി. സുഭാഷ് സോൻകർ തന്റെ ഉള്ളിൽ ഉയർന്ന ദേഷ്യം കടിച്ചമർത്തിക്കൊണ്ടു പറഞ്ഞു ,'ഞാൻ മെഡിക്കൽ റിപ്പോർട്ട് ഉണ്ടാക്കിയിരുന്നു .. അതിക്രമം റിപ്പോർട്ട് ചെയ്യാനായി പോലീസ് സ്റ്റേഷനിലും അതുമായി പോയിരുന്നു .പക്ഷേ ഇൻസ്പെക്ടർ റിപ്പോർട്ട് എഴുതുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചു. ഇത് നിങ്ങളുടെ ആഭ്യന്തര വിഷയമാണ്. പോലീസിനെ എന്തിനാണ് ഇതിലേക്ക് വലിച്ചിഴയ്ക്കുന്നത്..... ഇനി താങ്കൾ തന്നെ പറയൂ ഞങ്ങൾ എവിടേക്ക് പോകണം.. ഈ അവസ്ഥകളിൽ മര്യാദയ്ക്ക് പഠിക്കാനുള്ള ഏകാഗ്രത പോലും കിട്ടുന്നില്ല .'

ദളിതരായ വിദ്യാർഥികൾ അനുഭവിക്കുന്ന പീഡനങ്ങളെ മുഖ്യവിഷയമാക്കി പത്രങ്ങളിലേയ്ക്കും റിപ്പോർട്ട് അയച്ചിരുന്നു. പക്ഷേ പത്രങ്ങൾ ഇതിനെ റാഗിംഗ് എന്നുപറഞ്ഞാണ് അച്ചടിച്ചത്. ദളിതരായ വിദ്യാർഥികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ എവിടെയും പരാമർശിക്കപ്പെട്ടില്ല . കുറച്ച

ധികം ചിന്തിച്ചതിനുശേഷം രാകേഷും രമേശ് ചൗധരിയും ദീനിനെ കണ്ട് ഈ പ്രശ്നത്തിന് എന്തെങ്കിലും ഒരു പരിഹാരം കണ്ടെത്താം എന്ന് തീരുമാനിച്ചു . ആവശ്യം വന്നാൽ അവരിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ഏതെങ്കിലും ഒരു വ്യക്തിയെ കണ്ട് സംസാരിക്കാം എന്നും നിശ്ചയിച്ചു.. മെഡിക്കൽ കോളേജിലെ ഡീനായ ഡോക്ടർ ഭഗവതി ഉപാധ്യായയെ കണ്ടപ്പോൾ നിരാശ മാത്രമായിരുന്നു ബാക്കി. ഡീൻ പറഞ്ഞത് ഇങ്ങനെയാണ്, ' റിസർവേഷൻ കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് നഷ്ടപ്പെടുകയാണ്.' രാകേഷ് അയാളെ വിലക്കിക്കൊണ്ടു പറഞ്ഞു, ' ഡോക്ടർ ,ഞങ്ങൾ ഇവിടെ റിസർവേഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ചർച്ച ചെയ്യുന്നതിന് വേണ്ടിയല്ല, ദളിതരായ വിദ്യാർഥികളുടെ പ്രശ്നങ്ങളെ കുറിച്ച് പറയാനാണ് വന്നത്.'

ഡീൻ അവർ പറയുന്നതൊന്നും കേട്ടില്ല എന്നു മാത്രമല്ല റിസർവേഷൻ കൊണ്ടുണ്ടാകുന്ന ദോഷങ്ങളെ കുറിച്ചു തന്നെ വാചാലനായിക്കൊണ്ടിരുന്നു. കുറഞ്ഞ യോഗ്യതയുള്ളവർ സർക്കാർ ഇടപെടലുകൾ കൊണ്ട് മെഡിക്കൽ പോലെയുള്ള പ്രസ്ഥാനങ്ങളിൽ അതിക്രമിച്ചു കയറുമ്പോൾ നിലവാരം പ്രതിദിനം മോശമാകുമെന്നായിരുന്നു അയാളുടെ കാഴ്ചപ്പാട് . നല്ല മാർക്ക് വാങ്ങി പാസാവുന്ന കുട്ടികൾ എന്ത് തെറ്റ് ചെയ്തിട്ടാണെന്നും അയാൾ ചോദിച്ചു. രാകേഷ് ഈ തർക്കത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചിരുന്നു, ' ഡോക്ടർ സർ, റിസർവേഷനെ കുറിച്ചുള്ള ചർച്ച നമുക്ക് പിന്നീട് എപ്പോഴെങ്കിലും ആകാം,ഇപ്പോൾ ഈ കുട്ടികളുടെ അവസ്ഥയ്ക്ക് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കൂ. നമ്മൾ ഇപ്പോൾ ചർച്ച ചെയ്ത ദളിതരായ വിദ്യാർഥികൾ അനുഭവിക്കുന്ന പീഡനം ഇല്ലാതാക്കൂ.' 'നോക്കൂ,ചെറിയ പ്രശ്നങ്ങളെയൊക്കെ ഇത്ര പെരുപ്പിച്ചു കൊണ്ടുവരരുത്. ദളിതർക്ക് പീഡനം അത്തരത്തിൽ ഒന്ന് എന്റെ കോളേജിൽ നടക്കുന്നില്ല. ഇത്തരം ഭാവനാ നിർമ്മിതമായ കാര്യങ്ങളെ ഞാൻ അംഗീകരിക്കുന്നതുമില്ല.ഞങ്ങളുടെ വീട്ടിൽ ഭാംഗിനെയും 'അമ്മ' എന്നു തന്നെയാണ് വിളിക്കുന്നത്. തന്റെ നിലപാടുകളിൽ നിന്ന് മാറിച്ചിന്തിക്കാൻ അയാൾ അല്പം പോലും ശ്രമിക്കുന്നതേ ഉണ്ടായിരുന്നില്ല .

രാകേഷും രമേശ് ചൗധരിയും ദേഷ്യത്തോടെ അവിടെ നിന്ന് ഇറങ്ങിപ്പോന്നു.ദളിതരായ വിദ്യാർഥികൾ മെഡിക്കൽ ഫീൽഡിലേക്ക് വരുന്നത് ഡീനിന്റെ ദൃഷ്ടിയിൽ അതിക്രമിച്ചു കയറ്റമായിരുന്നു. രമേശ് ചൗധരി വളരെ കഷ്ടപ്പെട്ട് സ്വയം നിയന്ത്രിക്കുന്നുണ്ടായിരുന്നു .അത് രാകേഷിനെ ഓർത്തിട്ടായിരുന്നു. കുറേ ദിവസം അവർ ഉന്നതൻമാരായ പല വ്യക്തികളെയും പോയി കണ്ടു നോക്കി. പക്ഷേ എല്ലായിടത്തും നിരാശ മാത്രമാണ് ലഭിച്ചത്. അവർ ഒരു തരത്തിലുമുള്ള തലവേദനകൾ എടുത്തു വയ്ക്കാൻ ആഗ്രഹിച്ചിരുന്നില്ല. ഈ പ്രശ്നത്തിൽ ഇടപെടുന്നതുകൊണ്ട് ദളിത് വിദ്യാർത്ഥികൾക്ക് തന്നെയാണ് ദോഷം എന്നായിരുന്നു അവരുടെ അഭിപ്രായം. പത്തു പതിനഞ്ച് ദിവസത്തെ നിരന്തരമായ പ്രയത്തിനൊടുവിൽ എന്തെങ്കിലുമൊരു പരിഹാരം കണ്ടെത്താൻ അവർക്കായതുമില്ല. നിരാശനായി രമേശ് ചൗധരി പറഞ്ഞു, ' ഇപ്പോൾ താങ്കൾ സ്വയം കണ്ടല്ലോ? ഞാൻ എന്തുകൊണ്ടാണ് ഈ ആൾക്കാരോട് ഇത്രയും മോശമായി സംസാരിക്കുന്നതെന്ന് .. ' രാകേഷും ഒരു ഓഫീസർ ആയിരുന്നു . പക്ഷേ അയാൾ വിദ്യാർഥികളെ സഹായിക്കുന്നത് തന്റെ സാമൂഹികമായ ഉത്തരവാദിത്തമായിട്ടാണ് കണക്കാക്കിയിരുന്നത്. പല സർക്കാർ ഉദ്യോഗസ്ഥരും ഇത്തരം കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാനാണ് ശ്രമിച്ചിരുന്നത്. ഈ വക പ്രശ്നങ്ങളിൽ ഇടപെടുന്നത് തങ്ങളെയും ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്നാണ് അവർ ചിന്തിച്ചിരുന്നത്. ദളിതരാണ് എന്നുള്ള ഭയം എപ്പോഴും അവരെ പിന്തുടർന്നിരുന്നു .

രമേശ് ഒരു പ്രതിഷേധ പ്രകടനം സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ടായിരുന്നു. തീയതിയും തീരുമാനിക്കപ്പെട്ടു. പക്ഷേ പെട്ടെന്ന് സുഭാഷ് സോൻകറിന്റെ ആത്മഹത്യ എല്ലാം മാറ്റിമറിച്ചു . ഏറ്റവും വലിയ ആഘാതമേറ്റത് രമേശ് ചൗധരിക്കായിരുന്നു.ഈ വാർത്ത കേട്ട് അയാൾ ദേഷ്യം കൊണ്ട് വിറച്ചു. രാകേഷിനോട് സോൻ കറിന്റെ ആത്മഹത്യയുടെ വാർത്ത പറഞ്ഞപ്പോൾ അയാൾ നിയന്ത്രണം നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു .സോൻകറിനെ ആദ്യത്തെ പരീക്ഷയിൽ തന്നെ പരാജയപ്പെടുത്തിയിരുന്നു. പ്രണവ് മിശ്രയ്ക്ക് എതിരെ പോലീസിൽ പരാതിപ്പെടാനുള്ള ദുഃസാഹസം കാട്ടി എന്നതായിരുന്നു കാരണം. ഡീനിനും മറ്റു പ്രൊഫസർമാർക്കും പരാതി കൊടുക്കാനുള്ള ചങ്കൂറ്റം കാണിച്ചതും! താൻ ചക്രവ്യൂഹത്തിൽ അകപ്പെട്ടവനാണ് എന്നു മറന്നു കൊണ്ട് അവിടെ നിന്നു പുറത്തു വരുന്നതിന് കൗരവരുടെ ഒരുപാട് സൈന്യങ്ങളോടും പല മഹാരഥന്മാരോടും ഏറ്റുമുട്ടേണ്ടതായുണ്ടായിരുന്നു. പക്ഷേ പരീക്ഷാഫലമെന്ന വ്യൂഹം ഭേദിച്ച് പുറത്തിറങ്ങാൻ അവനായില്ല. ഒരുപാട് മഹാരഥന്മാർ ചേർന്ന് നിരായുധനായ സോൻകറിനെ കൊന്നുകളഞ്ഞു .എന്നിട്ടത് ആത്മഹത്യ എന്ന് പ്രചരിപ്പിച്ചു .

ഈ വാർത്ത കേട്ടപ്പോൾ രാജേഷ് അതിഭയങ്കരമായ നിരാശയിലകപ്പെട്ടു. ഇത്രയും കുശാഗ്രബുദ്ധിയായ സോൻകർ ആത്മഹത്യ ചെയ്യുമെന്ന് അയാൾക്ക് ചിന്തിക്കാൻ കൂടി കഴിയുമായിരുന്നില്ല.ഫോണിൽ അങ്ങേയറ്റം രോഷാകുലനായ രമേശിന്റെ വാക്കുകൾ കേട്ടപ്പോൾ രാകേഷിന്റെ ആശങ്കകൾ വർദ്ധിക്കുകയാണുണ്ടായത്. അയാളുടെ വിറയ്ക്കുന്ന കൈകളിൽ അമർത്തിപ്പിടിച്ചിരുന്ന ഫോണും വഴുതിപ്പോയിരുന്നു. വളരെ കഷ്ടപ്പെട്ട് രാകേഷ് ഫോൺ ക്രാഡിലിലിട്ടു.രാകേഷ് സ്വയം നിയന്ത്രിക്കാൻ കഷ്ടപ്പെടുന്നുണ്ടായിരുന്നു . എന്നിട്ടും അയാൾക്ക് തന്നെ ഹൃദയം പൊട്ടി പോകുന്നതായി തോന്നി. അയാൾ കസേരയിലേക്ക് ഒറ്റയിരിപ്പിരുന്നു. അസ്പഷ്ടമായ വാക്കുകൾ അയാളുടെ വായിൽ നിന്ന് പുറത്തുവന്നു,' സോൻകർ നീ ഇത് എന്തിന് ചെയ്തു?' രാകേഷിന്റെ മനസ്സ് വല്ലാതെ നീറുന്നുണ്ടായിരുന്നു. ഓഫീസിലെ ജോലികളിലും മനസ്സുറയ്ക്കുന്നുണ്ടായിരുന്നില്ല. ഓഫീസിൽ നിന്ന് പുറത്തേക്കിറങ്ങാൻ ഭാവിച്ചതും ഫോൺ ബെൽ അടിച്ചു. രമേശ് ചൗധരിയുടെ ഫോൺ ആയിരുന്നു. ഉറച്ച ശബ്ദത്തിൽ അയാൾ പറയുന്നുണ്ടായിരുന്നു ,'രാകേഷ് സാർ , നാളെ പോസ്റ്റുമോർട്ടത്തിനു ശേഷം സോൻകറിന്റെ അന്തിമ സംസ്കാരം നടത്തുന്നത് മെഡിക്കൽ കോളേജിലെ പ്രധാന ഗേറ്റിനു മുന്നിലായിരിക്കും! താങ്കൾക്ക് ധൈര്യമുണ്ടെങ്കിൽ അവിടെ എത്തിച്ചേരുക....'

രമേശ് ചൗധരിയുടെ വാക്കുകളിൽ ഒളിഞ്ഞിരുന്ന പ്രതികാരത്തിന്റെ തീജ്വാല രാകേഷ് അനുഭവിച്ചറിയുന്നുണ്ടായിരുന്നു. സോൻകറിന്റെ മരണമേൽപ്പിച്ച ആഘാതത്തിൽ നിന്ന് അയാൾ മോചിതനായിട്ടുണ്ടായിരുന്നില്ല. അതിനിടയിൽ തന്നെ രമേശ് ചൗധരിയുടെ ഈ തീരുമാനം അയാളെ വീണ്ടും അസ്വസ്ഥനാക്കി. സോൻകറിന്റെ മുഖം വീണ്ടും വീണ്ടും അയാളുടെ കണ്ണുകളിലേക്ക് തെളിഞ്ഞു വന്നു കൊണ്ടിരുന്നു. തന്റെ ഉള്ളിൽ ഉരുണ്ടുകൂടിയ അസ്വസ്ഥതകളെ എത്രത്തോളം അമർത്തിവയ്ക്കാൻ അയാൾ ശ്രമിച്ചുവോ അത്ര തന്നെ തീവ്രമായി അത് പുറത്തേക്ക് വരുന്നുണ്ടായിരുന്നു. അയാൾ വീണ്ടും കസേരയിലേക്ക് ഇരുന്നു .സോൻകറിന്റെ മുഖം നെഞ്ചിൽ പിടച്ചിലുണ്ടാക്കിക്കൊണ്ടിരുന്നു. അയാൾ ഒരു ദീർഘനിശ്വാസം എടുത്തു. എന്നിട്ട് പെട്ടെന്ന് ചാടി എഴുന്നേറ്റു. സോൻകറിന്റെ അവസാന യാത്രയിൽ താൻ പങ്കെടുക്കുക മാത്രമല്ല, അവനെ തോളിലേറ്റാനും ഞാൻ മുന്നിൽ തന്നെ ഉണ്ടാകും എന്ന് അയാൾ തീരുമാനമെടുത്തു കഴിഞ്ഞിരുന്നു.

# ഏണസ്റ്റോ ചെഗുവേരയും ക്യൂബയിലെ ചെസ്സ് വിപ്ലവവും





ഡോ: വിനുഭാസ്കർ

2023 ജൂൺ14ന് കേരളത്തിലെ വിവിധ ജില്ലകളിൽ ചെസ്സ് ടൂർണമെന്റുകൾ സംഘടിപ്പിച്ചു കൊണ്ടാണ് 'ചെ' എന്നറിയപ്പെടുന്ന അനശ്വര വിപ്ലവകാരി ഏണസ്റ്റോ ചെഗുവേരയുടെ തൊണ്ണൂറ്റിയഞ്ചാം ജന്മദിനം കേരളം ആഘോഷിച്ചത്. കൊല്ലം ജില്ലയിൽ എൻ. എസ്. പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും തൃശൂർ ജില്ലയിൽ ജില്ലയിൽ സി.ഒ. പൗലോസ് മാസ്റ്റർ സ്മാരക പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും മലപ്പുറം ജില്ലയിൽ ഇ. എം. എസ്. പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും കാസറഗോഡ് ജില്ലയിൽ ഇ. എം. എസ്. പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും കോഴിക്കോട് ജില്ലയിൽ കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും നടന്ന ചെസ്സ് ടൂർണ്ണമെന്റുകൾ ജനപങ്കാളിത്തം കൊണ്ടും അനുപമമായ സംഘാടന മികവുകൊണ്ടും ശ്രദ്ധേയമായി. പ്രവേശനം സൗജന്യമായിരുന്ന ഈ പ്രൈസ് മണി ടൂർണമെന്റുകളിൽ ആയിരത്തിലധികം ചെസ്സ് കളിക്കാരാണ് പങ്കെടുത്തത്. 2023 ജൂൺ 18ന് ഞായറാഴ്ച സി.ഒ. പൗലോസ് മാസ്റ്റർ സ്മാരക പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തൃശൂർ വി.കെ.എൻ മേനോൻ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചെഗുവേര യൂത്ത് ചെസ്സ് ഫെസ്റ്റിൽ മാത്രം 500 ചെസ്സ് കളിക്കാർ പങ്കെടുത്തു. മന്ത്രിമാരായ ഡോ: ആർ. ബിന്ദു ടീച്ചറും ശ്രീ. കെ. രാധാകൃഷ്ണനും ലോകോത്തര ചെസ്സ് താരമായ മലയാളി ഗ്രാൻഡ്മാസ്റ്റർ നിഹാൽ സരിനും മുൻ ഇന്ത്യൻ ഫുട്ബോൾതാരം ഐ.എം. വിജയനും തൃശൂർ വി.കെ.എൻ മേനോൻ സ്റ്റേഡിയത്തിൽ എത്തിയത് ഈ ടൂർണമെന്റിൽ പങ്കെടുത്ത കളിക്കാർക്ക് ആവേശകരമായ അനുഭവങ്ങൾ സമ്മാനിച്ചു. ലോകമെമ്പാടുമുള്ള യുവതയുടെ നിത്യപ്രചോദനമായ അനശ്വര വിപ്ലവകാരി ഏണസ്റ്റോ ചെഗുവേരയ്ക്ക് വെറും 39 വയസ്സുള്ളപ്പോഴാണ് 1967 ഒക്ടോബർ 9 ന് ബൊളീവിയയിലെ ലാ ഹിഗ്വേരയിൽ വച്ച് സിഐഎ ഏജന്റുമാരുടെ സഹായത്തോടെ ബൊളീവിയൻ സൈന്യം പിടികൂടി വധിച്ചത്. ഫിദൽകാസ്ട്രോ, റൗൾകാസ്ട്രോ, കാമിലോ തുടങ്ങിയവരോടൊപ്പം ചേർന്ന് ക്യൂബയിലെ ഏകാധിപതിയായ ബാറ്റിസ്റ്റയുടെ അമിതാധികാര മർദകവാഴ്ചയ്ക്ക് അറുതിവരുത്തുന്നതിൽ 'ചെ' മർമ്മപ്രധാനമായ പങ്ക് വഹിച്ചിരുന്നു. ക്യൂബയിലെ സെയ്റാ മേസ്ട്രാ (Sierra

Maestra) മലനിരകളിലെ വനാന്തരങ്ങളിൽ ഒളിവിൽ താമസിച്ചുകൊണ്ടാണ് 25നും 35നും മധ്യേ പ്രായമുള്ള ഏണസ്റ്റോ ചെഗുവേരയും ഫിദൽ കാസ്ട്രോയും, റൗൾ കാസ്ട്രോയും, കാമിലോയും ക്യൂബൻ ഏകാധിപതിയായ ബാറ്റിസ്റ്റയുടെ സർക്കാരിനെതിരെ ഗറില്ലായുദ്ധം നടത്തിയത്. ചെസ്സ് പ്രേമികളായ അവർ ഇടവേളകളിൽ ചെസ്സും കളിച്ചിരുന്നുവെന്നത് ചരിത്രം. പിന്നീട് 1959ലെ ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷം ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നപ്പോൾ ക്യൂബയിൽ ചെസ്സ് ജനപ്രിയമാക്കുന്നതിന് ഏണസ്റ്റോ ചെഗുവേര മുൻകൈയെടുത്തു. 1952ൽ നിലച്ചുപോയ അനശ്വര ചെസ്സ് പ്രതിഭയായിരുന്ന കാപ്പബ്ലാങ്കയുടെ പേരിലുള്ള കാപ്പബ്ലാങ്ക മെമ്മോറിയൽ ചെസ് ടൂർണമെന്റ് പുന:സംഘടിപ്പിക്കുവാനും 1966 ലെ ഹവാന ചെസ് ഒളിമ്പ്യാഡ് അടക്കമുള്ള പ്രധാനപ്പെട്ട ചെസ്സ് മത്സരങ്ങൾ സംഘടിപ്പിക്കാനും ലോകോത്തര ചെസ്സ് താരങ്ങളെ ക്യൂബയിൽ എത്തിച്ച് പ്രദർശനമത്സരങ്ങൾ നടത്തുവാനും അവരോടൊപ്പം ചെസ്സ് കളിക്കുവാനും ഒന്നാന്തരം ചെസ്സ് ആസ്വാദകനായ ചെഗുവേരയ്ക്കു കഴിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ പുരോഗമന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഏണസ്റ്റോ ചെഗുവേരയുടെ തൊണ്ണൂറ്റിയഞ്ചാം ജന്മദിനവേളയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ ചെസ്സ് ടൂർണമെന്റുകൾ സംഘടിപ്പിച്ചത്. ഏണസ്റ്റോ ഗുവേര ലിഞ്ചിന്റെയും സെലിയ ഡി ലാസെർന വൈലോസയുടെയും മകനായി 1928 ജൂൺ 14 ന് അർജന്റീനയിലെ റൊസാരിയോയിലാണ് ഏണസ്റ്റോ ചെ ഗുവേര ജനിച്ചത്. ഇന്നും ലോകമെമ്പാടുമുള്ള ജനലക്ഷങ്ങളുടെ മനസ്സിൽ ചെഗുവേരയുടെ ചിത്രം ഇടതുപക്ഷ വിപ്ലവത്തിന്റെയും സാമ്രാജ്യത്വ വിരുദ്ധതയുടെയും പ്രതിരൂപമായി തുടരുന്നു. ഇടതുപക്ഷ ചിന്താഗതികളോടുകൂടി വളർന്നു വന്ന ചെഗുവേര വളരെ ചെറിയ കുട്ടി ആയിരിക്കുമ്പോൾ തന്നെ ലോകരാഷ്ട്രീയത്തെക്കുറിച്ച് നല്ല ആഴത്തിലുള്ള അറിവു നേടിയിരുന്നു. ചെറുപ്പത്തിൽ തന്റെ പിതാവിൽ നിന്നും ചെസ്സ് കളി പഠിച്ച അദ്ദേഹം പന്ത്രണ്ടാം വയസ്സു മുതൽ പ്രാദേശികമത്സരങ്ങളിൽ പങ്കെടുത്തു തുടങ്ങി. എന്നാൽ മുതിർന്നുവന്നതോടു കൂടി അദ്ദേഹത്തിന്റെ താല്പര്യം സാഹിത്യത്തിലേക്കു മാറി. തത്ത്വശാസ്ത്രം, കണക്ക്, രാഷ്ട്രീയം, സമൂഹ്യശാസ്ത്രം, ചരിത്രം എന്നിവയായിരുന്നു സ്കൂൾ തലത്തിൽ അദ്ദേഹത്തിന്റെ ഇഷ്ട വിഷയങ്ങൾ. 3000ത്തോളം പുസ്തകങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നു. ഇത് അദ്ദേഹത്തെ ഒരു ഉത്സാഹിയായ വായനക്കാരനാക്കി. ഈ പുസ്തകങ്ങളിലൂടെ അദ്ദേഹം കാറൽ മാർക്സിനേയും, ജൂൾസ്വെർനെയെയുമെല്ലാം മനസ്സിലാക്കി. കൂടാതെ പാബ്ലോ നെരൂദ, ജോൺ കീറ്റ്സ്, ഫെഡറികോ ഗാർസിയ, ഗബ്രിയേലാ മിസ്ത്രൽ, വാൾട്ട് വിറ്റ്മാൻ തുടങ്ങിയവരുടെ കവിതകളും അദ്ദേഹം ഇഷ്ടപ്പെട്ടു. റുഡ്യാർഡ് കിപ്ലിംഗിന്റേയും, ഹൊസെ ഹെർണാണ്ടസിന്റേയും കൃതികൾ അദ്ദേഹത്തിനു വളരെ ഇഷ്ടമായിരുന്നു. ജവഹർലാൽ നെഹ്റു, ആൽബർട്ട് കാമു, റോബർട്ട് ഫ്രോസ്റ്റ്, എച്ച്. ജി.വെൽസ് തുടങ്ങിയ പ്രമുഖരുടെ പുസ്തകങ്ങളും അദ്ദേഹം ആസ്വദിച്ചു വായിച്ചു. കുറേക്കൂടി മുതിർന്നപ്പോൾ ലത്തീൻ അമേരിക്കൻ സാഹിത്യത്തിലായി അദ്ദേഹത്തിന്റെ താല്പര്യം. അതിന്റെ ഫലമായി, ഹൊറാസിയോ ക്വിറോഗ, സിറോ അലെഗ്രിയാ, ജോർജെ ഇക്കാസ, റൂബൻ ഡാരിയോ, മിഗൽ അസ്റ്റൂരിയസ് തുടങ്ങിയവരുടെ കൃതികളും അദ്ദേഹം ഇഷ്ടപ്പെടാൻ തുടങ്ങി. ഈ എഴുത്തുകാരുടെ പല ആശയങ്ങളും അദ്ദേഹം തന്റെ നോട്ട്ബുക്കിൽ കുറിച്ചുവെക്കുമായിരുന്നു. ബുദ്ധന്റേയും അരിസ്റ്റോട്ടിലിന്റേയും ആശയങ്ങളും അദ്ദേഹത്തിന്റെ കുറിപ്പുകളിൽപ്പെടുന്നു. ബെർട്രാണ്ട് റസ്സലിന്റെ സ്നേഹത്തേയും, ദേശപ്രേമത്തേയും സംബന്ധിച്ചുള്ള ആശയങ്ങളും അദ്ദേഹത്തെ ഇക്കാലത്ത് വളരെ ആകർഷിച്ചിരുന്നു. 1948ൽ അദ്ദേഹം ബ്യൂനോസ് ഐറിസ് സർവ്വകലാശാല





ചെഗുവേരയുടെ തൊണ്ണൂറ്റിയഞ്ചാം ജന്മദിനത്തിൽ തൃശൂർ സി.ഒ. പൗലോസ് മാസ്റ്റർ സ്മാരക പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ ചെസ് ടൂർണമെന്റ്



**കൊല്ലം ജില്ലയിൽ എൻ. എസ്. പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ ചെസ് ടൂർണമെന്റ് വിജയികൾ**

യിൽ വൈദ്യശാസ്ത്രം പഠിക്കാനായി ചേർന്നു. അവിടെവെച്ച് പഴയ സുഹൃത്തായിരുന്ന ആൽബർട്ടോ ഗ്രനഡോയെ കണ്ടുമുട്ടി. ലോകത്തെ അറിയാനായി വളരെയേറെ ആഗ്രഹിച്ചിരുന്ന ഇരുവരും ചേർന്ന് 1951 ഡിസംബർ 29 ന് ഒരു മോട്ടോർ സൈക്കിളിൽ യാത്രയാരംഭിച്ചു. ഈ യാത്രയ്ക്കു വേണ്ടി അവർ അവരുടെ വൈദ്യശാസ്ത്ര പഠനക്ലാസ്സിൽ നിന്നും ഒരു വർഷത്തെ അവധി എടുത്തിരുന്നു. രണ്ടു മാസത്തിനു ശേഷം അർജന്റീന പിന്നിട്ട് അവർ ചിലിയിലെത്തി. അർജന്റീനയിലെ രണ്ടു ഡോക്ടർമാർ ചിലിയിലെത്തിയത് അവിടുത്തെ പത്രപ്രവർത്തകർ അറിഞ്ഞു. ചെഗ്ഗുവേരയുടെയും സുഹൃത്തിന്റെയും ചിത്രങ്ങൾ അവിടുത്തെ പത്രങ്ങളിൽ അച്ചടിച്ചു വന്നു. ചിലിയിലൂടെയുള്ള യാത്രയിൽ ഖനിതൊഴിലാളികളുടെ കഷ്ടപ്പാടുകൾ കണ്ട് അദ്ദേഹം ഒരുപാട് വിഷമിച്ചു. അത്രക്ക് ദുരിതം നിറഞ്ഞതായിരുന്നു അവരുടെ ജീവിതം. ഗ്രാമങ്ങളിലെ കഷ്ടതകളും ഭൂപ്രഭുക്കളുടെ പീഢനത്തിനിരയാകുന്ന കർഷകരെയും അദ്ദേഹം അവിടെ കണ്ടു. അവിടെ വെച്ച് അവർ സഞ്ചരിച്ചിരുന്ന ബൈക്ക് കേടായി. അതവിടെ ഉപേക്ഷിച്ച് യാത്ര തുടർന്നു. ഒരാഴ്ചയോളം ഒരേ നടപ്പ്. ഭക്ഷണവും വെള്ളവും കിട്ടാതെ അലഞ്ഞു തിരിഞ്ഞു. പലരോടും പണം ചോദിച്ചു. നാവികരും പോർട്ടറുമാരുമായി കപ്പലിൽ ജോലി ചെയ്തു. ഹോട്ടലുകളിലെ എച്ചിൽ പാത്രങ്ങൾ കഴുകുകയും കുറച്ചു ദിവസം ഡോക്ടറായി രോഗികളെ ചികിത്സിക്കുകയും ചെയ്തു. തുടർന്ന് ഒരു ട്രക്കിൽ കയറി പെറുവിലെത്തി. അവിടെ കുറച്ചു നാൾ ഒരു കുഷ്ഠരോഗാശുപത്രിയിൽ ജോലി ചെയ്തു. അവിടെ നിന്ന് കൊളംബിയയിലേക്ക് ഒരു ചെറിയ ചങ്ങാടത്തിൽ യാത്ര തുടർന്നു. ഇടയ്ക്കുവെച്ച് യാത്ര ചെയ്യാൻ മതിയായ രേഖകൾ ഇല്ലാത്തതിനാൽ പോലീസിന്റെ പിടിയിലുമായി. അവിടെ നിന്നും രക്ഷപെട്ട ശേഷം വെനിസ്വേലയിലേക്ക് യാത്ര തിരിച്ചു. അവിടെ എത്തിയ ശേഷം ഗ്രനഡോ അവിടെ തങ്ങി. എന്നാൽ ചെ അവിടെ നിന്നും കുതിരകളെ കൊണ്ട് പോകുന്ന ഒരു വിമാനത്തിൽ കയറി മിയാമിയിൽ ഇറങ്ങി. ഒരു മാസം അവിടെ താമസിച്ച ശേഷം തിരികെ വീട്ടിലെത്തി. ലാറ്റിനമേരിക്കയുടെ സാമ്പത്തിക അരക്ഷിതാവസ്ഥയെയും ജനങ്ങളുടെ ജീവിതത്തെയും അടുത്തറിയാൻ ഈ യാത്രകൾ അദ്ദേഹത്തെ സഹായിച്ചു. തുടർന്ന് പുനരാരംഭിച്ച വൈദ്യശാസ്ത്രപഠനം 1953ൽ പൂർത്തിയാക്കിയതോടെ അദ്ദേഹം 'ഡോക്ടർ ഏണസ്റ്റോ ചെഗുവേര' ആയി മാറി. ലാറ്റിനമേരിക്കൻ യാത്രകളിൽ നിന്ന് ദാരിദ്ര്യത്തേയും, പട്ടിണിയേയും, രോഗപീഢകളേയും കുറിച്ചു ലഭിച്ച അറിവുകൾ ഇത്തരം ദുരനുഭവങ്ങളിൽ നിന്നും ലോകത്തെ മോചിപ്പിക്കണം എന്ന തോന്നൽ അദ്ദേഹത്തിൽ ഉളവാക്കി. 1953 ജൂലൈ ഏഴിനു അദ്ദേഹം പുതിയ ഒരു ദൗത്യവുമായി ബൊളീവിയ, പെറു, ഇക്വഡോർ, പനാമ, കോസ്റ്ററിക്ക, നിക്കരാഗ്വ, ഹോണ്ടുറാസ്, എൽസാവ്ദോർ എന്നീ രാജ്യങ്ങളെ ലക്ഷ്യമാക്കി പുറപ്പെട്ടു. ബൊളീവിയൻ തലസ്ഥാനമായ ലാപാസിയിൽ ഇറങ്ങി അദ്ദേഹം പെറു, പനാമ, കോസ്റ്ററിക, ഇക്വഡോർ എന്നിവ ചുറ്റി നടന്നു കണ്ടു. ഇക്വഡോറിൽ വെച്ച് റിക്കാർദോ റോയോ എന്ന വക്കീലിനെ പരിചയപ്പെട്ടു. റിക്കാർദോ ഗ്വാട്ടിമലയെ കുറിച്ച് ചെഗുവേരയോട് പറഞ്ഞു. ചെഗുവേര ഗ്വാട്ടിമലയിലേക്ക് യാത്ര തിരിച്ചു. 1953 ജൂലൈ ഇരുപത്താറിൽ ക്യൂബയിൽ നടന്ന മൊങ്കാട ബാരക്ക് ആക്രമണവുമായി ബന്ധപ്പെട്ട് ഫിഡൽ കാസ്ട്രോയുമായി അടുത്ത ബന്ധമുള്ള ചിലരുമായി പരിചയപ്പെടാൻ ചെഗുവേരക്ക് സാധിച്ചു. ഈ കാലഘട്ടത്തിലാണ് ചെ എന്ന തന്റെ ചുരുക്കപ്പേര് അദ്ദേഹം സ്വീകരിക്കുന്നത്. ചെ എന്നാൽ സഹോദരൻ എന്നാണർത്ഥം. 1955ൽ മെക്സിക്കോയിൽ വച്ച് ക്യൂബൻ വിപ്ലവ നേതാവ് ഫിഡൽ കാസ്ട്രോയെയും സഹോദരൻ റൗൾ കാസ്ട്രോയെയും പരിചയപ്പെടുകയും അങ്ങനെ ക്യൂബയിലെ ബാറ്റിസ്റ്റ സർക്കാരിനെ അട്ടിമറിക്കാനുള്ള ഫിഡൽ കാസ്ട്രോയുടെ ശ്രമങ്ങളുടെ ഭാഗമായി ചെഗുവേര മാറുകയും ചെയ്തു. ചെഗുവേര കാസ്ട്രോയുടെ സൈനിക ഉപദേഷ്ടാവായി സേവന മനുഷ്ഠിക്കുകയും ബാറ്റിസ്റ്റസേനയ്ക്കെതിരായ ഗറില്ലാ യുദ്ധങ്ങളിൽ കാസ്ട്രോയുടെ സൈനികരെ നയിക്കുകയും ചെയ്തു. 1958ന്റെ അവസാനത്തിൽ ലാ മെർസിഡസ് യുദ്ധത്തിൽ ചെ വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചിരുന്നു. ഫിഡലിന്റെ സൈന്യത്തെ തകർക്കാനുള്ള ബാറ്റിസ്റ്റയുടേയും, അമേരിക്കയുടേയും ശ്രമത്തെ അദ്ദേഹം പരാജയപ്പെടുത്തിക്കളഞ്ഞു. അപ്പോഴേക്കും ചെ ഗറില്ലയുദ്ധമുറയിൽ നിപുണനായി മാറിയിരുന്നു. യുദ്ധം മുറുകിയതോടെ ചെ ഒരു പ്രത്യേക സൈന്യവുമായി ഹവാന ലക്ഷ്യമാക്കി നീങ്ങിത്തുടങ്ങി. ഏതാണ്ട് ഏഴു ആഴ്ചയോളം നീണ്ട കാൽനടയായി മാത്രമുള്ള ഒരു യാത്രയായിരുന്നു അത്. ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാനായി രാത്രി മാത്രമാണ് ആ സംഘം സഞ്ചരിച്ചിരുന്നത്. ആ യാത്രയിൽ പലപ്പോഴും ഭക്ഷണം പോലുമില്ലായിരുന്നു. 1958 ഡിസംബറിന്റെ അവസാന നാളുകളിൽ ലാസ് വില്ലാസ് പ്രദേശം കീഴടക്കുക വഴി ദ്വീപിനെ രണ്ടാക്കി വിഭജിക്കാം എന്നുള്ളതായിരുന്നു സൈന്യത്തിന്റെ ലക്ഷ്യം. ഈ യാത്രയിൽ വളരെ പ്രധാനപ്പെട്ട പല വിജയങ്ങളും നേടിയെങ്കിലും സാന്താക്ലാര എന്ന ലക്ഷ്യത്തിലേക്കെത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവരുടെ അവസാന ലക്ഷ്യം സാന്താക്ലാര ആയിരുന്നു. അവസാനം ചെ സാന്താക്ലാര ആക്രമിക്കാനായി തന്റെ ആത്മഹത്യാ സംഘത്തെ തയ്യാറാക്കി. ഇത് തന്റെ ലക്ഷ്യത്തിലേക്കുള്ള അവസാന തയ്യാറെടുപ്പാണെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. ഈ അവസാന യുദ്ധത്തിൽ



**തൃശ്ശൂർ ജില്ലയിലെ വിജയികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിനൊപ്പം**

ചെ യുടെ സൈന്യം പല തവണ ശത്രുസൈന്യത്താൽ വളയപ്പെട്ടു. 1958 ഡിസംബർ 31ന് ചെ യുടെ സൈന്യം സാന്താക്ലാര പിടിച്ചടക്കി. 1959 ജനുവരി 1ന് ബാറ്റിസ്റ്റ ഡൊമിനിക്കൻ റിപ്പബ്ലിക്കിലേക്ക് വിമാനമാർഗ്ഗം കടന്നു കളഞ്ഞു. ജനുവരി രണ്ടാം തീയതി ചെ , ഹവാന നഗരത്തിൽ കടന്നുകൊണ്ട് തലസ്ഥാനത്തിന്റെ പൂർണ്ണനിയന്ത്രണം ഏറ്റെടുത്തു. 1959ൽ ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷം കാസ്ട്രോ അധികാരമേറ്റപ്പോൾ ചെഗുവേര ക്യൂബയിലെ ലാ കാബാന കോട്ടയിലെ പ്രധാന ജയിലിന്റെ ചുമതല വഹിച്ചു. പിന്നീട് ചെഗുവേര ക്യൂബൻ ദേശീയ ബാങ്കിന്റെ പ്രസിഡന്റായി. ക്യൂബയുടെ വ്യാപാര ബന്ധം അമേരിക്കയിൽ നിന്ന് വിച്ഛേദിച്ചു സോവിയറ്റ് യൂണിയനിലേക്ക് മാറ്റാൻ അദ്ദേഹം വലിയ പങ്ക് വഹിച്ചു. 1964 ഡിസംബർ 11 ന് ഐക്യരാഷ്ട്ര പൊതുസഭയെ അഭിസംബോധന ചെയ്തു സംസാരിച്ച ചെഗുവേര പ്യൂട്ടോറിക്കോയിലെ കഷ്ടപ്പെടുന്ന ജനങ്ങൾക്കും പിന്തുണ അറിയിച്ചു. ഒരു വർഷത്തിനുശേഷം അദ്ദേഹത്തെ വ്യവസായ മന്ത്രിയായി നിയമിച്ചു. ക്യൂബയുടെ വിപ്ലവത്തിന്റെ ആശയങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി 1965 ൽ ചെഗുവേര ഈ സ്ഥാനം ഉപേക്ഷിച്ചു. 1966ൽ ബൊളീവിയയിലെ അടിച്ചമർത്തപ്പെട്ട ജനങ്ങളെ അണിനിരത്തി അവിടുത്തെ സർക്കാരിനെതിരെ വിപ്ലവസമരം നടത്താൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല. വിപ്ലവകാരികളുടെ ഗറില്ലാസേനയുടെ നേതൃത്വം വഹിച്ച് ബൊളീവിയയിലെ അടിച്ചമർത്തപ്പെട്ട ജനതയുടെ വിമോചനത്തിനായി ധീരമായി പോരാടിയ അദ്ദേഹത്തെ 1967 ഒക്ടോബർ 9 ന് ലാ ഹിഗ്വേരയിൽ വച്ച് സിഐഎ ഏജന്റുമാരുടെ സഹായത്തോടെ ബൊളീവിയൻ സൈന്യം പിടികൂടി വധിച്ചു. അദ്ദേഹത്തിന്റെ ധീരരക്തസാക്ഷിത്വത്തിനുശേഷം ചെഗുവേര ഒരു ഇതിഹാസ രാഷ്ട്രീയ വ്യക്തിത്വമായി മാറി. അദ്ദേഹത്തിന്റെ പേര് ഇന്നും വിപ്ലവം, സോഷ്യലിസം എന്നിവയുടെ പ്രതീകമാണ്. മോട്ടോർസൈക്കിൾ ഡയറീസ് (2004) ഉൾപ്പെടെ നിരവധി പുസ്തകങ്ങളിലും സിനിമകളിലും അദ്ദേഹത്തിന്റെ ജീവിതം ചിത്രീകരിക്കുകയും ചെയ്തു. എന്നാൽ ചെഗുവേര നല്ലൊരു ചെസ്സ് കളിക്കാരനും വലിയൊരു ചെസ്സ് ആസ്വാദകനുമാണെന്ന വസ്തുത അധികമാർക്കും അറിയില്ല. ചെഗുവേര കുട്ടിക്കാലത്ത് പിതാവിൽ നിന്ന് ചെസ്സ്കളി പഠിക്കുകയും 12 വയസ്സുമുതൽ വിവിധ പ്രാദേശിക ചെസ്സ് ടൂർണമെന്റുകളിൽ പങ്കെടുക്കുകയും ചെയ്തു. 1948ൽ മെഡിസിൻ പഠിക്കാൻ ബ്യൂണസ് അയേഴ്സ് സർവകലാശാലയിൽ പ്രവേശിച്ചതോടെ ചെസ്സ് കളിക്ക് താൽക്കാലിക വിരാമമായി. പിന്നീട് 1959ലെ ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷം ഫിഡെൽ കാസ്ട്രോ അധികാരത്തിലെത്തിയതോടെ ചെഗുവേരയുടെ ചെസ്സിനോടുള്ള താൽപ്പര്യം വീണ്ടും സജീവമായി. 1962ൽ ക്യൂബൻ നാഷണൽ ബാങ്ക് ഡയറക്ടറും വ്യവസായ മന്ത്രിയുമായിരിക്കെ, ബാറ്റിസ്റ്റാ ഭരണകാലത്ത് 1952ൽ നിലച്ചുപോയ കാപ്പബ്ലാങ്ക മെമ്മോറിയൽ ചെസ് ടൂർണമെന്റിന്റെ പുനരുജ്ജീവനത്തിന് അദ്ദേഹം നേതൃത്വം വഹിച്ചു. അനശ്വര ചെസ്സ് പ്രതിഭയായിരുന്ന കാപ്പബ്ലാങ്കയുടെ പേരിലുള്ള കാപ്പബ്ലാങ്ക മെമ്മോറിയൽ ചെസ് ടൂർണമെന്റ് ചെഗുവേര പുന:സംഘടിപ്പിച്ചു. ലോകത്തിലെ ഏറ്റവും മികച്ച കളിക്കാർ പങ്കെടുത്ത അക്കാലത്തെ ഏറ്റവും വലിയ സമ്മാനതുകയുള്ള ചെസ്സ് ടൂർണമെന്റായി ഇതുമാറി. 1966 ൽ ഹവാന ചെസ് ഒളിമ്പ്യാഡും മറ്റ് പ്രധാന ചെസ്സ് മത്സരങ്ങളും സംഘടിപ്പിക്കാനും ഒന്നാന്തരം ചെസ്സ് ആസ്വാദകനായ ചെഗുവേരയ്ക്കു കഴിഞ്ഞു. 1962 ൽ ലോകത്തെ ഏറ്റവും മികച്ച ചെസ്സ് കളിക്കാരിൽ ഒരാളായ ഗ്രാൻഡ്മാസ്റ്റർ മിഖായേൽ നജ്ഡോർഫിനെതിരെ ചെസ്സ് കളിക്കുവാനും ചെഗുവേരക്ക് അവസരം ലഭിച്ചു. 1963ൽ ചെസ്സിന്റെ പ്രചരണത്തിനായി ലോകോത്തര ചെസ്സ് കളിക്കാരായ ഗ്രാൻഡ്മാസ്റ്റർ മിഖായേൽ താളും ഗ്രാൻഡ്മാസ്റ്റർ വിക്ടർ കോർച്ചുനോയിയും ക്യൂബയിൽ സൈമൾട്ടേനിയസ് ചെസ്സ്പ്രദർശന മൽസരം കളിച്ചു. ഒരു കളിക്കാരൻ തന്നെ ഒരേ സമയം ഒട്ടനവധി കളിക്കാരോട് ഏറ്റുമുട്ടുന്നതാണ് സൈമൾട്ടേനിയസ് ചെസ്സ്. വിക്ടർ കോർച്ചുനോയിക്കെതിരെ അന്നു സൈമൾട്ടേനിയസ് ചെസ്സ് പ്രദർശന മൽസരം കളിച്ച പ്രാദേശിക ചെസ്സ് കളിക്കാരിൽ ചെഗുവേരയും ഉൾപ്പെട്ടിരുന്നു. ഈ മൽസരം നിയന്ത്രിച്ചിരുന്ന ഒരു ഒഫീഷ്യൽ കോർച്ചുനോയിയെ സമീപിച്ച് പറഞ്ഞു ചെഗുവേര ചെസ്സിനെ വളരെ ആവേശത്തോടെ സ്നേഹിക്കുന്നയാളാണ്. പക്ഷേ അദ്ദേഹം വളരെ ദുർബലനായ ഒരു ചെസ്സ് കളിക്കാരനാണ്. താങ്കൾക്കെതിരായ മൽസരത്തിൽ അദ്ദേഹത്തിന് ഒരു സമനില നൽകിയാൽ നന്നായിരുന്നു. കോർച്ചുനോയ് സമ്മതിച്ചതുപോലെ തലകുലുക്കി. പിന്നീട് ഹോട്ടലിൽ വച്ച് കണ്ടപ്പോൾ ഇന്നത്തെ കളി എങ്ങനെയുണ്ടായിരുന്നുവെന്ന് മിഖായേൽ താൾ ചോദിച്ചപ്പോൾ ഞാൻ എല്ലാ കളിയും ജയിച്ചുവെന്ന് കോർച്ചുനോയ് മറുപടി നൽകി. ചെഗുവേരയ്ക്കെതിരെയും ജയിച്ചോയെന്ന് താൾ വീണ്ടു ചോദിച്ചു. അതും ഞാൻ തന്നെ ജയിച്ചു. കറ്റാലൻ ഓപ്പണിംഗിനെതിരെ എന്തുചെയ്യണമെന്ന് അദ്ദേഹത്തിനറിയില്ല എന്ന് കോർച്ചുനോയ് മറുപടി പറഞ്ഞു. ക്യൂബയിൽ ചെസ്സ് ജനപ്രിയമാക്കുന്നതിന് ചെഗുവേര മുൻകൈയെടുത്തു. ഇന്ന് ക്യൂബയിൽ ഏറ്റവും കൂടുതൽ ആളുകൾ കളിക്കുന്ന സ്പോർട്സ് ഇനങ്ങളിൽ ഒന്നാണ് ചെസ്സ്. ഇതിന് കാരണം ഫിഡൽ കാസ്ട്രോയും ചെഗുവേരയും നൽകിയ പിന്തുണയാണ്. ചെസ്സ് ചരിത്രത്തിലെ ഏറ്റവും വലിയ ടൂർണമെന്റുകളിലൊന്ന് 13,000 ബോർഡുകളിലായി ക്യൂബയിലെ ഏണസ്റ്റോ ചെഗുവേര പ്ലാസയിൽ 2004 ഏപ്രിൽ 29ന് നടന്നു. അതിൽ ക്യൂബൻ കമാൻഡർ ഇൻ ചീഫ് ഫിഡൽ കാസ്ട്രോയും പങ്കെടുത്തു. ക്യൂബയിൽ ചെസ്സ് കളിക്ക് പ്രോത്സാഹനം നൽകുവാൻ ആ മഹാ വിപ്ലവകാരി നടത്തിയ ശ്രമങ്ങൾ നമ്മുടെ നാട്ടിലെ ജനങ്ങളിലും എത്തിക്കുവാൻ ഈ ലേഖനത്തിലൂടെ ഒരു ശ്രമം നടത്തുകയാണ്.




# മണിപ്പൂർ

# തലകുനിക്കുന്ന ഇന്ത്യ



ഡോ. ഷീബാദിവാകരൻ

ഒരേ പ്രദേശത്തു ജീവിക്കുന്ന വ്യത്യസ്ത വിഭാഗക്കാർ മാനസികമായി കാതങ്ങളോളം അകന്നുജീവിക്കുന്നത് എന്തുകൊണ്ടായിരിക്കാം? ഇനിയൊരിക്കലും ഒന്നിച്ചു ജീവിക്കാൻ പറ്റില്ലെന്ന് ഉറച്ച തീരുമാനത്തിലെത്തുന്നത് എന്തുകൊണ്ടായിരിക്കാം? തങ്ങൾ ജീവിക്കുന്ന സംസ്ഥാനത്തെ വിഭജിക്കണമെന്നും ഓരോ വിഭാഗത്തിനും പ്രത്യേകഭരണസംവിധാനം വേണമെന്നും ചിന്തിക്കുന്ന അവസ്ഥയിലേക്ക് ഒരു ജനത മാറിയതെന്തുകൊണ്ടാവും? മണിപ്പൂർ എന്നു കേൾക്കുമ്പോൾ ഇത്തരം കുറേ ചോദ്യങ്ങളാണ് മനസ്സിലേക്കു വരിക.

ഏതാണ്ട് ഒട്ടുമുക്കാലും കത്തിയെരിഞ്ഞ മണിപ്പൂരിലെ ജനതയിൽ, ഒടുവിലത്തെ കണക്കനുസരിച്ച്, അമ്പതിനായിരത്തോളം പേർ ദുരിതാശ്വാസക്യാമ്പുകളിലാണ്. ആയിരക്കണക്കിന് വീടുകളാണവിടെ തകർന്നുവീണത്. അവിടെ നടമാടുന്ന കൊടുംക്രൂരതകളുടെ വാർത്ത പുറത്തേക്കറിയാൻ ഇന്റർനെറ്റ് സൌകര്യം പോലും അവിടെ പ്രവർത്തിക്കുന്നില്ല. കൂട്ടനിലവിളികളുടെ മുഴക്കങ്ങൾക്കുപോലും ഉണർത്താനാവാത്ത വിധം സൌണ്ട് സ്ലീപ്പിലാണ് ആ സംസ്ഥാനത്തിലെയും കേന്ദ്രത്തിലെയും സർക്കാരുകൾ.

### മണിപ്പൂർ: ചരിത്രവും യാഥാർഥ്യവും

ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശത്തു സ്ഥിതിചെയ്യുന്ന വൈവിധ്യങ്ങൾ നിറഞ്ഞ ഒരു കൊച്ചുസംസ്ഥാനമാണ് മണിപ്പൂർ. ഭൂവിസ്തൃതിയുടെ 90ശതമാനവും മലമ്പ്രദേശങ്ങളാണ് അവിടെ. ബാക്കി 10 ശതമാനംവരുന്ന സമതലപ്രദേശത്താണ് ഇംഫാലുൾപ്പെടെ അവിടുത്തെ പ്രധാന നഗരങ്ങളെല്ലാം. ഈ പ്രദേശങ്ങളിലാണ് 65 ശതമാനം ജനങ്ങളും താമസിക്കുന്നത്. 35 ശതമാനം ജനങ്ങൾ മാത്രമാണ് കുന്നിൻപ്രദേശങ്ങളിൽ അധിവസിക്കുന്നത്. എസ്. ടി വിഭാഗത്തിൽപ്പെട്ട നാഗ, കുക്കി, സോമി വിഭാഗക്കാരുടെ അധിവാസമേഖല പ്രധാനമായും കാടിനോടുചേർന്ന കുന്നിൻപുറങ്ങളും മെയ്തെയ്കളുടെത് താഴ്വാരങ്ങളുമാണ്. മെയ്തെയ് വിഭാഗത്തിലുള്ളവരാണ് 53 ശതമാനവും. അതിനാൽ അവരാണവിടെ പ്രബലശക്തി എന്നു പറയാം. പരമ്പരാഗതമായി അധി

കാരം കൈയാളിയിരുന്ന വിഭാഗമാണവർ. ട്രൈബൽ കമ്യൂണിറ്റിയിൽപ്പെട്ടവരും ക്രൈസ്തവരും മുസ്ലീങ്ങളുമൊക്കെ ഈ വിഭാഗത്തിലുണ്ട്. മെയ്തെയ് ഭാഷയാണ് (മണിപ്പൂരി) അവർ സംസാരിക്കുന്നത്. ബാക്കി വരുന്ന 47 ശതമാനം ജനവിഭാഗങ്ങളും വ്യത്യസ്ത ഗോത്രഭാഷകൾ സംസാരിക്കുന്ന വിവിധ ഗോത്രവിഭാഗങ്ങളിൽ പെടുന്നവരാണ്.

1949ലാണ് മണിപ്പൂർ ഇന്ത്യയുടെ ഭാഗമായത്. 1956 ൽ ഇത് കേന്ദ്രഭരണപ്രദേശമായി. 1972 ൽ മണിപ്പൂരിന് പൂർണമായ സംസ്ഥാനപദവി കിട്ടി. ഭരണഘടനയുടെ 371 സി വകുപ്പ് മണിപ്പൂരിന് സവിശേഷമായ പരിഗണനകൾ നൽകുന്നുണ്ട്. നിയമസഭയിൽ 60 സീറ്റുകളിൽ 40 സീറ്റുകളിലും മെയ്തെയ് വിഭാഗക്കാരാണുള്ളത്. 20 സീറ്റുകളിൽ മാത്രമാണ് ട്രൈബൽ വിഭാഗങ്ങളുടെ ജനപ്രതിനിധികൾ വരുന്നത്. ആർട്ടിക്കിൾ 371സിയിലൂടെയാണ് ഈ ഇരുകൂട്ടർക്കുമിടയിൽ അധികാരം ക്രമീകരിക്കപ്പെടുന്നത്. ഗോത്രജനത താമസിക്കുന്ന സ്ഥലങ്ങളെ 371സി സംരക്ഷിക്കുന്നതിനാൽ അവിടങ്ങളിലേക്ക് ചെന്നെത്തി ബിസിനസ് ചെയ്യാനോ സ്ഥലം പണം കൊടുത്ത് വാങ്ങിക്കാനോ അവരുടെ അവകാശങ്ങളിൽ കൈകടത്താനോ ഒന്നും മെയ്തെയ് വിഭാഗങ്ങൾക്ക് സാധിക്കുമായിരുന്നില്ല. മെയ്തെയ് വിഭാഗം കുന്നിൽ പുറങ്ങളിലേക്ക് അധിനിവേശം നടത്താൻ ശ്രമിച്ചതിന്റെ പ്രകടമായ തെളിവുകൾ ചരിത്രം അവശേഷിപ്പിച്ചിട്ടുണ്ട്. സംരക്ഷിതവനങ്ങളിൽ താമസിക്കുന്ന ഗോത്രജനതയെ ആ പ്രദേശങ്ങളിൽ നിന്ന് കുടിയൊഴിക്കുന്നതിനായി വനസംരക്ഷണനിയമം കൊണ്ടുവന്നത് അതിന് തെളിവാണ്. 2023 ഫെബ്രുവരി 20 ന് മണിപ്പൂരിലെ ചുരാചന്ദ്പൂർ എന്ന ജില്ലയിലെ സൊങ്ജാങ് എന്ന കൊച്ചു ഗ്രാമത്തിലേക്ക് പോലീസും വനംവകുപ്പ് ഉദ്യോഗസ്ഥരും ബുൾഡോസറുകളുമുൾപ്പെട്ട ഒരു പടയെത്തി അവിടെ താമസിച്ചിരുന്ന 16 കുടുംബങ്ങളുടെ വീടുകൾ തകർക്കുകയും വീട്ടുസാധനങ്ങൾ നശിപ്പിക്കുകയും ചെയ്തു. അന്ന് അവരെ കുടിയിറക്കിയത് സംരക്ഷിത വനഭൂമി കൈയേറിയാണ് താമസിക്കുന്നത് എന്നുപറഞ്ഞുകൊണ്ടായിരുന്നു. അവർ ആരാധന നടത്തിയിരുന്ന ക്രിസ്ത്യൻ പള്ളികളും അന്ന് തകർക്കപ്പെട്ടു. ഇത്തരം പ്രശ്നങ്ങളെത്തുടർന്ന് കുക്കി വിഭാഗക്കാർ വലിയ പ്രതിഷേധമുയർത്തി. അവർ പ്രതിഷേധമാർച്ചുകൾ സംഘടിപ്പിച്ചു. മാർച്ച് പലയിടത്തും അക്രമാസക്തമായി . തങ്ങൾ ന്യൂനപക്ഷമാണ് എന്നതിനാൽ വേട്ടയാടപ്പെടാൻ സാധ്യതമുണ്ടെന്ന ബോധ്യത്തിൽനിന്നുള്ള ഭയം കാരണം അവർ ആവും മട്ടിൽ പ്രതിഷേധിക്കുകയുണ്ടായി. ഭൂരിപക്ഷജനതയായ മെയ്തെയ് വിഭാഗത്തിന്റെ പ്രതിനിധിയാണ് മുഖ്യമന്ത്രി എൻ. ബീരേൻസിങ്ങ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിൽനിന്ന് തങ്ങൾക്ക് നീതി കിട്ടില്ലെന്ന് കുക്കികൾ ഉറച്ചു വിശ്വസിക്കുന്നു.

സമീപരാജ്യങ്ങളായ മ്യാൻമറിൽ നിന്നും ബംഗ്ലാദേശിൽ നിന്നും കുക്കി വിഭാഗക്കാർ മണിപ്പൂരിലേക്ക് കുടിയേറുന്നുവെന്നും അവർ പുതിയ ഗ്രാമങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നുമുള്ള ആരോപണവും മുഖ്യമന്ത്രിയുൾപ്പെടെ ഉന്നയിക്കുന്നുണ്ട്. കുക്കികൾ സംരക്ഷിത വനഭൂമി കൈയേറുന്നുവെന്നും പോപ്പി കൃഷി ചെയ്ത് മയക്കുമരുന്നുൽപ്പാദനം നടത്തുന്നുവെന്നും അനധികൃത കുടിയേറ്റത്തിലൂടെ ജനസംഖ്യ വർധിപ്പിക്കുന്നു എന്നുമൊക്കെ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. മണിപ്പൂരിൽ എൻ. ആർ. സി (National Register of Citizens) നടപ്പിലാക്കി കുടിയേറ്റക്കാരെ തിരിച്ചറിയണമെന്ന് മെയ്തെയ്, ലിപ്പൂൺ ഉൾപ്പെടെയുള്ള തീവ്രസംഘടനകൾ ആവശ്യപ്പെടുന്നുമുണ്ട്. മുഖ്യമന്ത്രി എൻ. ബീരേൻസിങ്ങും കുക്കികൾക്കെതിരെയുള്ള ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വിശ്വസിക്കുകയും ഒഴിപ്പിക്കൽ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. മെയ്തെയ്കളെ സഹായിക്കുന്നതരം പക്ഷപാതപരമായ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി ബീരേൻസിങ്ങിന്റെ ഭാഗത്തുനിന്നുണ്ടാവുന്നതുകൊണ്ടുതന്നെയാണ് അദ്ദേഹമുള്ള സമാധാനകമ്മറ്റിയിൽ വിശ്വാസമില്ലെന്ന് കുക്കികൾ നലപാടെടുത്തത്. അൻപതുവർഷം പഴക്കമുള്ള ഗ്രാമങ്ങൾപോലും അനധികൃതകുടിയേറ്റത്തിന്റെ പേരിൽ ഒഴിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന ആരോപണം കുക്കികൾ ഉന്നയിക്കുന്നുണ്ട്. നിയമാനുസാരമല്ലാതെ ആരെങ്കിലും എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അവരെയാണ് ശിക്ഷിക്കേണ്ടതെന്നും അല്ലാതെ മൊത്തം കുക്കികളെയുമല്ല എന്നും കുക്കി സംഘടനകൾ പ്രതികരിക്കുന്നു. ഒരു വനിത ഗവർണർപദവിയിലിരിക്കുന്ന സംസ്ഥാനത്താണ് കുറ്റവാളികളല്ലാത്ത സ്ത്രീകൾ കായികമായും ലൈംഗികമായും ആക്രമിക്കപ്പെടുന്നത്. ഒരു ഗോത്രവനിത പ്രഥമപൌരയായ രാജ്യത്താണ്, ഗോത്രജനത അങ്ങേയറ്റം അക്രമിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നത്.

മാർച്ച് 27ന് മണിപ്പൂർ ഹൈക്കോടതി പുറപ്പെടുവിച്ച ഒരു വിധിയെത്തുടർന്നാണ് അവിടെ ക്രമസമാധാനം പാടേ തകരുന്ന സംഭവവികാസങ്ങൾ ഉണ്ടാവുന്നത്. മെയ്തെയ് വിഭാഗത്തിന് പട്ടികവർഗപദവി നൽകുന്നകാര്യം പരിഗണിക്കണമെന്നും നാലാഴ്ചക്കകം കേന്ദ്രസർക്കാറിന് റിപ്പോർട്ട് നൽകണമെന്നുമുള്ള മണിപ്പൂർ ഹൈക്കോടതിയുടെ സിംഗിൾബഞ്ച് ഉത്തരവാണ് ഏറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിത്തീർത്തത്. പാർലമെന്റിനെ മറികടന്നുകൊണ്ട് ഇത്തരമൊരു ഉത്തരവിറക്കാനുള്ള അവകാശം കോടതികൾക്കില്ല എന്നതാണ് യാഥാർഥ്യമെങ്കിലും ആ സംസ്ഥാനമാകെ നാശംവിതയ്ക്കാൻ അതു കാരണമായി. തങ്ങളുടെ അർഹതപ്പെട്ട സംവരണം അട്ടിമറിക്കപ്പെടുമെന്നും തൊഴിൽലഭ്യതയെ അത് ബാധിക്കുമെന്നും ഭൂമി അന്യാധീനപ്പെടുമെന്നുമൊക്കെ ആദിവാസികൾ ഭയന്നു. ആ ഭയം പ്രതിഷേധമായി അലയടിച്ചു. തുടർന്ന് അവർ നടത്തിയ സമാധാനറാലികളിൽപ്പോലും തോക്കുകളും മറ്റ് ആയുധങ്ങളുമുണ്ടായിരുന്നു. അക്രമികളായ കുക്കികളും മെയ്തെയ്കളും സായുധരായിരുന്നു എന്നത് വൻവിപത്തിന് കാരണമായിത്തീർന്നു.

**ഇരകളാക്കപ്പെടുന്ന കുക്കികൾ**

ഒരേ സംസ്ഥാനത്ത് ജനിച്ചുവളർന്നവർ കാണുമ്പോൾ തമ്മിൽത്തല്ലുന്നതെന്തിനാണ്? അടുത്തടുത്തു താമസിക്കുകയും പരസ്പരം കാണുകയും ചെയ്യുന്ന ഇവർക്കിടയിൽ കളിതമാശകളോ സംവാദങ്ങളോ പ്രണയം പോലുമോ തോന്നാത്തതെന്താണ്? മുഖാമുഖം ഒരാളെ കാണുമ്പോൾ പിറന്ന വംശം നോക്കിമാത്രം ചിരിക്കാൻ തോന്നിക്കുന്ന പാകത്തിൽ മണിപ്പൂർജനത മാറിയതെങ്ങനെയാണ്? അവിടുത്തെ ഭൂരിപക്ഷജനത ന്യൂനപക്ഷജനതയെ നിരന്തരം വേട്ടയാടുന്നതെന്തിനാണ്? ഇതെല്ലാം കണ്ടിട്ടും ഉത്തരവാദപ്പെട്ടവർ മിണ്ടാത്തതെന്താണ്?

ഇവയുടെ ഉത്തരം ചികയുമ്പോഴാണ് അവിടുത്തെ ഭരണവർഗത്തിന്റെ രഹസ്യ അജണ്ട ബോധ്യപ്പെടുക.

കുക്കികളിൽ പല ഉപവിഭാഗങ്ങളുമുണ്ടെങ്കിലും അവർ പൊതുവേ ക്രിസ്ത്യൻ മതാചാരം പിന്തുടരുന്നവരാണ്. മെയ്തെയ്കളിലെ മഹാഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികളാണ്. കുത്തിവെയ്ക്കപ്പെട്ട മതവിദ്വേഷമാണ് ഇവിടെ പ്രവർത്തിക്കുന്ന ഒരു ഘടകമെന്നത് വളരെ പ്രകടം. ക്രിസ്ത്യൻ ആരാധനാലയങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെട്ടതും ഇതിനു തെളിവാണ്. കുക്കി, മെയ്തെയ് വിഭാഗങ്ങൾക്കിടയിൽത്തന്നെ അഭിപ്രായ വ്യത്യാസങ്ങളും ശത്രുതയും നിലനിൽക്കുന്നു. മെയ്തെയ് ക്രിസ്ത്യാനികളുടെ പള്ളികൾ മെയ്തെയ്കളിലെത്തന്നെ ഇതരവിഭാഗങ്ങൾ പൊളിച്ച് കത്തിച്ചത് ഇതിന് തെളിവാണ്. ഇത്തരത്തിൽ അവിടെ അനുദിനം സാമുദായിക സ്പർദ്ദ വർധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ഭിന്നിപ്പിനെ ഭരണാധികാരികൾ അകമറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ്. തമ്മിലടിച്ചും കൊന്നും ന്യൂനപക്ഷവിഭാഗമായ കുക്കികൾ വേരറ്റുപോകുമെങ്കിൽ അതു സംഭവിക്കട്ടെ എന്ന മട്ടിലുള്ള കാത്തിരിപ്പിലാണ്, അവർ. അതുകൊണ്ടാണ് ഹിന്ദുത്വഭരണകൂടത്തിന്റെ സ്പോൺസേർഡ് കലാപമായി ഇത് വിലയിരുത്തപ്പെടുന്നത്. ന്യൂനപക്ഷജനതക്കിടയിൽ പലമട്ടിൽ വിഭജനമുണ്ടാക്കി തങ്ങൾക്കനുകൂലമായ രീതിയിൽ ഭൂരിപക്ഷ ഏകീകരണം സാധിച്ചെടുക്കുകയാണ് ഭരണവർഗത്തിന്റെ രാഷ്ട്രീയതന്ത്രം.

കുക്കിവിഭാഗത്തിലെ സ്ത്രീകൾ കടുത്ത മാനഹത്യ നേരിടുന്നുവെന്ന് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നുണ്ട്. മെയ്തെയ് വിഭാഗക്കാർമാത്രമല്ല, ഭരണപക്ഷ ഇംഗിതങ്ങൾ സാക്ഷാത്കരിക്കുന്ന പോലീസും അവരെ സമാനതകളില്ലാത്ത വിധത്തിൽ ഉപദ്രവിച്ചിട്ടുണ്ട്. ആൾക്കൂട്ടാക്രമണത്തിൽ ഒട്ടേറെപ്പേർക്ക് ജീവഹാനി വന്നു. കാങ്പോക്പി ജില്ലയിൽ കുക്കികൾ താമസിക്കുന്ന ബിപൈനം ഗ്രാമത്തിലേക്ക് മെയ്തേയ് വിഭാഗക്കാരായ അക്രമിസംഘം കടന്നുകയറി അവിടെ അക്രമം അഴിച്ചുവിട്ടത് മെയ് നാലിനാണ്. അക്രമികൾ വീട്ടുസാധനങ്ങൾ തല്ലിപ്പൊളിക്കുകയും വീടുകൾക്ക് തീ വെക്കുകയും ചെയ്തു. മഹാഭൂരിപക്ഷം ഗ്രാമീണരും ജീവനും കൊണ്ട് കാട്ടിലേക്ക് ഓടി രക്ഷപ്പെടുകയാണുണ്ടായത്. രക്ഷപ്പെടാൻ കഴിയാതിരുന്നവർ അതിക്രൂരമായി ആക്രമിക്കപ്പെട്ടു. അവരെ തൌബാൽപോലീസ് രക്ഷപ്പെടുത്തിയെങ്കിലും പോലിസ് സ്റ്റേഷനിലേക്കുള്ള യാത്രക്കിടെ മെയ്തെയ് അക്രമികൾ വാഹനം തടയുകയും വാഹനത്തിൽനിന്നും പുറത്തേക്ക് വലിച്ചിട്ട് അവരെ ക്രൂരമായി ആക്രമിക്കുകയും ചെയ്തു എന്നാണ് റിപ്പോർട്ട്. പോലീസ് വാഹനത്തിൽപ്പോലും കുക്കികൾ സുരക്ഷിതരല്ല എന്നർഥം. മണിപ്പൂരിലെ പോലീസ് നിഷ്പക്ഷമാണോ, അവർ ആരോടൊപ്പം എന്ന ചോദ്യത്തിന് ഈ സംഭവം ഉത്തരം നൽകുന്നുണ്ട്. പോലീസിന്റെ മൌനാനുവാദമില്ലാതെ ഇത്തരത്തിൽ തേർവാഴ്ചനടത്താൻ മെയ്തെയ്കൾക്ക് കഴിയില്ല എന്നു മനസ്സിലാക്കാൻ കൂലങ്കഷമായൊന്നും ആലോചിക്കേണ്ടതില്ല. അക്രമികൾക്കെതിരെ കേസെടുക്കാൻപോലും പോലീസ് തയ്യാറായിരുന്നില്ല.

> **ഒരേ സംസ്ഥാനത്ത് ജനിച്ചുവളർന്നവർ കാണുമ്പോൾ തമ്മിൽത്തല്ലുന്നതെന്തിനാണ്? അടുത്തടുത്തു താമസിക്കുകയും പരസ്പരം കാണുകയും ചെയ്യുന്ന ഇവർക്കിടയിൽ കളിതമാശകളോ സംവാദങ്ങളോ പ്രണയം പോലുമോ തോന്നാത്തതെന്താണ്? മുഖാമുഖം ഒരാളെ കാണുമ്പോൾ പിറന്ന വംശം നോക്കിമാത്രം ചിരിക്കാൻ തോന്നിക്കുന്ന പാകത്തിൽ മണിപ്പൂർജനത മാറിയതെങ്ങനെയാണ്? അവിടുത്തെ ഭൂരിപക്ഷജനത ന്യൂനപക്ഷജനതയെ നിരന്തരം വേട്ടയാടുന്നതെന്തിനാണ്? ഇതെല്ലാം കണ്ടിട്ടും ഉത്തരവാദപ്പെട്ടവർ മിണ്ടാത്തതെന്താണ്?**

കായികമായി ഉപദ്രവിച്ചുകൊണ്ട് മാത്രമല്ല, യുവതികളെ നഗ്നരാക്കിയും പരസ്യമായി ബലാത്സംഗം ചെയ്തും പൊതുമധ്യത്തിൽ നഗ്നത പ്രദർശിപ്പിച്ചും നിർവീര്യരാക്കാനും എതിരാളികൾ മത്സരിച്ചു. തടയാൻ ശ്രമിച്ച ബന്ധുക്കളെ അവിടെ വച്ചുതന്നെ അടിച്ചും ചവിട്ടിയും കൊലപ്പെടുത്തി. ഇരുപതും അമ്പതും വയസ്സായ രണ്ടു സ്ത്രീകളെ വിവസ്ത്രരാക്കി ജനമധ്യത്തിലൂടെ നടത്തിയശേഷം വയലിലെത്തിച്ച് കൂട്ടബലാത്സംഗം ചെയ്തു. കാർഗിലിലും ശ്രീലങ്കയിലും ഇന്ത്യക്കായി പോരാടിയ സൈനികന്റെ ഭാര്യയാണത്രേ അതിക്രമങ്ങൾക്കിരയായ ഒരു സ്ത്രീ! ഒരു കുക്കിസ്ത്രീയെ നഗ്നയാക്കി തീക്കൊളുത്തി കൊന്നു. ഇതൊക്കെയാണ് മണിപ്പൂരിയൻ കുക്കിസ്ത്രീകളുടെ വർത്തമാനകാലയാഥാർഥ്യങ്ങൾ.

### കോർപ്പറേറ്റ് താൽപര്യങ്ങൾ

കുന്നിൻപ്രദേശങ്ങളിൽ പോപ്പിക്കൃഷി (കറുപ്പ്) നടത്തി മയക്കുമരുന്നുൽപ്പാദനം നടത്തുന്നു, കുക്കികളിൽ ചിലരെന്ന ആരോപണത്തിൽ കഴമ്പുണ്ട്. എന്നാൽ അവരുടെ ഉല്പന്നം കച്ചവടം നടത്തുന്നതും ലാഭം കൊയ്യുന്നതും മെയ്തെയ് വിഭാഗത്തിലെ വൻകിടക്കാരാണ് എന്നത് മണിപ്പൂരിൽ പരസ്യമായ രഹസ്യമാണ്. കർഷകർക്ക് കൃഷിചെയ്യാൻ ഫണ്ട് നൽകുന്നതും അവർതന്നെയാണ്. കൃഷിചെയ്യുന്നത് ഒരു കൂട്ടർ; ലാഭം കൊയ്യുന്നത് മറ്റൊരു കൂട്ടരും. എസ്. ടി പദവി

കിട്ടുന്ന പക്ഷം മലയോരത്ത് സ്ഥലം വാങ്ങി കൃഷി വിപുലീകരിക്കാൻ അവർക്ക് സാധിക്കും. മണിപ്പൂരിലെ ഫലഭൂയിഷ്ഠമായ മണ്ണും പ്രകൃതിവിഭവങ്ങളും പതഞ്ജലി, ഗോദ്റെജ് തുടങ്ങിയ വൻകിടകോർപ്പറേറ്റുകൾ ലക്ഷ്യം വെക്കുന്നുണ്ട്. ഇത്തരം സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ഇവർ മുഖ്യമന്ത്രി ബീരേൻസിങ്ങിനെ പ്രേരിപ്പിക്കുന്നുമുണ്ട്. ഇവരുടെയൊക്കെ താത്പര്യങ്ങൾക്കുവഴങ്ങി ഗോത്രപരിരക്ഷയെന്ന വ്യാജേന ഗോത്രദ്രോഹപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുകയാണ്, സർക്കാർ.

**ഹിന്ദുത്വ അജണ്ട**

മണിപ്പൂരിൽ അക്ഷരാർത്ഥത്തിൽ നടക്കുന്നത് ആഭ്യന്തരയുദ്ധമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇതേവരെ സംഭവിച്ചിട്ടില്ലാത്ത തരത്തിലുള്ള ആഭ്യന്തരയുദ്ധം മണിപ്പൂരിനെ നെടുകെ പിളർത്തിയിരിക്കുന്നു. വംശീയതയും വർഗീയതയും സമാസമം ചാലിച്ച് മണിപ്പൂരിലെ 'ഡബിൾ എഞ്ചിൻ' ബി.ജെ.പി സർക്കാറിന്റെ സർവാത്മനായുള്ള സഹായത്തോടെയും പിന്തുണയോടെയും കഴിഞ്ഞ മൂന്നുമാസമായി നടക്കുന്ന നരഹത്യ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ആഗസ്റ്റ് ഒന്നിന് ഒരു കേസെടുക്കാൻപോലും പറ്റാത്തവിധം മണിപ്പൂരിൽ ഭരണ പോലീസ് സംവിധാനം സമ്പൂർണമായി പരാജയപ്പെട്ടുമെന്ന് സുപ്രിംകോടതി തുറന്നടിച്ചത്. സംസ്ഥാനത്ത് അതിഭീകരമായി ക്രമസമാധാനവും നിയമവാഴ്ചയും ഭരണ സംവിധാനവും തകർന്നുവെന്ന് ചൂണ്ടിക്കാട്ടിയ പരമോന്നത കോടതി ഒന്നുകിൽ അന്വേഷണത്തിന് മണിപ്പൂർ പോലീസിന് ശേഷിയില്ല അല്ലെങ്കിൽ താൽപര്യമില്ല എന്നു പറയുകയും കലാപം നടന്ന രണ്ടരമാസം സംസ്ഥാനത്ത് പോലീസ് തന്നെ ഉണ്ടായിരുന്നില്ലെന്ന ഞെട്ടിക്കുന്ന പരമാർത്ഥത്തിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തു. കുക്കി വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ നഗ്നരാക്കി നടത്തി പീഡിപ്പിച്ച കേസിൽ മറ്റു വിഭാഗത്തിലെ ആൾക്കൂട്ടത്തിന് സ്ത്രീകളെ വിട്ടുകൊടുത്തത് പോലീസാണെന്ന് മൊഴിയുണ്ടായിരുന്നുവെന്നും ഇതിൽ അറസ്റ്റ് നടന്നോ എന്നും പേരിനുവേണ്ടി ഏതാനും അറസ്റ്റ് നടത്തിയെന്നല്ലാതെ 5500 കേസുകളെ കുറിച്ച് മണിപ്പൂർ സർക്കാർ മിണ്ടാത്തതെന്താണെന്നും കോടതി ചോദിച്ചു. കോടതിയുടെ തുടർച്ചയായ കുത്തിക്കുത്തിയുള്ള ചോദ്യങ്ങൾക്ക് പലതിനും മണിപ്പൂർ സർക്കാരിനു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർമേത്തക്ക് മറുപടിയുണ്ടായിരുന്നില്ല.

മണിപ്പൂരിന്റെ സംഘർഷനാളുകളിൽ വിദേശപര്യടനങ്ങളിൽ തിരക്കിലായിരുന്നു, പ്രധാനമന്ത്രി. മണിപ്പൂരിൽ മെയ് ആദ്യം തുടങ്ങിയ വംശീയ വർഗീയ സംഹാരത്തെക്കുറിച്ച് 79 ദിവസത്തിനു ശേഷമാണ് അദ്ദേഹം പ്രതികരിച്ചത്. രണ്ടു സ്ത്രീകളെ ക്രൂരമായി ബലാത്സംഗം ചെയ്ത ശേഷം നഗ്നരാക്കി നടത്തുന്ന വീഡിയോ വൈറലായതിനു ശേഷമായിരുന്നു, അത്. അപ്പോൾപ്പോലും മണിപ്പൂരിലെ അതിനിർഭാഗ്യകരമായ സംഭവങ്ങളെ പ്രധാനമന്ത്രി താരതമ്യം ചെയ്തത് പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടന്ന ചില സംഭവങ്ങളുമായാണ്. കേന്ദ്രസർക്കാർ ഈ ജുഗുപ്സാവഹമായ താരതമ്യം സുപ്രീംകോടതിയിലും ആവർത്തിക്കാൻ ശ്രമിച്ചപ്പോഴാണ് മണിപ്പൂരിൽ സ്ത്രീകൾക്കെതിരായി നടന്ന അക്രമങ്ങൾക്ക് പ്രതിപക്ഷം ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ സമീപകാലത്തു നടന്ന നിർഭാഗ്യകരമായ സംഭവങ്ങളുമായി താരതമ്യമില്ലെന്നും ഇത്തരം സാഹചര്യങ്ങൾക്ക് സമാനത തിരയുന്നത് മറ്റൊരു ക്രൂരകൃത്യം തന്നെയാണെന്നും കോടതി വ്യക്തമാക്കിയത്. മണിപ്പൂരിൽ പരിപൂർണ ഭരണത്തകർച്ചയാണെന്ന് സുപ്രീംകോടതി അസന്ദിഗ്ധമായ ഭാഷയിൽ തുറന്നടിച്ചിട്ടും സംസ്ഥാനത്തെ ബി.ജെ.പി. മുഖ്യമന്ത്രിക്കെതിരെ ഒരക്ഷരം പറയാൻ ഇതുവരെ തയ്യാറായില്ല എന്ന വസ്തുത ഇതോടൊപ്പം ചേർത്തു വായിക്കണം. സ്വയം രാജിവച്ചുപോകാനുള്ള പക്വത മുഖ്യമന്ത്രി കാണിക്കുന്നുമില്ല, ഗവർണർ അദ്ദേഹത്തോട് രാജി ആവശ്യപ്പെടുന്നുമില്ല. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന ഏതെങ്കിലും ഒരു സംസ്ഥാനത്ത് മണിപ്പൂരിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതിന്റെ പത്തിലൊരംശം നടന്നിരുന്നെങ്കിൽ ആ സംസ്ഥാന സർക്കാരിനെ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ കേന്ദ്രഭരണകൂടം ഒട്ടും അമാന്തിക്കുമായിരുന്നില്ല. അപ്പോൾ പ്രശ്നത്തിന്റെ ഉറവിടം ബീരേൻസിങ് എന്ന മുഖ്യന്ത്രിയുടെ ഭരണകൂടനയങ്ങൾ തന്നെയാണ്. ഈ വിഭാഗീയ വർഗീയ നയങ്ങളെ കേന്ദ്രസർക്കാരും പിന്തുണയ്ക്കുന്നു എന്നാണ് വ്യക്തമാവുന്നത്. പാർലമെന്റിൽ മണിപ്പൂർവിഷയം ചർച്ച ചെയ്യണമെന്നും പ്രധാനമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തണമെന്നും പ്രതിപക്ഷപ്പാർട്ടികളൊന്നാകെ ആവശ്യപ്പെട്ടിട്ടും പ്രധാനമന്ത്രി അതിന് താൽപര്യമെടുക്കാത്തതും ഇക്കാരണത്താൽത്തന്നെ.

ദേശീയ വനിതാകമ്മീഷൻ അധ്യക്ഷയും ബി.ജെ.പി.യുടെ പ്രതിനിധിയെപ്പോലെയാണ് ഈ വിഷയത്തിൽ പ്രതികരിച്ചത്. മണിപ്പൂരിൽ രണ്ട് പെൺകുട്ടികളെ നഗ്നരാക്കി നടത്തിയതിനെക്കുറിച്ച് സംസാരിക്കവേ, പശ്ചിമബംഗാളിലും രാജസ്ഥാനിലും ഛത്തീസ്ഗഡിലും സമാനസംഭവം അരങ്ങേറിയിട്ടുണ്ടെന്നാണ് അവർ പ്രതികരിച്ചത്. എന്നിരിക്കിലും ജനങ്ങളും മാധ്യമങ്ങളും ഒരു സംസ്ഥാനത്തെക്കുറിച്ചുമാത്രം സംസാരിക്കുന്നതെന്തുകൊണ്ടാണ് എന്നാണ് അവരുടെ മറുചോദ്യം . രാഷ്ടീയ പ്രേരിതമായാണ് ജനങ്ങളും മാധ്യമങ്ങളും പ്രവർത്തിക്കുന്നതെന്ന് അവർ അഭിപ്രായപ്പെടുന്നു. മറിച്ച്, ഇത്തരം പ്രശ്നങ്ങൾ അന്വേഷിച്ച് നടപടിയെടുക്കേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വനിതാ കമ്മീഷന്റെയും ഉത്തരവാദിത്തമാണെന്ന യാഥാർത്ഥ്യം സൗകര്യപൂർവം അവർ മറക്കുകയും ചെയ്യുന്നു. യഥേഷ്ടം പരാതികൾ ലഭിച്ചിട്ടും അവയൊന്നും പരിശോധിക്കാനോ കുറ്റക്കാരെ കണ്ടെത്താനോ നടപടിയെടുക്കാനോ അവർ മുതിർന്നിട്ടില്ല.

മണിപ്പൂർ സംഭവങ്ങളെ ഇതരസംസ്ഥാനങ്ങളിലെ പ്രശ്നങ്ങളുമായി സാമാന്യവത്കരിക്കാനാണ്, മുൻ കേന്ദ്രമന്ത്രി സുഷമാസ്വരാജിന്റെ മകൾ ബാംസുരി സ്വരാജും കോടതിയിൽ ശ്രമിച്ചത്. മണിപ്പൂരിൽ നടന്നത് ആസൂത്രിതമായ അക്രമസംഭവങ്ങളാണെന്നും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്താനാവില്ലെന്നും അഭിപ്രായപ്പെട്ട കോടതി, മറ്റെല്ലായിടത്തെയും സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കിയശേഷം മാത്രം മണിപ്പൂരിലെ സ്ത്രീകൾക്ക് സംരക്ഷണം നൽകിയാൽ മതിയോ എന്നും ചോദിക്കുകയുണ്ടായി. മറുപടി പറയേണ്ടത് ഭരണകൂടം തന്നെയാണ്. അവരത് പറയുന്നില്ലെങ്കിൽത്തന്നെ ഒരുജനതയെയൊന്നടങ്കം ദുരിതപർവത്തിലേക്ക് വലിച്ചിഴച്ച ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ അവർക്കാവില്ല.

# കലാപാരമ്പര്യത്തിലെ ജാതി - ലിംഗ വിവേചനങ്ങൾ



രാജി ടി.എസ്

സ്നേഹത്തിന്റെ ഭാഷയാണ് സംഗീതം എന്ന് പറഞ്ഞുകേൾക്കാറുണ്ട്. നമ്മെ സുഖപ്പെടുത്താനും, നമുക്ക് ഊർജം പകരാനും, സന്തോഷ സന്താപങ്ങൾക്കുതകിയും, സൃഷ്ടിപരതയിൽ അഭിരമിക്കാനും ഒക്കെ ഉള്ള മാസ്മരിക ശക്തി സംഗീതത്തിന് മാത്രമല്ല കലകൾക്ക് പൊതുവായുള്ള സ്വഭാവ സവിശേഷതയാണ്. ഭൂരിഭാഗം ജനങ്ങളും കലകളെ വിനോദത്തിന്റെ ഭാഗമായോ, മതപരമായോ, മോക്ഷമാർഗമായോ കണക്കാക്കുന്നു. എന്നാൽ സംഗീതകാരന്മാർക്കാകട്ടെ കല അസ്തിത്വത്തിന്റെ ഭാഗമാണ്. ജാതി, മത, വർണ, ലിംഗ, രാഷ്ട്രീയ, സാമ്പത്തിക വിവേചനങ്ങൾക്ക് അതീതമാണ് കല. എന്നാൽ കലാകാരന്മാരും ആസ്വാദകരും ഉൾപ്പെടുന്ന സമൂഹം പൊതുവിൽ ഇത്തരം വിവേചനങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. സ്വാഭാവികമായും ഇതിന്റെ അനുരണനങ്ങൾ അവർ കൈകാര്യം ചെയ്യുന്ന കലയിലും പ്രതിഫലിക്കുന്നു. പുരുഷ മേധാവിത്വത്തിലും ജാതി വ്യവസ്ഥയിലും അധിഷ്ഠിതമായ സമൂഹമാണെങ്കിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ ദുരിതങ്ങൾ അതികഠിനമാണ്. ലോകത്ത് 260 മില്യൺ ആളുകൾ ജാതി വിവേചനം അനുഭവിക്കുന്നുണ്ടെന്നാണ് കണക്ക്. ജാതി വ്യവസ്ഥ ഇന്ത്യൻ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയതാണ്. ജാതി വ്യവസ്ഥകൾ ആളുകളെ അധികാരക്രമത്തിൽ ചിട്ടചെയ്തിട്ടുള്ള സാമൂഹിക ഘടനകൾ ആയി വിഭജിക്കുന്നു. ആധുനിക ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്ന് ലിംഗ അസമത്വമാണ്. സാമൂഹികമായി നിർമ്മിതമായ ചുമതലകളും ചുറ്റുപാടുകളും സ്ത്രീകളുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.



എം.എസ്.സുബ്ബലക്ഷ്മി



ഡി കെ പട്ടമ്മാൾ

സംഗീതത്തിന്റെ വളർച്ചയെയും വികാസത്തെയും കുറിച്ചുള്ള സൂചനകളും വിവരങ്ങളും വൈദിക സാഹിത്യത്തിൽ നിന്നും, ഇതിഹാസങ്ങളിൽ നിന്നും, സംഗീത സംബന്ധിയായ വിവിധ ലക്ഷണഗ്രന്ഥങ്ങളിൽ നിന്നും ലഭ്യമാണ്. പൗരാണിക ഗ്രന്ഥങ്ങളുടെയെല്ലാം ഭാഷാമാധ്യമം സംസ്കൃതമാണ്. മനുസ്മൃതി പറയുന്നു,'ഒരു ശൂദ്രൻ വേദം കേൾക്കുകയോ വേദവാക്യം ഉച്ചരിക്കാൻ തുനിയുകയോ ചെയ്താൽ, രാജാവ് അവന്റെ നാവ് രണ്ടായി മുറിച്ച് ചൂടുള്ള ഉരുക്കിയ ഈയം ചെവിയിൽ ഒഴിക്കണം'. ഇതായിരുന്നു ശൂദ്രന്റെ അവസ്ഥയെങ്കിൽ, തൊട്ടുകൂടാത്ത ഒരാൾക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള സാധ്യത ഊഹിക്കാവുന്നതാണ്. ഉന്നതകുലജാതർക്ക് മാത്രം പ്രാപ്യമായിരുന്ന വേദഭാഷ പഠിക്കുന്നതും അറിവ് നേടുന്നതും കൊടും പാപമായി കീഴാളർ സ്വയം വിശ്വസിച്ചു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, തങ്ങളെ ജാതിയിൽ താണവരായി കണക്കാക്കി അടിച്ചമർത്തിയ സമൂഹത്തെ അന്ധമായി പിന്തുടരുകയും അവർ രൂപപ്പെടുത്തിയ ചട്ടങ്ങളെ അനുസരിക്കുകയും ചെയ്തു. കാലക്രമേണ കീഴാളരുടെ തനതായ കലകളും സംഗീതവും രൂപപ്പെടുകയും വാമൊഴിയായി തലമുറകളിലേക്ക് സംക്രമിക്കുകയും ചെയ്തു. മേലാളരെ പോലെ കീഴാളർക്കും അവരുടേതായ മതഘടനകൾ ഉണ്ടായിരുന്നു. ഏതു സമൂഹത്തിലായാലും മതവും സംഗീതവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്നു മനസ്സിലാക്കാം. കാരണം, മതപരവും അനുഷ്ഠാനപരവുമായ ചടങ്ങുകളുടെ അവിഭാജ്യ ഘടകമായിരുന്നു സംഗീതം. മതവും അനുഷ്ഠാനവും ഇടകലർന്നുവരുന്ന ദേവദാസിപാരമ്പര്യത്തെ വിശകലനം ചെയ്യുന്നതിലൂടെ ജാതിലിംഗ

സമസ്യകൾ എളുപ്പത്തിൽ മനസ്സിലാക്കാനാകും. ദേവദാസി എന്ന പദത്തെ 'ദേവന് ദാസി ആയിട്ടുള്ളവൾ ' എന്ന് വ്യാഖ്യാനിക്കാം. ഈ പദം ഒരു ദേവതയെയോ ദേവതയുടെ പ്രതീകത്തെയോ വിവാഹം കഴിച്ച ദേവദാസി പാരമ്പര്യത്തിൽ ഉൾപ്പെട്ട സ്ത്രീകളെ സൂചിപ്പിക്കുന്നു. ഈ പാരമ്പര്യം ഇതിലെ അംഗങ്ങളെ ജനനം കൊണ്ട് മാത്രം ഉൾക്കൊണ്ടിരുന്നതല്ല . മാതാപിതാക്കളോ രക്ഷിതാക്കളോ തങ്ങളുടെ പെൺകുഞ്ഞുങ്ങളെ, രോഗത്തിൽ നിന്ന് മുക്തി നേടുമ്പോഴോ മറ്റ് ദുരിതങ്ങളിൽ നിന്ന് മോചനം നേടുമ്പോഴോ ക്ഷേത്രങ്ങളിലേക്ക് നേർച്ചയായി സമർപ്പിക്കുമായിരുന്നു. വിഭിന്ന ജാതികളിൽ ജനിച്ച ഈ കുട്ടികൾക്ക് ദേവദാസിമാർഗം പിന്തുടരുന്നവർ എന്ന നിലയ്ക്ക് പാട്ട്, നൃത്തം, ഉപകരണ സംഗീതം എന്നിവയിൽ നട്ടുവന്മാരുടെ പരിശീലനം ലഭിക്കും. ഇത് അവരെ ക്ഷേത്രസേവനത്തിന് യോഗ്യരാക്കും. ആദ്യകാല തമിഴ് സമൂഹത്തിന്റെ സാംസ്കാരിക ഭൂപടത്തിനും രാഷ്ട്രീയ സാഹചര്യങ്ങൾക്കും ദേവദാസി പാരമ്പര്യവുമായി ശക്തമായ ബന്ധമുണ്ടായിരുന്നതായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.



ടി എം കൃഷ്ണ

പ്രാചീന തമിഴ് സംസ്കാരത്തിൽ, കലകൾ അവതരിപ്പിക്കുന്ന സ്ത്രീകൾക്ക് പ്രധാനസ്ഥാനം ഉണ്ടായിരുന്നു. സംഘകാലസാഹിത്യങ്ങളിൽ (ബിസി 100 മുതൽ എഡി 600 വരെ) ഉദ്ധരിച്ചു കാണുന്ന 'വിരളി'യും 'പത്തിനി'യും ദേവദാസിയുടെ ആദ്യകാല മാതൃകകളായി കണക്കാക്കാം. കാലക്രമേണ ഇത്തരം മാതൃകകൾക്ക് സ്ഥാനഭ്രംശം വന്നുവെങ്കിലും പൂർണമായും നശിക്കപ്പെട്ടില്ല. തുടർന്ന് വന്ന പല്ലവഭരണം ക്ഷേത്രാതിർത്തികൾക്കുള്ളിൽ തമിഴ് ബാർഡിക് സംസ്കാരത്തിന്റെയും ബ്രാഹ്മണ പാരമ്പര്യത്തിന്റെയും സമന്വയമായി ഒരു ആചാരാനുഷ്ഠാന സമൂഹം രൂപീകരിക്കാൻ സഹായിച്ചു. തത്ഫലമായി സ്ത്രീയുടെ ആചാരപരമായ ദേവദാസി പദവിയും കലാപരമായ സ്വത്വവും പുനഃസ്ഥാപിക്കപ്പെട്ടു. ചോളഭരണകാലത്താകട്ടെ (എഡി 850 1279) രാജ്യാധികാരത്തിന്റെയും രാജ്യതന്ത്രജ്ഞന്മാരുടെയും കേന്ദ്രങ്ങൾ ആയി ക്ഷേത്രങ്ങൾ മാറുകയും ചെയ്തു. ക്ഷേത്രങ്ങൾക്ക് ധാരാളം സ്വത്ത് വകകൾ അനുവദിക്കപ്പെട്ടു. സമ്പത്തിൽ മുൻപന്തിയിൽ നിന്ന ക്ഷേത്രങ്ങൾ അധികാര സരണികളിലും മുന്നിലെത്തി. ക്ഷേത്ര ആചാരങ്ങളുമായി ബന്ധപ്പെട്ടു നിന്ന ദേവദാസികൾക്കും സമ്പത്തുകൾ ദാനം നല്കപ്പെടുകയും അതിന്റെ അവകാശം തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തിരുന്നു. ക്ഷേത്രത്തിലേക്ക് സമർപ്പിക്കപ്പെട്ട നർത്തകികളെയും ഗായികമാരെയും പോലെ രാജകൊട്ടാരങ്ങളിലും കലാകാരികൾ അല്ലെങ്കിൽ ദാസികൾ ഉണ്ടായിരുന്നു. രാജസദസ്സിൽ അവരുടെ കലകളെ ആസ്വദിക്കുകയും പ്രയോക്താക്കളെ ആദരിക്കുകയും ചെയ്തു വന്നു. നൃത്തസംഗീതാദി കലകൾ ക്ഷേത്രങ്ങളിൽ അവതരിപ്പിക്കുമ്പോൾ അനുഷ്ഠാനത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽ വരുകയും, കൊട്ടാരസദസ്സുകളിൽ അവതരിപ്പിക്കപ്പെടുമ്പോൾ ആസ്വാദനലഹരി പടർത്തുകയും ചെയ്തു എന്ന് സാരം. കല എന്ന ഒരേ വിഷയത്തിന് രണ്ടു വ്യത്യസ്ത ഇടങ്ങളിൽ രണ്ടു തരം വ്യാഖ്യാനങ്ങൾ. ക്ഷേത്രങ്ങൾക്കുണ്ടായിരുന്ന പ്രമാണിത്തം നഷ്ടപ്പെടുന്ന കാലഘട്ടമായപ്പോൾ ഈ രണ്ടുതരം വ്യഖ്യാനങ്ങൾ ഒന്നുചേരുകയും പുനർനിർവചിക്കപ്പെടുകയും ചെയ്തിരിക്കാം. പുറമെ ശൃംഗാരം എന്ന് തോന്നിപ്പിക്കുകയും എന്നാൽ അകമേ ഭക്തിരസം തുളുമ്പുന്നതുമായ , 'മധുരഭക്തി'യെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടിട്ടുള്ള 'പദം' എന്ന രൂപം (musical form) വികാസം പ്രാപിച്ചതും അത് ദേവദാസികൾക്കിടയിൽ പ്രചാരം നേടിയതും ഇക്കാലത്താവാം.



ബാംഗ്ലൂർ നാഗരത്നമ്മ

സാമൂഹ്യപരമായുള്ള മാറ്റങ്ങളും കൂട്ടിവായിക്കപ്പെടേണ്ടതാണ്. സാമ്രാജ്യങ്ങൾ തകർക്കപ്പെടുകയും, ചെറിയ പ്രവിശ്യകൾ രൂപപ്പെടുകയും ചെയ്യുമ്പോൾ ദേവദാസി സമൂഹവും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടാകണം. രാജസദസ്സുകളുടെ പ്രൗഢിയിൽ നിന്നും ഭൂപ്രഭുക്കന്മാരുടെ സ്വകാര്യ സദസ്സുകളിലേക്ക് എത്തിപ്പെട്ട സാഹചര്യത്തെ അവർ ഉൾക്കൊണ്ടുമുന്നേറി. കലാ നിപുണരായിരുന്ന ചില ദേവദാസി കുടുംബങ്ങൾ പ്രത്യേക കലാപരമായ ശൈലികളുടെയോ ബാണിയുടെയോ (പദം , ജാവളി) പരിപാലകരായി മാറി. ഗുരു ശിഷ്യ പാരമ്പര്യം എന്ന നിലയിൽ ദേവദാസികൾ കല അഭ്യസിപ്പിച്ചിരുന്നില്ല. പക്ഷെ സംഗീതജ്ഞമാരുമായി തങ്ങളുടെ അറിവുകൾ പങ്കുവച്ചിരുന്നതായി മനസ്സിലാക്കാം.



സി സരസ്വതി ബായി

'പണം പ്രതിഫലമായി ആവശ്യപ്പെട്ടുകൊണ്ട് ആരെയും (പ്രത്യേകിച്ച് വരേണ്യവർഗ്ഗ പുരുഷന്മാരെ) വിനോദിപ്പിക്കുന്ന പ്രവൃത്തി തൊഴിലായി സ്വീകരിച്ചവർ' എന്നാണ് കൊളോണിയൽ എഴുത്തുകാർ ദേവദാസികൾക്ക് നൽകിയ നിർവചനം. 1871ലെ മദ്രാസ് പ്രസിഡൻസിയുടെ സെൻസസ് റിപ്പോർട്ടിൽ 'ദാസ,ഭോഗങ്ങൾ, വേശ്യാവർഗം' എന്നാണ് ഇവരെ അഭിസംബോധന ചെയ്തിരിക്കുന്നത്. 1891ലെ സെൻസസ് ഇവരെ 'ക്ഷേത്രങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള, വേശ്യാവൃത്തി തൊഴിലായി സ്വീകരിച്ച ഗായകരും നർത്തകരും' എന്ന് വർഗീകരിച്ചു കാണുന്നു. കൊളോണിയൽ ഇടപെടലും കലാപരിപോഷകരുടെ അഭാവവും പൊതുവിൽ ദേവദാസി പാരമ്പര്യത്തിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചു. എങ്കിലും കൊളോണിയൽ ഭരണത്തിൻ കീഴിൽ, മദ്രാസ് നഗരം നിരവധി സംഗീതജ്ഞരെയും നർത്തകരെയും തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ജോർജ്ജ് ടൗൺ അവരുടെ കേന്ദ്രമായി മാറി. അവരിൽ ചിലർ സാമൂഹിക മാറ്റങ്ങളെ അംഗീകരിക്കുകയും സാമൂഹിക നവീകരണത്തിന്റെ പുതിയ സാഹചര്യത്തെ ഉൾക്കൊണ്ടു അതിനെ അതിജീവിക്കാൻ ശ്രമിക്കുകയും ചെയ്തു. കാമാക്ഷി അമ്മാൾ (വീണ ധനമ്മാളിന്റെ അമ്മ), കോയമ്പത്തൂർ തായ്, ഏനാദി സിസ്റ്റേഴ്സ്, ബാംഗ്ലൂർ നാഗരത്നമ്മ തുടങ്ങിയവർ സാമൂഹിക പരിഷ്കരണ പ്രക്രിയയിൽ തങ്ങളുടെ കലാപരമായ കഴിവിനെ ക്രിയാത്മകമായി ഉപയോഗിച്ചു. എന്നാൽ ദേവദാസി സമൂഹത്തിന്റെ ഭൂരിപക്ഷം അംഗങ്ങളും ഈ നവീകരണപ്രക്രിയയുടെ മതിൽക്കെട്ടിനപ്പുറമായി നിലകൊണ്ടു. ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത ദേവദാസി സമൂഹത്തിന് മനസ്സിലായില്ല. വരേണ്യ മധ്യവർഗ സമൂഹം പഠന സാഹചര്യവും വിദ്യാഭ്യാസവും ദേവദാസികളുമായി

പങ്കിടുന്നതിൽ വിയോജിച്ചു. ഈ സമൂഹത്തിൽ നിന്നുള്ള പ്രമുഖ കലാകാരന്മാർ അവരുടെ കലാപരമായ കഴിവുകൾ ഉയർത്തിക്കാട്ടിയെങ്കിലും ഔപചാരിക വിദ്യാഭ്യാസം നേടുന്നതിൽ പിന്നോക്കം പോയി . തൽഫലമായി, വിദ്യാഭ്യാസം, സാമ്പത്തിക സ്ഥിരത, സാമൂഹിക പദവി എന്നിവയുമായി ബന്ധപ്പെട്ട വിവേചനത്തിന്റെ വെല്ലുവിളികളെ പിന്നീടുള്ള തലമുറകൾക്ക് അഭിമുഖീകരിക്കേണ്ടി വന്നു. സാമൂഹിക പരിഷ്കർത്താക്കൾ കൊളോണിയൽ സമീപനത്തിന്റെ സദാചാര ക്കണ്ണുകളിലൂടെ മാത്രം ദാസീ വംശത്തിനെ വീക്ഷിച്ചു. ആ സമൂഹത്തിന്റെ കലാപരമായ ഉന്നതിക്ക് ഒരു വിലയും കല്പിച്ചില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ശതകങ്ങളിൽ 'നാച്' വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് തീവ്രത കൈവരുന്നു. ചില പ്രഗത്ഭരായ കലാകാരന്മാർ നാടക കമ്പനികളുടെ ഭാഗമായി, കുറച്ചുപേർ കച്ചേരികൾ ചെയ്യുന്ന കലാകാരന്മാരായി, കുറച്ചുപേർ വിവാഹിതരായി. എന്നാൽ സമൂഹത്തിലെ ഭൂരിഭാഗത്തിനും കലാപരമായ കഴിവുകളൊന്നും ഇല്ലാതിരുന്നതിനാൽ വലിയ വെല്ലുവിളികൾ നേരിടേണ്ടി വന്നു. ഒടുവിൽ, 1947ൽ ദേവദാസി സമ്പ്രദായം നിയമപരമായി നിർത്തലാക്കി.

പൊതു ഇടങ്ങളിൽ കർണാടക സംഗീതം അവതരിപ്പിച്ച സംഗീതജ്ഞകളിലെ ആദ്യ തലമുറക്കാർ ദേവദാസി സമുദായത്തിൽ നിന്നുള്ളവരായിരുന്നു. വീണ ധനമ്മാളിന്റേതായിരുന്നു ഏറ്റവും പ്രശസ്തമായ സംഗീത കുടുംബം. സംഗീത ത്രിമൂർത്തികളിലെ ശ്യാമശാസ്ത്രികളുടെ മകനായ ശ്രീ സുബ്ബരായ ശാസ്ത്രിയുടെ (1803–1862) നേരിട്ടുള്ള ശിഷ്യപരമ്പരയായി കണക്കാക്കപ്പെടുന്ന ഈ കുടുംബം കൃതി, പദം, ജാവലി തുടങ്ങിയ വിവിധ സംഗീത രൂപങ്ങളാൽ സമ്പന്നമായ സംഗീതപാരമ്പര്യത്തിന് ഉടമകൾ ആയിരുന്നു. ഏനാദി സഹോദരിമാർ, (വീണ ധനമ്മാളിന്റെ സമകാലികർ) അവരുടെ ഗുരു പട്ടണം സുബ്രഹ്മണ്യ അയ്യരുടെ ശൈലികൾ സ്വീകരിക്കുക വഴി ത്യാഗരാജസ്വാമികളുടെ ശിഷ്യപരമ്പരയിൽ ഉൾപ്പെട്ടു. വ്യത്യസ്ത ബാണികൾ പിന്തുടരുന്നവർ ആയിരുന്നു എങ്കിലും സംഗീതത്തോടുള്ള അർപ്പണമനോഭാവം അവരെ തുല്യരാക്കിയിരുന്നു. മധുര ഷൺമുഖവടിവ്, കാഞ്ചീപുരം ധനകോടി അമ്മാള് എന്നിവരുൾപ്പെടെ എല്ലാ സംഗീതജ്ഞകളും റെക്കോർഡിങ് പോലെയുള്ള നൂതനങ്ങളായ സാങ്കേതികവിദ്യകളുടെ സാധ്യതകളെ ഉപയോഗിച്ചവരാണ്. പ്രത്യക്ഷത്തിൽ അല്ലെങ്കിൽ കൂടിയും നിരവധി പ്രഗൽഭരായ കലാകാരന്മാർ ഈ സംഗീതജ്ഞകളെ ഗുരുക്കന്മാരായി ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്. മദ്രാസ് മ്യൂസിക് അക്കാദമി ദേവദാസി സമൂഹത്തിൽ നിന്നുള്ള പ്രശസ്തരായ സംഗീതജ്ഞരെ കച്ചേരികൾ അവതരിപ്പിക്കാൻ ക്ഷണിച്ചെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയാൽ തങ്ങളുടെ വിദഗ്ധ സമിതികളിൽ അവരെ ഉൾപ്പെടുത്തിയിരുന്നില്ല എന്ന് കാണാം.ദേവദാസി പരമ്പരയുടെ ഉത്കൃഷ്ടമായ സംഗീത പൈതൃകം നേടിയെടുക്കാൻ അവർ വിഭാവനം ചെയ്തെങ്കിലും മനഃപൂർവ്വം ദാസീപരമ്പരയെ പ്രധാന വേദിയിൽ നിന്ന് അകറ്റിനിർത്തി. അക്കാദമി എപ്പോഴും ബ്രാഹ്മണ കേന്ദ്രീകൃതമായ സംഗീത സംസ്കാരം നിലനിർത്തുന്നു എന്ന് ടി . എം കൃഷ്ണ അഭിപ്രായപ്പെടുന്നു. കൊളോണിയൽ വിദ്യാഭ്യാസം സമൂഹത്തിന്റെ ധാർമിക ബോധം വളർത്തുന്നതിലും സാമൂഹ്യപരിഷ്കരണത്തിലും പ്രധാന പങ്കു വഹിച്ചു എന്ന് വാദിക്കുന്നവരുണ്ടാകും. പക്ഷെ അതേ സമയം തന്നെ വിക്ടോറിയൻ സദാചാര വീക്ഷണത്തിലൂന്നിയ ആശയങ്ങൾക്ക് കലയുടെ സൗന്ദര്യശാസ്ത്രം മനസ്സിലായില്ല എന്നതും വാസ്തവമാണ്. നൃത്തത്തിന്റെയും സംഗീതത്തിന്റെയും ശരിയായ പ്രയോക്താക്കളെ പൊതുവഴിയിൽ നിന്നും മാറ്റിനിർത്തുകയും പാഥേയമായി അവർ കൊണ്ടുവന്ന കലകളെ ശുദ്ധീകരിച്ച് സ്വാംശീകരിക്കുകയും ചെയ്തു. സംഗീതത്തിന്റെയും നൃത്തത്തിന്റെയും സംരക്ഷകർ എന്ന സ്ഥാനത്തിൽ സ്വയം അവരോധിച്ചു എങ്കിലും തങ്ങളുടെ സ്ത്രീകളെ പൊതുവേദികളിൽ അവതരിപ്പിക്കാൻ വരേണ്യ വർഗം താല്പര്യപ്പെട്ടില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. ഒരു ഭാഗത്ത് സ്ത്രീകൾ ജാതി അല്ലെങ്കിൽ കുലത്തിന്റെ പേരിലുള്ള വിവേചനം നേരിട്ടപ്പോൾ മറുഭാഗത്ത് ലിംഗപരമായ അനീതി നേരിട്ടു എന്ന് മനസ്സിലാക്കാൻ സാധിക്കും.



ശ്യാമശാസ്ത്രി



ആര്യനാട് ജി സദാശിവൻ



ടി ബൃന്ദ

ഹരികഥാകാലക്ഷേപം എന്ന കല പുരുഷന്മാർ (ഭാഗവതർ) മാത്രം അവതരിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് അവർക്കിടയിലേക്കാണ് സി . സരസ്വതി ബായി (1874–1974) നവകാഹളം മുഴക്കി കടന്നുവരുന്നത്. 1911 ഇൽ അവർ ഭാരതമൊട്ടാകെയും ശ്രീലങ്കയിലും കലാപര്യടനം നടത്തിയിരുന്നു. 1913 മുതൽ 1930 വരെയുള്ള ഘട്ടം സരസ്വതി ബായിയുടെ പുഷ്കലകാലമായിരുന്നു. ആറു മുതൽ ഏഴു മണിക്കൂർ വരെ നിന്നുകൊണ്ട് കഥാകാലക്ഷേപം അവതരിപ്പിച്ചിരുന്ന അവർക്ക് അന്നത്തെ പ്രതിഫലം 2000 രൂപയായിരുന്നു. പക്ഷെ, സരസ്വതി ബായിയുടെ വിജയം മറ്റു ഭാഗവതർമാരെ അലോസരപ്പെടുത്തുകയും സംഗീത അക്കാദമി നൽകുന്ന ഉന്നത ബഹുമതിയായ സംഗീത കലാനിധി പുരസ്കാരം സ്വീകരിക്കാൻ അവരെ അനുവദിക്കാതിരിക്കുകയും ചെയ്തു. ബ്രാഹ്മണസമൂഹത്തിന്റെ ചട്ടക്കൂടുകൾ ഭേദിച്ച് വെന്നിക്കൊടി പാറിച്ച മറ്റൊരു അനുഗ്രഹീത സംഗീതജ്ഞയാണ് ഡി. കെ പട്ടമ്മാൾ (ഡി. കെ. പി ). മനോധർമസംഗീതത്തിലെ ഏറ്റവും ഉദാത്തമായ അവതരണമായ രാഗം താനം പല്ലവി പൊതുവേദികളിൽ ആദ്യമായി അവതരിപ്പിച്ച സംഗീതജ്ഞയായി അവരെ വിശേഷിപ്പിക്കാറുണ്ട്. കാരണം അതുവരേയ്ക്കും പുരുഷന്മാർ മാത്രം അവതരിപ്പിച്ചിരുന്ന ഇനമായിരുന്നു രാഗം താനം പല്ലവി. പക്ഷെ, ദേവദാസികളായിരുന്ന കോയമ്പത്തൂർ തായി, ബാംഗ്ലൂർ നാഗരത്നമ്മാൾ തുടങ്ങിയ പ്രഗത്ഭമതികൾ ഈ ഇനം അവതരിപ്പിച്ചു കഴിഞ്ഞിരുന്നു. കാര്യം എന്തൊക്കെ ആയാലും ഡി കെ പട്ടമ്മാളിന് പക്കമേളക്കാരായി പ്രവർത്തിക്കുവാൻ അന്നത്തെ ചില സംഗീതജ്ഞർ വിസമ്മതിച്ചിരുന്നു എന്നതും ചരിത്രസത്യം ആണ്. പ്രശസ്ത കർണാടക സംഗീതജ്ഞനായ ടി.എം. കൃഷ്ണ കൃത്യമായി നിരീക്ഷിച്ചതുപോലെ, ജോർജ് ടൌൺ കേന്ദ്രമായി ഉണ്ടായിരുന്ന ദേവദാസി സംഗീതജ്ഞമാരുടെ പിൻതലമുറക്കാരായിരുന്ന ടി.ബൃന്ദ, ടി.മുക്ത, ബാലസരസ്വതി, എം.എസ്.സുബ്ബലക്ഷ്മി, എം.എൽ.വസന്തകുമാരി തുടങ്ങിയവരുടെ കാലഘട്ടത്തിന് ശേഷം ദാസീസമൂഹത്തിൽ നിന്ന് ശ്രദ്ധേയമായ ഒരു വനിതാ

കലാകാരിയെപ്പോലും സൃഷ്ടിക്കുന്നതിൽ സമൂഹം പരാജയപ്പെട്ടു. പക്ഷെ ഡി കെ പട്ടമ്മാൾ നടന്നുപോയ വഴിത്താരയിലൂടെ നിരവധി സംഗീതജ്ഞമാർ കടന്നുവരികയും തങ്ങളുടെ സ്ഥാനം കലാലോകത്ത് ഉറപ്പിക്കുകയും ചെയ്തു. ഇന്ന് പ്രഗല്ഭമതികളായ സംഗീതജ്ഞമാരുടെ ഭൂമിക കൂടിയാണ് കർണാടക സംഗീതലോകം. പക്ഷെ ഉന്നതകുലജാതരും ഇതരവിഭാഗങ്ങളും തമ്മിലുള്ള (പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗത്തിലുള്ളവരുമായുള്ള) അനുപാതം പരിശോധിച്ചാൽ നിരാശയായിരിക്കും ഫലം.

ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന്റെ സുപ്രധാന ഇടങ്ങളിൽ പങ്കുചേരുന്നതിൽ നിന്ന് കീഴാളവിഭാഗങ്ങളെ ഒഴിവാക്കി നടത്തുന്ന കലയിലെ ജാതിമേധാവിത്വ രാഷ്ട്രീയത്തെ ടി എം കൃഷ്ണ ചോദ്യം ചെയ്യുകയും, ചെന്നൈയിലെ പ്രശസ്തമായ, വാർഷിക സംഗീതോത്സവത്തിൽ (ഡിസംബർ സീസൺ) ടിക്കറ്റ് വച്ച് നടത്തുന്ന പരിപാടികളിൽ താൻ ഇനി പാടില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. വരേണ്യ ജാതിയുടെ സവിശേഷമായ സാംസ്കാരിക സംരക്ഷണമായി കച്ചേരികൾ മാറുകയും, അതിലേക്ക് പ്രവേശനമുള്ള വരേണ്യവർഗം തന്നെ കല അവതരിപ്പിക്കുകയും സംഘടിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. കലകളിലെ ഇത്തരം ചിട്ടകൾ പൊളിച്ചെഴുതുന്നത് സമൂഹത്തെ മാറ്റുന്നതിനുള്ള ഒരു മാർഗമാണെന്ന് തിരിച്ചറിഞ്ഞ കൃഷ്ണ, ഒരു സ്വതന്ത്ര കലാകാരൻ, എഴുത്തുകാരൻ, പ്രഭാഷകൻ, ആക്ടിവിസ്റ്റ് എന്നീ നിലകളിൽ കലയെ ജനാധിപത്യവൽക്കരിക്കാൻ സ്വയം സമർപ്പിച്ചു എന്നാണ് 2016 മാഗ്സെസെ പുരസ്കാര സമിതിയുടെ കണ്ടെത്തൽ. ആ വർഷത്തെ മാഗ്സെസെ പുരസ്കാരം ടി എം കൃഷ്ണയ്ക്കും, ബെസ്വാദ വിത്സണും ആയിരുന്നു. (അഴുക്കുചാലുകളിൽ നിന്നോ സെപ്റ്റിക് ടാങ്കുകളിൽ നിന്നോ കൈകൊണ്ട് മനുഷ്യ വിസർജ്യങ്ങൾ നീക്കം ചെയ്യുന്ന രീതിയാണ് മാനുവൽ സ്കാവഞ്ചിംഗ്. ഇതിനെതിരെ പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനയായ 'സഫായി കർമചാരി ആന്ദോളൻന്റെ സ്ഥാപകരിൽ ഒരാളാണ് ബെസ്വാദ വിൽസൺ.)



ടി മുക്ത



വീണ ധനമ്മാൾ

ജാതി വിവേചനത്തിന്റെ അതിർവരമ്പുകൾ എങ്ങനെയെങ്കിലും മറികടക്കാൻ സാധിച്ചത് പത്മശ്രീ നെയ്യാറ്റിൻകര വാസുദേവൻ സാറിനായിരുന്നു. തിരുവനന്തപുരത്ത് നടന്ന നവരാത്രി ഉത്സവത്തിൽ പങ്കെടുത്തു കച്ചേരി അവതരിപ്പിച്ച, പിന്നാക്ക പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഏക പ്രതിനിധിയാണ് അദ്ദേഹം. ശ്രീ ആര്യനാട് ജി സദാശിവൻ, ശ്രീ ആര്യനാട് H രാജു, ശ്രീ വിജയൻ വി അമ്പലപ്പുഴ, ശ്രീ വെൺപകൽ സുരേന്ദ്രൻ, ശ്രീ ചിങ്ങവനം സുകു, ശ്രീ അടൂർ സുദർശൻ, ശ്രീമതി ലീല മാധവൻ, ശ്രീമതി സി കെ ലീല തുടങ്ങിയ സംഗീതജ്ഞർ കേരളത്തിലെ കർണാടക സംഗീതപാരമ്പര്യത്തെ മുന്നോട്ടു നയിച്ചവരിൽ പ്രധാനികളിൽ ചിലരാണ്. കർണാടകസംഗീതത്തിലെ ദളിത് പ്രാതിനിധ്യത്തെ കുറിച്ചു വേണ്ടത്ര പഠനങ്ങളോ ഗവേഷണങ്ങളോ നടന്നിട്ടില്ല എന്നത് ഒരു വസ്തുതയാണ്. സമൂഹത്തിന്റെ എല്ലാ തുറകളിലും ജാതി പ്രത്യക്ഷമായും പരോക്ഷമായും ഇടപെട്ടുകൊണ്ടിരിക്കുന്നു. ബഹുരാഷ്ട്ര കമ്പനികളിൽ ഉന്നതപദവികൾ കൈകാര്യം ചെയ്യുന്ന ഇന്ത്യക്കാരിൽ ഭൂരിഭാഗവും ഉന്നതകുലജാതരാണ്. അമേരിക്കയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമായ കാലിഫോർണിയ സെനറ്റ് ജാതി വിവേചനം നിരോധിക്കാൻ ശ്രമിക്കുന്ന ഒരു നിയമനിർമാണം 2023 ഏപ്രിലിൽ പാസ്സാക്കിയത് ഈ സാഹചര്യം കൂടി കണക്കിലെടുത്താണ്. 341 വോട്ടിന് പാസ്സായ ബിൽ SB 403, വിവേചന വിരുദ്ധ നിയമങ്ങളിൽ ജാതിയെ ഒരു സംരക്ഷിത വിഭാഗമായി ചേർക്കുന്ന ആദ്യത്തെ യുഎസ് സംസ്ഥാനമായി കാലിഫോർണിയയെ മാറ്റും. ഈ വർഷമാദ്യം തന്നെ ജാതി വിവേചനം നിരോധിക്കുന്ന ആദ്യത്തെ യുഎസ് നഗരമായി സിയാറ്റിൽ മാറിയിരുന്നു. അംബേദ്കർ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, അംബേദ്കർ ഇന്റർനാഷണൽ സെന്റർ, അംബേദ്കർ ഇന്റർനാഷണൽ മിഷൻ, അംബേദ്കർ കിംഗ് സ്റ്റഡി സർക്കിൾ, ഇക്വാലിറ്റി ലാബ്സ് തുടങ്ങിയ ദളിത്അമേരിക്കൻ കമ്മ്യൂണിറ്റികൾ, വ്യക്തികൾ, ജാതി വിരുദ്ധ സംഘടനകൾ എന്നിവയുടെ അശ്രാന്തമായ പരിശ്രമഫലമായാണ് ഇതിനെ കണക്കാക്കുന്നത്. അംബേദ്കർ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, അംബേദ്കർ ഇന്റർനാഷണൽ സെന്റർ, അംബേദ്കർ ഇന്റർനാഷണൽ മിഷൻ, അംബേദ്കർ കിംഗ് സ്റ്റഡി സർക്കിൾ, ഇക്വാലിറ്റി ലാബ്സ് തുടങ്ങിയ ദളിത്അമേരിക്കൻ കമ്മ്യൂണിറ്റികൾ, വ്യക്തികൾ, ജാതി വിരുദ്ധ സംഘടനകൾ എന്നിവയുടെ അശ്രാന്തമായ പരിശ്രമഫലമായാണ് ഇതിനെ കണക്കാക്കുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 15 ന്റെ നഗ്നമായ ലംഘനം ദിനം പ്രതി നടക്കുന്ന സാഹചര്യത്തിൽ നിയമനിർമാണം ഒരു ശാശ്വത പരിഹാരമല്ല എന്നും മാറ്റം ഉണ്ടാകേണ്ടത് ഓരോ വ്യക്തിയുടെയും ആന്തരിക മനഃസാക്ഷിയിൽ നിന്നുമാണ് എന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു ചെടിയുടെ വളർച്ചയ്ക്കുള്ള എല്ലാ സൗകര്യങ്ങളും പ്രകൃതി ഒരുക്കുന്നു. പക്ഷെ പ്രകൃതിയുടെ കരുതലിനെ തടയാൻ മനുഷ്യൻ തീരുമാനിച്ചാൽ, ഒരു കാലത്തും ചെടി വളരില്ല. ഒരു വ്യക്തിയുടെ മികവിലേക്കുള്ള യാത്രയുടെ വളർച്ചയെ തടയരുത്. ജാതിക്കല്ല കഴിവിനും അറിവിനുമാണ് നാം ബഹുമാനം നൽകേണ്ടത്.


• **Referece Books:**

1. **Lakshmi Visvanathan, Women of Pride - The Devadasi Heritage, published by Roli books Pvt.Ltd, New Delhi**, 2008,
2. **Sriram V, The Devadasi and the saint - The life and times of Bangalore Nagaratnamma, Westland Publications, Chennai**, 2007
3. **William. J. Jackson, Tyagaraja and the renewal of tradition - Traditions and reflections, Motilal Banarsidas Publishers, Delhi**,1994
4. **T.M.Krishna, A Southern Music: The Carnatic Story, HarperCollins Publishers,India**,2013
5. **Lakshmi Subramanian, From Tanjore court to Madras Music Academy, Oxford University Press, New Delhi**, 2006
6. **Terada, Y.** (2000). **T. N. Rajarattinam Pillai and Caste Rivalry in South Indian Classical Music. Ethnomusicology**, 44(3), 460-490.

• **Pdf** 1. **Terada. Tamil Isai as a Challenge to Brahmanical Music Culture in South India, SENRI ETHNOLOGICAL STUDIES** 71: 203226 ©2008 **Music and Society in South Asia: Perspectives from Japan**

2. **Vikram Sampath, The Women Gramophone Celebrities of South India, IFA**, 2014



# എം ഡി രാമനാഥൻ ഭാവസംഗീതത്തിന്റെ നൂറാണ്ട്



ഡോ .സുനിൽ വി .ടി

ക്ലാസ്സിക്കൽ സംഗീതത്തിന്റെ, പ്രത്യേകിച്ച് കർണാടക സംഗീതത്തിന്റെ വേരുകൾ അന്വേഷിക്കുമ്പോൾ നാം പ്രധാനമായും ചെന്നെത്തുക തമിഴ് നാട്ടിലെ തഞ്ചാവൂർ, ചെന്നൈ, ആന്ധ്രപ്രദേശിലെ തിരുപ്പതി, കർണാടകയിലെ മൈസൂർ മുതലായ പ്രദേശങ്ങളിലാണ്. പത്തൊമ്പതാം നൂറ്റാണ്ടു മുതൽ കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ കർണാടക സംഗീതത്തിന്റെ വിളനിലമായി നിലകൊള്ളുന്ന കേന്ദ്രങ്ങൾ തിരുവനന്തപുരവും പാലക്കാടുമാണ്. സംഗീതത്തേയും സംഗീതകാരൻമാരേയും മറ്റു കലകളേയും കലാകാരൻമാരേയും ആദരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന പ്രാദേശിക ഭരണാധികാരികളോ ഭൂപ്രഭുക്കളോ ആണ് ഈ പ്രദേശങ്ങളുടെ സംഗീതവളർച്ചയിൽ ഒരു പ്രധാന പങ്ക് വഹിച്ചത്. പ്രദേശത്തെ ഭരണാധികാരികളുടേയോ ഭൂവുടമകളുടേയോ സഹായമില്ലാതെ തന്നെ സ്വാഭാവികമായി സംഗീതത്തിന്റെ കേന്ദ്രമായി വളർന്നുവന്ന ഒരു ഇടമാണ് പാലക്കാട് എന്നത് പാലക്കാടിന്റെ സംഗീതപ്പെരുമ പരിശോധിക്കുന്ന ആർക്കും ബോധ്യപ്പെടുന്ന ഒരു കാര്യമാണ്. നഗരത്തിലെ നൂറണി, കൽപ്പാത്തി എന്നീ ഗ്രാമങ്ങളും കോട്ടായിയിലെ ചെമ്പൈ ഗ്രാമവും ആലത്തൂരെ മഞ്ഞപ്ര ഗ്രാമവുമെല്ലാം പാലക്കാടിന്റെ സംഗീതവളർച്ചയിൽ നിർണായ സംഭാവനകൾ നൽകിയ പ്രദേശങ്ങളാണ്. പാലക്കാട് അനന്തരാമ ഭാഗവതർ, പാലക്കാട് പരമേശ്വര ഭാഗവതർ, ചെമ്പൈ വൈദ്യനാഥ ഭാഗവതർ പാലക്കാട് ടി എസ് മണി അയ്യർ എന്നിവരാണ് പാലക്കാട് സൃഷ്ടിച്ച സംഗീതജ്ഞരിൽ മുമ്പൻമാരായി അറിയപ്പെടുന്നത്. അവരുടെ പിൻതുടർച്ചക്കാരായി വന്ന കെ.വി നാരായണസ്വാമി, പാലക്കാട് രഘു, പുതുക്കോട് കൃഷ്ണമൂർത്തി, സി.എസ് കൃഷ്ണയ്യർ തുടങ്ങിയവരെല്ലാം പാലക്കാടിന്റെ കർണാടകസംഗീതപാരമ്പര്യത്തെ ഉയർത്തിപ്പിടിച്ചവരാണ്. അവരിൽ പാലക്കാടിന്റെ സംഗീതഗരിമ ഉയർത്തിയതിൽ നിർണായക സ്ഥാനമുള്ള വാഗ്ഗേയകാരൻകൂടിയായ സംഗീതകുലപതിയുടെ ജൻമശതാബ്ദി ഈ വർഷം ആഘോഷിക്കപ്പെടുന്നു. എം ഡി ആർ എന്ന ചുരുക്കപ്പേരിലറിയപ്പെട്ട മഞ്ഞപ്ര ദേവേശ ഭാഗവതർ രാമനാഥൻ അഥവാ എം ഡി രാമനാഥൻ ആണ് ഈ സംഗീതമേരു. പാലക്കാടിന്റെ സംഗീതനഭസ്സിലെ മറ്റൊരു വെള്ളിനക്ഷത്രമായ കെ വി നാരായണസ്വാമിയുടെ ജൻമശതാബ്ദിയും ഈ വർഷം തന്നെയാണ് എന്നൊരു പ്രത്യേകത കൂടി 2023നുണ്ട്.

സംഗീതത്തിലെ പരമ്പരാഗത ആലാപന ശൈലിയിൽ നിന്നും വ്യത്യസ്തമായി ആലാപനസൗകുമാര്യതകൊണ്ട് ആരാധകരെ വിസ്മയിപ്പിച്ച എം ഡി ആറിന്റെ ജൻമശതാബ്ദി വർഷത്തിൽ അദ്ദേഹത്തിന്റെ സംഗീത സംഭാവനകളെക്കുറിച്ച് ഒരന്വേഷണം നടത്തുകയാണിവിടെ. ആഴമുള്ളതും എന്നാൽ ഗാംഭീര്യമാർന്നതുമായിരുന്ന അദ്ദേഹത്തിന്റെ ശാരീരമാണ് സംഗീത പ്രേമികളെ അദ്ദേഹത്തോടടുപ്പിച്ചത്. മന്ദ്രസ്ഥായിയിലുള്ള വളരെ വിളംബിതമായ അദ്ദേഹത്തിന്റെ ആലാപനശൈലി സംഗീതപ്രേമികളെ പുതുമയാർന്ന ഒരാസ്വാദന തലത്തിലേക്ക് എത്തിച്ചു എന്നതാണ് എം ഡി ആർ എന്ന മൂന്നക്ഷരത്തെ ഓർക്കുമ്പോൾ തെളിയുന്ന ആദ്യ ചിത്രം.

1923 മേയ് 20ന് കേരളത്തിന്റെ നെല്ലറ എന്ന് വിശ്ശേഷിപ്പിക്കപ്പെടുന്ന പാലക്കാട്ടെ മഞ്ഞപ്ര എന്ന സുന്ദര ഗ്രാമത്തിലാണ് എം.ഡി. രാമനാഥ

ന്റെ ജനനം. ദേവേശഭാഗവതർ, സീതാലക്ഷ്മി എന്നിവർ മാതാപിതാക്കൾ, പാർവതി ഏകസഹോദരിയും. മുത്തച്ഛൻ വെങ്കടേശഭാഗവതർ വയലിൻവിദ്വാനും പിതാവ് ദേവേശഭാഗവതർ കർണാടകസംഗീതജ്ഞനും അറിയപ്പെടുന്ന ഗായകനുമായിരുന്നിട്ടും ചെറുപ്പത്തിൽ സംഗീതപഠനത്തിന് അവസരമുണ്ടായില്ല, രാമനാഥന്. മകന്റെ ശാരീരം ഇഷ്ടപ്പെടാതിരുന്ന പിതാവ് അവനെ സംഗീതം അഭ്യസിപ്പിക്കുന്നതിൽ താൽപ്പര്യം കാണിച്ചില്ല എന്നതാണ് വാസ്തവം. എന്നാൽ സ്വന്തം വീട്ടിൽ പിതാവ് മറ്റ് കുട്ടികളെ പാട്ട് പഠിപ്പിക്കുന്നതിന് കാതോർത്തപ്പോൾ രാമനാഥന് ലഭിച്ചത് സപ്തസ്വരങ്ങളുടെ സഞ്ചാരപഥങ്ങളും സംഗീതത്തിലെ വിലപ്പെട്ട അറിവുകളുമായിരുന്നു. ഏകാന്ത ബാല്യത്തിൽ അനുഭവിച്ച വേദനയ്ക്ക് മറുമരുന്ന് സംഗീതമായിരുന്നു രാമനാഥന്. വീടിനടുത്തുള്ള മഞ്ഞപ്ര പുഴയോരത്ത് ചെന്ന് പാടുന്നത് അവനൊരു ആശ്വാസമായിരുന്നു. മകന്റെ സംഗീതത്തോടുള്ള അടങ്ങാത്ത ആഗ്രഹവും അഭിനിവേശവും തിരിച്ചറിഞ്ഞ പിതാവ് തന്നെ രാമനാഥന്റെ ആദ്യ ഗുരുവായിത്തീർന്നത് ചരിത്രം.

മഞ്ഞപ്ര സ്കൂൾ, ആലത്തൂർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് പാലക്കാട് ഗവ. വിക്ടോറിയ കോളേജിൽ ബിരുദപഠനം. ഫിസിക്സിൽ ബിരുദമെടുത്ത ശേഷമാണ് ഗൗരവമായ സംഗീതപഠനത്തെക്കുറിച്ച് രാമനാഥൻ ചിന്തിക്കുന്നത്. താരേക്കാട് കല്ല്യാണകൃഷ്ണ ഭാഗവതരുടെ കീഴിൽ അദ്ദേഹം സംഗീതപഠനം തുടർന്നുവെങ്കിലും രാമനാഥന്റെ ഉള്ളിലെ സംഗീതാന്വേഷി തൃപ്തനായിരുന്നില്ല. അങ്ങനെയാണ് അദ്ദേഹം മദിരാശിയിലേയ്ക്ക് ചേക്കേറുന്നതും രുഗ്മിണി അരുൺഡേൽ സ്ഥാപിച്ച അഡയാറിലെ കലാക്ഷേത്രയിൽ വിദ്യാർത്ഥിയാകുന്നതും. കലാക്ഷേത്രയിലെ ആദ്യത്തെ സംഗീതശിരോമണി കോഴ്സിന് ചേർന്ന ഏക വിദ്യാർത്ഥി കൂടിയായിരുന്നു രാമനാഥൻ. വിഖ്യാത സംഗീതജ്ഞൻ ടൈഗർ വരദാചാരിയിൽ തന്റെ ഗുരുവിനെ കണ്ടെത്തിയതും ഇവിടെവച്ചുതന്നെ. കോഴ്സിലെ ഏക വിദ്യാർത്ഥിയായിരുന്നതിനാൽ ടൈഗർ വരദാചാരിയുടെ പ്രത്യേക ശിക്ഷണം ലഭിക്കുന്നതിന് അത് ഇടയാക്കി. ടൈഗറിന്റെ ഏറ്റവും പ്രസിദ്ധനായ ശിഷ്യനും രാമനാഥൻ തന്നെയായിരുന്നു. ത്യാഗരാജ ശിഷ്യനായ പട്ടണം സുബ്രഹ്മണ്യ അയ്യരായിരുന്നു ടൈഗറിന്റെ ഗുരുനാഥൻ. അതിനാൽ എം ഡി ആറും ആ പരമ്പരയിലെ ഒരു കണ്ണി തന്നെയാണെന്ന് പറയാം ഗുരുവിനെ അത്യുന്നത സ്ഥാനത്താണ് രാമനാഥൻ പ്രതിഷ്ഠിച്ചത്. തന്റെ ശിഷ്യന്റെ കഴിവുകൾ തിരിച്ചറിഞ്ഞതോടെ ഗുരുവും ശിഷ്യനും തമ്മിൽ ഒരു പ്രത്യേക ബന്ധവും അടുപ്പവും വികസിച്ചു വന്നു. ടൈഗറിന്റെ കണ്ണിറക്കൽ പോലും എം ഡി ആർ അനുകരിച്ചിരുന്നു. എന്നാൽ അത് അനുകരണമല്ല മറിച്ച് ഗുരു ശിഷ്യബന്ധത്തിലെ ദൃഢതയും



പട്ടണം സുബ്രഹ്മണ്യ അയ്യർ

സമർപ്പണവും മൂലം സ്വാഭാവികമായി രാമനാഥനിൽ വന്ന്ചേർന്നതാണ് എന്നാണ് ആസ്വാദകപക്ഷത്തിന്റെ വിലയിരുത്തൽ. ടൈഗറിന്റെ മരണംവരെ ഏതാണ്ട് 6 വർഷത്തോളം രാമനാഥൻ ഗുരുകുലവാസം തുടർന്നു.

കലാക്ഷേത്രയിലെ പഠനം സംഗീതത്തിൽ വിദ്വത്വം കൈവരിച്ചതിനൊപ്പം ഗായകൻ, വാഗ്ഗേയകാരൻ എന്നീ നിലകളിൽ കർണാടക സംഗീത ചക്രവാളത്തിൽ തന്റേതായ സ്ഥാനം ഉറപ്പിക്കുന്നതിന് രാമനാഥനെ സഹായിച്ചു. സംഗീതശിരോമണി കോഴ്സ് പൂർത്തിയാക്കിയതിന് ശേഷവും തന്റെ ഗുരുവിന്റെ സഹായിയായി കലാക്ഷേത്രയിൽ തുടരുകയാണ് രാമനാഥൻ ചെയ്തത്. പിന്നീട് പ്രൊഫസറും പ്രിൻസിപ്പലുമൊക്കെയായി തന്റെ ഔദ്യോഗിക ജീവിതം പാടിത്തീർത്തതും കലാക്ഷേത്രയിൽ തന്നെയായിരുന്നു.

തന്റെ സമകാലീനരിൽ നിന്നും വളരെ വ്യത്യസ്തമായ സംഗീതപ്രതിഭയാണ് എംഡി രാമനാഥനെന്നതിൽ തർക്കമില്ല. ഭാവത്തിലധിഷ്ഠിതമായ, ഗാംഭീര ശാരീരത്തിലുള്ള വളരെ വിളംബിതമായ അദ്ദേഹത്തിന്റെ ആലാപന ശൈലി വളരെയധികം ആരാധകരെ അദ്ദേഹത്തിന് നേടിക്കൊടുത്തതിനൊപ്പം വിമർശകരുടെ കീറിമുറിക്കലുകൾക്കും പാത്രമാവേണ്ടി വന്നു. തന്റെ സംപ്തൃപ്തിക്ക് വേണ്ടി മാത്രമാണ് അദ്ദേഹം പാടിയത്. കച്ചേരികളിലെ ആസ്വാദകരുടെ എണ്ണമോ നിരൂപകരുടെ വിമർശനങ്ങളോ അദ്ദേഹത്തെ അലട്ടിയിരുന്നില്ല. കൈയ്യടികൾക്ക് വേണ്ടി പാടാത്ത, സംഗീതത്തെ ആരാധിച്ച നാദോപാസകൻ എന്നാണ് അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ഡി. പശുപതി അദ്ദേഹത്തെ വിശ്ലേഷിപ്പിച്ചത്.

പ്രശസ്ത സംഗീതജ്ഞരായ ബി വി രാമൻ, ബി. വി ലക്ഷ്മൺ എന്നിവർ പറയുന്നു. 'ശാന്തവും സ്വാന്തനവുമാണ് എം ഡി ആറിന്റെ സംഗീതം. വിളംബിതകാലത്തിലുള്ള അദ്ദേഹത്തിന്റെ ആലാപന ശൈലി, മനോധർമ്മം കൃത്യമായി പ്രയോഗിക്കുന്നതിനും അതേസമയം ആസ്വാദകർക്ക് അതേക്കുറിച്ച് ചിന്തിക്കാനും മനസ്സിലാക്കാനുമുള്ള സമയം നൽകുകയും ചെയ്യുന്നു. ചന്ദ്രികയിലലിഞ്ഞ് നദീതീരത്ത് ഇരിക്കുന്ന സുഖമാണ് എം ഡി ആറിന്റെ സംഗീതം'.

കർണാടകസംഗീതത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായ ഗമകങ്ങളുടെ ഫലപ്രദമായ സമ്മേളനമാണ് അദ്ദേഹത്തിന്റെ ആലാപനത്തിന്റെ പ്രധാന സവിശേഷത. ഭാവാത്മകമായിരുന്നു, ഏതൊരു ആലാപനവും. തന്റെ സ്വതസിദ്ധമായ പ്രൗഢഗാംഭീര്യമാർന്ന ബാസ് ടോണിലുള്ള ശാരീരം ഇതിനെല്ലാം അനുപൂരകമായിരുന്നതിനാൽ രാഗസ്വരൂപത്തെ കൃത്യമായി അണിയിച്ചൊരുക്കുന്നതിൽ മികവാർന്നൊരു കഴിവുമുണ്ടായിരുന്നു, അദ്ദേഹത്തിന്. വളരെ ദീർഘമായി രാഗം ആലപിക്കുന്നതിലായിരുന്നില്ല അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. ഗിമ്മിക്കുകളൊന്നും കാണിക്കാതെ സംക്ഷിപ്തവും കൃത്യവുമായ രാഗ സഞ്ചാരങ്ങളിലൂടെ ആസ്വാദകമനസ്സുക

ളെ സംഗീതത്തിന്റെ മാസ്മരിക ലഹരിയിലേയ്ക്ക് അടുപ്പിച്ചു എന്നതായിരുന്നു എം ഡി ആറിന്റെ മഹത്വമായി പല സംഗീതനിരൂപകരും വാഴ്ത്തിയിരുന്ന കാര്യങ്ങളിലൊന്ന്. ആലാപനത്തിന്റെ തുടക്കത്തിൽ തന്നെ രാഗം ഏതാണെന്ന് ശ്രോതാവിന് വ്യക്തമാകണം എന്നതിൽ അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. രാഗത്തിന്റെ മധുരമായ സത്ത് മാത്രം നൽകുന്നതിൽ എപ്പോഴും ശ്രദ്ധാലുവായിരുന്നു അദ്ദേഹം. മനോധർമ്മ സ്വരങ്ങളിൽ കണക്കുകൾ കൊണ്ടുള്ള കസർത്തുകൾ നടത്തിയിരുന്നില്ലെങ്കിലും അസാധാരണമാം വിധത്തിൽ കാലപ്രമാണം നിലനിർത്തുന്നതിൽ കണിശത പുലർത്തുകയും ചെയ്തു എം ഡി ആർ.



എം ഡി രാമനാഥൻ

നിരവധി വിദ്യാർത്ഥികൾ കലാക്ഷേത്രയിൽ അദ്ദേഹത്തിന്റ ശിഷ്യരായി. പ്രാഥമികമായി നൃത്തപഠനത്തിനുള്ള സ്ഥാപനമായിരുന്നതിനാൽ തന്നെ അവിടെ നൃത്തം അഭ്യസിച്ച പ്രമുഖ നർത്തകരെല്ലാം തന്നെ അദ്ദേഹത്തിന്റെ കീഴിൽ സംഗീതവും അഭ്യസിക്കാനിടയായി. പ്രമുഖ നർത്തകിയും ആക്ടിവിസ്റ്റും രാജ്യസഭയിലെ ആദ്യത്തെ നോമിനേറ്റഡ് വനിതാ മെമ്പറും കലാക്ഷേത്രയുടെ സ്ഥാപക കൂടിയായ പദ്മഭൂഷൺ രുഗ്മിണി ദേവി അരുൺഡേൽ, എം ഡി ആറിന്റെ സംഗീതത്തെ വളരെയധികം വിലമതിക്കുകയും പുകഴ്ത്തുകയും തന്റെ വിദ്യാർത്ഥികളോട് ഇക്കാര്യം സൂചിപ്പിക്കുകയും ചെയ്തിരുന്നു.

മുതിർന്ന ഒരു സംഗീതജ്ഞന്റെ ശബ്ദവും വികാരതീവ്രമായ ആലാപനവും കർണാടകസംഗീത സൗന്ദര്യത്തെ തന്നിലേയ്ക്ക് ആവാഹിക്കാൻ രാമനാഥനായി. വിളംബകാലത്തിലുള്ള ആലാപനശൈലി പുലർത്തിയതിനൊപ്പം മധ്യമകാലത്തിലും കൃതികളും കൽപ്പന സ്വരവും പാടിയിട്ടുള്ള സന്ദർഭങ്ങളും വിരളമല്ല. ഹംസധ്വനിയിലെ 'വാതാപി ഗണപതിം', സാരംഗയിലെ 'നീവാഡേ നേഗാന'യും ചില ഉദാഹരണങ്ങൾ. അദ്ദേഹത്തിന്റ നിരവൽ, കൽപ്പനസ്വരം എന്നിവ മനോധർമ്മ പ്രയോഗങ്ങളുടെ ഉത്തമമായ മാതൃകകളായിരുന്നു. കേദാരം, സാരംഗ, നാട്ട, യദുകുല കാംബോജി, തോടി, കല്യാണി, ശഹാന, എന്നിവ അദ്ദേഹത്തിന്റെ ഇഷ്ടരാഗങ്ങളായിരുന്നു.

അനേകം കൃതികൾ ഹൃദിസ്ഥമാക്കുകയും അവതരിപ്പിക്കുകയും ചെയ്തിരുന്നെങ്കിലും ചില കീർത്തനങ്ങൾ അദ്ദേഹത്തിന് വളരെ പ്രിയപ്പെട്ടയായിരുന്നു. ശ്രീ സുബ്രഹ്മണ്യായ നമസ്തെ (കാംബോജി), മാനസ ഗുരുഗുഹ (ആനന്ദ ഭൈരവി) ത്യാഗരാജ പഞ്ചരത്ന കൃതികളായ എന്തരോ മഹാനുഭാവുലു (ശ്രീരാഗം), സാധിംചേനേ (ആരഭി), എന്നിവയെല്ലാം അദ്ദേഹത്തിനിഷ്ടപ്പെട്ട കീർത്തനങ്ങളായിരുന്നു. ഒരേ കീർത്തനങ്ങൾ തന്നെ പല വേദികളിൽ ആലപിക്കുമ്പോഴും ഒന്നിനൊന്ന് വ്യത്യസ്തമായ അനുഭവമാണ് ശ്രോതാക്കൾക്ക് പ്രദാനം ചെയ്തത്. പഞ്ചരത്നത്തിലെ ചരണ സ്വരങ്ങൾ അഭ്യാസസംഗീതരൂപത്തിൽപ്പെടുന്ന വർണത്തിലെന്നെപോലെ രണ്ടു കാലത്തിൽ പാടുന്ന രീതിയും ചിലപ്പോൾ അദ്ദേഹം സ്വീകരിച്ചിരുന്നു. മന്ദ്രസ്ഥായിയുടെ സാധ്യതകൾ ഇത്രയും പ്രയോജനപ്പെടുത്തിയ കർണാടക സംഗീതജ്ഞർ തുലോം കുറവാണ്. മന്ദ്രസ്ഥായിയിലെ അദ്ദേഹത്തിന്റെ ശ്രുതിയെ പാതാളശ്രുതി എന്ന് പോലും ചിലർ പരിഹസിച്ചിരുന്നു. കേൾവിജ്ഞാനമാണ് സംഗീതത്തെ കൂടുതൽ അറിയുന്നതിനുള്ള മാർഗമായി അദ്ദേഹം കണക്കാക്കിയിരുന്നത്. 'കേട്ടു വരണം സംഗീതം' എന്നാണ് എം ഡി ആറിന്റെ പക്ഷം. ഹാർമ്മോണിയത്തിന്റെ കട്ടകൾ വിരലുകളിലൂടെ ഈണങ്ങൾ രൂപപ്പെടുത്തുന്നതുപോലെ; സിത്താറിന്റേയും വീണയുടേയും വയലിന്റേയും തന്ത്രികൾ വിരൽസ്പർശത്താൽ സ്വരവർണങ്ങൾ പൊഴിക്കുന്നതുപോലെ; ഫ്ലൂട്ടിന്റേയും നാഗസ്വരത്തിന്റേയും രന്ധ്രങ്ങൾ അംഗുലീസ്പർശത്താൽ, വായുവിന്റെ ഏറ്റക്കുറച്ചിലുകളാൽ നാദപ്രവാഹം സൃഷ്ടിക്കുന്നതുപോലെ ഒരു ഗായകന് സ്വരസ്ഥാനങ്ങളെ തന്റെ ഉള്ളിലേയ്ക്ക് ആനയിക്കുന്നതിന്, ആവാഹിക്കുന്നതിന്, തിരിച്ചറിയുന്നതിനെല്ലാം കേൾവിജ്ഞാനം കൂടിയേ തീരൂ. പ്രശസ്ത പിന്നണി ഗായിക പി സുശീല പറയുന്നു; കേട്ടുകൊണ്ടേയിരിക്കുക, പാടിക്കൊണ്ടേയിരിക്കുക. സംഗീതത്തോട് നാം ചെയ്യേണ്ടതിത്രമാത്രം. ബാക്കിയെല്ലാം തനിയെ വന്നു ചേർന്നു കൊള്ളും.

കൈയടികൾക്ക് വേണ്ടിയായിരുന്നില്ല മറിച്ച് തനിക്ക് വേണ്ടി തന്നെയായിരുന്നു അദ്ദേഹം പാടിയിരുന്നത്. കൃതിയിലെ ഏതെങ്കിലുമൊരു ഭാഗം നിരവൽ ചെയ്യുമ്പോൾ വരികളുടെ അർത്ഥം ശ്രോതാക്കൾക്ക് വിവരിച്ചു കൊടുക്കുന്നതിന് പാട്ട് നിർത്തുന്നതിനും തമാശകൾ പങ്കിടുന്നതിനും എം ഡി ആർ മടി കാണിച്ചിരുന്നില്ല. കച്ചേരിക്കിടയിലുള്ള അദ്ദേഹത്തിന്റെ സ്റ്റേജ് മാനറിസങ്ങളും മുഖചേഷ്ടകളും മറ്റും ചില നിരൂപകരുടെയെങ്കിലും നിശിത വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്.

മന്ദഗതിയിലുള്ള കാലപ്രമാണത്തിന് എം ഡി ആർ നൽകിയ ഊന്നൽ അദ്ദേഹത്തിന്റെ ആലാപനത്തിന് അഗാധമായൊരു പരിവേഷം നൽകി. അദ്ദേഹത്തിന്റെ ആലാപനത്തിൽ അതർലീനമായ രാഗഭാവം, ലയം, ഗാനത്തിന്റെ അർത്ഥം തുടങ്ങിയവയെല്ലാം ആസ്വാ

ദകന് തന്റെ ചിന്തകളെ ഉണർത്തുന്ന, ഉയർത്തുന്ന അനുഭവമായി മാറി. മേൽപ്പറഞ്ഞ ഗുണങ്ങളെല്ലാം ബോധപൂർവമായ പരിശ്രമം ഇല്ലാതെ തന്നെ തന്റെ പ്രകടനത്തിൽ കൊണ്ടുവരുന്നതിന് എം ഡി ആറിന് കഴിഞ്ഞു.

തന്റെ ഗുരുവിനെപ്പോലെ വർണമാണ് സംഗീതരൂപങ്ങളുടെ അടിസ്ഥാനമെന്ന് അദ്ദേഹം കരുതി. വർണങ്ങൾ പരിശീലിക്കുന്നത് മറ്റെല്ലാ രൂപങ്ങളിലും പ്രാവീണ്യം നേടുന്നതിന് സഹായകരമാകുമെന്നാണ് എം ഡി ആർ പഠിപ്പിച്ചത്. വർണം അഭ്യസിക്കാതെ ഒരാൾക്ക് 'നിരവൽ' പോലെയുള്ള മനോധർമ്മ പ്രധാനമായ ഭാഗങ്ങൾ ശരിയായ രീതിയിൽ പാടുന്നതിന് കഴിയില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. വർണം പരിശീലിക്കാതെ 'നിരവൽ' പരീക്ഷിച്ചാൽ അത് 'വറുവൽ' (ഉപ്പേരി) പോലെയാകുമെന്ന് ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി.

തമിഴ്, തെലുങ്ക്, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അനായാസേന കൈകാര്യം ചെയ്ത അദ്ദേഹം സംസ്കൃതം, തെലുങ്ക്, തമിഴ് തുടങ്ങിയ ഭാഷകളിലായി ഏകദേശം 300ൽ അധികം കൃതികൾ രചിച്ചു. ഇവിടെ ജനിച്ച് കേരളത്തിന്റെ വാഗ്ഗേയകാരൻ എന്ന് വിശ്ലേഷിപ്പിക്കപ്പെടുമ്പോഴും മലയാളത്തിൽ ഒരു ഗാനം പോലും അദ്ദേഹത്തിന്റെ സംഗീതശേഖരത്തിൽ കാണപ്പെടുന്നില്ല എന്നതാണ് വാസ്തവം. വർണം, കൃതി, തില്ലാന എന്നീ സംഗീതരൂപങ്ങളിലാണ് അദ്ദേഹത്തിന്റെ രചനകളിൽ സിംഹഭാഗവും. ഗുരുവിന്റെ സ്മരണാർത്ഥം 'വരദദാസ്' എന്ന അങ്കിതമാണ് തന്റെ രചനകളിൽ അദ്ദേഹം മുദ്രയായി സ്വീകരിച്ചത്. വരദഭക്തിവിജയം, സുന്ദരരാമായണം എന്നിങ്ങനെ 2 ഓപ്പറകളും അദ്ദേഹം രചിച്ചു. കലാക്ഷേത്രയെ അവതരിപ്പിക്കുന്ന 'ബുദ്ധ അവതാരം' എന്ന ഫീച്ചറിനും അദ്ദേഹം സംഗീതം നൽകി.

കലാക്ഷേത്രയിലെ പഠനശേഷം രാമനാഥൻ കച്ചേരിയിൽ അരങ്ങേറ്റം കുറിച്ചപ്പോൾ ടൈഗർ പറഞ്ഞത് ഇങ്ങനെ. 'ഞാൻ എന്തൊക്കെ കരഗതമാക്കിയോ അതെല്ലാം ഇന്ന് രാമനാഥന് കൈമാറുന്നു. സംഗീതരസികർ അവനെ വളർത്തി ഈ പാരമ്പര്യത്തിന്റെ ദീപം ജ്വലിപ്പിച്ച് നിർത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു'. 1984ൽ ഇഹലോകവാസം വെടിയുന്നതുവരെ അദ്ദേഹം കച്ചേരികൾ നടത്തി. ഏതാനും ശിഷ്യരെ ഗുരുകുലരീതിയിൽ അദ്ദേഹം സംഗീതമഭ്യസിപ്പിച്ചിരുന്നു. എംവി നരസിംഹാചാരി, ജയാ പശുപതി, സ്വാതിതിരുനാൾ സംഗീത കോളേജിലെ പ്രൊഫസറും പാലക്കാട് ചെമ്പൈ സംഗീത കോളേജ് പ്രിൻസിപ്പലുമായിരുന്ന പിപി രാമകൃഷ്ണൻ എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യരിൽ പ്രഥമഗണനീയരാണ്.

ഒരു വിദ്യാർത്ഥി ഗുരുവിന്റെ സംഗീതം കേൾക്കുകയും ഉൾക്കൊള്ളുകയും സ്വാംശീകരിക്കുകയും ചെയ്യണമെന്ന് എം ഡി ആർ പറയുമായിരുന്നു. ക്ലാസ്സിൽ നോട്ട്ബുബുക്ക് ഉപയോഗിക്കാൻ വിദ്യാർത്ഥികളെ അദ്ദേഹം അനുവദിച്ചിരുന്നില്ല. പകരം പാഠഭാഗങ്ങളും ഗാനങ്ങളും ഓർമ്മിക്കുന്നതിന് വിവിധ തന്ത്രങ്ങളും മാർഗങ്ങളും അവർക്ക് പകർന്നു കൊടുത്തിരുന്നു. സംഗീതപഠനം ഒരിക്കലും സ്പൂൺ ഫീഡിംഗ് ആകരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കലാക്ഷേത്രയിൽ അധ്യാപകനായിരുന്ന സമയം ക്ലാസ്സ് മുറികളിൽ എം ഡി ആർ ദീർഘനേരം പാടുമായിരുന്നു. ശിഷ്യർക്ക് ഇഷ്ടമുള്ളത് സ്വയം തിരഞ്ഞെടുക്കാൻ അവസരം നൽകുകയാണ് അദ്ദേഹം ചെയ്തത്. 1966 മുതൽ 1971 വരെ കലാക്ഷേത്രയിൽ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന പ്രൊഫസർ പി പി രാമകൃഷ്ണൻ ഓർമ്മിക്കുന്നു.

എങ്കിലും എം ഡി ആറിന്റെ സംഗീതഗുണങ്ങൾ അതേപടിയല്ലെങ്കിൽപ്പോലും ആ സരണിയിൽ നിൽക്കുന്ന ഒരു പ്രതിഭ തന്റെ ശിഷ്യരിൽ ഉയർന്നുവന്നില്ല എന്നത് അധ്യാപകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പരാജയമാണെന്ന് വാദിക്കുന്ന സംഗീതനിരൂപകരുമുണ്ട്. എന്നാൽ അദ്ദേഹത്തെ കാണാനും അദ്ദേഹത്തിന്റെ സംഗീതം കേൾക്കാനും അവസരം ലഭിച്ചവർ സമ്മതിക്കും, എം ഡി ആറിന്റെ സംഗീതം ഒരു ബാണിയോ അച്ചിൽ വാർത്തതോ അല്ല മറിച്ച് അത് തികച്ചും വ്യതിരക്തമായ ഒരു വ്യക്തിഗത ആവിഷ്കാരമായിരുന്നു എന്ന്.

സംഗീതനഭസ്സിലെ ജന്റിൽമാൻ എന്ന വിശേഷണം അദ്ദേഹത്തിന് ലഭിച്ചിരുന്നു. അവാർഡുകളും പുരസ്കാരങ്ങളും അദ്ദേഹത്തെ ഒരിക്കലും പ്രലോഭിപ്പിച്ചിരുന്നില്ല. സംഗീതത്തിന് മുകളിലായിരുന്നില്ല ഇവയൊന്നും അദ്ദേഹത്തിന്. പുരസ്കാരങ്ങളുടെ പുറകെ പോയില്ലെങ്കിലും ബഹുമതികൾ അദ്ദേഹത്തെ തേടിയെത്താതിരുന്നില്ല. 1964ൽ കേരള സംഗീത നാടക അക്കാദമി പുരസ്കാരം, 1974ൽ പദ്മശ്രീ, 1975ൽ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് എന്നിവ അദ്ദേഹത്തിന് ലഭിച്ചു.

കർണാടക സംഗീതജ്ഞരെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലമതിക്കുന്ന മദ്രാസ് മ്യൂസിക് അക്കാദമിയുടെ സംഗീതകലാനിധി പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചില്ല എന്നത് അക്കാലത്തെ വലിയൊരു ചർച്ചയായിരുന്നു. സംഗീത കലാനിധിക്ക് പരിഗണിക്കപ്പെട്ട സമയം. അത്തവണത്തെ അവാർഡ് ഒരു കേരള സംഗീതജ്ഞന് പോകരുതെന്ന് ആരൊക്കെയോ തീരുമാനിച്ചുറപ്പിച്ചിരുന്നതായി പിന്നാമ്പുറ കഥകൾ പറയുന്നു. 40 വർഷത്തോളം മദ്രാസ് പട്ടണത്തിലും തമിഴ് നാടിന്റെ വിവിധ പ്രദേശങ്ങളേയും സംഗീതത്താൽ നിറച്ച അദ്ദേഹത്തോടാണ് ആ സ്ഥാപനം ഇങ്ങനെ പ്രവർത്തിച്ചത് എന്നത് വിരോധാഭാസമായി തോന്നാം. അടുത്ത വർഷം ഇതേ അവാർഡിനായി പരിഗണിക്കപ്പെട്ടുവെങ്കിലും അതിന് കാത്ത്നിൽക്കാതെ കാലയവനികയ്ക്കുള്ളിൽ മറയാനായിരുന്നു നിയോഗം.

സംസ്കൃതത്തിലോ, തെലുങ്കിലോ, തമിഴിലോ ഏതു ഭാഷയിൽ പാടിയാലും വരികളെ അറിഞ്ഞ് പാടുന്നതിൽ രാമനാഥനെന്നും നിഷ്കർഷ പുലർത്തിയിരുന്നു. മഹാൻമാരുടെ പല രചനകളുടേയും വ്യാഖ്യാനങ്ങൾ അദ്ദേഹം അവതരിപ്പിച്ചത് സവിശേഷവും വ്യത്യസ്തവുമായ അനുഭവമാണ് രസികർക്ക് പ്രദാനം ചെയ്തത്. തങ്ങൾ ഇതേവരെ അനുഭവിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ദൈവികമായ സംഗീതമാണ് രാമനാഥന്റേതെന്ന് പുകഴ്ത്തുന്നവരുണ്ട്. അതേ സമയം അദ്ദേഹത്തിന്റെ സംഗീതം തീരെ ഇഷ്ടപ്പെടാത്തവരും ഉണ്ടെന്നുള്ളത് വൈരുധ്യമായി തോന്നിയേക്കാം.

അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച ശൂന്യത അതങ്ങനെ തന്നെ തുടരുന്നു. എം ഡി ആറിന് തുല്യം എം ഡി ആർ മാത്രം. ആകാശവാണിയും അതുപോലെ മറ്റ് സംഗീതപ്രേമികളും സംരക്ഷിച്ച അദ്ദേഹത്തിന്റെ അപൂർവ ഗാനശേഖരം ഇന്നും തലമുറകളെ പ്രചോദിപ്പിക്കുന്നു. വാക്കുകളും ഈണവും ലയവും ഭാവവുമെല്ലാം ഒന്നായി ഇഴുകി ചേർന്ന ആ ഭാവഗരിമ ആസ്വാദക ഹൃദയങ്ങൾ മറക്കുവതെങ്ങനെ? നൂറ്റാണ്ടുകൾ പിന്നിട്ടാലും ആ ഭാവസംഗീതത്തിന് ആസ്വാദകരേറുമെന്ന് തീർച്ച.


# Time Shelter
## Living in 'Protected Past'

**An exploration into the literary works of the 2023' Man Booker prize winner George Gospodinov**



Dr. Kavitha B K

Georgi Gospodinov, the Bulgarian writer, received the 2023' International Booker Prize for Literature, for his work *Time Shelter* which was translated into English by Angela Rodel who co-shared the prestigious award. *Time Shelter* thus turns out to be the first literary work from Bulgaria to receive the Booker Prize. Gospodinov, the exquisite author, was born in 1968 in Yambol, a small city near the Turkish border. He spent his early childhood in his grandparents' village while his father and mother were away in town building careers as a vet and a lawyer. Abandonment was a constant fear, as he told in an interview to Claire Armistead, which was followed by loneliness after the parents took him and his younger brother to live with them in a basement flat. Even then, his parents had a large and eclectic library, where he could find out the things his school and family couldn't teach. Gospodinov is a multi-faceted personality who is a poet, essayist, short story writer, opera librettist, newspaper columnist, playwright, and screenplay writer. His well-known works include Natural Novel (1999), And Other




Stories (2001), The Physics of Sorrow (2012), "The Invisible Crises"(2013), and The Story ""Smuggler" (2016). His graphic novel "The Eternal Fly" ("Vechnata Muha") co-authored with the artist Nikola Toromanov was the first Bulgarian graphic novel and his short story 'Blind Vaysha' was adapted into a short animation film that was nominated for an Oscar in 2017.

Though this article intends to give a review of the Booker Prize winning *Time Shelter*, a laconic account of Gospodinov's works will apparently serve to comprehend the style and perspectives of the author. Fragmentary structures and elements of his personal and family histories are often found in his fiction to explore lofty ideas about time. The Story Smuggler is a short autobiographical text published as part of "The Cahiers Series" in which Gospodinov traces his evolving as a writer, contextualizing the experiences of life in Communist Bulgaria where he quite feels a pervasive sense of an otherness being out there. *The collection And Other Stories* with

almost two dozen short stories, and some extending only a single page, ranges from the fantastical to the realistic with an unusual touch prevailing it. In his stories, Gospodinov tends to take his inventive premises and gets straight to the point.

In the *Natural Novel*, published in Bulgarian in 1996 and translated into English by Zornitza Hristova in 2005, Gospodinov himself is the protagonist. He is going through a crisis as his marriage has fallen apart, and his wife has gotten pregnant by another man; wherein he starts writing a novel about it. This leaves him baffled and uncertain about his own life story. The novel keeps moving further backward in time, as the character unearths his own history, trying to divulge in a kind of mechanism for how his life had led to this baffling result. It is revealed that his wife longed to have a child and the novelist wasn't able to show justice to her feelings. Soon, she's seen living with the child's father, while the divorced novelist is still grappling with the existential marsh of his bafflement through writing. The novel got translated into 21 languages.

*The Physics of Sorrow* is based on the themes of abandonment, isolation and misunderstanding. The story of the narrator, Georgi and his family are told through the lens of the ancient Greek myth of the Minotaur, the half-man, half-bull creature that inhabits the dark tunnels of a Cretan labyrinth. Georgi grows up in Socialist Bulgaria, which itself is an isolated and lonely place. Though Georgi's parents had good jobs, his family lived in a cramped basement apartment, their own type of dark labyrinth, due to the strict controls by the government on housing. Living in such a dwelling led Georgi afflict with the "Minotaur Syndrome." Georgi's issue in terms of intimacy affected him adversely to get close to any woman. His fear of intimacy is part of the reason that he falls into a deep melancholy after the birth of his daughter. He travels around aimlessly at his doctor's advice to shake off his extreme gloominess. Georgi leaves his family and moves back into his home in the basement and lives in the dark labyrinth all alone. At the end of the novel, Georgi tries to describe, sort out and even deal with his sorrow with the language of quantum physics. The Physics of Sorrow won him the Jan Michalski Prize for Literature in 2016.

Gospodinov's third novel *Time Shelter* is the most discussed one as it won the prestigious International Booker Prize this year. *Time Shelter* is precisely about a clinic in Switzerland that treats Alzheimer's patients by recreating a happy period of their lives. The novel's title "Time Shelter" is a coinage in Bulgarian as it is in English, a grafting from the noun "bomb shelter". It's well found in its ambiguity: sheltering from time, and sheltering within time. "The time is coming when more and more people will want to hide in the cave of the past, to turn back. And not for happy reasons, by the way. We need to be ready



**George Gospodinov and Angela Rodel**

with the bomb shelter of the past. Call it the time shelter, if you will" (44).

*Time Shelter* opens with eleven epigraphs and feels like a half- essay and half novel, connecting cultural artefacts from Thomas Mann's *The Magic Mountain* to Auden's "September 1, 1939". It is the story of Gaustine, a mysterious therapist, who starts up a clinic for Alzheimer's patients and those suffering from dementia to help recover their memory. "According to Gaustine, for us the past is the past, and even when we step into it, we know that the exit to the present is open, we can come back with ease. For those who have lost their memories, this door has slammed shut once and for all. For them, the present is a foreign country, while the past is their homeland. The only thing we can do is create a space that is in sync with their internal time" (44). Thus, each floor of the clinic is a replica of each decade of the 20th century which transports the patients back in time. It's the responsibility of the narrator, Gaustine's assistant who is unnamed in the story to collect items from the past decades for the clinic. Gaustine's idea and his clinic becomes popular in a short period among the people who wish to escape from present-day reality and live in the past in which they felt most secure. This led to an unexpected problem where the past begins to affect the present. The "past-clinic" begins with different rooms and floors, decorated with the accuracy of a perfectionist and detailing of an extremist's eye. It diligently set up particular cigarette brands, lampshades, wallpaper, archive magazines etc. of specific years which were hallmarks of the period. Radio stations also play entire days from specific decades. Decade by decade, therapeutic time-shelters allow patients to inhabit their temporal "safe spaces".

The book gives instances of different people and situations at the clinic. An elderly woman who had arrived with a completely blank face, devoid of any emotion, with an empty gaze, suddenly come to life when she saw the

huge wooden radio with the dial of cities on it and started reading it aloud. Some patients have memories that are better left untapped: in one harrowing case, Gaustine treats a woman who cannot bear to be near showers. He discovers that she is a Holocaust survivor, prompting him to reflect that memory is not a good in itself, and that the right kind of forgetting is also therapeutically necessary. Gaustine writes that the more past there is, the less memory we have.

In course of time, Gaustine opened the clinics of the past not only to patients, but to their friends and family too. Then the people who wanted to live in certain years with out having any connection with a patient started showing up. Those were people who didn't feel at home in the present time. Gaustine's narrator says that most of them did it out of nostalgia for the happiest years of their lives while others did it out of fear that the world is irrevocably headed downhill and that the future is negated. "The point of the experiment was to create a protected past or "protected time". A time shelter. The clinic opened up a window into time and let the sick live there, along with their loved ones. To give a chance for elderly couples, who had spent their whole lives together, to stay together. The idea was for them to stay together in the same year, to meet up in the only possible "place"- in the year that still glimmered in the parent's fading memory" (100). Differentiating the past from memory becomes important later in the novel, when Gaustine's idea is hijacked by politicians.

As the novel progresses, the story morphs into an outlandish satire of European nationalism. Gaustine imagines towns and cities fixed in particular eras; soon, whole countries want to emulate his idea. Across Europe, political parties promote different decades in their national histories. Referendums are fought on what particular past a country's future will look like. Germany, for example, opts for the 1980s, Sweden for the 1970s and almost all the countries from Eastern Bloc (with two exceptions Bulgaria and Romania) chose the years around 1989 as the desired point for returning and restarting. Time Shelter was written between the Brexit referendum and the Russian invasion of Ukraine, both of which represent, in their own ways, the weaponisation of nostalgia and the selection of particular eras in the time clinic of the not- so -new world order. The Brexit referendum is invoked here as a prototype for the fictional referendums that break out across Europe. He has fun with national stereotypes: "If Scandinavia couldn't decide which of its happy periods to choose, Romania was also racked by doubt, but for the opposite reasons (235)." The narrator and Gaustine gets into an argument upon the decade which the Switzerland will choose. "They 'll never choose the 1940's, Gaustine argued (242)." In the end Gaustine was right when Switzerland chose neutrality. Though remaining neutral has always been a game outside of time, the European commissioners agreed with Switzerland to stay as a temporary asylum for others who experienced severe claustrophobia from the past. Gaustine was also unsure about a section in which a country recreates World War II and invades its neighbour, causing widespread devastation.

Gaustine disappeared all of a sudden and the narrator finds a black and white postcard in which was written: "I need to go to 1939, I'll write when I get there. Farewell, your G" (249). The narrator presumes that Gaustine had gone to defuse the bomb of '39. The narrator has to keep the clinics stay open as the patients had the right to a protected past. The narrator had also found a note in a yellow book stating "while writing a novel about those who have lost their memories, he himself begins to lose his memory... He rushes to finish it before he forgets what he was writing" (268). The last chapter of the novel describes how the past comes to life: the troops and tanks amassed to re-enact the beginning of World War II unexpectedly invading the neighbouring country's territory.

Gospodinov's Time Shelter offers a criticism of post-war world and people's longing to go back to a nostalgic past. "As Gaustine would say, whatever you grab in Europe today, it'll always lead you back to World War Two. Nothing was the same after 1939" (110). It binds together individual and collective destinies, offering a poignant reflection on the delicate balance between the intimate and the universal. It is also a satire on man's fantasy of national happiness. "The idea that nations and homelands seek happiness is an enormous illusion and self-deception. Happiness, besides being unattainable is also unbearable" (220). The novel gives us a philosophical account of the implications when our memories begin to fade. It evokes our thoughts to living in a protected past. "The less memory the more past... I remember, so as to keep the past in the past" (294).

References

Armistead, Claire. International Booker winner Georgi Gospodinov: 'My dystopian novel
became real'. The Guardian. 26 May 2023.
https://www.theguardian.com/books/2023/may/26/georgi-gospodinov-interview-time-shelter-international-booker. Accessed 27 July 2023.

Gospodinov, Georgi. The Time Shelter. Weidenfield & Nicolson, 2022.

McGuinness, Patrick. "Time Shelter by Georgi Gospodinov review – the dangers of dwelling in
the past". The Guardian. 20 May 2022, theguardian.com/books/2022/may/20/time-shelter-by-georgi-gospodinov-review-the-dangers-of-dwelling-in-the-past. Accessed 27July 2023.

"The Story Smuggler"- Georgi Gospodinov. Complete Review. 4 Dec 2022,
https://www.complete-review.com/reviews/bulgaria/gospodg2.htmAccessed 27July 2023.



# മനുഷ്യനിർമ്മിത ബുദ്ധി



ഡോ. ശ്രീല എസ്.ആർ.

മനുഷ്യനിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്AI) എന്ന സാങ്കേതികവിദ്യയെ കുറിച്ച് ഈ ലേഖനം എഴുതാൻ തുടങ്ങിയ സമയത്താണ് ഒറീസയിലെ ബാലേസോറിൽ മൂന്ന് ട്രെയിനുകൾ കൂട്ടിയിടിച്ചുള്ള അപകടമുണ്ടായത്. AI, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, വയർലസ് സെൻസർ നെറ്റ്‌വർക്ക് പോലെയുള്ള സാങ്കേതിക വിദ്യകളുണ്ടായിട്ടും ഈ ഒരു അപകടമുണ്ടായത് വേദനാജനകമാണ്. നമ്മുടെ സംവിധാനങ്ങൾ നവീന സാങ്കേതിക വിദ്യകൾ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആ അപകടത്തെ അനുസ്മരിച്ചു കൊണ്ടാണ് ഞാൻ ഈ ലേഖനം എഴുതാൻ തുടങ്ങുന്നത്.

മനുഷ്യമനസ്സുകൾ ചിന്തിക്കുന്നതുപോലെ കംപ്യൂട്ടറുകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ ദൂരീകരിക്കാൻ വേണ്ടി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയാണ് നിർമ്മിത ബുദ്ധി. AI യുടെ പ്രധാനപ്പെട്ട ഘടകങ്ങളാണ് താഴെ ചിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.




പ്രമുഖ ഐ റ്റി കമ്പനികൾ AI യുടെ ഗവേഷണപ്രവർത്തനങ്ങൾക്കായി ധാരാളം മൂലധനം ഉപയോഗിക്കുന്നുണ്ട്. ചൈനയാണ് AI ഗവേഷണത്തിൽ മുൻപന്തിയിലുള്ള രാജ്യം. ചൈനയുടെ ജിഡിപി യുടെ 26.1% AI വ്യവസായങ്ങളിൽ നിന്നുമാണ്.



താഴെ ചിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന IT കമ്പനികളാണ് AI യുടെ മുഖ്യ ഉപഭോക്താക്കൾ. ഈ കമ്പനികൾ IT മേഖലയിൽ കൂടാതെ ശാസ്ത്രത്തിലും ആരോഗ്യമേഖലയിലും ഉൾപ്പെടെ വിവിധ മേഖലകളിൽ AI യുടെ സാദ്ധ്യതകൾ കണ്ടെത്തുന്നു.



## ആപ്ലിക്കേഷനുകൾ

ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നിത്യ ജീവിതത്തിൽ AI ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. AI യുടെ പല പ്രവർത്തനമേഖലകളാണ് ചുവടെ വിവരിക്കുന്നത്:

**1. ആധുനിക രീതിയിലുള്ള വെബ് സെർച്ച്**

ജനറേറ്റിവ് നിർമ്മിത ബുദ്ധി വെബ് സെർച്ച് വളരെ വേഗത്തിലും കാര്യക്ഷമമായും പുതിയ ആശയങ്ങൾ കണ്ടെത്താനും സഹായിക്കുന്നു. ഇത് ഉപയോഗിക്കുന്ന വെബ് സെർച്ച് എഞ്ചിനുകൾക്കു ഉദാഹരണമാണ് ഗൂഗിൾ വെബ് സെർച്ച്, മൈക്രോസോഫ്റ്റിന്റെ Bing AI , ഒപേര വെബ് സെർച്ച് എന്നിവ.

**2. റെക്കമെന്റഷൻ സിസ്റ്റംസ്**

ഉപഭോക്താക്കൾക്ക് ഉതകുന്ന രീതിയിൽ ആവശ്യങ്ങൾ ഏകീകരിക്കാൻ വേണ്ടി റെക്കമെന്റഷൻ സിസ്റ്റംസ് ഒരു ഏജന്റായി വർത്തിക്കുന്നു. AI അൽഗോരിതം ഉപയോഗിച്ച് ഉപഭോക്താവിന് അവരുടെ താല്പര്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ആവശ്യമുള്ള നിർദ്ദേശങ്ങളും ഈ സംവിധാനം തരുന്നു. നെറ്റ്ഫ്ലിക്സ്, യൂട്യൂബ്, ഫേസ്ബുക്ക്, ഫ്ളിപ്കാർട്ട് , ആമസോൺ തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിൽ ശുപാർശകൾ വരുന്നത് ഈ സാങ്കേതികവിദ്യ ഉപയോഗിച്ചാണ്.



**3. ഇന്റർനെറ്റ് ഓഫ് തിങ്സ് (Internet of Things)**

ലോകത്തെ എല്ലാ വസ്തുക്കളും തമ്മിൽ ആശയ വിനിമയം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ഇന്റർനെറ്റ് ഓഫ് തിങ്സ്(IOT ). AI യും IOT യും കൂടി സംയോജിപ്പിക്കുന്ന മേഖലയെ വസ്തുക്കളുടെ നിർമ്മിത ബുദ്ധി (Artifical Intelligence of Things AIOT ) എന്ന് പറയുന്നു. സ്മാർട്ട് സിറ്റി, സ്മാർട്ട് ഹോം, സ്മാർട്ട് ഓഫീസ്, ഓട്ടോണോമസ് വെഹിക്കിൾസ്, സാമൂഹിക മാധ്യമങ്ങളിലും AIOT ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഗൂഗിൾ കാർ ഓട്ടോണോമസ്(ഡ്രൈവറില്ലാത്ത) വെഹിക്കിളിന് ഒരു ഉദാഹരണമാണ്.



## ചരിത്രം

- ഗ്രൗണ്ട് വർക്ക് (1900–49)
- 1990 ആദ്യ കൃത്രിമ മനുഷ്യനെ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി
- 1921 കാറൽ കാപാക്കിന്റെ ഫിക്ഷൻ നാടകത്തിലാണ് ആദ്യമായി റോബോട്ട് എന്ന ആശയം ഉപയോഗിച്ചത്.
- ഉത്ഭവം (1950–56)
- 1950 അലൻ ട്യൂറിംഗ് മെഷീന്റെ ബുദ്ധി മനസ്സിലാക്കാൻ വേണ്ടി ഇമിറ്റേഷൻ ഗെയിം ഉണ്ടാക്കി.
- 1955 ജോൺ മക്കാർത്തി എന്ന ശാസ്ത്രജ്ഞനാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്.
- പൂർണ്ണവികാസം (1958–1979)
- 1958 ജോൺ മക്കാർത്തി ലിസ്പ്(LISP) എന്ന ആദ്യത്തെ AI പ്രോഗ്രാമിങ് ലാംഗ്വേജ് നിർമ്മിച്ചത്.
- 1959 ആർതർ സാമുവേൽ ആദ്യമായി മെഷീൻ ലേണിംഗ് എന്ന ആശയം കൊണ്ടുവന്നത് .
- 1965 ആദ്യത്തെ expert സിസ്റ്റം നിർമ്മിച്ചു .
- 1966 ആദ്യത്തെ ചാറ്റ്ബോട്ട് കണ്ടുപിടിച്ചു .
- 1979 അമേരിക്കൻ അസോസിയേഷൻ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(AAAI) സ്ഥാപിച്ചു.
- കുതിച്ചുചാട്ടം (1980–87)
- 1980 AAAI യുടെ ആദ്യസമ്മേളനം നടന്നു. ആദ്യ expert സിസ്റ്റമായ XCON വിപണിയിലെത്തി.
- 1981 ജാപ്പനീസ് ഗവണ്മെന്റ് AI ഉപയോഗിച്ചുള്ള അഞ്ചാമത്തെ തലമുറ കമ്പ്യൂട്ടർ നിർമ്മിക്കാനുള്ള ഫണ്ട് വകയിരുത്തി.
- 1985 ആരോൺ എന്ന സ്വയം വരയ്ക്കുന്ന പ്രോഗ്രാം വികസിപ്പിച്ചു.
- 1986 ആദ്യത്തെ ഡ്രൈവറില്ലാത്ത കാർ ഉണ്ടാക്കുകയും പരീക്ഷിക്കുകയും ചെയ്തു.
- ശീതകാലം (1987–93)
- ഈ കാലയളവിൽ വളരെ കുറച്ച് ഫണ്ട് മാത്രമേ AI ഗവേഷണത്തിന് വേണ്ടി ഉപയോഗിച്ചുള്ളൂ.
- ഏജന്റ്സ് (1993 –2011)
- 1997 ഐബിഎം വികസിപ്പിച്ച ഡീപ്പ് ബ്ലൂ എന്ന ചെസ്സ് പ്രോഗ്രാം ലോക ചെസ്സ് ചാമ്പ്യൻ ഗാരി കാസ്പറോവിനെ തോൽപ്പിച്ചു. ഡ്രാഗൺ സിസ്റ്റം എന്ന കമ്പനി ഒരു സ്പീച്ച് മനസ്സിലാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഉണ്ടാക്കി.
- 2000 ആദ്യമായി വികാരങ്ങളുള്ള കിസ്മേറ്റ് എന്ന് പേരുള്ള റോബോട്ടിനെ നിർമ്മിച്ചു.
- 2006 ട്വിറ്റർ,ഫേസ്ബുക്ക്, നെറ്റ്ഫ്ലിക്സ് എന്നീ കമ്പനികൾ AI ഉപയോഗിക്കാൻ തുടങ്ങിയത്.
- 2010 മൈക്രോസോഫ്ട് ആദ്യത്തെ AI ഉപയോഗിച്ചുള്ള ഗെയിമിംഗ് ഹാർഡ്‌വെയർ വിപണിയിലെത്തിച്ചു.
- 2011 ഭാഷാപ്രോസസ്സിങ് ചെയ്യുന്ന ഐബിഎം വാട്സൺ എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. ആപ്പിളിന്റെ സിരി വിപണിയിലെത്തി .
- ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ്(2011 )
- 2016 സോഫിയ എന്ന റോബോട്ടിനെ ഉണ്ടാക്കി. ആദ്യമായി ഒരു രാജ്യത്തിന്റെ പൗരത്വം കിട്ടിയ റോബോട്ടാണ് സോഫിയ.
- 2018 ആലിബാബയുടെ ഭാഷാപ്രോസസ്സിങ് സോഫ്റ്റ്‌വെയർ വിപണിയിലെത്തി.
- 2020 ഓപ്പൺ AI എന്ന സ്ഥാപനം GPT3 പരീക്ഷണങ്ങൾ ആരംഭിച്ചു.
- 2021 ഓപ്പൺ AI ചിത്രങ്ങളുടെ വിവരങ്ങൾ തരുന്ന DALLE സോഫ്റ്റ്‌വെയർ വികസിപ്പിച്ചു.
- 2022 ചാറ്റ് ജിപിടി ഉപയോഗയോഗ്യമായി


#### 4. ആരോഗ്യമേഖല

വിവിധ രോഗങ്ങൾ കണ്ടുപിടിക്കുന്നതിലും മെഡിക്കൽ ഡേറ്റയെ ചിത്രീകരിക്കുന്നതിലും ടെലിമെഡിസിനിലും ആരോഗ്യ വിവരങ്ങൾ സൂക്ഷിക്കുന്നതിലും മരുന്നുകൾ കണ്ടുപിടിക്കുന്നതിൽ പോലും ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സാങ്കേതികവിദ്യ വളരെ വ്യാപകമായ തോതിൽ പ്രയോഗിക്കുന്നു. IBM ന്റെ വാട്സൺ ഓൺകോളജി, പാത്ത് AI (Path AI ), മൈക്രോസോഫ്ടിന്റെ ഹാൻ ഓവർ പ്രൊജക്റ്റ്, ഗൂഗിളിന്റെ ഡീപ്പ് മൈൻഡ് എന്നിവ ആരോഗ്യമേഖലയിലുള്ള പോപ്പുലർ ആപ്ലിക്കേഷൻസാണ്. ധാരാളം കമ്പനികൾ ആരോഗ്യസ്ഥാപനങ്ങളുമായി ചേർന്ന് AI എന്ന സാങ്കേതിക വിദ്യ മനുഷ്യജീവന് സഹായമാകുംവിധം ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നു.



#### 5) സാമ്പത്തികമേഖല

സാമ്പത്തികമേഖലയിൽ ഉപഭോക്താക്കളുടെ അഭിരുചി മനസ്സിലാക്കി സേവനങ്ങൾ നൽകാനും തത്സമയ സംശയ ദൂരീകരണത്തിനും AI സഹായിക്കുന്നു. കൂടാതെ ബാങ്കിങ്ങിലെ ദിനംപ്രതി സേവനങ്ങളായ അക്കൗണ്ട് ബാലൻസ് അറിയുന്നതിനും പാസ്സ്‌വേർഡ് പുനഃസജ്ജമാക്കുന്നതിനും കസ്റ്റമർ എക്സിക്യൂട്ടീവുമായി സംവദിക്കുന്നതിനും ഇതുപയോഗിക്കുന്നു.





#### 6) സൈബർ സുരക്ഷ

സൈബർ പ്രതിസന്ധികൾ, വിദ്വേഷ പ്രവർത്തനങ്ങൾ എന്നിവ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനു AI മോഡൽസ് ഉപയോഗിക്കുന്നു. ഇത് വഴി സൈബർ ആക്രമണങ്ങളുടെ തീവ്രത കണ്ടുപിടിക്കാനും കുറ്റവാളികളെ വേഗത്തിൽ കണ്ടുപിടിക്കാനും സാധിക്കുന്നു.



#### 7) റോബോട്ട്

AI റോബോട്ടുമായി സംയോജിപ്പിച്ചാൽ റോബോട്ടിന്റെ കഴിവുകൾ കൂട്ടാനും അതിന്റെ ചിന്താശേഷി വർധിപ്പിക്കാനും സാധിക്കും. റോബോട്ടിക്സിൽ ഉപയോഗിക്കുന്ന AI യുടെ ഒരു സാങ്കേതിക വിദ്യയാണ് മെഷീൻ ലേർണിംഗ്. റോബോട്ടുകൾ ചുറ്റുപാടുകളിനിന്നും മനുഷ്യന്റെ പ്രവർത്തികൾ നിരീക്ഷിച്ചു പഠിക്കുന്നു. റോബോട്ടുകൾ കസ്റ്റമർ സെർവീസിനും വ്യവസായ സ്ഥാപനങ്ങളിൽ സാധനങ്ങൾ അസ്സെംബിൾ ചെയ്യാനും പാക്കിങ്ങിനും സഹായിക്കുന്നു.





1. Sophiya

2. Atlas and spot





3. HRP-5P

4. Aquanaut

#### 8) വെർച്വൽ അസിസ്റ്റന്റ് (VA)


ടെക്സ്റ്റ്(വാചകം), ശബ്ദം എന്നിവ മൂലം മനുഷ്യനുമായി സംവേദനം നടത്തുന്ന ഒരു പ്രോഗ്രാമാണ് ചാറ്റ് ബോട്ട്. ഓപ്പൺ AI യുടെ ചാറ്റ് ജിപിറ്റി, ഗൂഗിളിന്റെ മീന, മൈക്രോസോഫ്റ്റിന്റെ ടേ(Tay) എന്നിവയെല്ലാം ചാറ്റ് ബോട്ടിന് ഉദാഹരങ്ങളാണ്. Virtual Assistant മനുഷ്യന് വിവിധ കാര്യങ്ങളിൽ സഹായങ്ങൾ നൽകുന്നു. ആമസോണിന്റെ അലെക്സ, ആപ്പിളിന്റെ സിരി, ഗൂഗിൾ അസിസ്റ്റ് മുതലായവ VA ആണ്.

#### 9) ശാസ്ത്ര മേഖല

AI ഭൗതികശാസ്ത്ര മേഖലയിലും രസതന്ത്രത്തിലും ജീവശാസ്ത്രത്തിലും കാർഷിക മേഖലയിലും എല്ലാം ഗവേഷണങ്ങൾ വേഗത്തിലാക്കുന്നുണ്ട്. ഗാലക്സിയെ തരംതിരിക്കാനും നക്ഷത്രങ്ങളെ കണ്ടുപിടിക്കുന്നതിനും നിലവിലുള്ള വിവിധ ഡേറ്റയിൽ നിന്നും പാറ്റേൺ മനസ്സിലാക്കുന്നതിനും ഫിസിക്സിൽ ഇതുപയോഗിക്കുന്നു. പ്രോട്ടീൻ ഘടന , വിവിധ മരുന്നുകൾ , രോഗങ്ങൾ എന്നിവ ഇതിന്റെ സഹായത്താൽ കണ്ടുപിടിക്കുന്നു. തന്മാത്രകൾ നിർമ്മാണം മുതൽ തന്മാത്രകളുടെ സ്വഭാവം തിരിച്ചറിയാൻ വരെ ഇത് സഹായിക്കുന്നു.

#### 10) ഭാഷാഗവേഷണം

വിവിധ ഭാഷകൾ പ്രോസസ്സ് ചെയ്യുന്നതിനും, വാചകങ്ങൾ നിർമ്മിക്കുന്നതിനും AI സഹായിക്കുന്നു. ഗൂഗിൾ ട്രാൻസ്ലേറ്റ് വിവിധ ഭാഷകളിലെ വാചകങ്ങൾ മറ്റൊരു ഭാഷയിലേക്കു മാറ്റാനുപയോഗിക്കുന്നു. ഭാഷാപ്രോസസ്സിംഗ് , നിഘണ്ടുനിർമാണം , ഭാഷാജനറേഷൻ എന്നിവ ഭാഷാഗവേഷണത്തിന്റെ പല മേഖലകളാണ്.







#### AI യിൽ ഇന്ത്യയുടെ വളർച്ചകൾ

നീതി ആയോഗ് ഇന്ത്യയിലെ AI യുടെ വികസനത്തിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക, ഗതാഗത മേഖലകളുടെ ഉന്നമനത്തിനായി AI യെ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് കേരളത്തിൽ AI ക്യാമറകൾ ഉപയോഗിക്കുന്നതിലൂടെ ഒരു മാസം കൊണ്ട് തന്നെ ധാരാളം റോഡപകടങ്ങൾ കുറഞ്ഞു. AI ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഇന്ത്യയുടെ സ്ഥാനം അഞ്ചാമതാണ്. ചൈനയാണ് ഒന്നാമത്.



2035 നകം AI യിൽ നിന്നും ഇന്ത്യയുടെ വരുമാനം 1 ട്രില്യൻ ആക്കാനാണ് ശ്രമം.



ഇന്ത്യയിൽ IIT , IISC , IIST , NIT , വിവിധ സർവകലാശാലകളിലും AI ഗവേഷണം നടക്കുന്നുണ്ട്.

## കേരളത്തിന്റെ സംഭാവനകൾ

ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിലാണ്. അവിടെ AI യുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ ചെയ്യുന്ന കമ്പനികളും സ്റ്റാർട്ട് ആപ്പുകളും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും പ്രവർത്തിക്കുന്നു . കേരളത്തിൽ കെൽട്രോണിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന AI ക്യാമറ ഗതാഗത മേഖലയിൽ വൻമുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പല ഇന്ത്യൻ സംസ്ഥാനങ്ങളും അതിന മാതൃകയാക്കാൻ ഒരുങ്ങുന്നു. സിഡാക്, തിരുവനന്തപുരം വികസിപ്പിച്ചെടുത്ത സെർവിസ്കാൻ എന്ന സോഫ്റ്റ്‌വെയർ സ്ത്രീകളിലെ സെർവിക്കൽ കാൻസർ ആദ്യഘട്ടത്തിൽ കണ്ടുപിടിക്കാൻ ഉപയോഗിക്കാം. കേരളത്തിലെ വിവിധ IT പാർക്കുകളിൽ AI കമ്പനികൾ പ്രവർത്തിക്കുന്നു. ഐസിഫോസ് (ICFOSS ) മലയാളം പ്രോസസ്സിങ്ങിനു ആവശ്യമായ നിഘണ്ടുവും അൽഗോരിതങ്ങളും നിർമ്മിക്കുന്നുണ്ട്. കേരളത്തിലെ വിവിധ സർവകലാശാലകളും പൊതുമേഖലാ സ്ഥാപനങ്ങളും ഗവേഷണ പ്രബന്ധങ്ങൾ ഈ മേഖലയിൽ സമർപ്പിക്കുന്നുണ്ട്.

ആധുനിക ലോകത്തിൽ മനുഷ്യന്റെ ദൈനംദിന പ്രവർത്തനങ്ങളെ AI വലിയരീതിയിൽ സ്വാധീനിക്കുന്നുണ്ട്. നിർമ്മിത ബുദ്ധിക്കു ഒരു അഞ്ച് വയസ്സുകാരന്റെ ബുദ്ധിയെയായിട്ടുള്ളുവെന്നാണ് കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാർ പറയുന്നത്. എന്നിരുന്നാലും ഇപ്പോൾ നമ്മളെ സ്വാധീനിക്കുന്ന എല്ലാ മേഖലകളിലും AI കടന്നു കയറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രവർത്തനങ്ങളെ വളരെ വേഗം ചെയ്യാൻ ഇത് സഹായിക്കുന്നു. നമ്മുടെ ജോലി സാദ്ധ്യതകൾ പല മേഖലകളിലും കുറയുമെങ്കിലും വേറെ മേഖലകളിൽ ജോലി സാധ്യത കണ്ടുപിടിക്കേണ്ടിഇരിക്കുന്നു. ചാറ്റ് ജിപിറ്റി പോലെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ നമ്മുടെ സൃഷ്ടിപരമായ കഴിവുകൾ കുറയാനുള്ള സാധ്യതയേറുന്നു. അതുകൊണ്ട് AI എന്ന സാങ്കേതിക വിദ്യയുടെ നല്ല സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നമുക്ക് ഏറെ ദൂരം പോകാനുള്ളതാണ്.



അജിത വി.എസ്



വര :
മനു മോഹൻ

കവിത

# ഇരുളിൽ വന്നവർ

ഇരുൾ വകഞ്ഞിന്ന്
വന്നവർ മൂന്നുപേർ!
ഒന്നാമൻ വന്നത്
ആടിയുലയുന്നൊരു
പായ്ക്കപ്പലിൽ.
കടൽക്കിഴവൻ തന്നെ!
കാഴ്ചയിൽ തെല്ലും
കരുത്തനല്ലെങ്കിലും
ഉള്ളിലെരിയുന്നു സ്ഥൈര്യം.
ഉൾക്കടൽ, കൊമ്പൻസ്രാവും
ഭയമേയില്ല ചിന്തയിൽ
എത്ര വൻതിരക,ളെത്ര
യഗാധം ചുഴികളെല്ലാമേ
നേർക്കുനേർ നിന്നു
പൊരുതി വന്നവൻ.
തോറ്റുപോകിലും
നശിക്കുകില്ലെന്ന്
നെഞ്ചു തൊട്ടു
വീറ് കാട്ടിയോൻ!

രണ്ടാമൻ വന്നത്
വട്ടംചുറ്റുമൊരു
മണൽക്കാറ്റിനൊപ്പം
ഇടയബാലൻ!
പാഴ്ക്കിനാവെന്ന്
മാലോകർ ചൊല്ലിയ
സ്വപ്നത്തിനൊപ്പം
നടക്കാനിറങ്ങിയോൻ.
എത്ര ചുഴലികളെത്ര
മരുപ്പരപ്പെ,ത്രയോ കാതം
നടന്നു കുഴഞ്ഞവൻ.
അതിഗൂഢ,മജ്ഞാതം
പ്രപഞ്ച വിസ്മയങ്ങളെ
ഒരുതരി വെട്ടത്തിൽ
ഊതിത്തെളിച്ചവൻ.
അറിവിന്നുറവുകളൊക്കെ
കടന്നു, തന്നിലെ നിധി
ഉൾക്കണ്ണിലറിഞ്ഞവൻ!

മൂന്നാമന്റെ വരവ്
കൊടുങ്കാറ്റിലും ഉലയാത്ത
മെഴുകുതിരി നാളത്തിനൊപ്പം.
കണ്ടില്ലേ കൺതിളക്കം...
ഡി യിലെ മെത്രാൻ!
സ്വന്തമായൊന്നുമില്ലാത്തവൻ
ആദരാൽ നീട്ടും കൈകൾ
ഒന്നുമേയെടുക്കാനല്ല,
കൊടുക്കുവാനേറെ
ഉള്ളിലുള്ളവൻ.
ആരെയും വിധിക്കാത്തവൻ
ആരെയും ചേർത്തണക്കുവോൻ.
കനിവിൻ കടലും കാടും
കൺചെപ്പിലൊതുക്കിയോൻ.
നെഞ്ചിലെയരമന വാതിൽ
തഴുതിടാതുറങ്ങുന്നവൻ!

തമ്മിൽ കണ്ടതേയുള്ളു
രാവിൽ, മൂവരും ചിരിക്കുന്നു
ഒരു മിന്നൽച്ചാർത്തിന്നാ
ശ്ലേഷത്തിലൊന്നായി മാറുന്നു!

ഒന്നായൊരാ,ളയാളതാ
മുന്നിൽ വന്നേ ക്ഷണിക്കുന്നു.
കരം പിടിക്കട്ടെ, കടക്കണം
ശാന്തമായ്, പ്രക്ഷുബ്ധസാഗരം.

* കിഴവനും കടലും
ദി ആൽക്കെമിസ്റ്റ്
പാവങ്ങൾ എന്നീ പുസ്തകങ്ങളിലെ കഥാപാത്രങ്ങളോട് കടപ്പാട്.



# ഓണവും ഓണക്കളികളും



ഡോ.ഗംഗാദേവി.എം

ഓരോ ദേശത്തിനും ആ ദേശത്തിന്റെ തനതായ ഒരു ആഘോഷം ഉണ്ടായിരിക്കും , ദേശീയ ഉത്സവം . ഏതൊരു നാട്ടിലെയും ജാതി ,മത,വർണ്ണ, വർഗ്ഗ, രാഷ്ട്രീയ,ലിംഗഭേദമെന്യേ സകല മനുഷ്യരും ഒരുപോലെ ആഘോഷിക്കുന്ന ഉത്സവമാണ് ദേശീയ ഉത്സവം . കേരളം എന്ന നാടിന്റെ ദേശീയ ഉത്സവമാണ് ഓണം . കേരളത്തിലെ എല്ലാ ജനങ്ങളും ഒരുപോലെ ആഘോഷിക്കുന്ന , ആസ്വദിക്കുന്ന ഉത്സവമാണ് ഓണം,തിരുവോണം.

ഓണത്തോടനുബന്ധിച്ച് നാടെങ്ങും വിവിധതരത്തിലുള്ള ഒരുക്കങ്ങളും ആഘോഷങ്ങളും നടത്തപ്പെടുന്നു. നിർവ്യാജമായ ആനന്ദത്തിന്റെ ആഘോഷം കൂടിയാണ് ഓണം. അതിനാൽ ഓണത്തിന് ആബാലവൃദ്ധം ജനങ്ങളും പലതരത്തിലുള്ള കളികളിലേർപ്പെടുന്നു. മാനസികമായുള്ള ഉല്ലാസത്തിനു പുറമേ കായികവും ബൗദ്ധികവുമായ വികാസത്തിനു കൂടിയാണ് ഇത്തരം



കേളികൾ കൊണ്ടാടുന്നത്.

ഓണക്കളികളിൽ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരികമായ ഒരു കലാകേളിയാണ് പൂക്കളമിടൽ. ഇത് ഒരു തരത്തിൽ അനുഷ്ഠാനമോ ചടങ്ങോ ഒക്കെയായി കാണാമെങ്കിലും കുട്ടികൾക്ക് ഒരു വിനോദം തന്നെയാണ്. മാവേലിത്തമ്പുരാനെ വരവേൽക്കാനായി ഓണത്തിന് വീടുകൾക്ക് മുന്നിലായി പൂക്കൾ കൊണ്ട് തീർക്കുന്ന പൂക്കളമാണ് അത്തപ്പൂക്കളം . ഓണം, പൂവിടുന്ന വസന്തത്തിന്റെ കാലവുമാണ് . കുട്ടികൾ രാവിലെ പൂ പറിക്കാനായി തൊടികളിലേക്ക് ഇറങ്ങും . പൂക്കൊട്ടയിൽ നിറയെ തുമ്പ ,തെച്ചി ,തുളസി, കലമ്പോട്ടി, ചെമ്പരത്തി, അരളി തുടങ്ങി പല വർണ്ണങ്ങളിലുള്ള പൂക്കൾ പറിച്ചു കൊണ്ടുവരും .അത് വൃത്തിയായി ചാണകം മെഴുകിയ അത്തത്തട്ടിൽ പ്രത്യേക രീതിയിൽ വട്ടത്തിൽ നിരത്തി ഇടും. ഇന്ന് പൂക്കള മത്സരങ്ങൾക്ക് കാണുന്ന തരത്തിലുള്ളതായിരുന്നില്ല അന്നത്തെ പൂക്കളം . അന്നത്തെ പൂക്കളത്തിന് ഒരു ആൽമീയ ചൈതന്യവും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും നിറവും ആയിരുന്നു . പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും ഗന്ധമായിരുന്നു. ഇന്ന് ഒക്കെയും മാറിപ്പോയി. പൂക്കളവും സദ്യവിഭവങ്ങളും റെഡി മേയ്ഡായി കിട്ടുന്ന കാലമാണിത്.

നാട്ടിൻ പുറങ്ങളിൽ പൂക്കളം അത്തം തുടങ്ങി പത്ത് ദിവസം ഇടും. ഓരോ വീട്ടിലും ഓണത്തപ്പനെ വരവേൽക്കാനായി പൂക്കളമിട്ട് വർണ്ണാഭമാക്കും. മുറ്റത്ത് പ്രത്യേകമുണ്ടാക്കിയ അത്തത്തട്ടിൽ ചാണകം മെഴുകിയാണ് പൂക്കൾ വരിവരിയായി വട്ടത്തിൽ ഇടുക. ഓരോ ദിവസവും കൂടുതൽ കൂടുതൽ വരികളിടും. ഈർക്കിലിനകത്ത് പൂക്കൾ കുത്തി കുത്തി കുടയും കുത്തിവയ്ക്കും. ആദ്യദിവസം ഒരു കുട പിന്നെ രണ്ട് അങ്ങനെ പത്താം ദിവസം പത്ത് കുടയും പത്ത് വരിയും ആയിരിക്കും പൂക്കളങ്ങൾക്ക്. മാവേലിയെ വരവേൽക്കാൻ വീടിന്റെ മുൻവശത്തുള്ള പ്രവേശന കവാടം മുതൽ അതായത് ഇന്നത്തെ ഗേറ്റ് മുതൽ പൂക്കളം വരെ പൂക്കൾ കൊണ്ട് നിറയും . പൂക്കുടകൾ ഇരുവശവും കുത്തി വയ്ക്കും. നാട്ടിൻ പുറങ്ങളിൽ വീട്ടുമുറ്റത്തിടുന്ന പൂക്കളങ്ങൾ കുട്ടികൾ മത്സരമായിത്തന്നെയാണ് കാണാറ്. സമ്മാനങ്ങൾ നേടലല്ല ആരോഗ്യപരമായ മത്സരമാണ്. സന്തോഷത്തിനു വേണ്ടിയുള്ള മത്സരം. ഇപ്പോഴാകട്ടെ എല്ലായിടത്തും പൂക്കളമുണ്ടാക്കുന്ന മത്സരങ്ങൾ തന്നെ നടത്തി വരുന്നു. പൂക്കൾ തമിഴ്നാട്ടിൽ നിന്നും കടം കൊള്ളുകയും ചെയ്യുന്നു.

തുമ്പിതുള്ളൽ , കരടികളി, പുലികളി തുടങ്ങി വിചിത്രമായ പല കളികളും ഓണത്തോടനുബന്ധിച്ച് നടത്താറുണ്ട്. ഓണത്തിന് പ്രത്യേകതരത്തിലുള്ള തുമ്പികൾ വരാറുണ്ട് . അവയെ ഓണത്തുമ്പികൾ എന്നാണ് വിളിക്കാറ് . 'ഓണത്തുമ്പിക്കൊരൂഞ്ഞാല് ' എന്നൊരു പാട്ട് തന്നെയുണ്ട്. ഈ ഓണത്തുമ്പികളെ ഓർത്തുകൊണ്ടാണ് തുമ്പിതുള്ളൽ എന്ന കളി നടക്കുന്നത് . പെൺകുട്ടികളാണ് പൊതുവേ തുമ്പി തുള്ളൽ കളിക്കുന്നത്. അവർ അവരുടേതായ രീതിയിൽ പൂക്കുലയൊക്കെപ്പിടിച്ച് തുള്ളിക്കളിക്കുന്നു. ഇത് ചില സ്ഥലങ്ങളിൽ പ്രത്യേക ആചാരമായിട്ടും നടത്താറുണ്ട്. ആൺകുട്ടികളാണ് കരടികളിയും പുലികളിയും നടത്താറ് . വാഴയുടെ കരിഞ്ഞ ഇലകൾ വച്ച് ദേഹം മുഴുവൻ കെട്ടി പാള കൊണ്ട് മുഖത്ത് രൂപവും വരച്ചാണ് കരടി വരിക , കുത്തിയോട്ട പാട്ടും പാടി ..

'തന്നെന്നേ നാനാനെ തന്നാന തനയ്  
താനന്നേ നാനനായ് തന്നാനെ  
പട്ടികടിക്കല്ലേ വീട്ടുകാരെ ഞങ്ങൾ  
പട്ടിണിക്കാരുടെ മക്കളാണേയ്  
തന്നെന്നേ നാനാനെ തന്നാന തനയ്  
താനന്നേ നാനനായ് തന്നാനെ'

എന്ന് പാടിക്കൊണ്ടാണ് വീടുകൾ തോറും ഈ കരടികൾ കയറിയിറങ്ങുന്നത്. ചില്ലറ കാശൊപ്പിക്കൽ ആണ് ഉദ്ദേശ്യം . അതും ഒരു കളി തന്നെ. ക്രിസ്മസിന് കരോൾ വരുന്ന പോലെയാണ് ഓണത്തിനുള്ള കരടി വരവ്.

കേരളത്തിന്റെ വടക്കൻ പ്രദേശത്താണ് പുലികളി ഏറെ പ്രാധാന്യത്തോടെ കളിക്കുന്നത് .തൃശ്ശൂർ പൂരത്തോടനുബന്ധിച്ചും പുലിക്കളി നടത്താറുണ്ട് . ഇപ്പോൾ സ്ത്രീകളും പുലികളിയിൽ പങ്കെടുക്കുന്നുണ്ട്. പുലിവേഷം കെട്ടി തുള്ളിക്കളിക്കലാണ് പുലികളി. നാടോടിപ്പാട്ടുകളും വാദ്യോപകരണങ്ങളും മേളങ്ങളും അകമ്പടിയായുണ്ടാവും. വർണ്ണാഭമായ ഘോഷയാത്രകളും ഓണക്കളികളും പുലികളുമെല്ലാം ഓണത്തോടനുബന്ധിച്ചുണ്ടാവും.

ഓണത്തിന് ഊഞ്ഞാലിടുക എന്നതും വലിയ പ്രാധാന്യത്തോടെ കാണുന്ന ഒരു സംഗതിയാണ്. പറമ്പിലെ ഏതെങ്കിലും മരത്തിൽ ഊഞ്ഞാലിട്ട് കുട്ടികളും മുതിർന്നവരും ആയത്തിൽ ആടുകയാണ് പതിവ്.

'ഊഞ്ഞാലോ പാണ്ട്യാലോ  
കുളക്കോഴി മുട്ടയിട്ടേ '

എന്ന് പാടിയാണ് ഊഞ്ഞാലാട്ടുക. മുട്ടയിട്ടേ എന്ന് പാടുമ്പോൾ ആട്ടുന്നയാൾ ആയത്തിൽ വന്ന് ഊഞ്ഞാൽത്തടിയുടെ അടിയിലൂടെ ഓടിപ്പോകും. മുട്ടയിടുന്ന ആട്ടം എന്ന് പറയുമിത്. അന്നത്തെ കളികളും ഊഞ്ഞാലാട്ടവും ഒന്നും ഇന്നത്തെ ഡിജിറ്റൽ കുട്ടികൾക്ക് അറിയുകയില്ല . വീട്ടിൽ ഉണ്ടാക്കുന്ന പലഹാരങ്ങൾ കൈക്കലാക്കി ഊഞ്ഞാൽ തടിയിലിരുന്നും നിന്നും ഒക്കെ പാട്ടുപാടുന്നതും കൂട്ടുകാർക്കൊത്ത് എണ്ണിയെണ്ണി ഊഞ്ഞാലാടുന്നതും ഒക്കെ ഗൃഹാതുരമായ ഓർമ്മകളാണ്. ഓണപ്പാട്ടുകളും ഓണക്കഥകളും എല്ലാം ഈ അവസരങ്ങളിൽ ഓർക്കാറുണ്ട്.

ഓണത്തിന്റെ മറ്റൊരു വിനോദമാണ് ഉറിയടി. ചിങ്ങമാസത്തിലെ അഷ്ടമി രോഹിണി നാളിലാണല്ലോ ഭഗവാൻ ശ്രീകൃഷ്ണന്റെ ജന്മാഷ്ടമി. അഷ്ടമി രോഹിണിയോടനുബന്ധിച്ചും ഓണത്തോടനുബന്ധിച്ചും നടത്തുന്ന ഒരു കളിയാണ് ഉറിയടി. കൃഷ്ണൻ കാണാതെ വെണ്ണ ഉറിയിൽ ഒളിപ്പിച്ചു വയ്ക്കും യശോദാമ്മ. ഈ വെണ്ണ എടുക്കുന്നതിനായി ഉറി അടിച്ചു പൊട്ടിക്കലാണ് ഈ കളി. കണ്ണ് കെട്ടിയ നിലയിലാണ് ഈ കളി കളിക്കേണ്ടത് .കപ്പി കെട്ടി കയറിൽ കലം കെട്ടിത്തൂക്കി പൊക്കുകയും താഴ്ത്തുകയും ചെയ്യുമ്പോൾ കണ്ണുകൾ കെട്ടിക്കൊണ്ട് ഉറിക്കലം അടിച്ചു വീഴ്ത്തുകയാണ് ഈ വിനോദം.


ഓണത്തിന് തിരുവാതിരക്കളി,

കൈകൊട്ടിക്കളി എന്നീ പേരുകളിലറിയപ്പെടുന്ന കളി പെൺകുട്ടികളും സ്ത്രീകളും കളിക്കാറുണ്ട്. കേരളീയ വേഷത്തിൽ വട്ടത്തിൽ നിന്ന് മനോഹരമായ പാട്ടുകൾ പാടിയാണ് തിരുവാതിരക്കളി കളിക്കുന്നത്.

വടം വലി ഓണക്കാലത്തെ മറ്റൊരു വിനോദമാണ്. വലിയ വടം (കയറ്) കൊണ്ടാണ് ഈ കളി കളിക്കുക. രണ്ട് ടീമുകളായി തിരിച്ചാണ് കളിക്കുക. മധ്യഭാഗത്ത് അടയാളം ഇട്ടിരിക്കും. ഇരുവശത്തും നിന്ന് ഇരു ടീമുകളും അവനവന്റെ ഭാഗത്തേക്ക് വലിക്കണം. മധ്യഭാഗത്ത് ഇട്ടിട്ടുള്ള അടയാളം ഏതു ഭാഗത്തേക്ക് നീങ്ങുന്നോ ആ ടീം ജയിക്കും. വളരെ രസകരമായ ഒരു കളിയാണിത്. പ്രായ വ്യത്യാസമെന്യേ എല്ലാ വിഭാഗത്തിലുള്ള ആൾക്കാരും ഈ കളി കളിക്കാറുണ്ട്.

ഓണത്തോടനുബന്ധിച്ച് പമ്പയാറ്റിൽ കേളികേട്ട ഒരാഘോഷം നടന്നുവരുന്നു 'ഉതൃട്ടാതി വള്ളംകളി' . ചിങ്ങമാസത്തിലെ ഉതൃട്ടാതി നാളിലാണ് ഇത് നടത്തുന്നത് . തിരുവാറന്മുളയപ്പന് ഓണവിഭവങ്ങളും ഓണക്കാഴ്ചകളും കതിർക്കുലകളുമായി എത്തുന്ന പള്ളിയോടങ്ങളുടെ പ്രൗഢിയോടെയാണ് വള്ളംകളി നടത്തുക. 48 ചുണ്ടൻ വള്ളങ്ങൾ പമ്പയാറ്റിൽ നടത്തുന്ന ജലമേളയാണിത് . കേരളത്തിന്റെ കലാസാംസ്കാരിക പൈതൃകമായിട്ടാണ് ഈ മേളയെ കണക്കാക്കുന്നത് . വഞ്ചിപ്പാട്ടുകൾ പാടി മത്സരിച്ച് തുഴഞ്ഞെത്തുന്ന കാഴ്ച നയനാനന്ദകരമാണ്.

"കുട്ടനാടൻ ചുണ്ടൻ വള്ളം
തിത്തെയ് തക തെയ് തെയ്തോം
തിത്തിത്താരാ തിത്തിത്തൈ തിത്തെയ് തക തെയ് തെയ്തോം
പറഞ്ഞതങ്ങനെ തന്നെ പാതിരാവായല്ലോ പത്നീ
കുറഞ്ഞൊന്നുറങ്ങട്ടെ ഞാനുലകീരേഴും
നിറഞ്ഞ കൃഷ്ണനെ കാണ്മാൻ
പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെ തന്നയയ്ക്കേണം....
ഓ ......
തിത്തിത്താരാ തിത്തിത്തൈ



വര :
മനു മോഹൻ

തിത്തെയ് തക തെയ്യെയ്തോം' എന്ന കുചേലവൃത്തം വഞ്ചിപ്പാട്ടിലെ വരികൾ ഒക്കെ പാടിയാണ് വള്ളംകളി നടക്കുക. ആറന്മുള ശൈലിയിലും കുട്ടനാടൻ ശൈലിയിലും ഉള്ള വെള്ളപ്പാട്ടുകളും നിലവിലുണ്ട് . വഞ്ചിപ്പാട്ട് എന്ന ഒരു മത്സരം തന്നെ ഇപ്പോൾ കലോത്സവങ്ങളിൽ കാണാറുണ്ട്.

കായികമായ മറ്റൊരു കളിയാണ് കബടികളി. രണ്ട് ടീമുകളായിട്ടാണ് കബടി കളിക്കാറ്. പന്തുകളി, കുട്ടീം കോലും തുടങ്ങി പല കളികളും ഓണക്കാലത്ത് കളിക്കാറുണ്ട്. ഇവയിൽ പൂക്കളമിടലും വള്ളം കളിയുമൊഴിച്ച് ബാക്കിയെല്ലാം ഓണക്കാലത്ത് മാത്രം കളിക്കുന്ന കളികളല്ല. എല്ലാ കാലത്തും വിശേഷാവസരങ്ങളിലും കളിക്കുന്നവയാണ്.

മനുഷ്യന്റെ ഒത്തുകൂടലും ആഹ്ലാദവിസ്മയങ്ങൾ പങ്കുവയ്ക്കലുമാണ് ഇവയുടെ എല്ലാം അടിസ്ഥാനം. പരസ്പര സ്നേഹവും സഹകരണവും നിലനിർത്തുന്ന ഇത്തരം ആഘോഷങ്ങളും കളികളും എന്നും മാനവസംസ്കാരത്തെ ഉയർത്തുന്നവയാണ്. അതിനാൽ എക്കാലത്തും സംരക്ഷിക്കപ്പെടേണ്ടതു കൂടിയാണ് ഇവയെന്ന് ഓർമ്മപ്പെടുത്തലാണ് ഓരോ തിരുവോണവും.



**കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ പ്രബുദ്ധ കലയായ കഥാപ്രസംഗത്തിന്റെ പ്രണേതാക്കളിൽ പ്രമുഖനായ തേവർ തോട്ടം സുകുമാരന്റെ ദീപ്ത സ്മരണയ്ക്കു ആദരം**

# തേവർതോട്ടം സുകുമാരൻ ഓർമ്മക്കുറിപ്പ്

മലയാളിയുടെ ഉത്സവ രാവുകളെ കഥ പറഞ്ഞ് ഭാവസാന്ദ്രമാക്കുകയും പുരോഗമന നിലപാടുകളിലൂടെ കേരള നവോത്ഥാനത്തിന്റെ പതാകവാഹകരാകുകയും ചെയ്ത കലാകാരന്മാരാണ് കഥാപ്രസംഗകർ. ഹരികഥയുടെ ആദ്യ കാല രൂപത്തിൽ നിന്നും കഥാപ്രസംഗമെന്ന ആധുനികരൂപത്തിലെത്തിയ ഈ കല കേരളത്തിന്റെ മതേതരത്വ ഭൂമിക നിർമ്മിച്ചെടുക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

കഥാപ്രസംഗ കലയുടെ പ്രയോക്താക്കളിൽ തിളങ്ങുന്ന അദ്ധ്യായമാണ് 27 ജൂലൈ വ്യാഴാഴ്ച അന്തരിച്ച ശ്രീ തേവർ തോട്ടം സുകുമാരൻ. കഥാപ്രസംഗ കലയിൽ മൗലികവും അനുപമവുമായ അവതരണ ശൈലി കൊണ്ട് അദ്ദേഹം വേറിട്ട് നിൽക്കുന്നു. കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ അറയ്ക്കൽ വില്ലേജിലെ തേവർതോട്ടം എന്ന ഗ്രാമത്തിൽ പുരാതനമായ ക്ലാവോട്ട് കുടുംബത്തിൽ 1941 മാർച്ചിലാണ് തേവർതോട്ടം സുകുമാരൻ ജനിച്ചത്. തടിക്കാട് ജി .എൽ. പി .എസ് , എ .കെ .എം ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം. സർദാർ കെ.എം. പണിക്കരുടെ അംബ പാലി എന്ന കഥയെ ആസ്പദമാക്കി 1956 ൽ എ.കെ. എം ഹൈസ്കൂൾ വാർഷികത്തോടനുബന്ധിച്ച് ഗുരുനാഥനും മലയാളം അദ്ധ്യാപകനുമായ ശ്രീ .തേവലപ്പുറം ഭാസിയുടെ അനുഗ്രഹാശിസ്സുകളോടെ ആദ്യ കഥയുടെ അവതരണം . 1959 ൽ മുത്തുക്കുടം (കാവാലം വിശ്വനാഥപ്പണിക്കർ) , മാമ്പഴം (വൈലോപ്പിള്ളി ) എന്നീ കഥകൾ ഭാസി സാറിന്റെ സഹായത്തിൽ ലഭ്യമായ വേദികളിലവതരിപ്പിച്ചു. ഒക്ടോബർ 1966 , 1969 സെപ്റ്റംബർ മാസങ്ങളിൽ കുടുംബാസൂത്രണ പ്രചരണാർത്ഥം കേരളാ ഗവൺമെന്റ് സംഘടിപ്പിച്ച പരിപാടിയിൽ മികച്ച കഥാപ്രസംഗകനായി തെരഞ്ഞെടുത്തു. സ്വന്തമായി കഥയും കവിതയും ചിട്ടപ്പെടുത്തിയ 'താമസിച്ചു വന്ന ദൈവം', 'ഒരു പോസ്റ്റ്മാന്റെ കഥ' എന്നീ കഥകൾ കേരളത്തിലുടനീളം 1500 ലധികം വേദികളിലവതരിപ്പിച്ചു.

മാർച്ച് 26, 1985 ൽ കേരളത്തിൽ ദൂരദർശൻ പ്രവർത്തനമാരംഭിച്ചപ്പോൾ ആദ്യകാഥികനായി.ചൂതാട്ടം ,ഇതിഹാസം ,വേഗതപോരാപോരാ ,രക്തസാക്ഷി ,രാവണപുത്രി ,ചണ്ഡാലഭിക്ഷുകി, വത്സല എന്നീ കഥകൾ സംപ്രേഷണം ചെയ്തു .



**കഥാപ്രസംഗ വേദിയിൽ തേവർതോട്ടം സുകുമാരൻ**

വേഗത പോരാ പോരാ എന്ന അയ്യനേത്തിന്റെ നോവലിന് കഥാപ്രസംഗാവിഷ്കാരം നൽകി റിഹേഴ്സൽ നടത്തുമ്പോൾ തേവർ തോട്ടത്തിന് കഥയുടെ വിജയത്തെപ്പറ്റി ആശങ്കയുണ്ടായിരുന്നു. വൈക്കം ചന്ദ്രശേഖരൻ നായർ ഉൾപ്പെടെയുള്ള സുഹൃത് സദസ്സിനു മുന്നിൽ അവതരിപ്പിച്ചപ്പോൾ വൈക്കം പറഞ്ഞു

'സുകുമാരാ ഇത് തീയാണ് കത്തിപ്പടരും'. പ്രസ്തുത കഥ അദ്ദേഹത്തിന്റെ അവസാന വേദിയായ തിരുവനന്തപുരം ഗാന്ധി പാർക്കിൽ 2017 ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് അവതരിപ്പിച്ചപ്പോഴും സദസ്സ് ഹർഷാതിരേകത്തോടെ സ്വീകരിച്ചു. ഏകദേശം നാലായിരത്തോളം വേദികളിൽ വേഗത പോരാ പോരാ അവതരിപ്പിച്ചു. അയ്യനേത്ത് ആദ്യ കോപ്പിക്ക് നൽകിയിരുന്ന പേര് 'മുഹൂർത്തങ്ങളുടെ വില എന്നായിരുന്നു. എന്നാൽ കഥാപ്രസംഗത്തിന്റെ വിജയത്തോടെ നോവലിന്റെ പേരും വേഗത പോരാ പോരാ എന്ന് അദ്ദേഹം മാറ്റുകയായിരുന്നു.

കയ്യൂർ സമരത്തെ ആസ്പദമാക്കിയുള്ള നിരഞ്ജനയുടെ ചിരസ്മരണ കാസർകോഡ് അവതരിപ്പിക്കുമ്പോൾ കഴുമരത്തിലേക്ക് മുദ്രാവാക്യങ്ങളോടെപോകുന്ന സഖാക്കളെ കഥയിൽ അവതരിപ്പിച്ചപ്പോൾ സദസ്സ് കഥാപ്രസംഗകനൊപ്പം മുദ്രാവാക്യമുയർത്തി അണിചേർന്നത് തേവർതോട്ടത്തിന്റെ കലാജീവിതത്തിലെ ഉജ്ജ്വലമായ ഏടുകളിലൊന്നാണ്.

യശഃശരീരനായ കഥാപ്രസംഗസമ്രാട്ട് ശ്രീ.വി. സാംബശിവൻ ,കെടാമംഗലം സദാനന്ദൻ എന്നിവർക്കൊപ്പം പുരോഗമന കഥാപ്രസംഗ കലാസംഘടന കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചു. സംഘടനയുടെ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ടിച്ചു.

കഴിഞ്ഞ 55 വർഷത്തിലധികമായി കേരളത്തിനകത്തും പുറത്തുമായി 15000 ലധികം വേദികളിൽ ക്ലാസിക്കുകളും ലോക സാഹിത്യത്തിലെ വിശ്രുതമായ കൃതികളും പ്രൗഢ സദസ്സിനു മുന്നിലവതരിപ്പിച്ചു.

1994 ൽ കേരള സംഗീത നാടക അക്കാദമിയുടെ കഥാപ്രസംഗ അവാർഡും 2000 ൽ അക്കാദമിയുടെ സമുന്നത പുരസ്കാരമായ ഫെല്ലോഷിപ്പും ലഭിച്ചു.

പുഴയോരത്തൊരു പൂജാരി (സംവിധാനം ,ജോസ് കല്ലൻ ,1986) ,അച്ചുവേട്ടന്റെ വീട് (സംവിധാനം ബാലചന്ദ്രമേനോൻ ,1987 ) എന്നീ സിനിമകളിൽ അഭിനയിച്ചു.

കേരള സംഗീത നാടക അക്കാദമി ജനറൽ കൗൺസിൽ അംഗം,പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന നിർവ്വാഹക സമിതിയംഗം ,പുരോഗമന കഥാപ്രസംഗ കലാ സംഘടന രക്ഷാധികാരി ,മഹാകവികുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് (തോന്നയ്ക്കൽ) ഭരണ സമിതിയംഗം ,സാഹിത്യ പ്രവർത്തക സഹകരണ സംഘം മാനേജിങ് കമ്മിറ്റിയംഗം, എ .ആർ .രാജരാജവർമ്മ സ്മാരക സമിതിയംഗം (മാവേലിക്കര) എന്നീ നിലകളിലും പുരോഗമന കഥാപ്രസംഗ കലാസംഘടനയുടെ വി.സാംബശിവൻ പുരസ്കാരം ,യുവകലാസാഹിതി പുരസ്കാരം , വി .സാംബശിവൻ സ്മാരക അവാർഡ് 2009,ദേശീയ ബാല തരംഗം സംസ്കാരിക വേദി പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു.കൊല്ലം അഞ്ചൽ, (കലാസദനം) താമസിച്ചിരുന്ന ശ്രീ തേവർ തോട്ടം സുകുമാരന്റെ ഭാര്യ ശ്രീമതി കെ. സുരുചി. നാലു മക്കൾ . ഡോ. ഫിലോമിന എസ്.എസ്. (റിട്ട. ടീച്ചർ, അഞ്ചാലുംമൂട് ഗവ. എച്ച് എസ്. എസ്), പ്രമീള എസ്. എസ്. ( മാനേജർ , കേരള ബാങ്ക് ), പ്രിയംവദ എസ്.എസ്. (റവന്യൂ വിഭാഗം , പുനലൂർ) , പ്രതാപ് തേവർ തോട്ടം എസ് എസ് (അസി.പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം).

യാത്ര



# പൂക്കറ്റ് ദ്വീപിന്റെ മാസ്മരികതയിലൂടെ



ഡോ. മായ മാധവൻ

യാത്രയും അത് തരുന്ന അനുഭവങ്ങളും ജീവിതത്തെ സമ്പന്നമാക്കുമെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയപ്പോൾ മുതൽ, കിട്ടാവുന്ന/ സൃഷ്ടിച്ചെടുക്കാവുന്ന അവസരങ്ങളിലൊക്കെ യാത്ര പോകാൻ ശ്രമിക്കാറുണ്ട്. ചില്ലറ അവസരങ്ങളിൽ ഒഴികെ, മകൾ മാളുവാണ് എന്റെ ട്രാവൽ ബഡി. തിരുവനന്തപുരം മുഴുവൻ പോലും കണ്ടു തീർന്നിട്ടില്ല, എന്നാലും ചരിത്രം, സംസ്കാരം, മനുഷ്യർ, ജീവിതങ്ങൾ ഇവയൊക്കെ അടുത്തറിയാൻ ഇഷ്ടപ്പെടുന്ന രണ്ടു വ്യക്തികൾ എന്ന നിലയ്ക്ക് ഒരു വിദേശ രാജ്യം സന്ദർശിക്കണം എന്നത് കുറച്ചുകാലമായുള്ള ആഗ്രഹമാണ്.

അങ്ങനെയിരിക്കുമ്പോഴാണ് സെമസ്റ്ററുകൾക്കിടയിലുള്ള ഒരു മാസത്തെ അവധിക്കാലത്തിനാ

യി മാളു മുംബൈയിൽ നിന്നും നാട്ടിലെത്തുന്നത്. ഇത്തരത്തിലുള്ള അവധിക്കാലങ്ങളിൽ ചെറു യാത്രകൾ പതിവാണ്. പെട്ടെന്ന് തമാശ രൂപേണ നമുക്ക് ഇത്തവണ പൂക്കറ്റ് പോയാലോ... എന്ന് അവൾ ചോദിച്ച ശേഷമാണ്, തായ്‌ലൻഡിലെ ഈ ഡെസ്റ്റിനേഷനെ കുറിച്ച് കൂടുതൽ അറിയാൻ ശ്രമിക്കുന്നത്. പൊതുവേ ബാങ്കോക്ക്, പട്ടായ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ആണ് തായ്‌ലൻഡ് ട്രിപ്പ് മലയാളികൾ നടത്താറുള്ളത്. ആൻഡമാൻ കടലുകളിൽ സ്ഥിതിചെയ്യുന്ന, തായ്‌ലൻഡിന്റെ തെക്കേയറ്റത്തുള്ള ഒരു ദ്വീപാണ് പൂക്കറ്റ്. കുന്ന് എന്ന അർത്ഥം വരുന്ന ബുക്കിറ്റ് എന്ന മലയ് പദത്തിൽ നിന്നാണ് പൂക്കറ്റ് എന്ന വാക്ക് ഉണ്ടായത്.



ബിഗ് ബുദ്ധ

ഇന്ത്യയ്ക്ക് പുറത്ത് എങ്ങോട്ടും ഇതുവരെ പോയിട്ടില്ലെങ്കിലും വളരെ വലിയ ആലോചനകൾക്കൊന്നും ഇടം കൊടുക്കാതെ ഉടൻ തന്നെ പൂക്കറ്റിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്യുകയും തുടർന്ന് വിസയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ തുടങ്ങുകയും ചെയ്തു. തായ്‌ലൻഡിൽ ഇന്ത്യക്കാർക്ക് വീസ ഓൺഅറൈവൽ ആണെന്ന് അറിഞ്ഞപ്പോൾ അതിന് എന്തൊക്കെ ഡോക്കുമെന്റ്സ് വേണം എന്ന് തായ് എംബസിയുടെ സൈറ്റിൽ പോയി നോക്കി.

പാസ്പോർട്ട് സൈസ് ഫോട്ടോ, റിട്ടേൺ ടിക്കറ്റിന്റെ വിവരങ്ങൾ, തായ്‌ലൻഡിൽ നമ്മൾ തങ്ങുന്ന അത്രയും ദിവസങ്ങളുടെ അക്കോമഡേഷൻ ഉറപ്പുവരുത്തിയതിന്റെ രേഖകൾ, ഒരാൾക്ക് 10000 തായ് ബാത്ത് വച്ചുള്ള ഷോ മണി ഇത്രയും ആണ് നമ്മൾ കരുതേണ്ടത്. വീസ ഓൺ അറൈവലിനുള്ള അപേക്ഷ ഫോം ഓൺലൈനിൽ ലഭ്യമാണ്. ഞാനത് പൂരിപ്പിച്ച് കയ്യിലെടുത്തിരുന്നു. ഇല്ലെങ്കിലും എയർപോർട്ടിൽ ഫോം ലഭ്യമാണ്. ഇവിടെ കറൻസി തായ് ബാത്ത് ആണ്. അത് നാട്ടിൽ നിന്ന് മാറ്റിവരികയോ എയർപോർട്ടിൽ വച്ച് മാറ്റുകയോ ചെയ്യാവുന്നതാണ്. ഇതൊന്നുമില്ലെങ്കിലും, നഗരത്തിൽ അങ്ങിങ്ങായി പെട്ടിക്കടകൾ പോലെ മണി എക്സ്ചേഞ്ച് സെന്ററുകൾ കാണാം

പൊതുവേ ടൂർ പാക്കേജുകളോട് താല്പര്യം ഇല്ലാത്തതിനാൽ ഈ യാത്രയും അങ്ങനെ തന്നെ ചെയ്യാമെന്ന് കരുതി. അങ്ങനെ താല്പര്യമുള്ളവർ ആദ്യം ചെയ്യേണ്ടത് വിസയ്ക്കുള്ള നടപടിക്രമങ്ങൾ മനസ്സിലാക്കുകയും, അതിനു വേണ്ടത് ചെയ്യുകയും, ഒപ്പം സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന രാജ്യത്തെ മനസ്സിലാക്കുകയും, പോകേണ്ട സ്ഥലങ്ങളെക്കുറിച്ച് മനസ്സിൽ ഒരു ചെറിയ പദ്ധതി രൂപപ്പെടുത്തുകയും ആണ്. യാത്ര പോലെയോ, ചിലപ്പോഴൊക്കെ അതിനെക്കാളേറെയുമോ, യാത്രയ്ക്കായി നടത്തുന്ന ഗവേഷണങ്ങളും മുന്നൊരുക്കങ്ങളും ആസ്വദിക്കുന്ന കൂട്ടത്തിലാണ് ഞാൻ.

തിരുവനന്തപുരത്തുനിന്ന് സിംഗപ്പൂർ വഴിയുള്ള പൂക്കറ്റ് ഫ്ലൈറ്റ് ആണ് കിട്ടിയത്. സിംഗപ്പൂർ എയർലൈൻസിന്റെ ബജറ്റ് എയർലൈനായ സ്കൂട്ട് ന്റേതായിരുന്നു ഫ്ലൈറ്റ്. രാത്രി 11ന് തിരുവനന്തപുരത്ത് നിന്ന് കയറി രാവിലെ 8.30 [തായ്‌ലൻഡ് സമയം] (നമ്മളെക്കാൾ ഒന്നരമണിക്കൂർ മുമ്പോട്ട് ആണ് അവർ) കഴിയുമ്പോൾ പൂക്കറ്റിൽ എത്തി. വിസയ്ക്ക് 2000 തായ് ബാത്ത് ചാർജ് ഉണ്ട്. പെട്ടെന്ന് വേണമെങ്കിൽ 2200 കൊടുത്താൽ മതി. പക്ഷേ പലപ്പോഴും വിസയുടെ എക്സ്പ്രസ് കൗണ്ടർ മാത്രമേ പ്രവർത്തിക്കാറുള്ളൂ എന്നതാണ് വാസ്തവം. വിസയുടെ നടപടിക്രമങ്ങൾ പൂർത്തിയായ ഉടൻ ഇവിടെ പ്രവർത്തിക്കുന്ന ഒരു സിം എടുത്തു. 8 ദിവസത്തേക്ക് 299 ബാത്ത് ആയിരുന്നു ഞാൻ എടുത്ത സിമ്മിന്റെ നിരക്ക്. പല നിരക്കുകളിൽ (എത്ര ദിവസത്തേക്ക് എന്നതനുസരിച്ച്) ടൂറിസ്റ്റ് സിമ്മുകൾ എയർപോർട്ടിനുള്ളിൽ തന്നെ ലഭ്യമാണ്. താമസിക്കാനായി ഞങ്ങൾ തെരഞ്ഞെടുത്തത് പാത്തോങ്ങ് ബീച്ചിനടുത്തുള്ള ഒരു ഹോട്ടൽ ആണ്. ഗൂഗിൾ റിവ്യൂ എല്ലാം നോക്കിയാണ് അത് തെരഞ്ഞെടുത്തത്. എയർപോർട്ടിൽ നിന്ന് അവിടേക്ക് എത്താൻ ഷെയർഡ് മിനി വാൻ ഉണ്ടെന്നറിഞ്ഞ് അതിനുള്ള പെയ്മെന്റ് നടത്തി ഒരു മണിക്കൂറോളം കാത്തിരുന്നെങ്കിലും കൂടെ ഷെയർ ചെയ്യാൻ ആരും എത്താത്തതിനാൽ ആ പദ്ധതി നടന്നില്ല. പിന്നീട് ബാക്കിയുള്ള കാശ് അടച്ച് ടാക്സി സർവീസ് എടുത്തു.

എയർപോർട്ടിൽ നിന്ന് താമസസ്ഥലത്തേക്കുള്ള യാ

ത്രുയ്ക്കിടയിൽ സഹൃദയനും നന്നായി സംസാരിക്കുന്നവനുമായ ഡ്രൈവർ മകളോട് ആദ്യം തന്നെ ചോദിച്ചത് "ബോയ്ഫ്രണ്ടിനെ കൊണ്ടുവന്നില്ലേ എന്നാണ്??" ഇന്ത്യയിൽ ഇപ്പോഴും ബോയ്ഫ്രണ്ട് സംസ്കാരം അത്ര വ്യാപകമല്ലെന്ന് അവൾ മറുപടിയും കൊടുത്തു. തുടർന്ന് അവൾ മുംബൈയിലാണ് താമസിക്കുന്നത് എന്ന് പറഞ്ഞപ്പോൾ അത് അദ്ദേഹത്തിന് പരിചിതമാണെന്നും ബിസിനസ് സിറ്റിയാണല്ലോന്നും കൂട്ടിച്ചേർക്കുകയുണ്ടായി. പിന്നീട് അദ്ദേഹം 'ഇന്ത്യാസ് കപ്പിത്താൻ...?' എന്നത് ആവർത്തിച്ച് ചോദിച്ചെങ്കിലും ഞങ്ങൾക്ക് അതെന്താണെന്ന് തീരെ പിടികിട്ടിയില്ല. 'പ്രൈം മിനിസ്റ്റർ....' 'നരേന്ദ്രമോദി....' എന്നൊക്കെ പറഞ്ഞു നോക്കിയെങ്കിലും അവയൊന്നുമല്ല ഉദ്ദേശിച്ചത് എന്ന് അദ്ദേഹം മറുപടി തന്നു. മുറിഞ്ഞ ഇംഗ്ലീഷിലുള്ള അൽപ്പനേരം നീണ്ടു നിൽക്കുന്ന ആശയവിനിമയത്തിന്റെ ഫലമായി 'ഇന്ത്യയുടെ തലസ്ഥാനം ആണോ മുംബൈ????' എന്നതായിരുന്നു അദ്ദേഹം ചോദിക്കാൻ ഉദ്ദേശിച്ചത് എന്ന് വ്യക്തമായി. ക്യാപിറ്റൽ എന്നതിന് കപ്പിത്താൽ എന്നാണ് അവർ ഉച്ചരിക്കുന്നത്. തായ് എന്ന ഔദ്യോഗിക ഭാഷയുള്ള ഈ നാട്ടിലെ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട മിക്കവരും നന്നായി ഇംഗ്ലീഷ് സംസാരിക്കുമെങ്കിലും അവരുടെ ഉച്ചാരണ രീതി മനസ്സിലാക്കിയെടുക്കാൻ അല്പം ബുദ്ധിമുട്ട് തന്നെയാണ്.

ഹോട്ടലിൽ എത്തിയപ്പോൾ ഗൂഗിളിൽ കണ്ടതിനേക്കാൾ സുന്ദരവും ആഡംബര പൂർണവും ആയിരുന്നു അവിടം. ആദ്യത്തെ ദിവസം പാത്തോങ് ചുറ്റി കറങ്ങാമെന്നാണ് ഞങ്ങൾ തീരുമാനിച്ചത്. റൂമിലെത്തി ഒന്ന് ഫ്രഷ് ആയ ശേഷം പുറത്തേക്കിറങ്ങിയപ്പോൾ തൊട്ടടുത്ത തന്നെ തുളസി എന്ന പേരിൽ ഒരു റസ്റ്റോറന്റ് കണ്ടു. അവിടെ കയറി പഞ്ചാബി സമൂസയും ഫ്രഞ്ച് ഫ്രൈസും ഇന്ത്യൻ റ്റീയും ഓർഡർ ചെയ്തു കഴിച്ച




**വാക്കിങ് സ്ട്രീറ്റ്**

ശേഷം പാത്തോങ് ബീച്ച് വഴി ബാംഗ്ലാ മാർക്കറ്റ്, പ്രശസ്തമായ വാക്കിങ് സ്ട്രീറ്റ് എന്നിവയിലൂടെ അലസമായി നടന്നു. തുറന്ന ബാറുകളിലിരുന്ന് മദ്യപിക്കുന്ന മനുഷ്യരും, ലഹരിപദാർത്ഥങ്ങൾ വിൽക്കുന്ന കടകളും (വീഡറി), നിരത്തിന്റെ വശങ്ങളിൽ നിന്ന് സൂമ്പ ഡാൻസ് കളിക്കുന്നവരും, ഇഗ്വാന കയ്യിൽ പിടിച്ച് വഴിപോക്കരെ രസിപ്പിക്കാൻ ശ്രമിക്കുന്ന യുവതിയും, ബാംഗ്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന ബോക്സിങ്ങിലേക്ക് കാണികളെ സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രമോഷൻ ട്രക്കുകളും ഇന്ത്യൻ ഉൾപ്പെടെ പലതരം ഭക്ഷണം വിളമ്പുന്ന ഓപ്പൺ റെസ്റ്റോറന്റുകളും മസാജ് പാർലറുകളും ഒക്കെ നിറഞ്ഞതാണ് Patong ലെ സന്ധ്യാനിരത്തുകൾ.

ഇത്തവണത്തെ യാത്രയുടെ ഡെസ്റ്റിനേഷനായി പൂക്കറ്റ് തെരഞ്ഞെടുക്കുന്നതിനുള്ള പ്രധാന കാരണം പീ പീ ദ്വീപുകളുടെ മാസ്മരിക ഭംഗിയാണ്. ലിയോണാഡോ ഡികാപ്രിയോയുടെ ദി ബീച്ച് എന്ന ഹോളിവുഡ് ചിത്രത്തിന്റെ പശ്ചാത്തലമായതിനുശേഷമാണ് ഈ ദ്വീപുകളെ കു

റിച്ച് ലോകം അറിഞ്ഞു തുടങ്ങിയത്. മരതക കടലിന് കസവുബോർഡർ പാകുന്ന പഞ്ചാരമണൽ. കടലിന് നടുവിൽ ഇടയ്ക്കിടെ ഗാംഭീര്യത്തോടെ തലപൊന്തിച്ചുനിൽക്കുന്ന കൂറ്റൻ പാറക്കെട്ടുകളാകട്ടെ പച്ച പുതച്ചങ്ങനെ നിൽക്കും. സ്നോർക്കലിംഗ് സാധ്യത ഉപയോഗപ്പെടുത്തുകയാണെങ്കിൽ കടൽത്തട്ടിൽ ഉള്ള ബഹുവർണ്ണങ്ങളായ മത്സ്യങ്ങളെയും പവിഴ പുറ്റുകളെയും കണ്ടു മടങ്ങാം.

പീ പീ ദ്വീപുകളിലേക്ക് സ്പീഡ് ബോട്ട് ഉപയോഗിച്ചുള്ള വൺ ഡേ ട്രിപ്പ് ലഭ്യമാണ്. പ്രാതൽ, ഉച്ചഭക്ഷണം, സ്നോർക്കലിങ്ങിനുള്ള ഉപകരണങ്ങൾ, ഇംഗ്ലീഷ് അറിയാവുന്ന ലോക്കൽ ടൂർ ഗൈഡ്, താമസിക്കുന്ന ഹോട്ടലിൽ നിന്നുള്ള പിക്ക് അപ്പ്ഡ്രോപ്പ് എന്നിവ ഉൾപ്പെടുന്ന പാക്കേജിന് ഒരാൾക്ക് 2000 ബാത്ത് ആണ് ഓൺലൈനിൽ കണ്ടത്. പക്ഷേ ഞങ്ങൾ ഇവിടെ വന്നശേഷം ലോക്കൽ ടൂർ ഓപ്പറേറ്റേഴ്സിനെ പോയി കണ്ടു സംസാരിച്ചപ്പോൾ 1500 ബാത്തിന് ഒരാൾ ഈ പാക്കേജ് തന്നു. പീ പീ ഡോൺ, പീ പീ ലേ, മായാ ബേ, പിലെ ലഗൂൺ, മങ്കി ബീച്ച്, വൈക്കിങ് കേവ്, ഖായി എന്നിവയിലേക്ക് നടത്തിയ യാത്ര അവിസ്മരണയമായി നിലനിൽക്കും.

പൂക്കറ്റിലെത്തുന്ന സഞ്ചാരികളുടെ രണ്ട് പ്രിയപ്പെട്ട സ്പോട്ടുകളാണ് ബിഗ് ബുദ്ധയും വാട്ട് ചാലോങ് ക്ഷേത്രവും. അര ദിവസത്തെ ട്രിപ്പായിട്ട് പാത്തോങ്ങിൽ നിന്ന് ടാക്സി എടുത്താണ് ഞങ്ങൾ ഇവിടേക്ക് പോയത്. തെക്കൻ പൂക്കറ്റിലെ ചാലോങ്ങിനടുത്തുള്ള നാക്കേഡ് കുന്നിലെ ബിഗ് ബുദ്ധ 45 മീറ്റർ ഉയരമുള്ള വെളുത്ത മാർബിൾ കൊണ്ട് പൊതിഞ്ഞ, ഇരിക്കുന്ന ബുദ്ധന്റെ രൂപത്തിലാ ണുള്ളത്. മുകളിലേക്ക് കയറാൻ 94 പടികൾ ഉണ്ടെങ്കിലും കയറുന്നത് അത്ര ദുഷ്കരമല്ല. മുകളിൽ നിന്ന് നോക്കിയാൽ കാട്ടാ, കാട്ടാ നോയ് എന്നീ ഉൾക്കടലുകളുടെ ഹൃദ്യമായ കാഴ്ച ലഭിക്കും. താഴേക്ക് ഇറങ്ങാൻ മറ്റൊരു വഴിയാണ്. പോകുന്ന വഴിക്ക് ബുദ്ധസന്യാസിമാർ ഇരുന്നു പ്രാർത്ഥിക്കുന്ന ഒരു അമ്പലവും ഭൂമിദേവിയുടെ ഒരു പ്രതിഷ്ഠയും കാണാം.

തന്റെ നീളൻ മുടി പിഴിഞ്ഞ് സൃഷ്ടിച്ച പ്രളയത്തിൽ അസുരന്മാരെ ഒഴുക്കി കളഞ്ഞ് ഗൗതമ ബുദ്ധന് ജ്ഞാനോദയം പ്രാപിക്കാൻ സഹായിച്ച ഫ്ര മേ തോരണി എന്ന ഭൂമിദേവിയുടെ പ്രതിഷ്ഠ തായ്‌ലൻഡ്, കമ്പോഡിയ, മ്യാൻമാർ തുടങ്ങിയ രാജ്യങ്ങളിലെ ബുദ്ധക്ഷേത്രങ്ങളിൽ കാണാം.

പൂക്കറ്റിലെ ബുദ്ധക്ഷേത്രങ്ങളിൽ ഏറ്റവും വലുതാണ് വാട്ട് ചാലോങ്. ചൈനക്കാരായ ഖനി തൊഴിലാളികളുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മുറിവേറ്റ ബുദ്ധ ഭിക്ഷുക്കളെ താമസിപ്പിക്കാനായി പത്തൊമ്പതാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ഈ ദേവാലയത്തിന്റെ പ്രധാന ഗോപുരത്തിന് മൂന്നു നിലകളുണ്ട്. ആദ്യത്തെ രണ്ട് നിലകളിലും ബുദ്ധന്റെ വിവിധ ഭാവങ്ങളിലുള്ള

**ലിയോണാഡോ ഡികാപ്രിയോയുടെ *ദി ബീച്ച്* എന്ന ഹോളിവുഡ് ചിത്രത്തിന്റെ പശ്ചാത്തലമായതിനുശേഷമാണ് പൂക്കറ്റ് ദ്വീപുകളെ കുറിച്ച് ലോകം അറിഞ്ഞു തുടങ്ങിയത്**

പ്രതിമകൾ കാണാനാവും. മൂന്നാമത്തെ നിലയിൽ ഒരു കണ്ണാടിക്കൂട്ടിൽ ബുദ്ധന്റെ എല്ലിന്റെ അവശിഷ്ടം സൂക്ഷിച്ചിരിക്കുന്നിടത്ത് നിരവധി പേരെ പ്രാർത്ഥനയിലും ആരാധനയിലും കാണാം.

തായ്‌ലൻഡിന്റെ സാംസ്കാരികപരമ്പര്യവും ഐതിഹാസിക സങ്കൽപ്പങ്ങളും മാസ്മരികമായി അവതരിപ്പിക്കുന്ന ഒരു ഇന്റർനാഷണൽ ഷോ ഉണ്ട് സിയാം നിരാമെത്ത്. നാട്ടിൽ നിന്നുള്ള പല തായ്‌ലൻഡ് ടൂർ പാക്കേജുകളിലും എന്ത് കൊണ്ടോ സിയാം നിരാമെത്ത് കാണാറില്ല. എന്നാൽ ഒരു നാടിന്റെ ചരിത്രവും പാരമ്പര്യവും അറിയാൻ താല്പര്യമുള്ളവർ തീർച്ചയായും കണ്ടിരിക്കേണ്ട ഒരു ഷോയാണ് ഇത്. ഷോയ്ക്ക് മുൻപായി തിയറ്ററിന് മുൻവശത്ത് ഒരുക്കിയിട്ടുള്ള നടുമുറ്റത്ത് നിരവധി തായ് നാടൻ കലാരൂപങ്ങൾ അണിനിരക്കുന്ന പ്രകടനവും ഉണ്ട്. 100 വർഷത്തെ പഴക്കമുള്ള ഒരു തായ് ഗ്രാമവും അവിടെ സന്ദർശകർക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്. വേണമെന്നുള്ളവർക്ക് തായ് സ്ട്രീറ്റ് ഫുഡ് കഴിക്കാനുള്ള അവസരവുമുണ്ട്. ഷോ നടക്കുന്നിടത്ത് ഫോട്ടോയോ വീഡിയോയോ എടുക്കാനുള്ള അനുവാദം ഉണ്ടാവില്ല. ഷോക്ക് മുൻപും ശേഷവും അതിലെ കലാകാരന്മാരോടൊപ്പം മതിയാവോളം ഫോട്ടോ എടുക്കാനാവും.

അവസാന ദിവസം ഞങ്ങൾ പഴയ പൂക്കറ്റ് നഗരം സന്ദർശിച്ചു. ചൈനീസ് പോർച്ചുഗീസ് ശൈലിയിലുള്ള വർണ്ണാഭമായ കൂറ്റൻ കെട്ടിടങ്ങൾ ഇരുവശവും അണിനിരക്കുന്ന നിരത്തുകളിലൂടെയുള്ള യാത്ര വളരെയധികം ത്രസിപ്പിക്കുന്നതാണ്. ഖനി മുതലാളിമാർ ഉപേക്ഷിച്ചു പോയ കൂറ്റൻ ബംഗ്ലാവുകൾ ഇന്ന് സുവനീർ കടകൾ,ഐസ്ക്രീം പാർലർ, മ്യൂസിയം, ഹോട്ടൽ തുടങ്ങിയവയായി നിലകൊള്ളുന്നു.

അവസാന രാത്രി വീണ്ടും ഞങ്ങൾ പാത്തോങ് ബീച്ചിലാണ് ചെലവഴിച്ചത്. പൂക്കറ്റിന്റെ ഒരു കഷണം വിട്ടു പോരാനാവാത്ത വിധം ഞങ്ങളുടെ ഹൃദയത്തിൽ ഒട്ടിച്ചേർന്നിരിക്കുന്നു എന്ന് ശാന്തമായ അലകളണിഞ്ഞ പാത്തോങ് കടലും തിരിച്ചറിഞ്ഞിരിക്കുന്നു എന്ന് തോന്നിയപ്പോൾ അറിയാതെ കണ്ണ് നിറഞ്ഞു പോയി.

# വിവിധ മേഖലകളിലുള്ള സംഭാവനകൾക്ക് സംസ്ഥാന പുരസ്കാരങ്ങൾ കരസ്ഥമാക്കിയ അധ്യാപകശ്രേഷ്ഠരെ എ.കെ.ജി.സി.ടി. മുഖപത്രമായ സംഘശബ്ദത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു



കേരള സാഹിത്യ അക്കാദമി അവാർഡ് (നോവൽ)
**ഡോ. ആർ. രാജശ്രീ**
(ഗവ. ബ്രണ്ണൻ കോളേജ്
തലശ്ശേരി)



യുവ പ്രതിഭാപുരസ്കാരം (സാഹിത്യം)
കേരള സംസ്ഥാന യുവജനബോർഡ്
**ശ്രീ. സുധീഷ് കോട്ടേമ്പ്രം**
(ആർ.എൽ.വി. കോളേജ്, തൃപ്പൂണിത്തുറ)



ദേശീയ ഹിന്ദി പുരസ്കാരം -മധ്യപ്രദേശ് സർക്കാർ
**ഡോ. ഷീലാ കുമാരി**
(യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം)



ഉദ്ഘാടനം: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു

# കല്യാണിയും ദാക്ഷായണിയും ആധിപത്യത്തിനെതിരായ സംവാദങ്ങൾ



ഡോ. എം.സി. അബ്ദുൾ നാസർ

2016ലെ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം അമേരിക്കൻ ഗായകനായ ബോബ് ഡിലന് സമർപ്പിക്കപ്പെടുമ്പോൾ സാഹിത്യ ലോകത്ത് ഒട്ടമ്പരപ്പുണ്ടായിരുന്നു. 'പുതിയ കാവ്യാത്മകപ്രയോഗങ്ങൾ' എന്നാണ് അന്ന് ബോബ് ഡിലന്റെ ഗാനങ്ങൾ വിലയിരുത്തപ്പെട്ടത്. സാഹിതീയത (Literariness) യെ സംബന്ധിച്ച സാമ്പ്രദായിക ധാരണകളിൽ നിന്നുള്ള ധീരമായ വ്യതിചലനമായി നോബേൽ പുരസ്കാരം മാറിയ സന്ദർഭമായിരുന്നു' അത്. നോവലിനുള്ള കഴിഞ്ഞ വർഷത്തെ കേരള സാഹിത്യ അക്കാദമി അവാർഡ് ആർ.രാജശ്രീയുടെ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കത' എന്ന കൃതിക്ക് പ്രഖ്യാപിക്കപ്പെട്ടപ്പോഴും സാഹിതീയതയെ സംബന്ധിച്ച മലയാളത്തിന്റെ സാമ്പ്രദായികമാനങ്ങളിൽ ഒരു തിരുത്ത് സംഭവിക്കുന്നുണ്ട്. സാഹിതീയത എന്നത് എഴുത്തിന്റെ സ്വഭാവത്തെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നല്ല. പ്രസാധനവിപണി, നിരൂപണങ്ങൾ, സാഹിത്യചരിത്രങ്ങൾ, അക്കാദമികൾ, സർവകലാശാലകൾ, സാഹിതീയസംഘാടനങ്ങൾ (Events) എന്നിങ്ങനെ പല തലങ്ങളിലായാണ് അതിന്റെ വരേണ്യത രൂപം കൊള്ളുന്നത്. അത്തരം മാനദണ്ഡങ്ങൾ പലതിനേയും വെല്ലുവിളിച്ചു കൊണ്ട് ഫേസ്ബുക്കിലാണ് ഈ നോവൽ ഖണ്ഡങ്ങളായി ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടത്.ഫേസ് ബുക്കിന്റെ പ്രതലസ്വഭാവവും പുതിയ രാഷ്ട്രീയഭാവുകത്വവുമെല്ലാം ആ കഥകളിലുണ്ടായിരുന്നു. പിന്നീട് സാഹിത്യസ്ഥാപനങ്ങളിലേക്ക് ഈ നോവൽ ഉൾച്ചേർക്കപ്പെടുന്നുണ്ടെങ്കിൽ പോലും ഭാവുകത്വത്തിലും ആഖ്യാനത്തിലും പുലർത്തിയ പുതുമ നമ്മുടെ സാഹിതീയതയുടെ അതിരുകളെ തന്നെയാണ് വിസ്തൃതമാക്കിയത്.

പെൺജീവിതസമീപനങ്ങളിലുണ്ടാവുന്ന മാറ്റങ്ങളാണ് ഏതൊരു സാമൂഹികചരിത്രത്തിന്റെയും ഗതിസൂചകം.മലയാളത്തിൽ നോവൽ എന്ന സാഹിത്യരൂപം ജൻമമെടുക്കുന്നതു തന്നെ രണ്ടു സ്ത്രീകളുടെ കഥ പറഞ്ഞുകൊണ്ടാണ്. 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ' എന്ന പേരിൽ ഹന്നാ കാതറിൻ മുല്ലൻസ് എന്ന വിദേശവനിത ബംഗാളി ഭാഷയിലെഴുതിയ നോവലിന് 1858ൽ റവ.ജോസഫ് പിറ്റ് പ്രസിദ്ധീകരിച്ച മലയാളം തർജ്ജമയായിരുന്നു അത്. വിക്ടോറിയൻ സദാചാരമൂല്യങ്ങൾക്കൊത്ത് നല്ല സ്ത്രീ / ചീത്ത സ്ത്രീ എന്ന ഒരു ദ്വന്ദ്വത്തെ അവതരിപ്പിച്ചു കൊണ്ട് സ്ത്രീയെ 'പരിഷ്കരിക്കപ്പെടേണ്ട ഒരു വസ്തു' വായി സമീപിക്കുന്നതായിരുന്നു ആ രചനാസംരംഭം. ആ ശീർഷകത്തെ പാരഡി ചെയ്തു കൊണ്ടാണ് ഒന്നര നൂറ്റാണ്ടുകൾക്കിപ്പുറം രാജശ്രീയുടെ നോവലിന്റെ പേരുണ്ടാവുന്നത്. രണ്ടും രാഷ്ട്രീയപ്രയോഗങ്ങളാണ്. ആദ്യനോവൽ സ്ത്രീയെ വീടിന്റെയും കുടുംബത്തിന്റെയും 'സുരക്ഷിതത്വ'ത്തിലിരിക്കേണ്ടവളായി നിർണയിക്കുമ്പോൾ, പുറം ലോ



ആർ രാജശ്രീയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉപഹാരം നൽകുന്നു

കത്തിന്റെ തുറസ്സുകളിലേക്കുള്ള സ്ത്രീജീവിതത്തിന്റെ നീട്ടിയെഴുത്തായി രണ്ടാമത്തേത് മാറുന്നു. സ്വാതന്ത്ര്യത്തിന് പ്രാമാണ്യം കല്പിച്ച ആധുനികതയ്ക്കത്തും ലിംഗനീതി എങ്ങനെയാണ് ട്രാപ്പ് ചെയ്യപ്പെട്ടത് എന്നതിൽ ഇന്നാർക്കും സംശയമില്ല. പെണ്ണിന്റെ മനസ്സ്, വൈകാരികത, ലൈംഗികത, തുടങ്ങിയവയെല്ലാം ഗാർഹികവൽക്കരണ (Domestication)ത്തിന് വിധേയമായ നൂറ്റാണ്ടുകളാണ് തുടർന്നുണ്ടായത്. പെൺമയുടെ പുനർനിർവചനം എന്ന നിലയിൽ രാജശ്രീയുടെ നോവൽ വലിയ തോതിൽ വായിക്കപ്പെട്ടത് ഇത്തരമൊരു ചരിത്ര പശ്ചാത്തലത്തിൽ കൂടിയാണ്.

കേരളീയആധുനികത സംബോധന ചെയ്യാതെ പോയ രണ്ട് സാമൂഹികവിടവുകൾ ജാതിയും ലിംഗജനാധിപത്യവുമാണ്. സ്വതന്ത്ര ലൈംഗികതയെക്കുറിച്ചുള്ള ഭയം ആധുനിക കേരളീയമനോഘടനയെ രൂപപ്പെടുത്തിയ മുഖ്യഘടകങ്ങളിലൊന്നായിരുന്നു. സ്ത്രീയുടെ സാമൂഹികാധികാരം എടുത്തു മാറ്റിക്കൊണ്ടാണ് ആധുനികത പ്രവർത്തിച്ചു തുടങ്ങിയത്.ഇന്ത്യൻ സാമൂഹ്യവ്യവസ്ഥ ആധുനികതയെ അഭിമുഖീകരിച്ചതെങ്ങനെ എന്നു വിശകലനം ചെയ്യുന്ന ഘട്ടത്തിൽ നമ്മുടെ മനോഘടന രണ്ടു ലോകങ്ങളായി വിഭജിക്കപ്പെട്ടതിനെക്കുറിച്ച് പാർഥോ ചാറ്റർജി പറയുന്നുണ്ട്. അകം/പുറം എന്ന ആ വിഭജനത്തിൽ ഭൗതികമായി അകം, സ്ത്രീജീവിതത്തോട് കണ്ണി ചേർക്കപ്പെട്ടു. സ്ത്രീയുടെ ദേശത്തിന്റെ വിശാലത അകത്തിന്റെ സ്വകാര്യതയാണ് എന്ന ആഖ്യാനം പ്രബലമായി.ഈ ആഖ്യാനത്തിന്റെ പ്രാബല്യം നിമിത്തം അതിനെ മുറിച്ചുകടന്ന സാധാരണ സ്ത്രീജീവിതങ്ങൾ പലപ്പോഴും അദൃശ്യമായി തുടർന്നു. കല്യാണിയുടേയും ദാക്ഷായണിയുടേയും ജീവിതം ആ അദൃശ്യതയെയാണ് പ്രശ്നവൽക്കരിക്കുന്നത്.യും ദാക്ഷായണിയും വീടിനു പുറത്തേക്ക് നാടിനെ നീട്ടിയെടുത്തവരാണ്. ഭൗതികമായ 'അക'ത്തോടുള്ള ഒരു ആന്തരികപ്രതിരോധം അവരുടെ ജീവിതത്തിലുണ്ട്. ഈ ഇഷ്ടക്കേടാണ് 'പുറ'ത്തെ അധ്വാനത്തോടുള്ള താല്പര്യമായി അവരിൽ വികസിക്കുന്നത്. അകം ജോലികൾ മടുപ്പിക്കുമ്പോഴും പുറത്തെ 'പുരുഷാധ്വാനം' അഭിനിവേശത്തോടെ ഏറ്റെടുക്കാൻ കല്യാണിയെ പ്രേരിപ്പിക്കുന്നത് തുറസ്സുകളോടുള്ള താല്പര്യമാണ്. ദാക്ഷായണിയെ കൊല്ലത്തേക്ക് കൂട്ടിക്കൊണ്ടു പോവുന്ന സന്ദർഭത്തിൽ ദീർഘയാത്രയ്ക്കു ശേഷം വീട്ടിൽ ചെന്നു കേറുമ്പോൾ ഭർത്താവ് ചോദിക്കുന്നുണ്ട്. 'എങ്ങനൊണ്ട് ഞങ്ങടെ നാട്?'

ദാക്ഷായണിയുടെ മറുചോദ്യം 'അയ്ന് ഓട്ത്തു നിങ്ങടെ നാട്? ഈ ബീട്ടിൻറാത്താ നാട്?' എന്നാണ്. ദാക്ഷായണി കൃത്യമായി സൂചിപ്പിക്കുന്ന വീടും നാടും തമ്മിലുള്ള ഈ ഭേദം ,നോവൽ മുന്നോട്ടു വെക്കുന്ന ഇടത്തെ സംബന്ധിച്ച രാഷ്ട്രീയപ്രശ്നമായി മാറുന്നുണ്ട്. നോവലിലെ സ്ത്രീകളെ സംബന്ധിച്ച്, നാട്ടിടവഴികൾ, പറമ്പുകൾ, കോട്ടങ്ങൾ, തൊഴിൽശാലകൾ എന്നിങ്ങനെ മുന്നോട്ടു പടർന്നു കിടക്കുന്ന വഴികളെ സൂചിപ്പിക്കുന്ന വാക്കാണ് നാട്. അത് സ്വാശ്രയത്വത്തിന്റെ കൂടി സൂചകമായി വികസിക്കുന്നുണ്ട്. അകം സാമ്പത്തികമായി തങ്ങളെ നിരായുധീകരിക്കുമ്പോൾ, പുറം അഥവാ നാട് സാമ്പത്തിക സ്വയംനിർണയാവകാശത്തിന്റെ സ്വാതന്ത്ര്യബോധം നൽകുന്നുണ്ടെന്ന് അവർ തിരിച്ചറിയുന്നുണ്ട്. 'കൈമ്മൽ പൈശയില്ലെങ്കി അനക്ക് എന്തെല്ലോ ആകും' എന്ന് അവർ പറയുന്നത് അതുകൊണ്ടാണ്.

ഒരു ഫെമിനിസ്റ്റ് നോവൽ എന്ന നിലയിൽ ഈ കൃതിയെ പലരും വിശേഷിപ്പിച്ചു കണ്ടിട്ടുണ്ട്. യാഥാസ്ഥിതികമായ ഫെമിനിസ്റ്റ് ആഖ്യാനങ്ങളിൽ നിന്നുള്ള ഒരു വേറിട്ടുനില്പ് ഈ നോവലിനുണ്ട്. ഫെമിനിസം ഉയർത്തിയ പിൽക്കാല ചോദ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് സമൂഹത്തെ ഘടനാപരമായി പൊളിച്ചെഴുതുന്നതുമായി ബന്ധപ്പെട്ടായിരുന്നു.പുരുഷാധിപത്യപരമായ സാമൂഹ്യഘടനയിൽ തങ്ങളുടെ പങ്ക് ചോദിച്ചുവാങ്ങണോ അതോ ആധിപത്യത്തിലൂന്നിയ ഘടനയെത്തന്നെ ചോദ്യം ചെയ്യണോ എന്ന ചോദ്യം പലതരം അധികാരരൂപങ്ങൾക്ക് വിധേയമാവുന്ന മൂന്നാം ലോകസമൂഹങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. ഫ്രഞ്ച് ഫെമിനിസത്തെക്കുറിച്ച് നിയോ ഓറിയൻറലിസം എന്ന വിമർശനം ഗായത്രി ചക്രവർത്തി സ്പിവാക്കിനെപ്പോലുള്ളവർ ഉന്നയിക്കുന്നതിൽ ഈ പ്രശ്നം ഉള്ളടങ്ങുന്നുണ്ട്. ഈ സംവാദം ഏറ്റെടുക്കുന്നതു കൊണ്ടു കൂടിയാണ് കല്യാണിയും ദാക്ഷായണിയും എന്ന നോവൽ സവിശേഷമാവുന്നത്. ഇൻറർസെക്ഷണൽ എന്നു വിശേഷിപ്പിക്കാവുന്ന പലതരം ആധിപത്യരൂപങ്ങൾക്കെതിരെ ബഹുദിശീയമായ ആക്രമണമായി ഈ രണ്ടു സ്ത്രീകളുടെ ജീവിതം മാറുന്നത് നോവലിൽ കാണാം. പല ഘട്ടങ്ങളിലും അവകാശങ്ങൾക്കു വേണ്ടിയുള്ള ജീവിതസമരം എന്ന നില വിട്ട് ഘടനാപരമായിത്തന്നെ ആധിപത്യങ്ങളെ പൊളിച്ചു കളയുന്ന നിലപാടുകളിലേക്ക് നോവൽ സഞ്ചരിക്കുന്നുണ്ട്. സ്ത്രീകളുടെ ലൈംഗികാനന്ദം മാനസികമാണ് എന്ന നരേറ്റീവിനെ നോവലിലെ കഥാപാത്രങ്ങൾ നിരാകരിക്കുന്നത് ഉദാഹരണം. ശരീരം ഒരു ആനന്ദവസ്തു എന്ന നിലയിലുള്ള ആഖ്യാനത്തിലേക്കാണ് നോവൽ വികസിക്കുന്നത്. സ്വന്തം ലൈംഗിക താല്പര്യങ്ങളെക്കുറിച്ചുള്ള കല്യാണിയുടേയും ദാക്ഷായണിയുടേയും ഭാഷണങ്ങൾ, ചിത്രസേനനും കുഞ്ഞിപ്പെണ്ണും തമ്മിലുള്ള ശാരീരിക ബന്ധത്തിന്റെ ആഖ്യാനം എന്നിവയിലെല്ലാം സ്ത്രൈണരതിയുടെ വേറിട്ട സമീപനം കാണാം. പുരുഷലിംഗത്തെ മുൻനിർത്തിയുള്ള അധികാരവീക്ഷണങ്ങളുടെ നേർക്ക് കല്യാണിയും ദാക്ഷായണിയും കുഞ്ഞിപ്പെണ്ണുമെല്ലാം ഉതിർക്കുന്ന രൂക്ഷമായ പരിഹാസങ്ങളേയും ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്.

ഹിസ്റ്റീരിയയെ വ്യവസ്ഥയ്ക്കെതിരായ ഒരു രാഷ്ട്രീയപ്രയോഗം എന്ന നിലയിൽ സമർത്ഥമായി ഉപയോഗിക്കുന്നുണ്ട് ഈ നോവലിൽ.സിഗ്മൻറ് ഫ്രോയ്ഡിന്റെ കേസ് സ്റ്റഡികളിലൂടെയാണ് ഹിസ്റ്റീരിയ ബാധിച്ച സ്ത്രീകൾ ഗൗരവമായി വിശകലനം ചെയ്യപ്പെടുന്നത്. ഉള്ളിലെ വിലക്കുകൾ പൊട്ടിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ ഹിസ്റ്റിരിയ പിന്നീട് ഫെമിനിസ്റ്റ് ആഖ്യാനങ്ങളിൽ പ്രധാനമായി മാറി. സ്ത്രീഭാഷയുമായി ഹിസ്റ്റീരിയയെ ജൂലിയ ക്രിസ്റ്റേവ ഈ ദിശയിൽ ബന്ധിപ്പിക്കുന്നത് കാണാം. ദാക്ഷായണിയുടെ ഹിസ്റ്റീരിയ ബാധയിലും ഇത്തരമൊരു ലിംഗരാഷ്ട്രീയപ്രശ്നമുണ്ട്. ബാധയെത്തുടർന്നുള്ള ദാക്ഷായണിയുടെ ഭാഷണങ്ങളിൽ വ്യവസ്ഥയെ കീഴ്മേൽ മറിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്.

പല ദിശകളിൽ വായിക്കാവുന്ന സാധ്യതകളാണ് ആർ. രാജശ്രീയുടെ 'കല്യാണി എന്നും ദാക്ഷായണി എന്നും പേരായ രണ്ട് സ്ത്രീകളുടെ കത' എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത്. പ്രാദേശികത, ലിംഗബോധം, ഭാഷ, ജാതിവിമർശം തുടങ്ങി പല മുനകൾ ഈ നോവലിനുണ്ട്.ഇവയിലെല്ലാം നിശിതമായ തീർപ്പുകളിലേക്കെത്തുന്നതിനു പകരം സംവാദാത്മകമായ തുറസ്സുകളിലേക്കാണ് നോവൽ സഞ്ചരിക്കുന്നത്.മിഖായിൽ ബക്തിൻ നോവലിന്റെ സവിശേഷതയായി പറഞ്ഞ unfinalizability ഈ നോവലിനും നിരവധി സംവാദമുഖങ്ങൾ തീർക്കുന്നുണ്ടെന്നർത്ഥം.

# സുധീഷിന്റെ കവിതയിലെ മനുഷ്യൻ



എം. ആർ. വിഷ്ണുപ്രസാദ്

മനുഷ്യൻ എന്നതിന് പുതിയ കാലത്ത് അർഥങ്ങൾ പലതാണ്. മനുഷ്യന്റെ ധർമ്മങ്ങൾ യന്ത്രങ്ങൾ നിറവേറ്റുന്ന നിർമ്മിതബുദ്ധി നമ്മെ ചുറ്റിപറ്റി വളരാൻ തുടങ്ങിയിരിക്കുന്നു. മനുഷ്യൻ തന്നെ കണ്ടെത്തിയ ഭൗതികതയിൽ മനുഷ്യന് അത്ര പ്രാധാന്യമില്ല എന്ന് വരുമ്പോൾ തോന്നുന്ന അസ്വസ്ഥതയെ 'ആധുനികതയുടെ അവശിഷ്ട ഭീതി' എന്ന് വിളിക്കാം. കൊളോണിയൽ ആധുനികതയും വൈദിക പാരമ്പര്യത്തിലധിഷ്ടിതമായ ജാതിഹൈന്ദവതയും സമ്മാനിച്ച അഹങ്കാരത്തിന്റെ പരിണതിയാണ് മേൽക്കൊടുത്ത അസ്വസ്ഥതയായി പരിണമിക്കുന്നത്. അതായത് രണ്ടുതരം കൊളോണിയൽ അനുഭവങ്ങളിലൂടെയാണ് ഓരോ ഇന്ത്യക്കാരനും തന്റെ ജീവിതം നയിക്കുന്നത്. ഒന്ന് ബ്രിട്ടീഷ് കൊളോണിയതയെങ്കിൽ മറ്റേത് ബ്രാഹ്മണവൈദികധാരയിലൂന്നിയ ജാതിഹൈന്ദവതയാണ്. ഇത്തരത്തിൽ കോളനിയ്ക്കുള്ളിലെ കോളനിയിലാണ് നമ്മുടെ ശരീരമനോവാസം. ഒരൊറ്റ അപനിർമ്മാണം കൊണ്ട് സ്വാതന്ത്ര്യം സാദ്ധ്യമാകാത്ത സന്ദർഭമാണിത്. രണ്ടുതരം അപകോളനീകരണം ആവശ്യമാകുന്ന സമയസന്ധിയിൽ നിന്ന് കൊണ്ട് സുധീഷ് കോട്ടേമ്പ്രത്തിന്റെ കലാസാഹിത്യസംഭാവനകളെ വായിക്കുമ്പോൾ ഇന്ത്യക്കാർ എന്ന നിലയിൽ നമ്മുടെ നിലയെ പറ്റി പൊതുവായും മനുഷ്യൻ എന്ന സ്വത്വവിശേഷത്തെ പറ്റി പ്രത്യേകിച്ചും ആലോചിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

സുധീഷ് എന്ന ക്രിയാത്മകനെ ഈ കളത്തിൽ എങ്ങനെ എഴുതും എന്നൊരു ചോദ്യമുണ്ട്. അനുഷ്ഠാനമലയാളത്തിൽ എഴുത്തിന് വര എന്ന് കൂടി അർത്ഥമുണ്ട്. അതായത് വാക്കുകൊണ്ടും നിറം കൊണ്ടും കളമെഴുത്ത് നടത്തുന്നയാളാണ് ടിയാൻ എന്ന് എടുത്തു പറയേണ്ടതില്ല എന്ന് ചുരുക്കം. എന്നാൽ സൗകര്യത്തിനു പുറത്ത് അല്ലെങ്കിൽ ആചാരത്തിന് വെളിയിൽ ഇയാൾക്ക് എഴുത്തും വരയുമുണ്ട്. മനുഷ്യന് ലഭിച്ച അനാവശ്യ സൗകര്യങ്ങളാണ് ആചാരങ്ങൾ. ഒരാളെ സ്നേഹിക്കുന്നതിൽ തുടങ്ങി അയാളെ കൊല്ലുന്നതിൽ വരെ ആചാരവിശേഷങ്ങൾക്ക് പങ്കുണ്ട്. കവിതയെയും കലയെയും ആവശ്യത്തിനുതകുന്ന ഒരു സൌകര്യമായി ആചാര വിശേഷങ്ങൾ പരിഗണിക്കണമെന്നില്ല. അപ്പോൾ ഭൂരിപക്ഷത്തിന് അനാവശ്യമായി തുടരുന്ന ഒരു സംഗതിക്ക് വേണ്ടി എഴുത്തും വരയും നിർവഹിക്കുന്ന സുധീഷിന്റെ കവിതകളിൽ മനുഷ്യർ ധാരാളമായി കടന്നു വരുന്നുണ്ട്.

എഴുത്ത് ഭാഷയും വര അഭാഷയുമാണ്. സംസാരശക്തിയുടെ വെളിച്ചത്തിലാണ് ഇങ്ങനെയൊരു ബൈനറി പ്രവർത്തിക്കുന്നത്. ഇനി 'വരയും ഒരു ഭാഷയാണ്' എന്ന് ഒരാൾ പറഞ്ഞാൽ സംസാര ശക്തിക്ക് വെളിയിൽ നിന്ന് കൊണ്ട് അതും സമ്മതിക്കേണ്ടി വരും. വരയുടെ ഭാഷ എഴുത്തിന്റെ ഭാഷപോലെയല്ല പ്രവർത്തിക്കുന്നത് എന്നത് കൊണ്ടാണ് ഇങ്ങനെ ചിന്തിക്കേണ്ടിവരുന്നത്. ഒരു മനുഷ്യനെ വരച്ചാൽ മനസിലാകാ



സുധീഷ് കോട്ടേമ്പ്രത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉപഹാരം നൽകുന്നു

ത്ത സന്ദർഭങ്ങൾ അമൂർത്ത കലയുടെ പരിവട്ടത്തിൽ രൂപപ്പെടാറുള്ളതു പോലെയാണ് എത്ര തന്നെ ഭാഷ വശമുള്ള വ്യക്തിക്കും കവിതയുടെ ഭാഷ അങ്ങനെ എളുപ്പത്തിൽ പിടികിട്ടണമെന്നില്ല. അമൂർത്തമായി വരയ്ക്കപ്പെട്ട ഒരു മനുഷ്യനെ ആസ്വാദകർക്ക് മനസിലാകാത്ത അവസ്ഥയിൽ ഭാഷ കടന്നു വരും. താൻ വരച്ചത് ഇതാണ് എന്ന് തെളിയിക്കാനുള്ള ഉമിനീരിൽ ഓരോ പടം വരക്കാരും നീന്തുന്നത് കാണാം. ഇത്തരം ഉമിനീർതുഴച്ചിൽ കവിതയിലും സംഭവിക്കാറുണ്ട്. എഴുതിവെച്ച കവിത എത്ര വായിച്ചിട്ടും മനസിലാകാത്ത സന്ദർഭങ്ങളിൽ അത് മനസിലാകുന്ന ഭാഷയിൽ വിശദീകരിക്കേണ്ടി വരുന്ന കവിയുടെ ഉമിനീർദുഖത്തെപ്പറ്റിയാണ് സൂചിപ്പിച്ചത്. വരയിൽ നിന്നും വാക്കിൽ നിന്നും ഒരു മനുഷ്യനെ മാറ്റി നിർത്തിയാൽ എന്തു കിട്ടും എന്ന ചോദ്യം ഒരു 'അപകോളനികരണ' 'ഉത്തരസാധ്യത'യാണ്. ഈ സാധ്യത സുധീഷിന്റെ കവിതകളിൽ നിന്ന് വായിച്ചെടുക്കാൻ സാധിക്കും.

പോസ്റ്റ്കൊളോണിയൽ/സബാൾട്ടേൺ/പോസ്റ്റ്ഹ്യൂമൻ വിശദീകരണങ്ങൾ മടുത്തുപോയ ഉത്തരകാലത്തിലാണ് നമ്മുടെ ചിന്താലോകം ഇപ്പോഴുള്ളത്. ഉത്തരകാലം എന്നതിന് രണ്ട് അർത്ഥങ്ങളുണ്ട്. മാനുഷികത, ആധുനികത തുടങ്ങിയ സംവർഗങ്ങളെ വിമർശനബുദ്ധ്യാ സമീപിക്കുക വഴി മിക്കവരും 'പോസ്റ്റ്' ആയ ഒരു കാലമെന്ന നിലയിലാണ് വ്യാപകമായി ഉത്തരകാലത്തെ വായിച്ചു പോരുന്നത്. രണ്ടാമതായി വരയിൽ നിന്നും എഴുത്തിൽ നിന്നും മാറ്റി നിർത്തിയ ഒരു പുതിയ ജ്ഞാന മനുഷ്യനെ സങ്കൽപ്പിക്കുമ്പോൾ ലഭിക്കുന്ന പലതരം ഉത്തരങ്ങളുടെ സംവർഗബിന്ദു എന്ന നിലയിലും ഉത്തരകാലത്തെ വായിക്കുവാൻ കഴിയും. എങ്ങനെയാണ് നമ്മുടെ ചിന്ത പോസ്റ്റ് ആകുന്നത്? കൊളോണിയൽ ജ്ഞാന നിർമ്മിതികളിൽ നിന്ന് മുക്തമായ നിലയിൽ ഒരു മനുഷ്യനെ സങ്കൽപ്പിക്കുമ്പോൾ തദ്ദേശീയമായ മാതൃകകളിലൂടെയുള്ള മനുഷ്യനിർധാരണങ്ങളാണ് കൂടുതലും വെളിപ്പെടുന്നത്. കൊളോണിയൽ ജ്ഞാന നിർമ്മിതികൾക്ക് സമാന്തരമായി തന്നെ ഇൻഡോളജിയിലൂടെയും ആന്ത്രോപോളജിയിലൂടെയും മറ്റും രൂപപ്പെട്ട ഇന്ത്യൻ അറിവിൽ മേൽസൂചിപ്പിച്ച അപകോളനീകരണപ്രവർത്തനം പത്തൊൻപതാം നൂറ്റാണ്ടിനു മുന്നേ തന്നെ ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെ രൂപപ്പെട്ട അറിവുകളിൽ ഭൂരിപക്ഷവും വിമർശസാധ്യതകളില്ലാത്തതും സംസ്കൃതബദ്ധമായതും വരമൊഴിയുടെ പാതയിൽ നിന്ന് ഉയിർകൊണ്ടതുമാണെന്ന ഉപസംഹാരയുക്തിയിലാണ് രൂപമാർജിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ അത്തരം അറിവുകളൊക്കെ തന്നെ തീവ്രവലതുപക്ഷത്തിന്റെ 'ജാതിബ്രാഹ്മണ' യുക്തിയെ ന്യായീകരിക്കുന്നതായി അടയാളപ്പെടുകയാണുണ്ടായത്. സിദ്ധാന്ത പരമായ അറിവ് മാത്രമല്ല ഒരു സമൂഹത്തെ നിർമ്മിക്കുന്നതെന്ന ഏറ്റവും പുതിയ അപകോളനീകരണ രീതിശാസ്ത്രത്തിന്റെ പരിവട്ടത്തിൽ ചിന്തിച്ചാൽ ഇന്ത്യയെ പറ്റി ഈ രാജ്യത്തിനകത്തും പുറത്തുമുള്ളവർ നിർമ്മിച്ചെടുത്ത അറിവുകളെ പുനസന്ദർശിക്കേണ്ട അടിയന്തരത്വം സമാഗതമായിരിക്കുന്നു. അതായത് യൂറോപ്യൻ കോളോണിയസത്തെ മാത്രമല്ല നമുക്ക് അപനിർമ്മിക്കേണ്ടത്. മറിച്ച് ബ്രാഹ്മണീകൃതമായ അറിവുകളുടെ പ്രാമാണിത്തത്തിലൂടെ കൊളനീകരിക്കപ്പെട്ട ജ്ഞാനനിർമ്മിതികളെയും അപകോളനീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ രണ്ടുതരത്തിലുള്ള അപനിർമ്മാണ പ്രക്രിയയിലൂടെ മാത്രമേ സാദ്ധ്യതകളും ഉത്തരങ്ങളുമടങ്ങിയ ഒരു ഇന്ത്യൻമനുഷ്യനെ കണ്ടെത്താനാകൂ. ഇതുവരെ വരച്ചതിൽ നിന്നും എഴുതിയതിൽ നിന്നും മുക്തമായ ഒരു മനുഷ്യനെ സുധീഷിന്റെ കവിതകളിൽ കാണാൻ കഴിയും. വേദാധികാര പരിവൃത്തിയിൽപെട്ട സിദ്ധാന്തങ്ങൾ കൊണ്ടോ കൊളോണിയൽ ആധുനീകത നൽകിയ യുക്തിബോധം കൊണ്ടോ സുധീഷിനാൽ കളമെഴുതപ്പെട്ട മനുഷ്യനെ വായിക്കാൻ കഴിയുകയില്ല. മറിച്ച് സുധീഷ് നടത്തുന്ന കളമെഴുത്ത് പ്രക്രിയയിലൂടെ ഉരുവാക്കപ്പെടുന്ന മനുഷ്യനെ വായിക്കാൻ അയാൾ തന്നെ വരയുടെയും വാക്കിന്റെയും ഒരു രീതിശാസ്ത്രം മെനയുന്നുണ്ട്. കൂടുതൽ വിശകലനങ്ങൾ ആവശ്യമായ ഒരു പരിപ്രേഷ്യത്തെ അത് മുന്നോട്ടുവെയ്ക്കുന്നു.

നാട്ടുമ്പുറത്തെ മനുഷ്യരെയും അവരുടെ ആവാസത്തെയും എഴുതുക വഴി സുധീഷ് ചെയ്യുന്ന പ്രവർത്തനം ഒരു അപകോളനീകരണപ്രക്രിയയാണെന്ന് പറയാൻ കഴിയും. ഇത് പുതിയൊരു തുറവിയാണ്. സുധീഷാണ് ഇത് തുടങ്ങിവെച്ചത് എന്നൊന്നും പറയാൻ കഴിയില്ലെങ്കിലും മേൽ സൂചിപ്പിച്ച മനുഷ്യ നിർമ്മിതി മൂർത്തമായ ഭാഷയിൽ അയാളിൽ പ്രകടമാകുന്നുണ്ട്. അല്ലെങ്കിൽ എല്ലാക്കാലത്തും ഇത്തരത്തിൽ മനുഷ്യചിത്രീകരണങ്ങൾ കവിതയിൽ ഉണ്ടായിട്ടുണ്ടെങ്കിലും വസ്തുതാപരമായ ഒരു സൗന്ദര്യഭാവം തികഞ്ഞ രാഷ്ട്രീയബോധ്യത്തോടെ സുധീഷിൽ അനുഭവിക്കാൻ കഴിയും. സുധീഷിന്റെ കവിതകളിലെ മനുഷ്യൻ ഒരു 'വരയെഴുത്തു' ജീവിയാണ്. എഴുതുകയും വരയ്ക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളെ സുധീഷ് കവിതയിൽ ആവിഷ്കരിക്കുന്നു എന്ന അർത്ഥത്തിലല്ല ഇവിടെ 'വരയെഴുത്ത്' എന്ന സംവർഗം ഉപയോഗിച്ചത്. മറിച്ച് ഓരോ മനുഷ്യർക്കും അവരുടെ ജീവിതത്തെ ചായമില്ലാതെ വരയ്ക്കാനും വാക്കില്ലാതെ എഴുതാനും കഴിവുണ്ട്. അത്തരത്തിൽ അദൃശ്യമായ വരയെഴുത്ത് പ്രക്രിയയെ സുധീഷ് കവിതപ്പെടുത്തുമ്പോഴാണ് അയാളുടെ കവിതയിൽ അപകോളനീകരണനിമിഷങ്ങൾ സംഭവിക്കുന്നത്. സുധീഷിന്റെ കവിതയ്ക്ക് പുറത്തു നിന്നാണ് ഞാനിത് സംസാരിക്കുന്നത്. നിർഭാഗ്യവശാൽ സുധീഷിന് തന്നെയാണ് അയാളിൽ സംഭവിക്കുന്ന വരയെഴുത്ത് പ്രക്രിയയെ പറ്റി സംസാരിക്കാൻ കഴിയുക. കാരണം അത്രമാത്രം വ്യക്തീകരണവും വ്യതിരിക്തതയും ഉൾചേർന്ന ഒരു രീതിശാസ്ത്രത്തിന്റെ സാദ്ധ്യതയെയാണ് ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്നത്. വാക്കിലൂടെ ഞാൻ ചെയ്യുന്ന ഈ വായന പരാജയപെട്ടുവെങ്കിൽ അത് മറ്റൊരു സാദ്ധ്യതയുടെ തുടക്കമായി വേണം കരുതാൻ. അതുകൊണ്ട് തന്നെ കവിതയുടെയും കലയുടെയും വായനയിൽ സംഭവിക്കുന്ന ഓരോ പരാജയപ്രതീതിയും പുതിയ സാദ്ധ്യതയുടെ വരയെഴുത്താണ്.



പ്രൊഫ.(ഡോ.) എസ്. തങ്കമണി അമ്മ

# ഷീലാകുമാരിയുടെ ലോകം

ഷീലാ ഗൗരഭി എന്ന പേരിൽ രചന നിർവഹിക്കുന്ന ഡോ. ഷീലാ കുമാരി മാതൃഭാഷയായ മലയാളത്തിലും രാഷ്ട്രഭാഷയായ ഹിന്ദിയിലും ഒരുപോലെ തൂലിക ചലിപ്പിക്കുന്നു. കേരള സർവകലാശാലയുടെ ബി.എ, എം.എ ക്ലാസ്സുകളിൽ യഥാക്രമം ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കിയ, ഷീലാകുമാരി എം.ഫിൽ ക്ളാസ്സിൽ എന്റെ വിദ്യാർത്ഥിനിയായിരുന്നു.

എല്ലാ കൃതികളെയും മുൻനിർത്തി സമഗ്ര സംഭാവനയ്ക്കുള്ള അവാർഡായി മധ്യപ്രദേശ് സർക്കാറിന്റെ സാംസ്കാരിക വകുപ്പ് ഏർപ്പെടുത്തിയ ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങിയ ദേശീയ പുരസ്കാരമാണ് ഷീലക്ക് ലഭിച്ചിരിക്കുന്നത് . ഷീലാകുമാരിയുടെ മലയാളകൃതികൾക്കും കേരളത്തിലെ വിവിധ സാംസ്കാരിക കേന്ദ്രങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട് .

മലയാളികൾക്ക് എല്ലാ ഭാഷകളോടും പ്രിയമാണെന്നും, മറ്റു ഭാഷകളിലും സാഹിത്യ സൃഷ്ടികൾ നടത്തുന്നവരാണെന്നും ഡോ. അയ്യപ്പപ്പണിക്കറും കമലാദാസും അഭിപ്രായപ്പെട്ടിട്ടുണ്ട് ഹിന്ദി പണ്ടുമുതലേ കേരളത്തിൽ പ്രചരിച്ചിരുന്ന ഭാഷയാണ് ,കുഞ്ചൻ നമ്പ്യാരുടെ രചനയായ സ്യമന്തകവും സ്വാതി തിരുനാൾ കൃതികളും ഇതിന് മകുടോദാഹരണങ്ങളാണ് . കേരളത്തിലെ ഹിന്ദി പണ്ഡിതരായ ഡോ. എൻ.ഇ.വിശ്വനാഥഅയ്യർ, ഡോ. എൻ. ചന്ദ്രശേഖരൻ നായർ തുടങ്ങിയ പല മഹദ് വ്യക്തിത്വങ്ങൾ അടങ്ങിയ ഒരു പരമ്പരയുടെ കണ്ണിയായിട്ടാണ് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഷീലാ ഗൌരഭി വന്നിരിക്കുന്നത് . ഡോ. ഷീലാകുമാരി കവിത, ചെറുകഥ, ഉപന്യാസം, വിവർത്തനം,നിരൂപണം തുടങ്ങി പല മേഖലകളിലും തന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്നുണ്ട് കവിത അവരുടെ പ്രിയപ്പെട്ട വിഷയമാണ് . പെട്ടെന്നാണ് അവർ സാഹിത്യരംഗത്ത് കാൽ വയ്ക്കുന്നത്. പക്ഷേ ആ കാൽവെപ്പ് നല്ലൊരു കാൽവെപ്പായിരുന്നു. തുടങ്ങിയത് മുതൽ തുടരെത്തുടരെ ധാരാളം രചനകൾ പുറത്തുവരികയും ആ കൃതികൾ എല്ലാം തന്നെ അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നുള്ളത് വളരെ ആനന്ദദായകമായ കാര്യമാണ് , അതു പോലെ ദേശീയതലത്തിൽ അംഗീകരിക്കപ്പെടുക യെന്നതും വളരെ ശ്രദ്ധേയമായ കാര്യമാണ് . ഭാരതീയ സംസ്കാരത്തെ ആവാഹിച്ചുകൊണ്ടുള്ളതാണ് ഷീലാ ഗൗരഭിയുടെ കവിതകളിൽ അധികവും. കുസുമാഞ്ജലി, പുഷ്പാഞ്ജലി എന്നീ രണ്ട് ഹിന്ദി കവിതാ സമാഹാരങ്ങളും തണൽ എന്ന മലയാള കവിതാ സമാഹാരവും പിൻതുടർച്ചാവകാശം എന്ന വിവർത്തന കൃതിയും ഷീലയുടെ രചനകളിൽ ഉൾപെടുന്നു . പ്രഥമ കവിതാ സമാഹാരമായ കുസുമാഞ്ജലിക്ക് രാജസ്ഥാനിലെ മീരാബായി സാഹിത്യ രത്ന പുരസ്കാരം ലഭിച്ചിട്ടുണ്ട് ഭക്തിസാന്ദ്രമായ ഗീതങ്ങൾ രചിക്കുകയും സംഗീതം കൊടുക്കുകയും ആലപിക്കുകയും ചെയ്യുന്നതിനാൽ ദക്ഷിണ ഭാരതത്തിലെ മീര എന്ന സ്ഥാനപ്പേരും ഷീലക്ക് മധ്യപ്രദേശ് സാംസ്കാരിക വകുപ്പ് നൽകുകയുണ്ടായി. ഭക്തിസാന്ദ്രമായ സുന്ദരമായ ഗാനാലാപനമാണ് ഷീലാ ഗൗരഭി യുടേത് . ഗദ്യത്തിലും വളരെ മികവുറ്റ ഒരു എഴുത്തുകാരിയാണ് ഷീല. നമ്മുടെ കോളേജ് എഡ്യൂക്കേഷന്റെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന പ്രൊ. ഹിൽഡാ ജോസഫ് ഷീലാ കുമാരിയുടെ സാഹിത്യ രംഗത്തെ വഴികാട്ടിയും പ്രേരണാ സ്രോതസ്സുമാണ് . പ്രൊ. ഹിൽഡാ ജോസഫ് ഹിന്ദിയിൽ എഴുതിയ മികച്ച രചനയായ ബിതിയോം കാ ചിത്രാധാർ എന്ന കൃതിയെ മനോഹരമായി മലയാളത്തിലേക്ക് ഓർമ്മകളുടെ ചിത്രജാലകം എന്ന പേരിൽ ഷീലാകുമാരി വിവർത്തനം ചെയ്തിട്ടുണ്ട്. കയ്യിൽ നിന്നും ഒന്നും ചേരാതെയും മൂല കൃതിയിൽ നിന്നും ഒന്നും ചോരാതെയുമാണ് ഷീലാകുമാരി വിവർത്തനം നിർവഹിച്ചിരിക്കുന്നത്. അങ്ങനെ മൗലിക സാഹിത്യ രംഗത്തും വിവർത്തന രംഗത്തും അവർ തന്റെ പ്രതിഭ പ്രസരിപ്പിച്ചുവരുന്നു. സംസ്കൃതത്തിലും ഹിന്ദിയിലും ഉള്ള കൃതികൾ നമ്മുടെ പാരമ്പര്യ സ്വത്താണ്. പാരമ്പര്യത്തെ ഉപേക്ഷിച്ചിട്ടുള്ള ഒരു നേട്ടത്തിനും നിലനില്പ്പില്ല. ഏതൊരു പുതുമയേയും ആ പാരമ്പര്യത്തിലൂടെ നാം ആവാഹിക്കുന്നു. ഉത്തരേന്ത്യയിലെ പ്രസാധകരാണ് ഷീലയുടെ ഹിന്ദി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് . ഇപ്പോൾ ചെയ്യുന്നതു പോലെ ഹിന്ദിമലയാളം പദ്യത്തിലും ഗദ്യത്തിലും ധാരാളം കൃതികൾ രചിക്കാൻ ഷീലാകുമാരിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു



ഡോ. ഷീലാകുമാരിയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉപഹാരം നൽകുന്നു

# ഏകദിന സെമിനാർ

**തിരുവനന്തപുരം**




ഏകദിന സെമിനാർ മുൻ മന്ത്രി എം എ ബേബി ഉദ്ഘാടനം ചെയ്യുന്നു

അസോസിയേഷൻ ഓഫ് കേരള ഗവ. കോളജ് ടീച്ചേഴ്സ് ( എ. കെ. ജി. സി.ടി) യും അസോസിയേഷൻ ഓഫ് കേരള ഗവ. കോളേജ് റിട്ടയേർഡ് ടീച്ചേഴ്സ് ( എ. കെ. ജി. സി. ആർ. ടി) യും സംയുക്തമായി സംഘടിപ്പിച്ച ഏകദിന സെമിനാർ ഗവ. വനിതാ കോളജിൽ നടന്നു. 'ദേശീയ വിദ്യാഭ്യാസനയത്തിന്റെ സാമൂഹിക പരിപ്രേക്ഷ്യം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ, സി. പി.ഐ.(എം) പോളിറ്റ് ബ്യൂറോ അംഗവും വിദ്യാഭ്യാസവകുപ്പ് മുൻ മന്ത്രിയും ആയ ശ്രീ. എം. എ. ബേബി ഉത്ഘാടനം ചെയ്തു. എ.കെ. ജി. സി. ടി. യുടെ ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീക്ക്. ടി യുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ എ കെ. ജി. സി. ആർ. ടി യുടെ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. ചന്ദ്രമോഹൻ സ്വാഗതം ആശംസിച്ചു. കേരള സർവകലാശാല മലയാളം വിഭാഗം പ്രൊഫസർ ഡോ. എം. എ. സിദ്ദിഖ് ചടങ്ങിന് ആശംസയർപ്പിച്ച് സംസാരിച്ചു. എ.കെ ജി സി ടി തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. കെ. റഹിം നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് രണ്ട് സെഷനുകളിലായി, ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട വിഷയാവതരണവും ചർച്ചയും നടന്നു.

'ദേശീയ വിദ്യാഭ്യാസനയവും ഭരണഘടനയും' എന്ന വിഷയത്തിൽ ഡോ. സെബാസ്റ്റ്യൻ പോൾ, ചരിത്ര പഠനത്തിലെ സത്യവും മിഥ്യയും എന്ന വിഷയത്തിൽ ഡോ. പി ജെ വിൻസന്റ് (പ്രൊഫ. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്), ശാസ്ത്ര സാങ്കേതിക രംഗത്തെ വെല്ലുവിളികൾ എന്ന വിഷയത്തിൽ ഡോ. എൻ. ഷാജി (അഡ്ജംക്റ്റ് ഫാക്കൽറ്റി ഇൻ ഫിസിക്സ്, കുസാറ്റ്), നവ സാങ്കേതിക വിദ്യകളുടെ കാലത്തെ ശാസ്ത്രാവബോധം എന്ന വിഷയത്തിൽ ശ്രീ. അരുൺ രവി (കൺവീനർ, ഐ ടി സെൽ, കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത്) എന്നിവർ പ്രബന്ധാവതരണങ്ങൾ നടത്തി. പ്രൊഫ. കെ.കെ വിശ്വനാഥൻ (പ്രസിഡന്റ് എ.കെ. ജി.സി.ആർ ടി), ഡോ. എം കെ ഗീത നമ്പ്യാർ (വൈസ് പ്രസിഡന്റ്, എ. കെ. ജി. സി.ടി) എന്നിവർ മോഡറേറ്റർമാരായിരുന്നു. ഡോ. ജെ. പ്രസാദ് (മുൻ വി.സി, സംസ്കൃത സർവകലാശാല), ഡോ. രതീഷ് കെ. (ജില്ലാ അക്കാദമിക്ക് കൺവീനർ എ.കെ. ജി. സി. ടി) എന്നിവർ പ്രബന്ധ വിഷയങ്ങളെ കുറിച്ച് അപഗ്രഥനം നടത്തി.

# ജെ എഫ് എം ഇ -ഐഫെക്റ്റോ പാർലമെന്റ് മാർച്ചും ധർണ്ണയും




**ന്യൂഡൽഹി**

ദേശീയവിദ്യാഭ്യാസനയം 2020 പിൻവലിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും വർഗ്ഗീയവൽക്കരണവും അവസാനിപ്പിക്കുക,

ഏഴാം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കാനായി നൽകേണ്ട കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് ഉടൻ ലഭ്യമാക്കുക, കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി പിൻവലിക്കുവാൻ കേന്ദ്ര നിയമ ഭേദഗതി നടത്തുക, വിരമിക്കൽ പ്രായം ഏകീകരിക്കുക, അസോസിയേറ്റ് പ്രൊഫസർഷിപ്പിന് പി എച്ച് ഡി നിർബന്ധമാക്കാനുള്ള തീരുമാനം പിൻവലിക്കുക, എം ഫിൽ പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെന്റ് ലഭിക്കാനുള്ള തീയ്യതി നീട്ടുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി & കോളജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസിന്റെയും ( AIFUCTO ) ജോയിന്റ് ഫോറം ഫോർ മൂവ്മെന്റ് ഓൺ എഡ്യുക്കേഷന്റെയും ( JFME ) നേതൃത്വത്തിൽ നടന്ന പാർലമെന്റ് മാർച്ചും ധർണ്ണയും രാജ്യവ്യാപകമായി സർവ്വകലാശാല കോളജ് അധ്യാപകരുടെ ഉജ്ജ്വല പ്രതിഷേധമായി മാറി.

സി പി ഐ എം പോളിറ്റ് ബ്യൂറോ അംഗം നിലോൽപൽ ബസു, സി പി ഐ ജനറൽ സെക്രട്ടറി ഡി രാജ, സി ഐ ടി യു ജനറൽ സെക്രട്ടറി തപൻ കുമാർ സെൻ, എസ് എഫ് ഐ ദേശീയ പ്രസിഡന്റ് വി പി സാനു തുടങ്ങിയവർ അഭിവാദ്യം ചെയ്തു.

കേരളത്തിൽ നിന്ന് എ കെ പി സി ടി എ , എ കെ ജി സി ടി , എഫ് യു ടി എ പ്രവർത്തകർ പങ്കെടുത്തു.

മാർച്ചിനും ധർണയ്ക്കും ഐഫക്ടോ പ്രസിഡന്റ് പ്രൊഫ. കേശബ് ഭട്ടാചാര്യ, ജനറൽ സെക്രട്ടറി ഡോ അരുൺ കുമാർ , ജെ എഫ് എം ഇ ദേശീയ കൺവീനർ ഡോ. നന്ദിതാ നരായൺ, ഐഫക്ടോ ദേശീയ സെക്രട്ടറി ഡോ മനോജ് എൻ , ഐഫക്ടോ ദക്ഷിണമേഖലാ സെക്രട്ടറി ജോജി അലക്സ്, എ കെ പി സി ടി എ പ്രസിഡന്റ് ഡോ കെ ബിജുകുമാർ , ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ , എ കെ ജി സി ടി ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ്, എഫ് യു ടി എ പ്രസിഡന്റ് ഡോ. ബേബി ചക്രപാണി, ജനറൽ സെക്രട്ടറി ഡോ എസ് നസീബ്, എസ് ടി എഫ് ഐ ദേശീയ പ്രസിഡന്റ് കെ സി ഹരികൃഷ്ണൻ, കെ എസ് ടി എ ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ തുടങ്ങിയവർ നേതൃത്വം നൽകി.

# എ.കെ.ജി.സി.ടി.യുടെ ആലപ്പുഴ ജില്ലാ കമ്മറ്റി രൂപീകരിച്ചു




എ.കെ.ജി.സി.ടി.യുടെ ആലപ്പുഴ ജില്ലാ കമ്മറ്റി രൂപീകരണ കൺവെൻഷൻ ജനറൽ സെക്രട്ടറി ഡോ: മുഹമ്മദ് റഫീക്ക് ടി. ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിലെ സർക്കാർ കോളേജ് അധ്യാപകരുടെ ഏറ്റവും വലിയ സംഘടനയായ എ.കെ.ജി.സി.ടി.യുടെ (അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് ) ആലപ്പുഴ ജില്ലാ കമ്മറ്റി രൂപീകരണ കൺവെൻഷൻ 2023 ജൂൺ 17 രാവിലെ 10.30 ന് അമ്പലപ്പുഴ സർക്കാർ കോളേജിൽ വച്ച് ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീക്ക് ടി. ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ഡോ: വിനു ഭാസ്കർ അധ്യക്ഷത വഹിച്ച കൺവെൻഷനിൽ ഡോ: പ്രദീപ് കുമാർ കെ. സ്വാഗതവും ഡോ: മോത്തി ജോർജ് നന്ദിയും പറഞ്ഞു.

ആലപ്പുഴ ജില്ലാ കമ്മറ്റിയുടെ ഭാരവാഹികളായി താഴെപ്പറയുന്നവരേയും തിരഞ്ഞെടുത്തു.

സെക്രട്ടറി: ഡോ: മോത്തി ജോർജ്
പ്രസിഡൻറ്: മഞ്ജു ജി.
ട്രഷറർ: ഹയറന്നീസ
വൈസ് പ്രസിഡന്റ്: ഡോ:മായ ജി.
ജോയിൻറ് സെക്രട്ടറി: ഡോ:മനു എം.എസ്.


ഡോ.മോത്തി ജോർജ്
സെക്രട്ടറി


മഞ്ജു ജി.
പ്രസിഡന്റ്


ഹയറന്നീസ
ട്രഷറർ

എ.കെ.ജി.സി.ടി.യുടെ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ അമ്പലപ്പുഴ ഗവ: കോളേജ്, ഗവ: ടി.ഡി. മെഡിക്കൽ കോളേജ്, കായംകുളം സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, ചേർത്തല സർക്കാർ പോളിടെക്നിക്ക് കോളേജ്, ഇലന്തൂർ ഗവ:കോളേജ്, അടൂർ സർക്കാർ പോളിടെക്നിക്ക് കോളേജ്, വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക്ക് കോളേജ്, വെണ്ണിക്കുളം സർക്കാർ പോളിടെക്നിക്ക് കോളേജ് എന്നീ യൂണിറ്റുകൾ സംയോജിപ്പിച്ചാണ് ആലപ്പുഴ ജില്ലാ കമ്മറ്റി രൂപീകരിച്ചത്.